# അന്ത്യന്യായവിധി

ഏബ്രഹാം പൊടിമറ്റത്തിൽ



'പുസ്തകവ്യാഖ്യാനം - വെളിപ്പാട്', 'മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?', നിത്യതയുടെ വെളിപ്പാട് എന്നീ ഗ്രന്ഥങ്ങളുടെ രചയിതാവും പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസിലൂടെ കുടുംബസമേതം വിവിധ ആത്മീകനിലവാരങ്ങളിൽ കർതൃവേലയിൽ വ്യാപൃതനും കോട്ടയം ജില്ലയിൽ പള്ളിക്കത്തോട് ഹെബ്രോൻ ഐ.പി.സി. അംഗവുമാണ്.

ഭാര്യ: ഷേർലി (ബീന), മക്കൾ: നീതി & അജു, നിതിൻ

മേൽവിലാസം: പൊടിമറ്റത്തിൽ, പാമ്പാടി പോസ്റ്റ്, കോട്ടയം 686502, കേരളം, ഇന്ത്യ.

E-mail: abrahampodimattathil@gmail.com
Ph: 0481 2500674, Mob, 94471 39274

ANTHYA NYAYAVIDHI (Malayalam)
**അന്ത്യന്യായവിധി** (മലയാളം)

Abraham Podimattathil

*Publishers*: **Precious Calling Ministries**
Prayer Tower, Podimattathil
Anickadu PO, Kottayam-686 503
Kerala, South India
E-mail: **preciouscallingministries@yahoo.co.in**
web site: **www.preciouscallingministries.com**

*Type setting, Layout & Cover*: **Right Perspective, Kottayam**

*Creative Consultant*: **Abraham Kurian, Lifetree**

*Printing:* **Sujilee Colour Printers, Chathannoor**

*First Published*: **May 2019**

*All Right Reserved.*

*Price* : **₹ 200.00**

Copies - **250 (48)**

## മുഖവുര

അന്ത്യന്യായവിധി എന്ന ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കുവാൻ കൃപതന്ന സർവ്വജ്ഞാനിയായ ഏക ദൈവത്തിന് സർവ്വമാനവും മഹത്വവും സ്ത്രോത്രവും പുകഴ്ചയും അർപ്പിക്കുന്നു.

തിരുവചനപഠനത്തിലെ ഒരു സുപ്രധാന വിഷയമാണ് അന്ത്യന്യായവിധി. സകല മനുഷ്യരും അറിഞ്ഞിരിക്കേണ്ട അതിപ്രധാനമായ ഈ വിഷയത്തിന് ആത്മീയ ലോകത്തിൽ പോലും വലുതായ പ്രകാശനം ലഭിച്ചിട്ടില്ല. അതിനാൽ സാങ്കല്പിക ചിന്താഗതികളിൽ അനേകർ കുടുങ്ങിക്കിടക്കുന്നു എന്ന സത്യം തിരിച്ചറിഞ്ഞതിനാലാണ് ഭാവികാല സംഭവമായ അന്ത്യന്യായവിധിയെക്കുറിച്ച് തനതായ ഒരു ഗ്രന്ഥം രചിക്കണമെന്നുള്ള ആത്മപ്രേരണ എളിയവനുണ്ടായത്. അതിൽ നിന്നുമാണ് അന്ത്യന്യായവിധി എന്ന ഗ്രന്ഥം രൂപപ്പെട്ടത്.

മനുഷ്യാത്മാവ് അനശ്വരമാണെന്നും സ്വർഗവും നരകവും ഉണ്ടെന്നു വിശ്വസിക്കുകയും ചെയ്യുന്ന ബഹുഭൂരിപക്ഷത്തിന്റെയും പൊതു ചിന്താഗതി നീതിമാനായ ദൈവം ന്യായവിധി നാളിൽ സകല മനുഷ്യരെയും ന്യായംവിധിച്ച് നീതിമാന്മാരെ സ്വർഗത്തിലേക്കും പാപികളെ നരകത്തിലേക്കും തള്ളിക്കളയുന്നു എന്നാണ്. സർവ്വസാധാരണമായി ഈ ചിന്താധാരയിൽനിന്നു വിഭിന്നമായി പിശാചിനും അവന്റെ ദൂതന്മാർക്കും ദൈവം ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിലേക്ക് സൃഷ്ടിതാവാം ദൈവത്തിൽനിന്ന് അകന്നുപോകുന്ന സകല സൃഷ്ടികളെയും തള്ളിക്കളയുന്നതിനെക്കുറിച്ചുള്ള ആഴമേറിയ പഠനമാണ് ദൈവ കൃപയിൽ ആശ്രയിച്ച് ഈ ഗ്രന്ഥത്തിൽ ചിട്ടപ്പെടുത്തിയിരുക്കുന്നത്.

മനുഷ്യന്റെ നീതിബോധത്തിൽനിന്നു രൂപീകൃതമായ നീതിന്യായ കോടതികൾക്ക് മനുഷ്യൻ ചെയ്യുന്ന കുറ്റങ്ങൾക്കല്ലാതെ; അവരുടെ പാപങ്ങൾക്ക് ശിക്ഷ വിധിക്കുവാനോ

മോചനം നല്കുവാനോ സാധിക്കുകയില്ല. അതു നിർവ്വഹിക്കുവാനുള്ള അധികാരം സ്വർഗ്ഗീയ പരമോന്നത കോടതിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അതുപോലെ ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുതെന്നുള്ള തത്വത്തിൽ അധിഷ്ഠിതമായ ഇവിടുത്തെ കോടതികളുടെ വിധികൾ പലപ്പോഴും ന്യായയുക്തമാകണമെന്നില്ല; പിഴവുകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ സകല ഹൃദയങ്ങളെയും അറിയുന്നവനും സകലവും അവന്റെ മുമ്പിൽ നഗ്നവും മലർന്നതുമായിക്കിടക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽനിന്നു പുറപ്പെടുന്ന ന്യായവിധി നീതിയുക്തവും തിരുത്തലുകൾക്ക് വിധേയമാകാത്തതും അന്ത്യവുമാകുന്നു. അതുമാത്രമല്ല മാനുഷിക കോടതികളുടെ നടപടിക്രമങ്ങൾ സങ്കീർണ്ണവും കാലതാമസം ഉളവാക്കുന്നതുമാണെങ്കിൽ ദൈവീകകോടതിയിൽ നീണ്ടുനില്കുന്ന വിസ്താരങ്ങളോ, മാറ്റിവയ്ക്കലുകളോ, കീഴ്കോടതി മേൽകോടതി വിധികളോ എന്നിവയൊന്നുമില്ലാത്തതും അതിവേഗം തീർപ്പുകല്പിക്കപ്പെടുന്നതുമാകുന്നു.

സമൂഹത്തിൽ കുറ്റകൃത്യങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കുവാനല്ലാതെ തിന്മയെ തുടച്ചുനീക്കുവാൻ മാനുഷിക നിയമ സംവിധാനങ്ങൾക്ക് കഴിയുകയില്ല. മനുഷ്യന്റെ ഇഹലോക അറിവ് വർദ്ധിക്കുംതോറും പ്രായഭേദമെന്യെ സകല മനുഷ്യരിലും കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. അതിന്റെ തെളിവാണ് വിവിധതരം കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളുടെ എണ്ണവും തീർപ്പു കല്പിക്കാതെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണവും വർദ്ധിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്.

അപൂർവ്വങ്ങളിൽ അപൂർവ്വമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ചില രാജ്യങ്ങളിൽ പരമാവധി ശിക്ഷയാകുന്ന വധശിക്ഷ നല്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ വധശിക്ഷയുടെ വിധിന്യായം എഴുതുന്ന ന്യായാധിപൻ അതെഴുതുന്ന പേനയുടെ മുന ഒടിച്ചുകളയുന്നത് ഒരു മനുഷ്യജീവൻ നഷ്ടപ്പെടുത്തേണ്ടിവന്നതിലെ ദുഃഖസൂചകമായിട്ടാണ്. ഇപ്രകാരം വധശിക്ഷ എഴുതുന്ന നിസ്സഹായനായ ഒരു ന്യായാധിപനെ പോലയല്ല അന്ത്യന്യായവിധി നടത്തുന്ന സർവ്വശക്തനായ ദൈവം. അവൻ രക്ഷിപ്പാനും നശിപ്പിപ്പാനും

ശക്തനായതുകൊണ്ട് നീതിമാനായ ദൈവം ലോകാരംഭം മുതൽ അതാത് കാലങ്ങളിൽ മനുഷ്യർക്ക് രക്ഷയുടെ വഴി ഒരുക്കിയതിനുശേഷം അതനുസരിക്കാതെ ദൈവത്തിൽനിന്ന് അകന്നുപോകുന്നവരെയാണ് നിർദാക്ഷിണ്യം നിത്യനരകാഗ്നി യിലേക്ക് അന്ത്യന്യായവിധിയിൽ തള്ളിക്കളയുന്നത്.

മനുഷ്യരെ നിത്യനാശമാകുന്ന രണ്ടാംമരണത്തിൽനിന്നു രക്ഷിപ്പാൻ ലോകാരംഭം മുതൽ ദൈവം മാനവരക്ഷയ്ക്കായി പദ്ധതികൾ ഒരുക്കിയിരുന്നു. ഒടുവിൽ സകല മനുഷ്യരെയും പൂർണ്ണമായി രക്ഷിപ്പാൻ പിതാവാംദൈവം തന്റെ സ്വന്തപുത്രനെ കാൽവറിയിലെ ക്രൂശ്മരണത്തിന് ഏല്പ്പിച്ചുകൊടുത്തു. മാനവരാശിയുടെ സകല പാപവും അവന്റെ മേൽ ചുമത്തി അവന്റെ പുണ്യാഹരക്തം പാപങ്ങൾക്ക് പ്രായശ്ചിത്തമായി. അതിനാൽ മേലിൽ പാപത്തിൽ ജനിക്കുന്ന മനുഷ്യൻ പാപത്തിൽ മരിക്കേണ്ടതായിട്ടില്ല. നീതിമാനായ യേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നതിനാൽ ക്രിസ്തുയേശുവിന്റെ പാപമരണ പ്രായശ്ചിത്തയാഗത്തിൽ വിശ്വസിക്കുന്ന ഏതൊരുവനും പാപക്ഷമയും നിത്യജീവനും സൗജന്യമായി പ്രാപിക്കാവുന്നതാണ്. അതാണ് സുവിശേ ഷത്തിന്റെ ശക്തി. ദൈവം ഒരുക്കിയിരിക്കുന്ന ഇത്രവലിയ രക്ഷയെ അഗണ്യമാക്കിക്കളയുന്നവരാണ് അന്ത്യന്യായവിധി യിൽ ശിക്ഷിക്കപ്പെടുന്നത്. അതെക്കുറിച്ചാണ് ഈ ഗ്രന്ഥത്തിൽ ലളിതഭാഷാ ശൈലിയിൽ ഏവർക്കും വായിച്ചു ഗ്രഹിക്കാവുന്ന വിധത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

ദൈവത്തിൽ നിന്ന് അകന്നുപോകുന്ന സകല സൃഷ്ടി കളുടെയും അന്ത്യന്യായവിധി പൂർത്തീകരിക്കപ്പെടുന്നത് രണ്ടു ദിവസങ്ങളിലായിട്ടാണ്. അതിൽ ഒന്നാമത്തേത് ജീവനോടിരി ക്കുന്ന സകല ദുഷ്ടന്മാരുടെയും അന്ത്യന്യായവിധിയാണ്. അതു സംഭവിക്കുന്നത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാണ്. അന്ന് എതിർക്രിസ്തുവും കള്ളപ്രവാചകനും അതുപോലെ ജീവനോടിരിക്കുന്ന സകല ദുഷ്ടമനുഷ്യരുടെയും അന്ത്യ ന്യായവിധിയാണ് പൂർത്തീകരിക്കപ്പെടുന്നത്. അതെക്കുറിച്ചുള്ള വിശദപഠനമാണ് ഈ ഗ്രന്ഥത്തിലെ ജീവനുള്ളവരുടെ അന്ത്യ ന്യായവിധി എന്ന ഒന്നാം ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടാമത്തേത് മരണമാകുന്ന സാത്താൻ, ദുഷ്ടദൂതന്മാർ,

ഭൂതാത്മാക്കൾ, കഠിനപാപികൾ, പാപികൾ എന്നിവരുടെ അന്ത്യന്യായവിധിയാണ്. അതു സംഭവിക്കുന്നത് ഒടുക്കത്തെ നാളിലാകുന്നു. അതിന്റെ വിശദീകരണമാണ് മരിച്ചവരുടെ അന്ത്യന്യായവിധി എന്ന രണ്ടാംഭാഗത്ത് വിവരിച്ചിരിക്കുന്നത്.

ഇതിനു മുൻപ് പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസ് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ അനേകരുടെ ആത്മീക ഉണർവ്വിന് കാരണമായി എന്നറിഞ്ഞതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ ഉദ്യമത്തിലും പങ്കാളികളായ സ്നേഹനിധികളായ എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം തുടർന്നും ഏവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് കർത്തൃ പാദപീഠത്തിൽ സവിനയം ഈ ഗ്രന്ഥത്തെ സമർപ്പിച്ചുകൊള്ളുന്നു.

കർത്തൃസേവയിൽ,

ഏബ്രഹാം പൊടിമറ്റത്തിൽ

# താളുകൾ മറിക്കുമ്പോൾ


## ഭാഗം ഒന്ന്

### ജീവനുള്ളവരുടെ അന്ത്യന്യായവിധി

1. അഗ്നിനരകത്തിന്റെ ആദ്യ ഇരകൾ 12
2. കുഞ്ഞാടിന്റെ കല്ല്യാണ വിരുന്നുശാലയിൽ നിന്നു തള്ളപ്പെടുന്നവരുടെ അന്ത്യന്യായവിധി 75
3. മഹത്വസിംഹാസനത്തിന്റെ ഇടതുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരുടെ അന്ത്യന്യായവിധി 104

## ഭാഗം രണ്ട്

### മരിച്ചവരുടെ അന്ത്യന്യായവിധി

4. സാത്താൻ അഗ്നിനരകത്തിൽ 136
5. പാതാളത്തിലുള്ളവരുടെ അന്ത്യന്യായവിധി 166
6. മരണത്തിലുള്ളവരുടെ അന്ത്യന്യായവിധി 182

| | |
|---|---|
| | |
| **സ്വർഗീയ പരമോന്നത കോടതി** | |
| പരമോന്നത ന്യായാധിപൻ | യേശുക്രിസ്തു |
| സഹന്യായാധിപന്മാർ | കുഞ്ഞാടിന്റെ മണവാട്ടിസഭ |
| നടപടിക്രമം നടത്തുന്നവർ | സ്വർഗീയ ദൂതന്മാർ |
| അന്ത്യന്യായവിധിയിൽ ശിക്ഷിക്കപ്പെടുന്ന കുറ്റവാളികൾ | ദൈവത്തിൽനിന്ന്അകന്നുപോകുന്ന സൃഷ്ടികൾ |
| നിത്യശിക്ഷയുടെ തടവറ | അഗ്നിനരകം |
| അഗ്നിനരകത്തിന്റെ ആദ്യ ഇരകൾ | എതിർക്രിസ്തു, കള്ളപ്രവാചകൻ |
| അതിഭീകര കുറ്റവാളി | സാത്താൻ |
| മരിച്ചുപോകുന്ന കുറ്റവാളികളെ വിചാരണത്തടവുകാരായി ഇപ്പോൾ പാർപ്പിച്ചിരിക്കുന്ന തടവറകൾ | പാതാളം, നരകം |
| അന്ത്യന്യായവിധിക്കായി പരമോന്നത കോടതി ചേരുന്ന ദിവസങ്ങൾ | 1. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ<br>2. ഒടുക്കത്തെനാൾ |
| മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അഗ്നിനരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുന്നവർ | എതിർക്രിസ്തു, കള്ളപ്രവാചകൻ എന്നിവർ ഉൾപ്പെടെ അന്നു ജീവനോടിരിക്കുന്ന ദുഷ്ടന്മാർ |
| അന്നത്തെ വിധിന്യായം | സുവിശേഷം |
| ഒടുക്കത്തെനാളിൽ അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നവർ | സാത്താൻ, ദുഷ്ടദൂതന്മാർ, കഠിന പാപികൾ, ഭൂതാത്മാക്കൾ, പാപികൾ |
| അന്നത്തെ വിധിന്യായം | ജീവപുസ്തകം ഉൾപ്പെടെ അന്നു തുറക്കപ്പെടുന്ന പുസ്തകങ്ങൾ |
| അന്ത്യന്യായവിധി പൂർത്തീകരിക്കപ്പെടുന്നു. സാത്താനും അവന്റെ അനുയായികളും അഗ്നിനരകത്തിന്റെ നിത്യദണ്ഡനത്തിൽ അകപ്പെടുന്നു. | |

ഭാഗം ഒന്ന്

# ജീവനുള്ളവരുടെ അന്ത്യന്യായവിധി

## ഉള്ളടക്കം

> വീശുമുറം അവന്റെ കയ്യിൽ ഉണ്ട്; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളയുകയും ചെയ്യും (മത്താ. 3:12)

യേശുക്രിസ്തുവിനെ ന്യായപ്രമാണത്തിന്റെ അവസാന പ്രവാചകനായ സ്നാപകയോഹന്നാൻ ന്യായാധിപതിയായി സാക്ഷീകരിച്ചിരിക്കുന്നതിനെക്കുറിച്ചാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലോകാവസാനത്തിന്റെ ആരംഭത്തിൽ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടായിട്ടാണ് യേശുക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതെങ്കിൽ ലോകാവസാനത്തിന്റെ അന്ത്യത്തിൽ അവൻ പ്രത്യക്ഷപ്പെടുന്നത് മഹാരാജാവും ന്യായാധിപതിയും ആയിട്ടാണ്. അവൻ അന്ന് ലോകത്തിൽ ജീവനോടിരിക്കുന്ന ദുഷ്ടന്മാരാകുന്ന സകല മനുഷ്യരെയും ന്യായം വിധിച്ച് ജീവനോടെ അഗ്നിനരകത്തിലേക്ക് തള്ളിക്കളയുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ കോതമ്പും പതിരും തമ്മിൽ വേർതിരിച്ച് അന്ന് ജീവനോടിരിക്കുന്ന പതിരാകുന്ന സകല ദുഷ്ടന്മാരേയും അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുന്ന അന്ത്യന്യായവിധിക്ക് മൂന്നു ഘട്ടങ്ങളാണ് ഉള്ളത്. അതെക്കുറിച്ചാണ് ഈ ഗ്രന്ഥത്തിലെ ഒന്നാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അവയുടെ രത്നച്ചുരുക്കമാണ് താഴെക്കൊടുത്തിരിക്കുന്നത്. വിശദമായ പഠനം പ്രസ്തുത അദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1. അഗ്നിനരകത്തിന്റെ ആദ്യ ഇരകൾ

പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന അഗ്നിനരകത്തിന്റെ ആദ്യ ഇരകളായിത്തീരുന്നത് പൈശാചിക ത്രിമൂർത്തികളിലെ രണ്ടാമനായ എതിർക്രിസ്തുവാകുന്ന മൃഗവും മൂന്നാമനായ കള്ളപ്രവാചകനുമാകുന്നു. മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ പ്രാരംഭത്തിലാണ് മനുഷ്യകുലത്തിലെ അതിനീചന്മാരായ അവർ ഇരുവരും ബന്ധിതരായി ജീവനോടെ അഗ്നിപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നത്. അന്നു നടക്കുന്ന അന്ത്യന്യായവിധിയിലെ പ്രാരംഭഘട്ടമാണ് അവരുടെ ന്യായവിധിയോടെ പൂർത്തീകരിക്കപ്പെടുന്നത്. അതിന്റെ വിശദീകരണമാണ് ഈ ഗ്രന്ഥത്തിലെ പ്രാരംഭ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 2. കുഞ്ഞാടിന്റെ കല്ല്യാണ വിരുന്നുശാലയിൽ നിന്നു തള്ളപ്പെടുന്നവരുടെ അന്ത്യന്യായവിധി

ഭൂമിയിൽവെച്ചു നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെടുന്നവർ വൃതന്മാരുടെ ഗണത്തിൽപ്പെടുന്നവരാണ്. ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അവസാനത്തിൽ ദൈവദൂതന്മാരെ അയച്ചാണ് യെരുശലേമിൽ മനുഷ്യപുത്രൻ അവരെ കൂട്ടിച്ചേർക്കുന്നത്. അവരാണ് ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്ന മഹാരാജാവാം ദൈവത്തെയും പരിവാരങ്ങളെയും ആർപ്പുവിളികളോടെ സ്വീകരിക്കുന്നത്. അതേത്തുടർന്ന് മണവാളനും അവനോടുകൂടെ വരുന്ന മണവാട്ടിയും വിശുദ്ധന്മാരും ദൂതന്മാരും അന്ന് ഭൂമിയിൽനിന്ന് ചേർക്കപ്പെടുന്ന വൃതന്മാരോടൊപ്പം കല്ല്യാണ വിരുന്നുശാലയിലേക്കാണ് പ്രവേശിക്കുന്നത്. കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ യോഗ്യരാകാത്തതുകൊണ്ട് വിരുന്നുശാല നിറയാതിരിക്കുന്നു. അതിനാൽ കർത്താവ് ദൂതന്മാരെ വീണ്ടും അയച്ച് കണ്ടവരെ ഒക്കെയും കൂട്ടിക്കൊണ്ടുവന്ന് വിരുന്നുശാല നിറയ്ക്കുവാൻ അവരോട് ആജ്ഞാപിക്കുന്നു. അവർ അപ്രകാരം ചെയ്യുകയും വിരുന്നുശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞതിനു ശേഷം അവൻതന്നെ അതിന്റെ വാതിൽ അടയ്ക്കുകയും ചെയ്യുന്നു. അന്ന് അപ്രകാരം വിരുന്നുശാലയിൽ പ്രവേശിപ്പിക്കപ്പെടുന്നവർ

സ്നേഹിതപദവിയിലുള്ളവരാണ്. അവരിൽ മടിയരും ദുഷ്ടരുമായവർ സാഹചര്യം ലഭിച്ചിട്ടും അനുസരിക്കാതെ അവസരം പാഴാക്കിക്കളയുന്നവരാണ്. അവരെയാണ് കല്ല്യാണ സദ്യ ആരംഭിക്കുന്നതിനു മുമ്പ് വിരുന്നുശാലയിൽനിന്ന് നരകാഗ്നിയിലേക്ക് മഹാരാജാവാം ദൈവത്തിന്റെ കല്പനയാൽ തള്ളിക്കളയുന്നത്. ജീവനോടെ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്നവരിലെ രണ്ടാമത്തെ കൂട്ടരാണിവർ. അതേക്കുറിച്ചാണ് രണ്ടാമത്തെ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

### 3. മഹത്വസിംഹാസാനത്തിന്റെ ഇടതുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരുടെ അന്ത്യന്യായവിധി

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹാരാജാവാം ദൈവം തേജസ്സിന്റെ സിംഹാസനത്തിലിരിക്കുമ്പോൾ അന്നു ഭൂമിയിൽ ജീവനോടെ ശേഷിച്ചിരിക്കുന്ന സകല ജാതികളെയും ദൂതന്മാർ മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിവരുത്തും. ഒരു ഇടയൻ ആടുകളെ ചെമ്മരിയാടുകളും കോലാടുകളുമായി വേർതിരിച്ച് നിർത്തുന്നതുപോലെ കർത്താവാണ് അവരെ അന്ന് സിംഹാസനത്തിന് ഇടത്തും വലത്തുമായി നിർത്തുന്നത്. ഇടതുവശത്തു നില്ക്കുന്ന കോലാടുകൾ പതിരാകുന്ന ദുഷ്ടന്മാരുടെ കൂട്ടത്തിലുള്ളവരാകുന്നു. അവരാണ് അന്ന് ശപിക്കപ്പെട്ടവരായി ദൈവസന്നിധിയിൽനിന്ന് ജീവനോടെ നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുന്നത്. അതോടെയാണ് ജീവനുള്ളവരുടെ അന്ത്യന്യായവിധിയുടെ മൂന്നാം ഘട്ടവും പൂർത്തീകരിക്കപ്പെടുന്നത്. അതെക്കുറിച്ചാണ് ഈ ഭാഗത്തിലെ മൂന്നാമത്തെ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

അന്ത്യന്യായവിധി എന്ന വിഷയത്തിന്റെ ആധികാരിക പഠനത്തിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്. അതിൽ ജീവനുള്ളവരുടെ അന്ത്യന്യായവിധി എന്ന ഒന്നാം ഭാഗത്തിലെ ഒന്നാം അദ്ധ്യായത്തിന്റെ പഠനത്തിനായി ദൈവകൃപയിൽ ആശ്രയിച്ച് പ്രാർത്ഥനയോടെ താളുകൾ മറിക്കാം. സർവ്വശക്തൻ തുണ നില്ക്കട്ടെ.

അദ്ധ്യായം ഒന്ന്

# അഗ്നിനരകത്തിലെ ആദ്യ ഇരകൾ

> കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്‌വാൻ മൃഗവും ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു വന്നുകൂടിയതു ഞാൻ കണ്ടു. മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കുകയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു (വെളി. 19:19 - 20).

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന് ഉല്പത്തിപുസ്തകത്തിൽ എഴുതി തുടങ്ങിയ തിരുവചനം അവസാനപുസ്തകമാകുന്ന വെളിപ്പാട്പുസ്തകത്തിൽ എഴുതി പൂർത്തീകരിച്ചിരിക്കുന്നത് വരുവാനുള്ള ലോകത്തിലെ പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം എന്നിവയുടെ വിവരണത്തോടെയാണ്. ഒന്നാമത്തെ ആകാശത്തിന്റെയും ഒന്നാമത്തെ ഭൂമിയുടെയും സൃഷ്ടിപ്പിനെക്കുറിച്ചുള്ള വ്യക്തമായ വിവരണം തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പാഴും ശൂന്യവുമായിത്തീർന്ന ഒന്നാത്തെ ഭൂമിയുടെ നവീകരണ പ്രക്രിയയെക്കുറിച്ചുള്ള വിവരണമാണ് ഉല്പത്തിപുസ്തക ത്തിലെ ഒന്നാമത്തെ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ സ്വരൂപ സദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കുറിച്ചും അവരുടെ വാസത്തിനായി സൃഷ്ടിച്ച ഭൂമിയെക്കുറിച്ചുമുള്ള അറിവ് അവ സൃഷ്ടിക്കപ്പെടുന്നതിനു മുമ്പ് ആകാശസൃഷ്ടികളായ ദൂതഗണങ്ങളോട് ദൈവം അറിയിച്ചിരുന്നു. ഒന്നാമത്തെ ആകാശവും അതിലെ സൃഷ്ടികളെയും സൃഷ്ടിച്ചതിനുശേഷം എത്രകാലം കഴിഞ്ഞാണ് ഒന്നാമത്തെ ഭൂമി ദൈവം മനോഹരമായി സൃഷ്ടിച്ചത് എന്നതിന്റെ

വ്യക്തതയില്ല. അതുപോലെ ഭാവികാലത്ത് സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിവ് ലഭിച്ച ലൂസിഫറിൽ അഹങ്കാരം ഉടലെടുത്ത് സ്വർഗാധിസ്വർഗത്തിലേക്ക് പ്രവേശിക്കണമെന്നുള്ള ദുർമോഹം അവനിൽ എന്നാണ് ഉരുവായത് എന്നതിനെക്കുറിച്ചുള്ള വ്യക്തതയില്ല. എന്നാൽ ഒന്നാമത്തെ ഭൂമിയെയും അതിലെ സൃഷ്ടികളെയും ദൈവം സൃഷ്ടിക്കുന്നതിനു മുമ്പ് ഒന്നാമത്തെ ആകാശവും അതിലെ സൃഷ്ടികളെയും ദൈവം സൃഷ്ടിച്ചിരുന്നു എന്നതിന്റെ വ്യക്തത തിരുവചനത്തിൽ ഉണ്ട്.

> ഞാൻ ഭൂമിക്ക് അടിസ്ഥനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക. അതിന്റെ അളവു നിയമിച്ചവൻ ആർ? നീ അറിയുന്നുവോ? അല്ല, അതിന് അളവുനൂൽ പിടിച്ചവനാർ? പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചുഘോഷിച്ചുല്ലസിക്കയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു? അല്ല, അതിന്റെ മൂലക്കല്ലിട്ടവൻ ആർ? (ഇയ്യോ. 38:4-7)

ഒന്നാമത്തെ ഭൂമിയുടെ സൃഷ്ടിയെക്കുറിച്ച് സൃഷ്ടിതാവാം ദൈവം ഇയ്യോബിനോട് ചോദിക്കുന്ന ചോദ്യങ്ങളാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ഇതിൽ ആകാശവാസിയായിരുന്ന ലൂസിഫറിനെയും ദൈവദൂതന്മാരെയും കുറിച്ചുള്ള പരാമർശമാണ് പ്രഭാതനക്ഷത്രങ്ങളോടും ദൈവപുത്രന്മാരോടുമുള്ള ബന്ധത്തിൽ ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഇതിൽനിന്ന് ഒന്നാമത്തെ ഭൂമിക്ക് അടിസ്ഥാനമിടുന്നതിനു മുമ്പ് ഒന്നാമത്തെ ആകാശവും അതിലെ സൃഷ്ടികളും സൃഷ്ടിക്കപ്പെട്ടിരുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്.

ആരംഭത്തിങ്കൽത്തന്നെ അവസാനം കാണുന്ന ദൈവം അതിനനുസൃതമായിട്ടാണ് ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും സൃഷ്ടിച്ചത്. ഒന്നാം സ്വർഗം, രണ്ടാം സ്വർഗം, മൂന്നാം സ്വർഗം എന്നീ മൂന്നു സ്വർഗങ്ങളായി പറുദീസയാകുന്ന സ്വർഗത്തെ ദൈവം സൃഷ്ടിച്ചത് പുതിയ നിയമത്തിൽ നിലവിൽ വരുവാനുള്ള വിശുദ്ധന്മാരുടെ മരണാനന്തരനിരകളെ വിഭാവനം ചെയ്തുകൊണ്ടായിരുന്നു. അതുപോലെ പാപത്തെയും മരണത്തെയും മുമ്പിൽക്കണ്ട ദൈവം ഒന്നാമത്തെ ഭൂമിക്ക് അടിസ്ഥനമിട്ടപ്പോൾത്തന്നെ ലോകാരംഭം മുതൽ പുതിയനിയമ

ത്തിന്റെ ആരംഭം വരെയുള്ള പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരുടെ ആത്മാക്കളെയും ജീവപുസ്തകത്തിൽ പേരുള്ള നീതിമാന്മാരുടെ ആത്മാക്കളെയും പാർപ്പിക്കുവാൻ മീതെയുള്ള പാതാളമായിരുന്നു ഒരുക്കിയിരുന്നത്. ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെയുള്ള പാപികളായവരുടെ ആത്മാക്കളെ അധമ പാതാളത്തിലും കഠിനപാപികളുടെ ആത്മാക്കളെ മരണമാകുന്ന നരകത്തിലും തള്ളിയിടുവാനുള്ള ആലോചനപ്രകാരമാണ് അവയും സൃഷ്ടിക്കപ്പെട്ടിരുന്നത്. മനുഷ്യസൃഷ്ടിക്ക് ശേഷം പാപം ചെയ്യുന്ന ആകാശവാസികളായ ദുഷ്ടദൂതന്മാരെ ബന്ധിച്ചിടുവാൻ നരകമാണ് കരുതിയിരുന്നത്. സ്വർഗീയദൈവം സൃഷ്ടിച്ചിട്ടുള്ള അഗാധം എന്ന സ്ഥലമാണ് ഇപ്പോൾ ഈലോകത്തിന്റെ ദൈവമായിരിക്കുന്ന സാത്താന്റെ ഇരിപ്പിട മെങ്കിൽ സാത്താനും അവന്റെ ദൂതന്മാർക്കും ദൈവം ഒരുക്കിയിരിക്കുന്ന നിത്യതടവറ രണ്ടാമത്തെ മരണമാകുന്ന അഗ്നിനരകമാകുന്നു.

മനുഷ്യവാസത്തിനുവേണ്ടി ദൈവം സൃഷ്ടിച്ച ഒന്നാമത്തെ ഭൂമിയുടെ ശൂന്യത മാറ്റി നവീകരിക്കുവാൻ ദൈവപ്രകാശമാകുന്ന ജീവന്റെ വചനം അതിനെ സന്ദർശിച്ചതിന്റെ വിവരണമാണ് പ്രപഞ്ചോല്പത്തിയുടെ രഹസ്യമായി ഉല്പത്തിപുസ്തക ത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പാപവും നിത്യമരണവും ഉടലെടുത്തു എന്നതല്ലാതെ ഒന്നാമത്തെ ആകാശമാകുന്ന സ്വർഗത്തിന് പ്രത്യേകിച്ചുള്ള മാറ്റങ്ങളൊന്നും സൃഷ്ടിപരമായി സംഭവിച്ചിട്ടില്ല. ഒന്നാമത്തെ ഭൂമി മാത്രമാണ് പാഴും ശൂന്യവുമായിത്തീർന്നത്. നവീകരണ പ്രക്രിയക്കായി ജീവനാകുന്ന വെളിച്ചം പ്രത്യക്ഷപ്പെട്ടപ്പോൾ ഇരുളാകുന്ന മരണം വേർപിരിഞ്ഞതിനെക്കുറിച്ചാണ് ഒന്നാമത്തെ ദിവസത്തെ സൃഷ്ടിയോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചി രിക്കുന്നത്. വെളിപ്പാട്പുസ്തകത്തിൽ രാത്രി അവിടെ ഇല്ലല്ലോ; ഇനി രാത്രി ഉണ്ടാകുകയില്ല എന്ന് പുതുവാനഭൂമിയോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നത്; മരണമാകുന്ന ഇരുൾ വരുവാനുള്ള ലോകത്തിൽ ഉണ്ടാകുകയില്ല എന്ന് വ്യക്തമാക്കു ന്നതിനു വേണ്ടിയാണ്. രണ്ടാമത്തെ ദിവസമാണ് ദൈവം ഒന്നാമത്തെ ഭൂമിയെ മൂടിക്കിടന്നിരുന്ന വെള്ളത്തെ രണ്ടായി വിഭജിച്ച് വിതാനം സൃഷ്ടിച്ചത്. വെള്ളങ്ങളുടെ ഇടയിലുള്ള വിതാനത്തിനാണ് ദൈവം ആകാശം എന്നു പേരിട്ടത്.

മൂന്നാമത്തെ ദിവസം വിതാനത്തിനു കീഴെയുള്ള വെള്ളം ഒരു സ്ഥലത്തുകൂട്ടി ഉണങ്ങിയ നിലം സൃഷ്ടിച്ചു. അതിനു ഭൂമി എന്നും വെള്ളങ്ങളുടെ കൂട്ടത്തിനു സമുദ്രം എന്നും ദൈവം പേരിട്ടു. അന്നുതന്നെയാണ് പുല്ലും വിത്തുള്ള സസ്യങ്ങളും വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും ദൈവവചനത്താൽ ഭൂമിയിൽ മുളെച്ചു വന്നത്. അതെത്തുടർന്ന് നാലാമത്തെ ദിവസമാണ് ദൈവം ആകാശവിതാനത്തിൽ വെളിച്ചങ്ങളെ നിർമ്മിച്ചാക്കിയത്. സൗരയൂഥം ഉൾപ്പെടുന്ന ആകാശസൃഷ്ടി കളെക്കുറിച്ചാണിവിടെ പ്രസ്താവിച്ചിരിക്കുന്നത്. അന്നു മുതലാണ് കാലം, ദിവസം, സംവത്സരം എന്നിവ തമ്മിലുള്ള വേർതിരിവുകൾ ഉണ്ടായത്. നാലാമത്തെ ദിവസത്തോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്ന പകലും രാത്രിയും ഭൂമിയോടുള്ള ബന്ധത്തിലെ ദിനരാത്രങ്ങളാണ്.

മനുഷ്യന്റെ ശാസ്ത്ര മികവുകൊണ്ട് കൈവരിക്കുന്ന ഉയരം ആകാശവിതാനത്തിന്റേതാണ്. ചന്ദ്രനിലും ഗ്രഹങ്ങളിലും നക്ഷത്രങ്ങളിലും മനുഷ്യർ എത്തിപ്പെടുമെങ്കിലും അവർക്ക് ഒരിക്കലും സ്വർഗീയപറുദീസയാകുന്ന ഒന്നാമത്തെ ആകാശത്തിൽ കയറിപ്പറ്റുവാൻ കഴിയുകയില്ല. അത് ഒന്നുകൂടി വ്യക്തമായി പ്രസ്താവിച്ചാൽ ആകാശവാസികളായ സ്വർഗീയ ദൂതന്മാരുടെ അടുക്കലേക്കോ വിശുദ്ധന്മാരുടെ ആത്മാക്കൾ വിശ്രമിക്കുന്ന മരണാനന്തരനിരകളിലേക്കോ മനുഷ്യ പ്രയത്നംകൊണ്ട് എത്തിപ്പെടുവാൻ കഴിയുകയില്ല എന്ന് സാരം. മറ്റൊരു സുപ്രധാന വസ്തുത ആദിയിൽ ദൈവം സൃഷ്ടിച്ച ഒന്നാമത്തെ ആകാശവും, പാഴും ശൂന്യവും ആയിത്തീർന്ന ഒന്നാമത്തെ ഭൂമി യുടെ നവീകരണ പ്രക്രിയയിൽ സൃഷ്ടിക്കപ്പെട്ട ഇപ്പോഴത്തെ ആകാശവിതാനവും ഒന്നല്ല എന്നതാണ്.

നാം കാണുന്ന ആകാശവിതാനം വളരെയേറെ വിശാലമായ സ്ഥലമാണ്. പക്ഷികളും പറവജാതികളും പറക്കുന്ന ആകാശം മുതൽ വളരെ വിദൂരതയിൽ കാണപ്പെടുന്ന നക്ഷത്രസമൂഹങ്ങൾ വരെയുള്ള ആകാശവിതാനത്തിന്റ ഉയരവും വിശാലതയും അളന്നു തിട്ടപ്പെടുത്തുക മനുഷ്യരാൽ സാധ്യമല്ല. മോശെ ഉല്പത്തിപുസ്തകത്തിൽ വളരെ ചുരുക്കമായി പ്രസ്തവി ച്ചിരിക്കുന്ന പ്രപഞ്ചോല്പത്തിയുടെ രഹസ്യങ്ങളെക്കുറിച്ചാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

അഞ്ചാമത്തെ ദിവസം ജലജന്തുക്കളെയും ആകാശത്തിൽ പറക്കുന്ന പറവജാതികളെയും ദൈവം സൃഷ്ടിച്ചു. ആറാമത്തെ ദിവസമാണ് ഭൂചരജന്തുക്കളെ ദൈവം സൃഷ്ടിച്ചത്. അതിനു ശേഷം ദൈവം സൃഷ്ടിച്ച സകലത്തിന്മേലും വാഴുവാൻ അവന്റെ സ്വരൂപസദൃശ്യത്തിൽ മണ്ണുകൊണ്ട് മനുഷ്യനെയും സൃഷ്ടിച്ചു. ദൈവം കിഴക്ക് സൃഷ്ടിച്ച ഏദ്ദെൻതോട്ടത്തിൽ വെച്ചാണ് മനുഷ്യനിൽനിന്നും സ്ത്രീയെ സൃഷ്ടിച്ചത്. അവരെ ഇരുവരെയും അതിനെ കാപ്പാനും വേലചെയ്യുവാനും അവിടെ ആക്കുകയും ചെയ്തു. ദൈവതേജസ്സുണ്ടായിരുന്ന ആദവും ഹവ്വയും ദൈവം തിന്നരുതെന്നു കല്പിച്ചിരുന്ന അറിവിന്റെ വൃക്ഷഫലം തിന്നതു നിമിത്തമാണ് പാപവും മരണവും അവരിൽ പ്രവേശിച്ചത്. അതുനിമിത്തം അവരുടെ ദൈവതേജസ്സും അധികാരവും നഷ്ടപ്പെടുകയും ഏദ്ദെനിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു.

ഭൂമിയിൽ മനുഷ്യർ വർദ്ധിച്ചു പെരുകിയതിനനുസരിച്ച് പാപവും മ്ലേച്ഛതയും വർദ്ധിച്ചുപെരുകി. വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ അന്നത്തെ ലോകത്തെ വെള്ളംകോണ്ട് ദൈവം ന്യായംവിധിച്ചു. നോഹയുടെ കുടുംബവും ദൈവം പെട്ടകത്തിൽ കയറ്റിയ പക്ഷിമൃഗാദികളും മാത്രമാണ് അന്നത്തെ ജലപ്രളയത്തിൽനിന്നും രക്ഷപ്പെട്ടത്. നാല്പത് രാവും പകലും ആകാശത്തിന്റെ കിളിവാതിലുകളും ആഴിയുടെ ഉറവകളും തുറന്നിരുന്നതിനാൽ ഭൂലോകം വെള്ളത്തിൽ മുങ്ങി നശിച്ചു. ആകാശവിതാനത്തിനു മീതെ ഉണ്ടായിരുന്ന വെള്ളത്തിന്റെ ഒരുഭാഗം മാത്രമാണ് ഭൂമിയിലേക്ക് മഴയായി പെയ്തിറങ്ങിയത്. അതിനുശേഷവും ആകാശത്തിനു മീതെ വെള്ളം ശേഷിച്ചിരിക്കുന്നു. അതിന്റെ വ്യക്തതയാണ് സ്വർഗാധിസ്വർഗവും ആകാശത്തിനു മീതെയുള്ള വെള്ളവും ആയുള്ളവേ, അവനെ സ്തുതിപ്പിൻ എന്ന് സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് (സങ്കീ. 148:4).

നോഹയുടെ ആയുസ്സിന്റെ അറുനൂറാം സംവത്സരത്തിൽ രണ്ടാംമാസം പതിനേഴാം തീയതി ആരംഭിച്ച ജലപ്രളയത്തിൽ മുങ്ങി നശിച്ച ഭൂമിയുടെ ഭൂതലം ഉണങ്ങി വീണ്ടും മനുഷ്യവാസയോഗ്യമായിത്തീർന്നത് അവന്റെ ആയുസ്സിന്റെ അറുനൂറ്റിഒന്നാം സംവത്സരം രണ്ടാംമാസം ഇരുപത്തിയേഴാം തീയതിയാണ്. ഇത് കൃത്യമായി പ്രസ്താവിച്ചാൽ ഒരു വർഷവും പത്തു

ദിവസവും ആകുന്നു. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷമുള്ള ഇപ്പോഴത്തെ ആകാശത്തിലും ഭൂമിയിലുമാണ് നാം അധിവസിക്കുന്നത്. സ്വർഗമാകുന്ന പറുദീസയിലേക്ക് മനുഷ്യർക്ക് കടന്നുകയറുവാൻ കഴിയാത്ത തുപോലെ ഭൂമിയുടെ അധോഭാഗങ്ങളിലെ രഹസ്യ സ്ഥലങ്ങളിലേക്കും മനുഷ്യർക്ക് നുഴഞ്ഞുകയറുവാൻ കഴിയുകയില്ല. ഭൂമി തുരന്ന് തുരങ്കം സൃഷ്ടിച്ചപ്പോൾ മനുഷ്യരുടെ നിലവിളി കേട്ടുവെന്നും ആകാശത്തിൽ അന്യഗൃഹജീവികളെ കണ്ടു എന്നുമൊക്കെ പ്രചരിപ്പിക്കുന്നത് വ്യാജവാർത്തകളാണ്. അതൊക്കെയും തിരുവചനവിരുദ്ധവും അടിസ്ഥാന രഹിതങ്ങളുമാകുന്നു. എന്നാൽ ഭൂമിയുടെ അധോഭാഗത്ത് പാതാളവും നരകവും ഉണ്ട്. അവിടെനിന്ന് ദീനരോദനങ്ങൾ ഉയരുന്നുമുണ്ട്. അത് മനുഷ്യർക്ക് കണ്ടെത്തുവാനോ കേൾക്കുവാനോ കഴിയുകയില്ല. പാതാള ത്തിൽ ജീവനോടെ ഇറങ്ങിപ്പോയവരുടെ നിലവിളി കേട്ടതിനെ ക്കുറിച്ച് സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത് ഇപ്രകാരമാണ്.

> അവരുടെ കീഴെ ഭൂമി പിളർന്നു... അവരും അവരോടു ചേർന്നിട്ടുള്ള എല്ലാവരും ജീവനോടെ പാതാളത്തിലേക്ക് ഇറങ്ങി; ഭൂമി അവരുടെ മേൽ അടകയും അവർ സഭയുടെ ഇടയിൽനിന്നു നശിക്കയും ചെയ്തു. അവരുടെ ചുറ്റും ഇരുന്ന യിസ്രായേല്യരൊക്കെയും അവരുടെ നിലവിളി കേട്ടു; ഭൂമി നമ്മെയും വിഴുങ്ങിക്കളയരുതേ എന്നു പറഞ്ഞ് ഓടിപ്പോയി (സംഖ്യ. 16:32-34).

ഇത് സംഭവിച്ചത് ദൈവത്തിന്റെ ആജ്ഞയാലാണ്. അതു പോലെ മനുഷ്യർക്ക് പാതാളത്തെയും നരകത്തെയും അടയ്ക്കു വാനോ തുറക്കുവാനോ കഴിയുകയില്ല.

പുതിയനിയമസ്ഥാപനത്തിനു ശേഷം സ്വർഗീയ പറുദീസയിൽ മനുഷ്യരുടെ ആത്മാക്കൾ മരണാനന്തരം വിശ്രമിക്കുന്നു എന്നതിന്റെ പ്രഥമവും വ്യക്തവുമായ തെളിവ് ലഭിക്കുന്നത് ക്രൂശിൽകിടന്ന് മരണ സമയത്ത് മാനസാന്തരപ്പെട്ട വ്യക്തിയോട് കർത്താവ് അരുളിച്ചെയ്ത വാക്കുകളിൽ നിന്നുമാണ്. അന്ന് അവനോട് യേശു അരുളിച്ചെയ്തത്, നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്നായിരുന്നു (ലൂക്കൊ. 23:43). അതുപോലെ ക്രിസ്തുവിൽ തികഞ്ഞവനായ പൌലൊസിന്റെ പറുദീസാ പ്രവേശനത്തിന്റെ അനുഭവസാക്ഷ്യമാണ് മറ്റൊരു തിരുവചന തെളിവ്.

ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു. അവൻ പതിനാലു സംവത്സരം മുമ്പേ മൂന്നാം സ്വർഗത്തോളം എടുക്കപ്പെട്ടു. ശരീരത്തോടെയോ എന്ന് ഞാൻ അറിയുന്നില്ല, ശരീരം കൂടാതെയോ എന്നും അറിയുന്നില്ല; ദൈവം അറിയുന്നു. ആ മനുഷ്യൻ പറുദീസ യോളം എടുക്കപ്പെട്ടു; ശരീരത്തോടെയോ ശരീരം കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു. മനുഷ്യന് ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്ന് ഞാൻ അറിയുന്നു (2കൊരി. 12:2-4).

ഇതിൽനിന്ന് സ്വർഗീയപറുദീസയിലെ മൂന്നാം സ്വർഗ ത്തിലേക്ക് പ്രവേശിക്കപ്പെടുന്ന പുതിയനിയമ സഭയുടെ ജയാളികൾ മുതൽ കൊടിയ പാപം ചെയ്ത് ദുഷ്ട ദൂതന്മാരോടൊപ്പം നരകത്തിലകപ്പെടുന്നവർ വരെയുള്ള വിവിധ മരണാനന്തരനിരകൾ സ്വർഗീയപറുദീസ മുതൽ നരകമാകുന്ന മരണം വരെയുണ്ട് എന്നതാണ് സ്പഷ്ടമാക്കപ്പെടുന്നത്. മാനവരാശിയോടുള്ള ബന്ധത്തിലെ ദൈവീകനിത്യത പുതിയ ആകാശം, പുതിയ ഭൂമിയിൽ ആരംഭിക്കുന്നതിന് മുമ്പ് ഇപ്പോൾ മരണാനന്തര നിരകളിലുള്ള സകല മനുഷ്യരുടെയും പുനരുത്ഥാനങ്ങൾ നിറവേറപ്പെടും എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്.

പുതുവാനഭൂമിയിലും പുതിയ യെരുശലേമിലും ദൈവ ത്തോടുകൂടെ സകല വിശുദ്ധന്മാരും നിത്യതയിൽ ജീവനിൽ വാഴുമ്പോൾ അന്ത്യന്യായവിധിയിലകപ്പെട്ടു നരകാഗ്നിയില്ക്ക് തള്ളപ്പെടുന്നവർ പിശാചിനോടും അവന്റെ ദൂതന്മാരോടും കൂടെ നിത്യദണ്ഡനത്തിലാണ് അകപ്പെടുന്നത്. നിത്യതയുടെ തടവറ യാകുന്ന അഗ്നിനരകത്തെക്കുറിച്ചുള്ള അധികം വെളിപ്പെടു ത്തലുകൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല, എങ്കിലും തിരുവചനത്തിൽ നിന്നും വ്യക്തമാക്കപ്പെടുന്ന പ്രധാന വസ്തുത കൾ താഴെപ്പറയുന്നവകളാണ്.

- അഗ്നിനരകം പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കി യിട്ടുള്ളതാണ്.
- അഗ്നിനരകം സൃഷ്ടിക്കപ്പെട്ടത് എപ്പോൾ എന്നതിന്റെ വ്യക്ത തയില്ലായെങ്കിലും ഒന്നാമത്തെ ഭൂമിക്ക് ദൈവം അടിസ്ഥാനമിട്ട പ്പോൾ അതിനു താഴെ വേറിട്ടൊരു സ്ഥലമായി അഗ്നിനരകം സൃഷ്ടിക്കപ്പെട്ടു എന്നതാണ് വിശ്വസനീയമായ ചിന്താഗതി.

- ഗന്ധകം കത്തുന്ന സ്ഥലമാണ് അഗ്നിനരകം.
- കെടാത്ത തീയും ചാകാത്ത പുഴുവും ആണ് അഗ്നിനരകത്തിൽ ഉള്ളത്.
- ആകാശവും ഭൂമിയും ചുട്ടഴിയപ്പെടും, എന്നാൽ അഗ്നിനരകം നിത്യതയിൽ നിലനില്ക്കുന്നതാണ്.
- അഗ്നിനരകത്തിൽനിന്നും പുറപ്പെടുന്ന തീയുടെ ജ്വാല മാത്രമാണ് ഇപ്പോൾ മരണമാകുന്ന നരകത്തിലും അതിനു മീതെയുള്ള അധമപാതാളത്തിലും എത്തിച്ചേരുന്നത്.
- അഗ്നിനരകത്തെ പല പേരുകളിലാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവ കെടാത്ത തീയായ നരകം, തീച്ചൂള, നിത്യാഗ്നി, ഏറ്റവും പുറത്തുള്ള ഇരുൾ, നിത്യദണ്ഡന സ്ഥലം, നിത്യശിക്ഷാവിധിയുടെ സ്ഥലം, തീ കൊണ്ടു ഉപ്പിടുന്ന സ്ഥലം, രണ്ടാമത്തെ മരണം എന്നിവകളാണ്.

അന്ത്യന്യായവിധിയോടുള്ള പഠനത്തിൽ നിത്യനരകാഗ്നിയ്ക്ക് വളരെയേറെ പ്രാധാന്യതയുണ്ട്. അവിടേക്കാണ് ദൈവത്തിൽ നിന്ന് അകന്നുപോകുന്ന സകല സൃഷ്ടികളും നിത്യ ദണ്ഡനത്തിനായി തള്ളപ്പെടുന്നത്. രണ്ടാമത്തെ മരണമാകുന്ന നിത്യനരകാഗ്നിയിലേക്ക് മനുഷ്യരിൽ ഒരൊറ്റ വ്യക്തിപോലും തള്ളപ്പെടുരുതെന്നുള്ള അതിവാഞ്ചയോടെയാണ് അന്ത്യ ന്യായവിധിയെക്കുറിച്ചുള്ള ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്.

ഇതുവരെ നാം ചിന്തിച്ച സ്ഥലങ്ങൾ ഉൾപ്പെടെ തിരു വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് സുപ്രധാനങ്ങളായ പതിനഞ്ച് സ്ഥലങ്ങളെക്കുറിച്ചാകുന്നു. അതിൽ വെളിച്ചങ്ങളുടെ പിതാവ് ഇരിക്കുന്ന സ്വർഗാധിസ്വർഗം മുതൽ ഏറ്റവും പുറത്തുള്ള ഇരുളാകുന്ന അഗ്നിനരകം വരെ പതിനാലു സ്ഥലങ്ങളാണ് ഉള്ളത്. ഇവ കൂടാതെ മാനവരാശിയുടെ നിത്യതയോടുള്ള ബന്ധത്തിൽ പ്രത്യക്ഷപ്പെടുന്നത് പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം എന്നിവയാകുന്നു. ഇത് ഉൾപ്പെടെയുള്ള പതിനഞ്ച് സ്ഥലങ്ങളുടെ ലഘുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1. സ്വർഗാധിസ്വർഗം

വെളിച്ചങ്ങളുടെ പിതാവാം ദൈവം ഇരിക്കുന്ന അത്യുന്നത മായ സ്ഥലം. ഇവിടെ എണ്ണമില്ലാത്ത ദൂതസംഘങ്ങൾ ദൈവത്തെ

ശുശ്രൂഷിക്കുന്നു. ദൈവത്തിന്റെ ആജ്ഞകൾ പുറപ്പെടുന്നത് ഇവിടെനിന്നുമാണ്. വചനമാം ദൈവം ഭൂമിയിൽ മനുഷ്യനായി പിറന്നതും മനുഷ്യപാപത്തിനു പരിഹാരം വരുത്തിയതിനു ശേഷം പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ഇവിടെയാണ്. പുതിയനിയമ ദൈവസഭയുടെ ആരംഭം കുറിക്കുന്നതിന് പരിശുദ്ധാത്മാവാം ദൈവം ഇവിടെനിന്നുമാണ് ഭൂമിയിലേക്ക് ഇറങ്ങിവന്നത്. കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി ദൈവസഭയുടെ പ്രവർത്തനത്തെ പരിശുദ്ധാത്മാവാം ദൈവമാണ് ഇവിടെ നയിച്ചുകൊണ്ടിരിക്കുന്നത്. ആദ്യജാതന്മാരുടെ സഭയുടെ എണ്ണം തികയപ്പെടുമ്പോൾ നടക്കുന്ന കർത്താവിന്റെ മധ്യാകാശ പ്രത്യക്ഷതയിൽ പരിശുദ്ധാത്മാവും മണവാട്ടിസഭയും എടുക്കപ്പെടുന്നത് സ്വർഗാധിസ്വർഗത്തിലേക്കാണ്.

അതുപോലെ കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതയ്ക്കു മുമ്പ് മണവാട്ടിസഭയുടെ തോഴിമാരാകുന്ന കന്യകമാരും, മണവാളന്റെ തോഴ്മക്കാരുടെ ഗണത്തിൽ ഉൾപ്പെടുന്ന പഴയനിയമ ശ്രേഷ്ഠന്മാരും യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് മുദ്രയിടപ്പെടുന്ന നൂറ്റിനാല്പത്തിനാലായിരം പേരും പുനരുത്ഥാനാനന്തരം എടുക്കപ്പെടുന്നത് സ്വർഗാധിസ്വർഗത്തിലേക്കാണ്. യേശുക്രിസ്തു എന്ന മഹാരാജാവും അവനോടുകൂടെ വരുന്ന സകല വിശുദ്ധന്മാരും ആയിരമാണ്ട് ഭൂമിയിൽ വാഴുവാൻ സ്വർഗാധിസ്വർഗത്തിൽനിന്നുമാണ് ഇറങ്ങിവരുന്നത്. ആയിരമാണ്ട് വാഴ്ചയ്ക്കുശേഷം കർത്താവും അവനോടുകൂടെ വരുന്നവരും രാജ്യം പിതാവാം ദൈവത്തെ ഭരമേല്പിക്കുവാൻ തിരികെ സ്വർഗാധിസ്വർഗത്തിലേക്കാണ് കരേറിപ്പോകുന്നത്. പുതുവാനഭൂമിയിലെ ദൂതതുല്യരാകുന്ന മനുഷ്യരുടെ ഇടയിലേക്കാണ് സ്വർഗാധിസ്വർഗത്തിൽനിന്ന് പുതിയ യെരുശലേം എന്ന വിശുദ്ധനഗരം അതിതേജസ്സോടെ ഇറങ്ങിവരുന്നത്. അതി പരിപാവനമായ സ്വർഗാധിസ്വർഗത്തിന് ആരംഭമോ അവസാനമോ ഇല്ലാത്തതുമാകുന്നു.

## 2. ഒന്നാമത്തെ ആകാശം

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതിലെ പ്രാരംഭ സൃഷ്ടിയാണ് സ്വർഗം അഥവാ പറുദീസ എന്ന പേരിൽ അറിയപ്പെടുന്ന ഒന്നാമത്തെ ആകാശം. അവിടെ ആകാശ

വാസികളായ ദൂതന്മാരാണുള്ളത്. ആകാശ സൃഷ്ടിയായ ലൂസിഫറിലാണ് പാപം ഉടലെടുത്തത്. സ്വർഗാധി സ്വർഗത്തിലേക്ക് കരേറി ദൈവത്തോട് സമനാകുവാനുള്ള അവന്റെ ദുർചിന്തയാണ് പാപമായിത്തീർന്നത്. ഹൃദയത്തിൽ അഹങ്കാരം അങ്കുരിച്ച ലൂസിഫറിനെ അപ്പോൾത്തന്നെ ദൈവവചനമാകുന്ന വാളിനാൽ വെട്ടി താഴേക്കിട്ടത് അവിടെനിന്നുമാണ്. അവിടെ ഇപ്പോഴും ദൈവീക ദൂതന്മാരും ദൈവസാന്നിദ്ധ്യവുമുണ്ട്. പുതിയനിയമത്തിൽ വിശുദ്ധന്മാരുടെ ആത്മാക്കളെ പ്രവേശിപ്പക്കപ്പെടുന്നതിനോടുള്ള ബന്ധത്തിൽ പറുദീസ എന്ന സ്വർഗത്തെ ദൈവം മൂന്നു ഭാഗങ്ങളായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അതിൽ ഒന്നാമത്തെ സ്വർഗത്തിൽ പഴയനിയമത്തിലെ ശ്രേഷ്ഠന്മാരായവരുടെ ആത്മാക്കളും രണ്ടാമത്തെ സ്വർഗത്തിൽ പുതിയനിയമ സഭയിലെ മണവാട്ടി യുടെ തോഴിമാരാകുന്ന കന്യകന്മാരുടെ ആത്മാക്കളും മൂന്നാ മത്തെ സ്വർഗത്തിൽ കുഞ്ഞാടിന്റെ മണവാട്ടിയാകുന്ന നിർമ്മലകന്യകയിൽ ഉൾപ്പെടുന്നവരുടെ ആത്മാക്കളുമാണ് മരണാനന്തരം വിശ്രമിക്കുന്നത്. കർത്താവിന്റെ മധ്യാകാശ പ്രത്യക്ഷതയിൽ നിർമ്മലകന്യകയുടെ പുനരുത്ഥാനം നിറ വേറപ്പെടുമ്പോൾ പറുദീസയിലെ മൂന്നാംസ്വർഗം ശൂന്യമാക്ക പ്പെടും. എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിൽ നടക്കുന്ന രണ്ടുസാക്ഷികളുടെ പുനരുത്ഥാനത്തിൽ രണ്ടാം സ്വർഗവും ഒന്നാം സ്വർഗവും ശൂന്യമാക്കപ്പെടുന്നു. പറുദീസയാകുന്ന സ്വർഗം വരെയാണ് അപവാദിയായ പിശാചിന് സഞ്ചാര സ്വാതന്ത്ര്യമുള്ളത്. കർത്താവിന്റെ മധ്യാകാശപ്രത്യ ക്ഷതയിൽ സാത്താനും അവന്റെ ദൂതന്മാരും ദൈവത്തിന്റെ പാദപീഠ മാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്നതോടെയാണ് ഒന്നാമത്തെ ആകാശമാകുന്ന പറുദീസ ശുദ്ധികരിക്കപ്പെടുന്നത്. സ്വർലോക ത്തിൽ ദുഷ്ടാത്മസേനയുടെ സാന്നിധ്യം ഇപ്പോൾ ഉള്ളതു കൊണ്ടാണ് സ്വർഗം തൃക്കണ്ണിന് നിർമ്മലമല്ലാതായി രിക്കുന്നത് (ഇയ്യോ.15:15). ഒടുക്കത്തെനാളിൽ അവിടെയുള്ള ദൈവദൂതന്മാർ ദൂതതുല്യരായ മനുഷ്യരോടൊപ്പം പുതുവാന ഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുകയും പാപവും മരണവും ഉത്ഭവിച്ച ഒന്നാമത്തെ ആകാശം മൂലപദാർത്ഥങ്ങൾ കത്തിയഴിഞ്ഞ് ഇല്ലാതായിത്തീരുകയും ചെയ്യുന്നു.

## 3 ഒന്നാമത്തെ ഭൂമി

ആദിയിൽ ഒന്നാമത്തെ ആകാശവും അതിലെ സൃഷ്ടികളെയും സൃഷ്ടിച്ചതിനുശേഷം മനുഷ്യവാസത്തിനു വേണ്ടി ദൈവവചനത്താൽ ഉളവാക്കപ്പെട്ടതായിരുന്നു മനോഹരമായ ഒന്നാമത്തെ ഭൂമി. എന്നാൽ മനുഷ്യസൃഷ്ടിക്കു മുമ്പ് അത് പാഴും ശൂന്യവുമായിത്തീർന്നു. അതിന്റെ കാരണം ദൈവത്തോട് പാപം ചെയ്ത ലൂസിഫർ ദൈവത്തിന്റെ വചനമാകുന്ന വാളിന്റെ വെട്ടേറ്റു നിലത്തു വീണതു നിമിത്തമായിരുന്നു. ഇരുളിന്റെ ശക്തി ഭൂമിയിൽ വന്നു ആർത്തലച്ചതിന്റെ പരിണിതഫലമായിട്ടാണ് വലിയ ഗർത്തം അഥവാ ആഴം രൂപപ്പെട്ടത്. അതിൽ ഇരുളിന്റെ ശക്തിയെ ദൈവം ഒതുക്കുകയും ചെയ്തു. ആഴിയെ വിളിച്ചുവരുത്തി മൂടുകയും ദൈവത്തിന്റെ ആത്മാവ് അതിന്റെ മീതെ പരിവർത്തിച്ചു കൊണ്ടിരിക്കുകയുമാണ് ചെയ്തത്. ഒന്നാമത്തെ ഭൂമിയും ഒടുക്കത്തെനാളിൽ ദൈവവചനത്താൽ ചുട്ടഴിയപ്പെടുവാനുള്ളതാണ്.

## 4 വിതാനമാകുന്ന ആകാശം

പാഴും ശൂന്യവുമായി കിടന്ന ഒന്നാമത്തെ ഭൂമിയുടെ നവീകരണ പ്രക്രിയയിലാണ് വിതാനമാകുന്ന ആകാശം സൃഷ്ടിക്കപ്പെട്ടത്. ദൈവവചനമാകുന്ന വെളിച്ചം ഭൂമിയെ സന്ദർശിച്ചതാണ് ഒന്നാമത്തെ ദിവസം, അന്ന് ജീവനാകുന്ന വെളിച്ചവും മരണമാകുന്ന ഇരുളും തമ്മിൽ വേർപിരിയപ്പെട്ടു. ഭൂമിയും ആകാശവും പുനർസൃഷ്ടിക്കപ്പെടുന്നതിനു മുമ്പ് ഉണ്ടായ പകൽ ജീവനാകുന്ന വെളിച്ചത്തെയും ഇരുൾ രാത്രിയാകുന്ന മരണത്തെയുമാണ് സൂചിപ്പിക്കുന്നത്. രണ്ടാമത്തെ ദിവസമാണ് ദൈവം വെള്ളങ്ങളുടെ മധ്യേ ഒരു വിതാനം സൃഷ്ടിച്ച് അതിന് ആകാശം എന്ന് പേരിട്ടത്. മൂന്നാമത്തെ ദിവസം ദൈവം ആകാശത്തിനു കീഴെയുള്ള വെള്ളത്തെ ഒരു സ്ഥലത്തു കൂട്ടി അതിനു സമുദ്രമെന്നും ഉണങ്ങിയ നിലത്തിനു ഭൂമി എന്നും പേരിട്ടു. നാലാം ദിവസമാണ് ആകാശവിതാനത്തിൽ ദൈവം സൗരയൂഥത്തെ സൃഷ്ടിച്ചത്. ആകാശവിതാനവും ചുട്ടഴിയപ്പെടുവാനുള്ളതാണ്.

## 5 പുരാതനലോകത്തെ ഭൂമി

വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമി എന്ന്

തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി മനുഷ്യ വാസത്തിനുവേണ്ടി മൂന്നാം ദിവസം പുനർനിർമ്മിക്കപ്പെട്ട സ്ഥലമാണ്. നാലാം ദിവസം ആകാശവിതാനത്തിലെ താരാപഥങ്ങളെ സൃഷ്ടിച്ചശേഷം അഞ്ചാം ദിവസം സമുദ്രത്തിൽ ജലത്തിൽ ചരിക്കുന്ന സകല ജീവജന്തുക്കളെയും ആകാശത്തിൽ പറക്കുന്ന പറവജാതികളെയും ദൈവം സൃഷ്ടിച്ചു. ആറാമത്തെ ദിവസം ദൈവം ഭൂചരജന്തുക്കളെ സൃഷ്ടിക്കുകയും അന്നുതന്നെ ദൈവത്തിന്റെ സ്വരൂപ സദൃശ്യത്തിൽ മനുഷ്യനെയും സൃഷ്ടിച്ചു. ഭൂമിയുടെ മധ്യഭാഗമാകുന്ന ഇപ്പോഴത്തെ യെരുശലേമിൽവെച്ചാണ് ദൈവം നിലത്തിലെ പൊടികൊണ്ട് ആദിമമനുഷ്യനായ ആദത്തെ സൃഷ്ടിച്ചത്. ഏഴാം ദിവസം ദൈവം സ്വസ്ഥമായി ഇരുന്നു.

ദൈവം സൃഷ്ടിച്ച മനുഷ്യനെ ഭൂമിയുടെ മധ്യഭാഗത്തുനിന്ന് കിഴക്ക് സൃഷ്ടിച്ച ഏദ്ദെനിൽ വേലചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി. നന്മതിന്മയുടെ വൃക്ഷഫലം തിന്നരുത്, തിന്നാൽ മരിക്കുമെന്നുള്ള കല്പനകൊടുത്തു. ഏദ്ദെനിൽ വച്ചാണ് ആദാം സകല മൃഗങ്ങൾക്കും ആകാശ ത്തിലെ പറവകൾക്കും പേരിട്ടത്. മനുഷ്യൻ ഏകനായിരിക്കു ന്നതും അവന് തക്കതായ തുണയെ കണ്ടുകിട്ടായ്കയാലും ആദാമിൽനിന്നു ദൈവം ഹവ്വായെ സൃഷ്ടിച്ചു. ദൈവത്തോടു കൂടെ ആദവും ഹവ്വയും നടന്നിരുന്നു. എന്നാൽ ഇരുളാകുന്ന സാത്താൻ ഹവ്വയെ വഞ്ചിച്ചു പാപം ചെയ്യിച്ചു. ദൈവം മനുഷ്യരോട് തിന്നരുതെന്നു കല്പിച്ചിരുന്ന വൃക്ഷഫലം അവരെക്കൊണ്ടു സാത്താൻ ഭക്ഷിപ്പിച്ചു. അതു നിമിത്തം ഇരുവരുടെയും തേജസ്സും അധികാരവും നഷ്ടപ്പെടു കയും അവർ ആത്മമരണത്തിന് അടിമപ്പെടുകയും ചെയ്തു. അവർ ജീവവൃക്ഷഫലം കൂടി തിന്നിട്ട് എന്നേക്കും പാപത്തിന്റെ അവസ്ഥയിൽ ജീവിക്കാതിരിപ്പാൻ ഏദ്ദെനിൽ നിന്നും ദൈവം അവരെ സൃഷ്ടിച്ച നിലത്തിലേക്ക് ഇറക്കിവിട്ടു.

പാപാനന്തരഭൂമിയിൽ പാപവും മ്ലേഛതയും വർദ്ധിച്ചു പെരുകി. അതുകൊണ്ട് ദൈവം പുരാതന ലോകത്തെ വെള്ളം കൊണ്ട് ന്യായംവിധിച്ചു. നോഹയും അവനോടുകൂടെ പെട്ടക ത്തിൽ കയറിയവരും മാത്രം ജലപ്രളയത്തിൽനിന്ന് രക്ഷപ്പെട്ടു. ദൈവം വെള്ളംകൊണ്ട് പുരാതനലോകത്തെ ഭൂമിയെയും അതി ലുണ്ടായിരുന്നവയെയും നശിപ്പിച്ചുകളഞ്ഞു.

## 6 ഇപ്പോഴത്തെ ആകാശവും ഭൂമിയും

ഇന്നു നാം അധിവസിക്കുന്ന ഭൂമി നോഹയുടെ കാലത്തെ പ്രളയത്തിനുശേഷം ഉളവായതാണ്. ആകാശത്തിനു മീതെയുള്ള വെള്ളത്തിൽ ഒരു ഭാഗം ഭൂമിയിലേക്ക് നോഹയുടെ പ്രളയത്തിൽ മഴയായി പെയ്തതു നിമിത്തം പുരാതനലോകത്തുണ്ടായിരുന്ന ആകാശവിതാനത്തിനും മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിനു ശേഷം വെള്ളം വറ്റി ഉണങ്ങിയ ഭൂമി വീണ്ടും കരയും കടലുമായി വേർതിരിയപ്പെട്ടു. അധികമായി പെയ്തിറങ്ങിയ വെള്ളമാണ് നീരാവിയായി മഴമേഘങ്ങളായി തീർന്നത്. അതാണ് ഭൂമിയുടെ വിവിധ ഭാഗങ്ങളിൽ മഴയായി പെയ്തുകൊണ്ടിരിക്കുന്നത്. അന്നുമുതൽ അത് നിർബാധം തുടരുകയും ഭൂമിയിലെ കാലാവസ്ഥയെ ദൈവം സന്തുലനാവസ്ഥയിൽ ക്രമീകരിക്കുകയും ചെയ്തു. ഭൂമിയിൽ പെയ്യുന്ന മഴയുടെ ഏറ്റക്കുറച്ചിലുകളാണ് പ്രളയത്തിനും വരൾച്ചയ്ക്കും കാരണമായിത്തീരുന്നത്. ഇന്നു നാം കാണുന്നത് ഇപ്പോഴത്തെ ആകാശവും ഇപ്പോഴത്തെ ഭൂമിയും സമുദ്രവുമാണ്. ഒന്നാമത്തെ ഭൂമിയിൽനിന്നും പുനർസൃഷ്ടിക്കപ്പെട്ട ഇപ്പോഴത്തെ ആകാശവും ഭൂമിയും ഒടുക്കത്തെ നാളിൽ കത്തിയഴിഞ്ഞ് ഇല്ലാതായിത്തീരുകയും ചെയ്യുന്നു.

## 7 ഭൂമിക്കു കീഴിൽ

ദൈവത്തെ സ്തുതിക്കുന്ന സൃഷ്ടികൾ ഉള്ള സ്ഥലമാണ് ഭൂമിക്കുകീഴിൽ. യേശുക്രിസ്തു പാപപരിഹാരയാഗമായിത്തീർന്നത് ഭൂമിയാകുന്ന പ്രാകാരത്തിലായതുകൊണ്ടാണ് ഇതിനെ യാഗപീഠത്തിൻകീഴിൽ എന്ന പേരിലും അറിയപ്പെടുന്നത്. എതിർക്രിസ്തുവിന്റെ മൂന്നര വർഷകാലയളവിൽ ദൈവീകസാക്ഷ്യത്തിനുവേണ്ടി രക്തസാക്ഷികളാകുന്നവരുടെ ആത്മാക്കളെ സൂക്ഷിക്കുന്നത് ഇവിടെയാണ്. സേനാദിവസത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനത്തിലാണ് ഈ മരണാനന്തര നിരയിലുള്ളവർ പുനരുത്ഥാനം പ്രാപിച്ച് സ്വർഗാധിസ്വർഗത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്. ഭൂമി കത്തിയഴിയപ്പെടുന്നതോടെ ഇവിടവും കത്തിയഴിയപ്പെടുന്നു.

## 8 സമുദ്രം

ജീവപുസ്തകത്തിൽ പേരുള്ളവരുടെ മരണനാനന്തരനിര

യാണ് സമുദ്രം. ഒടുക്കത്തെ നാളിൽ വെള്ളസിംഹാസനത്തിനു മുമ്പാകെ സമുദ്രം ഏല്പിച്ചുകൊടുക്കുന്നത് ഇവിടെ ഉണ്ടായിരിക്കുന്നവരെയാണ്. ജീവപുസ്തകത്തിൽ പേരുള്ള നീതിമാന്മാരുടെ ആത്മാക്കൾ പുനരുത്ഥാനം പ്രാപിച്ച് ഭൗമശരീരങ്ങളുടെ തേജസ്സോടെയാണ് അന്നു വെള്ള സിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുന്നത്. അവർ പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായി പ്രവേശിക്കപ്പെടുകയും സമുദ്രവും അതിലുള്ളതും കത്തിയഴിയപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ ക്രൂശ്മരണം വരെ ഈ മരണാനന്തര നിരയിലേക്ക് ആത്മാക്കൾ പ്രവേശിക്കപ്പെട്ടിരുന്നില്ല. യേശുവിന്റെ മരണത്തിൽ അവന്റെ ജീവന്റെ ശക്തിയാണ് ഭൂമിയുടെ അധോഭാഗത്തേക്കിറങ്ങി മീതെയുള്ള പാതാളത്തിൽ ബദ്ധന്മാരായിരുന്ന ആത്മാക്കളെ വിടുവിച്ചത്. അവരിൽ ജീവന്റെ പുസ്തകത്തിൽ പേരുണ്ടായിരുന്ന നിത്യജീവന് യോഗ്യരായ വരെ സമുദ്രത്തിലും അതിലും ശ്രേഷ്ഠമേറിയവരെ പറുദീസ യിലെ ഒന്നാം സ്വർഗത്തിലേക്കുമാണ് കർത്താവ് അവരെ ഉദ്ധ രിച്ചുകൊണ്ട് കരേറിയപ്പോൾ പ്രവേശിപ്പിച്ചത്. അന്നുമുതൽ ഒടുക്കത്തെനാൾ വരെ ജീവപുസ്തകത്തിൽ പേരുള്ള നിത്യ ജീവന് യോഗ്യരാകുന്നവരുടെ ആത്മാക്കൾ വിശ്രമിക്കു ന്നത് സമുദ്രത്തിലാകുന്നു. ഒടുക്കത്തെ നാളിൽ സമുദ്രവും ഇല്ലാ തായിത്തീരുന്നു.

## 9 അഗാധകൂപം

വെട്ടുക്കിളികൾക്ക് സമാനമായ വിചിത്രജീവികൾ അധിവസിക്കുന്ന ഭൂമിയുടെ അധോഭാഗത്തുള്ള ഒരു സ്ഥലം. അഞ്ചാം കാഹളനാദത്തിലാണ് ദൈവത്തിന്റെ ആജ്ഞയാൽ അഗാധകൂപം ദൂതൻ സ്വർഗത്തിൽനിന്നും ഇറങ്ങിവന്ന് തുറക്കുന്നത്. അന്ന് അവിടെനിന്ന് പുറപ്പെടുന്ന ജീവികൾ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യരെ അഞ്ചുമാസമാണ് ഉപദ്രവിക്കുന്നത്. അഗാധദൂതനാണ് ഈ സൃഷ്ടികളുടെ രാജാവ് (വെളി. 9:1-11). ഒടുക്കത്തെനാളിൽ ഭൂമിയോടൊപ്പം ഈ സ്ഥലവും ഇല്ലാതായിത്തീരുന്നു.

## 10 മീതെയുള്ള പാതാളം

ഭൂമിയുടെ അധോഭാഗത്തുള്ള പാതാളത്തെ ഒരു വലിയ

പിളർപ്പിനാൽ ദൈവം വേർതിരിച്ചിരുന്നു. അതിൽ മീതെയുള്ള ഭാഗമാണിത്. ലോകാരംഭം മുതൽ യേശുക്രിസ്തുവിന്റെ ക്രൂശ്മരണംവരെ മരിച്ചുപോയ സകല പഴയനിയമ വിശുദ്ധന്മാരുടെയും ആത്മാക്കളെ ഇവിടേയ്ക്കായിരുന്നു ദൈവം പ്രവേശിപ്പിച്ചിരുന്നത്. കർത്താവ് ക്രൂശിൽ മരിച്ചപ്പോൾ അവന്റെ ജീവശക്തി ഭൂമിയുടെ അധോഭാഗത്തേക്കിറങ്ങി മരിച്ചവരോടു സുവിശേഷം അറിയിച്ചു. അവിടെ ബദ്ധന്മാരായിരുന്നവരെ ഉദ്ധരിച്ചുകൊണ്ട് ഉയരത്തിലേക്ക് കരേറിയപ്പോൾ അവരിൽ ജീവപുസ്തകത്തിൽ പേരുണ്ടായിരുന്ന നീതിമാന്മാരുടെ ആത്മാക്കളെ സമുദ്രത്തിലെ മരണാനന്തരനിരയിലേക്കും അവരിലും ശ്രേഷ്ഠന്മാരായ പഴയനിയമ വിശുദ്ധന്മാരെ പറുദീസയിലെ ഒന്നാമത്തെ സ്വർഗത്തിലേക്കുമാണ് പ്രവേശിപ്പിച്ചത്. ഇപ്പോൾ മീതെയുള്ള പാതാളം ശൂന്യമാണ്. ഒടുക്കത്തെ നാളിൽ ഇതും ഭൂമിയോടൊപ്പം കത്തിയഴിയപ്പെടുന്നു.

### 11 അധമപാതാളം

ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെയുള്ള മനുഷ്യരിൽ ജീവപുസ്തകത്തിൽ പേരില്ലാത്ത പാപികളായ വരുടെ ആത്മാക്കളെ മരണാനന്തരം ഇവിടേക്കാണ് തള്ളിക്കളയുന്നത്. അഗ്നിനരകത്തിലെ തീയുടെ ജ്വാലയിലാണ് അവർ അവിടെ വിചാരണത്തടവുകാരായി യാതന അനുഭവിക്കു ന്നത്. ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായ വിധിയിൽ പാതാളം തന്നിലുള്ളവരെ വെള്ള സിഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുകയും കർത്താവ് അവരെ ന്യായം വിധിച്ച് അഗ്നിനരകത്തിലെ നിത്യശിക്ഷാവിധിയുടെ ദണ്ഡന ത്തിനായി തള്ളിക്കളയുകയുമാണ് ചെയ്യുന്നത്. ഒടുക്കത്തെ നാളിൽ അധമ പാതാളത്തിലേക്ക് തള്ളപ്പെടുന്ന ഭൂതാത്മാക്കളും അധമപാതാളം ഏല്പിച്ചുകൊടുക്കുന്നവരിൽ ഉൾപ്പെടുന്നു. അന്ന് അധമ പാതാളവും ഭൂമിയോടൊപ്പം കത്തിയഴിഞ്ഞ് ഇല്ലാതാകുന്നു.

### 12 അഗാധം

ഇരുളിന്റെ ഇരുപ്പിടമാണ് അഗാധം. അധമപാതാളത്തിനും നരകത്തിനുമിടയിലുള്ള സ്ഥലം. അഗാധം മുതൽ പറുദീസയാ

കുന്ന സ്വർഗംവരെ സാത്താന് സഞ്ചാര സ്വാതന്ത്ര്യം ദൈവം അനുവദിച്ചിട്ടുണ്ട്. ഭൂലോക-അധോലോക ശക്തികളെ നിയന്ത്രിക്കുന്നത് അവൻ ഇവിടെയിരുന്നാണ്. അഗാധം ഇപ്പോൾ തുറന്നു കിടക്കുന്ന സ്ഥലമാണ്. മൃഗമാകുന്ന എതിർക്രിസ്തു ഇരുളിന്റെ ശക്തിയായി വെളിപ്പെടുന്നത് അഗാധത്തിൽ നിന്നുമാണ്. അതുപോലെ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ സാത്താനെ ബന്ധിച്ചു ചങ്ങലക്കിടുന്നതും അഗാധത്തിൽ ആകുന്നു. ആയിരമാണ്ട് കഴിഞ്ഞതിനുശേഷമാണ് സാത്താനെ അല്പകാലത്തേക്ക് അവിടെനിന്ന് അഴിച്ചുവിടുന്നത്. ഒടുക്കത്തെ നാളിൽ നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിലാണ് സാത്താൻ അഗ്നിപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നത്. ഒടുക്കത്തെനാളിൽ അഗാധവും ഭൂമിയോടൊപ്പം ഇല്ലാതായിത്തീരുന്നു.

## 13 നരകമാകുന്ന മരണം

ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ കഠിനപാപം ചെയ്യുന്ന ദുഷ്ടമനുഷ്യരുടെ ആത്മാക്കളെ മരണാനന്തരം തള്ളിക്കളയുന്നത് നരകമാകുന്ന മരണത്തിലേക്കാകുന്നു. അതുപോലെ പുരാതന ലോകത്തിൽ പാപംചെയ്ത ദുഷ്ടദൂതന്മാരെയും അന്ധതമസ്സിന്റെ ചങ്ങലക്കിട്ടിരിക്കുന്നത് ഇവിടെയാകുന്നു. ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധിയിൽ അവർ വിധിക്കപ്പെട്ട് അഗ്നിനരകത്തിലെ നിത്യദണ്ഡനത്തിനായി തള്ളപ്പെടുന്നു. ഒടുക്കത്തെനാളിൽ നരകവും ഭൂമിയോടൊപ്പം ഇല്ലാതായിത്തീരുന്നു.

## 14 അഗ്നിനരകം

ഏറ്റവും അഗാധത്തിലുള്ളതും ഭൂമിയിൽനിന്ന് വേറിട്ടിരിക്കുന്നതുമായ സ്ഥലം. ഇത് ഭൂമിയുടെ അധോഭാഗത്തുള്ള സ്ഥലമല്ല. അഗ്നിനരകം നിത്യതയുടെ തടവറയായതുകൊണ്ട് ഒടുക്കത്തെ നാളിൽ ഒന്നാമത്തെ ആകാശവും ഭൂമിയും സമുദ്രവും അവയിൽ ഉള്ളതെല്ലാം കത്തിയഴിയപ്പെടുമെങ്കിലും അഗ്നിനരകം കത്തിയഴിയ പ്പെടുകയില്ല. നിത്യതയിൽ സാത്താനാകുന്ന വേരും കൊമ്പുകളാകുന്ന ദുഷ്ടന്മാരും നിത്യദണ്ഡനത്തിലകപ്പെടുന്നത് അഗ്നിനരകത്തിലാണ്. അവരുടെ തീ കെടുന്നില്ല; പുഴു ചാകുന്നതുമില്ല. ഒന്നാമത്തെ ഭൂമിയെ ദൈവം സൃഷ്ടിച്ച സമയത്തുതന്നെയാണ്

അഗ്നിനരകവും സൃഷ്ടിക്കപ്പെട്ടത്. അഗ്നിനരകത്തിന് ആരംഭം ഉണ്ടെങ്കിലും ഒരുനാളും അവസാനമില്ലാത്തതാകുന്നു.

## 15 പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം

ഒന്നാമത്തെ ഭൂമിയും ആകാശവും ഒടുക്കത്തെ നാളിൽ ഒഴിഞ്ഞ് പോകുന്നതോടൊപ്പമാണ് പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുന്നത്. അവിടേക്കാണ് സമുദ്രം ഏല്പിച്ചു കൊടുക്കുന്ന ദൂതതുല്യരായ മനുഷ്യരും ഒന്നാമത്തെ ആകാശ ത്തിലെ നിവാസികളായ തെറ്റിപ്പോകാത്ത ദൂതന്മാരും പ്രവേശി പ്പിക്കപ്പെടുന്നത്. അതിനുശേഷമാണ് ഒന്നാമത്തെ ആകാശവും സമുദ്രവും ഇല്ലാതായിത്തീരുന്നത്. അന്ന് സ്ഥാപിതമാകുന്ന സമ്പൂർണ്ണമായ ദൈവരാജ്യം പിതാവാം ദൈവത്തെ പുത്രനാം ദൈവം ഭരമേല്പ്പിക്കുകയും ചെയ്യുന്നു. പുതുവാനഭൂമിയിലെ ദൂതതുല്യരായ മനുഷ്യരുടെ ഇടയിലേക്കാണ് ദൈവത്തിന്റെ കൂടാരമാകുന്ന പുതിയ യെരുശലേം അതിതേജസ്സോടെ ഇറങ്ങി വരുന്നത്. ഇവയ്ക്ക് ആരംഭമുണ്ടെങ്കിലും ഒരുനാളും അവസാന മില്ലാത്തതാകുന്നു.

ആരംഭത്തിങ്കൽത്തന്നെ അവസാനം കാണുന്ന ദൈവം ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും സൃഷ്ടിച്ചത് പുതുവാനഭൂമിയിൽ മാനവരാശിയോടുള്ള ബന്ധത്തിൽ നിറവേറപ്പെടുവാനുള്ള ദൈവീകനിത്യത മുമ്പിൽ കണ്ടുകൊണ്ടാ യിരുന്നു. അതാണ് സ്വർഗാധിസ്വർഗം മുതൽ പുതിയ ആകാശം പുതിയ ഭൂമി പുതിയ യെരുശലേം വരെയുള്ള പതിനഞ്ച് സ്ഥലങ്ങളെക്കുറിച്ചുള്ള പഠനത്തിൽ വ്യക്തമാക്കപ്പെട്ടത്. അതുപോലെ മാനവരാശിയോടുള്ള ബന്ധത്തിൽ സംഭവിച്ച തൊന്നും യാദൃശ്ചികമായിരുന്നില്ല, ഇപ്പോൾ സംഭവിച്ചുകൊണ്ടിരി ക്കുന്നതും മേലാൽ സംഭവിപ്പാനുള്ളതും എല്ലാം ദൈവീക നിശ്ചയപ്രകാരമാണ് നിറവേറപ്പെടുന്നത്. അപ്രകാരം ദൈവം ആദിയോടന്തം ചെയ്യുന്ന കാര്യങ്ങളെ യഥാവിധം ഗ്രഹിക്കു വാനുള്ള പരിജ്ഞാനമാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് നല്കിയിരിക്കുന്നത്.

ഒന്നാമത്തെ ആകാശത്തിന്റെ സൃഷ്ടി മുതൽ പുതുവാന ഭൂമിയിൽ ദൂതതുല്യരായ മനുഷ്യരോടൊത്തുള്ള ദൈവത്തിന്റെ നിത്യവാസം ആരംഭിക്കുന്നതുവരെയുള്ള സകല സംഭവ

ങ്ങളുമാണ് പരിശുദ്ധാത്മാവ് തന്റെ ദാസന്മാരെക്കൊണ്ട് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ അന്ത്യന്യായവിധിയോടുള്ള ബന്ധത്തിൽ ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത് ഗന്ധകം കത്തുന്ന അഗ്നിനരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുന്ന എതിർക്രിസ്തുവാകുന്ന മൃഗ ത്തിന്റെയും കള്ളപ്രവാചകന്റെയും അന്ത്യന്യായവിധിയെ ക്കുറിച്ചാണ്. പൈശാചിക ത്രിമൂർത്തികളിൽ ഇവർ ഇരുവരുമാണ് അഗ്നിനരകത്തിന്റെ പ്രഥമ ഇരകളായിത്തീരുന്നത്.

അധർമ്മത്തിന്റെ മർമ്മം ഇപ്പോഴെ വ്യാപരിക്കുന്നുണ്ടെങ്കിലും ഇതുവരെയും പൈശാചിക ത്രിമൂർത്തികൾ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. അവർ മൂവരും മൂന്ന് വ്യത്യസ്ഥ സന്ദർഭ ങ്ങളിൽ ഭൂമിയിൽ പ്രത്യക്ഷപ്പെടുകയും എതിർക്രിസ്തുവിന്റെ മൂന്നരവർഷത്തെ ഭരണകാലയളവിൽ ഒന്നിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. എതിർക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും അന്ത്യന്യായവിധിയെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ് സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവർ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളെക്കുറിച്ചുള്ള വിശദീകരണത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.

## മധ്യാകാശയുദ്ധത്തിൽ സാത്താൻ പരാജിതനായി ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്നസന്ദർഭം

ഇനിമേലാൽ സംഭവിപ്പാനുള്ളതിലെ പ്രഥമമായ തിരുവചന സംഭവം കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയും ദൈവസഭ യുടെ എടുക്കപ്പെടലുമാണ്. തദവസരത്തിലാണ് ദൈവത്തിന്റെ ശത്രുവാകുന്ന സാത്താൻ ഒന്നാമത്തെ ആകാശമാകുന്ന സ്വർഗത്തിൽനിന്നു പരാജിതനായി ദൈവത്തിന്റെ പാദപീഠ മാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്നത്. ഭാവികാലസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനകലവറയാകുന്ന വെളിപ്പാട് പുസ്തകത്തിലാണ് ഇത് മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത്.

> പിന്നെ സ്വർഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടു പടവെട്ടി തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയിച്ചില്ലതാനും. സ്വർഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും

സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു (വെളി. 12:7 - 9).

മനുഷ്യപാപത്തിനു പരിഹാരം വരുത്തിയ ശ്രേഷ്ഠപുരോഹിതനായ യേശുക്രിസ്തു സ്വർഗീയപിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നത് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതവരെയാണ്. കുഞ്ഞാടിന്റെ മണവാട്ടിയാകുന്ന നിർമ്മലകന്യകയുടെ പുനരുത്ഥാനവും സ്വർഗാരോഹണവുമാണ് സകല ജാതികളെയും ഇരുമ്പുകോൽ കൊണ്ടു മേയിക്കുന്ന ആൺകുട്ടിയെ സൂര്യനെ അണിഞ്ഞ സ്ത്രീ പ്രസവിക്കുന്നതിനോടുള്ള ബന്ധത്തിൽ അതീവരഹസ്യമയി വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

അവൾ സകല ജാതികളെയും ഇരുമ്പുകോൽ കൊണ്ടു മേയിപ്പാനുള്ളൊരു ആൺകുട്ടിയെ പ്രസവിച്ചു; കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും പെട്ടെന്ന് എടുക്കപ്പെട്ടു (വെളി. 12:15).

സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ സ്വർഗാധിസ്വർഗത്തിലേക്ക് എടുക്ക പ്പെടുന്ന സന്ദർഭത്തിലാണ് ഇവിടെ പ്രസ്താവിച്ചിരുക്കുന്ന ഭാവികാല പ്രവചനം നിറവേറപ്പെടുന്നത്. കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി പരിശുദ്ധാത്മാവാം ദൈവം ഭൂമിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൗത്യം അന്നാണ് പൂർത്തീകരിക്കപ്പെടുന്നത്. കുഞ്ഞാടാം ദൈവമാകുന്ന ആത്മമണവാളനോട് ചേരുവാനുള്ള മുൻനിർണ്ണയപ്രകാരമുള്ള മണവാട്ടിസഭയുടെ എണ്ണം പൂർത്തീകരിക്കപ്പെടുന്ന നാളിലാണ് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത സംഭവിക്കുന്നത്. ആത്മമണവാളനാകുന്ന ക്രിസ്തുയേശുവും ദൈവത്തിന്റെ പ്രധാനദൂതനായ മീഖായേലും അവന്റെ ദൂതന്മാരും മധ്യാകാശത്തിലേക്ക് ഇറങ്ങിവരുന്നത്, പരിശുദ്ധാത്മാവ് ഒരുക്കിക്കൊണ്ട് ഭൂമിയിൽനിന്ന് കരേറിച്ചെല്ലുന്ന മണവാട്ടിയെ സ്വീകരിക്കുന്നതിനു വേണ്ടിയാകുന്നു. മണവാളനെ എതിരേല്പാൻ ഭൂമിയിൽനിന്നു സ്വർഗാരോഹണം ചെയ്യുന്ന മണവാട്ടിസഭ പരിശുദ്ധാത്മാ വിനാൽ ആത്മമണവാളനോടുകൂടെ കണ്ണിമയ്ക്കുന്നതിനുള്ളിൽ സ്വർഗാധിസ്വർഗത്തിൽ പിതാവാം ദൈവത്തിന്റെ സന്നിധിയിലേക്ക് പ്രവേശിക്കപ്പെടുന്നു.

അവിടേക്ക് പ്രവേശിക്കപ്പെടുന്ന മണവാട്ടിസഭ സ്വർഗാധിസ്വർഗ ത്തിൽ ഇരിക്കുന്നത് പിതാവാം ദൈവത്തിന്റെ വലത്തുഭാഗ ത്തുള്ള പുത്രനാം ദൈവത്തിന്റെ സിംഹാസനത്തിലാണ്.

മണവാട്ടിസഭ സ്വർഗാധിസ്വർത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭത്തിലാണ് മധ്യാകാശയുദ്ധം നടക്കുന്നത്. സ്വർഗമാകുന്ന മധ്യാകാശത്തിൽ സാത്താൻ നിലയുറപ്പിക്കുന്നത് ഏതുവിധേ നയും മണവാട്ടി സഭയുടെ സ്വർഗീയ പ്രവേശനത്തെ തടയുക എന്ന ലക്ഷ്യത്തോടെയാണ്. അന്ന് നടക്കുന്ന യുദ്ധത്തിലാണ് ദൈവത്തിന്റെ പ്രധാന ദൂതനായ മീഖായേലും അവന്റെ സൈന്യവും സാത്താനാകുന്ന മഹാസർപ്പത്തോടും അവന്റെ ദൂതന്മാരോടും പടവെട്ടി അവരെ പരാജയപ്പെടുത്തി ദൈവ ത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കളയുന്നത്. ദൈവത്തെ അക്ഷയമായി സ്നേഹിക്കുന്ന മണവാട്ടിസഭ ജയാളിയായി ഈ താണലോകത്തുനിന്ന് അത്യുന്നതങ്ങളിലേക്ക് ഉയർത്തപ്പെടുമ്പോൾ ദൈവത്തിന്റെ നിത്യവൈരിയായ സാത്താൻ ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് പരാജിതനായി നിപതിക്കുന്നു. ഭൂമിയിലേക്ക് പരാജിതനായി തള്ളപ്പെടുന്ന സാത്താൻ മഹാക്രോധത്തോടെ ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ മൂന്നരവർഷം ഉപദ്രവിക്കുന്നു. അതിന്റെ ആത്മീയമർമ്മം മീതെയുള്ള യെരുശലേമിനെ പ്രതിനിധീ കരിക്കുന്ന ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയിലെ ശേഷിപ്പിലുള്ളവരെ സാത്താൻ ഭൂമിയിൽ ഉപദ്രവിക്കുന്ന തിനെയാണ്.

> തന്നെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു എന്ന് മഹാസർപ്പം കണ്ടിട്ട് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചുതുടങ്ങി; അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നു പോകേണ്ടതിനു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോട് അകലെ ഒരുകാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു. സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിനു അവളുടെ പിന്നാലെ തന്റെ വായിൽനിന്നു നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ ഭൂമി സ്ത്രീക്കു തുണ നിന്നു; മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ് തുറന്നു വിഴുങ്ങിക്കളഞ്ഞു. മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോടു യുദ്ധം

ചെയ്വാൻ പുറപ്പെട്ടു. അവൻ കടല്പുറത്തെ മണലിന്മേൽ നിന്നു (വെളി. 12:13 - 18)

മണവാട്ടിസഭ സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനു ശേഷം മൂന്നര വർഷം ഭൂമിയിൽ സംഭവിക്കുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കമാണ് വിശദീകരണം കൂടാതെ ചുവടെ കൊടുത്തിരിക്കുന്നത്.

- സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭ സ്വർഗാരോഹണം ചെയ്തതിനു ശേഷമാണ് മൂന്നര വർഷത്തെ സാത്താനീക മഹോപദ്രവം ഭൂമിയിൽ ആരംഭിക്കുന്നത്.
- മണവാട്ടിസഭ ഒരു ആൺകുട്ടിയായി എടുക്കപ്പെട്ടതിനുശേഷം ആൺകുട്ടിയെ പ്രസവിച്ച സ്ത്രീ പ്രതിനിധീകരിക്കുന്നത് മീതെയുള്ള യെരുശലേമാകുന്ന സ്വർഗീയപറുദീസയിലെ ഒന്നാംസ്വർഗത്തിലും രണ്ടാംസ്വർഗത്തിലും മരണാനന്തരം വിശ്രമിക്കുന്ന വിശുദ്ധന്മാരെയാണ്.
- അതേനിലവാരത്തിൽ ഭൂമിയിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരാണ് മൂന്നരവർഷത്തെ സാത്താനിക മഹോപദ്രവത്തിൽ ഉപദ്രവിക്കപ്പെടുന്നത്.
- മണവാട്ടിസഭ എടുക്കപ്പെട്ടതിനു ശേഷം പഴയനിയമത്തിനും പുതിയനിയമമാകുന്ന സുവിശേഷത്തിനും വേണ്ടി ഭൂമിയിൽ സാക്ഷ്യം വഹിക്കുന്നവരാണ് ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്കുന്ന രണ്ട് അഭിഷിക്തന്മാർ (വെളി. 11:4).
- അവരെ പ്രതിനിധീകരിക്കുന്നത് രണ്ടു നിലവിളക്കും രണ്ടു ഒലിവുമരവുമാകുന്നു.
- അവരിൽ ഒന്നാമത്തെ നിലവിളക്ക് പ്രതിനിധീകരിക്കുന്നത് പറുദീസയിലെ രണ്ടാം സ്വർഗത്തെയാണ്. അവിടേയ്ക്കാണ് പുതിയനിയമ സഭയുടെ ആരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെ കുഞ്ഞാടിന്റെ മണവാട്ടിയുടെ തോഴിമാരുടെ നിലവാരത്തിന് യോഗ്യരാകുന്ന വിശുദ്ധന്മാരുടെ ആത്മാക്കൾ മരണാനന്തരം പ്രവേശിപ്പിക്കപ്പെടുന്നത്.
- ഒന്നാമത്ത ഒലിവുമരം പ്രതിനിധീകരിക്കുന്നത് പറുദീസയിലെ ഒന്നാം സ്വർഗത്തെയാണ്. അവിടേയ്ക്കാണ് ലോകാരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെ മണവാളന്റെ തോഴ്മക്കാരുടെ നിലവാരത്തിന് യോഗ്യരാകുന്ന പഴയനിയമ

ത്തിലെ ശ്രേഷ്ഠന്മാരുടെ ആത്മാക്കൾ മരണാനന്തരം പ്രവേശിപ്പിക്കപ്പെടുന്നത്.

- ഭൂമിയിൽനിന്നു മണവാട്ടിസഭയെയും കൊണ്ട് പരിശുദ്ധാത്മാവ് സ്വർഗാധിസ്വർഗത്തിലേക്ക് കരേറിപ്പോയതിനു ശേഷമുള്ള ഇവിടുത്തെ ആത്മീയ വരൾച്ചയെയാണ് മരുഭൂമി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. അന്നാളുകളിൽ സത്യവചനവും സത്യാരാധനയും ദുർലഭമായിരിക്കുമ്പോൾ ദുരുപദേശത്തിന്റെ കവിഞ്ഞൊഴുക്കായിരിക്കും ഭൂമിയിലുണ്ടായിരിക്കുക. അന്ന് സാത്താന്റെ വായിൽനിന്നുമാണ് ഭോഷ്കിന്റെ വചനം നദി പോലെ ഒഴുക്കപ്പെടുന്നത്. സാത്താന്റെ വായാകുന്ന പലരെയും ഭൂമി അന്ന് ആരുമറിയാതെ ജീവനോടെ വിഴുങ്ങിക്കളയുന്നത് വിശുദ്ധന്മാരുടെ നിലനില്പിനുവേണ്ടിയാണ്. അതുകൂടാതെ മഹോപദ്രവത്തിലെ സാക്ഷികളായ ദൈവീക ശുശ്രൂഷകരുടെ വായിൽനിന്ന് തീ പുറപ്പെട്ട് ശത്രുക്കളെ കൊന്നുകളയുകയും സകലബാധകൾ കൊണ്ട് അവർ ഭൂമിയെ ദണ്ഡിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവരെ കൊന്നുകളയുക എന്നത് ലോകത്തിന്റെയും അതിന്റെ ദൈവമായ സാത്താന്റെയും ആവശ്യകതയായി മാറുന്നു. അതിനുള്ള കരുക്കളാണ് തുടർന്ന് സാത്താൻ ഭൂമിയിൽ ഒരുക്കുന്നത്.
- കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും ധാരാളമായി ഓരോരോ കാലയളവിൽ എഴുന്നേല്ക്കുകയും അവർ മണലിൽ പണിതുയർത്തുന്ന അടിസ്ഥാനമില്ലാത്ത ലോകമാക മാനമുള്ള സാത്താനിക ദുരുപദേശ സംഘടനകളുടെ നേതൃത്വം ഒടുവിൽ സാത്താൻ ഏറ്റെടുക്കുന്നതിനെയാണ് അവൻ കടല്പ്പുറത്തെ മണലിന്മേൽനിന്നു എന്നു പ്രസ്താവി ച്ചിരിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്നത്.
- സാത്താന്റെ മൂന്നരവർഷത്തെ കൊടിയ വഞ്ചനയിൽ ലോകജനത അവന്റെ വശീകരണവലയത്തിലാകുന്നു.
- സാത്താനീക വഞ്ചനയിൽ അകപ്പെടാതെ വിശ്വാസത്തിൽ സഹിഷ്ണുതയോടെ പിടിച്ചുനിൽക്കുന്ന രണ്ട് സാക്ഷികളുടെ ഗണത്തിൽപ്പെടുന്ന വിശുദ്ധന്മാരെ ജയിച്ചു കൊന്നുകളയുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് സാത്താൻ അവന് അനുരൂപമായ എതിർക്രിസ്തുവിനെ ഭൂമിയിൽ അവതരിപ്പിക്കുന്നത്.

- കള്ളക്രിസ്തുക്കളെ പ്രതിനിധീകരിച്ച് ഒടുവിൽ പ്രത്യക്ഷപ്പെടുന്ന എതിർക്രിസ്തു ഈ അന്ധകാരത്തിന്റെ ലോകാധിപതിയായി ആഴത്തിൽ നിന്നുമാണ് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്.
- സാത്താൻ അവന്റെ സകല അധികാരവും എതിർ ക്രിസ്തുവിന് കൈമാറുന്നത് സാത്താനീക സാമ്രാജ്യത്വം ഭൂമിയിൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണ്.
- സാത്താനീക ദുർമ്മോഹം സഫലീകരിക്കുവാൻവേണ്ടി പ്രത്യക്ഷപ്പെടുന്ന എതിർക്രിസ്തു അവൻ പ്രത്യക്ഷനാകു മ്പോൾത്തന്നെ അന്നു ഭൂമിയിൽ ജീവനോടിരിക്കുന്ന വിശുദ്ധന്മാരിൽ സാക്ഷ്യം തികെച്ചുനിൽക്കുന്നവരെ കൊന്നു കളയുകയും ചെയ്യുന്നു.

മൂന്നരവർഷത്തെ സാത്താനീക മഹോപദ്രവം വിശുദ്ധന്മാർ ക്കെതിരെയുള്ള ശീതയുദ്ധമാണെങ്കിൽ അതിന്റെ അവസാന ത്തിങ്കൽ എതിർക്രിസ്തുവിനെ സാത്താൻ അവന്റെ പ്രതിനിധി യായി ലോകത്തിന്റെ അധികാരത്തിലേക്ക് കൊണ്ടുവരുന്നത് ദൈവത്തിന്റെ വിശുദ്ധന്മാരോട് നേരിട്ട് യുദ്ധം ചെയ്ത് അവരെ അപ്പോൾത്തന്നെ ജയിച്ചു കൊന്നുകളയുന്നതിനു വേണ്ടിയാണ്. അപ്രകാരം പ്രത്യക്ഷപ്പെടുന്ന പൈശാചിക ത്രിമൂർത്തികളിൽ രണ്ടാമനായ എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ സന്ദർഭ വിശദീകരത്തി ലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്.

## കുഞ്ഞാട് ഒന്നാമത്തെ മുദ്ര പൊട്ടിക്കുമ്പോൾ എതിർക്രിസ്തുവാകുന്ന മൃഗം ലോകഭരണത്തിന്റെ അമരക്കാരനായി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭം

ലോകഭരണത്തിൽ മനുഷ്യരിൽനിന്നുള്ള അവസാന ഭരണകർത്താവാണ് എതിർക്രിസ്തുവാകുന്ന മൃഗം. സ്വർഗീയ ദൈവം എതിർക്രിസ്തുവിന്റെ ഭരണത്തിനുള്ള മൗനാനുവാദം നല്കുന്നത് കേവലം മൂന്നര വർഷത്തേക്കാകുന്നു. എതിർ ക്രിസ്തുവിന്റെ പ്രത്യക്ഷത, ഭരണം, അതിന്റെ അവസാനം എന്നിവയുടെ സമ്പൂർണ്ണ വിവരണം വിശുദ്ധ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കാതെ എതിർക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെടു

ന്നതിന്റെ സന്ദർഭ വിശദീകരണം മാത്രമാണ് ഈ ഭാഗത്ത് നാം ചിന്തിക്കുന്നത്.

എതിർ ക്രിസ്തുവിന്റെ ഭരണത്തിനു കളമൊരുക്കുന്ന സാത്താൻ ഒടുവിൽ അവന്റെ പ്രതിനിധിയായ എതിർ ക്രിസ്തുവിനെ ലോകത്തിന്റെ ഭരണാധിപനായി അവരോധിക്കുന്നു. എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയെക്കുറിച്ചും ലോകം അവനെ കൈക്കൊള്ളുന്നതിനെക്കുറിച്ചും കർത്താവ് ഭുമിയിലായിരുന്നപ്പോൾ യഹൂദന്മാരോട് സംസാരിച്ചിരുന്നു.

> ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്ത നാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും (യോഹ. 5:43)

രണ്ടായിരത്തില്പരം വർഷങ്ങൾക്കു മുൻപ് കർത്താവ് അവനെ അവഗണിച്ച് യഹൂദരോട് സംസാരിച്ചത് ലോകാവസാനത്തിന്റെ അന്ത്യനാളുകളിൽ സ്വന്തനാമത്തിൽ പ്രത്യക്ഷപ്പെടുന്ന എതിർക്രിസ്തുവാകുന്ന മൃഗത്തെക്കറിച്ചായിരുന്നു. ഒന്നാം നൂറ്റാണ്ട് മുതൽ കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു അനേകരെ തെറ്റിച്ചുകളയുമെന്ന് ആത്മാവ് തെളിവായി പ്രസ്താവിച്ചിരുന്നു. എന്നാൽ എതിർക്രിസ്തു സമയത്തിനു മുമ്പേ വെളിപ്പെടുകയില്ല; അതിനു മുമ്പ് സംഭവിക്കേണ്ട കാര്യങ്ങൾ എല്ലാം നിവർത്തിയായതിനു ശേഷമേ എതിർക്രിസ്തു പ്രത്യക്ഷമാകുകയുള്ളൂ. അതിന്റെ വ്യക്തതയാണ് തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ പൌലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നത്.

> കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവച്ച് നിങ്ങൾ വല്ല ആത്മാവിനാലോ വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ, സുബോധം വിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്. ആരും ഏതുവിധേനയും നിങ്ങളെ ചതിക്കരുത്; ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം. അവൻ ദൈവാലയത്തിൽ ഇരുന്നുകൊണ്ടു ദൈവം എന്നു നടിച്ച്, ദൈവം എന്നോ പൂജാവിഷയം എന്നോ പേരുള്ള സകലത്തിനും മീതെ തന്നെത്താൻ ഉയർത്തുന്ന എതിരാളി അത്രേ. നിങ്ങളോട് കൂടെ ഇരിക്കുമ്പോൾ തന്നെ ഞാൻ ഇത് നിങ്ങളോട് പറഞ്ഞു എന്ന് ഓർക്കുന്നില്ലയോ? അവൻ സമയത്തിനുമുമ്പേ വെളിപ്പെടാ

തിരിക്കേണ്ടതിന് ഇപ്പോൾ തടുക്കുന്നത് എന്ത് എന്ന് നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴെ വ്യാപരിക്കുന്നുണ്ട്; ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്നു നീങ്ങിപ്പോക മാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടുവരും; അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും. അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അദ്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും; അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽതന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്കു ഭോഷ്ക് വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയ്ക്കുന്നു (2തെസ്സ. 2:2-12).

അധർമ്മമൂർത്തിയാകുന്ന എതിർക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് സമയബന്ധിതമായി ഭൂമിയിൽ നിറവേറപ്പെടുവാനുള്ള സംഭവങ്ങൾ ഏതൊക്കെയെന്നതിന്റെ വ്യക്തതയാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനവാക്യങ്ങളെ വിശകലനം ചെയ്യുന്നതിൽനിന്ന് നമുക്ക് ലഭിക്കുന്നത്.

- അധർമ്മത്തിന്റെ മർമ്മം യേശുക്രിസ്തുവിന്റെ ജഡാവതാരം മുതലാണ് അവനെതിരെ ഭൂമിയിൽ സജീവമായി വ്യാപരിച്ചു തുടങ്ങിയത്. ക്രിസ്തുയേശുവിന്റെ സത്യാത്മാവിലുള്ള പ്രവർത്തനത്തെ തടയുക എന്നതാണ് എതിർക്രിസ്തുവിന്റെ ആത്മാവ് ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. കർത്താവിന്റെ ഒന്നാമത്തെ വരവിൽ വ്യാപരിച്ചുതുടങ്ങിയ എതിർക്രിസ്തുവിന്റെ മർമ്മം മറനീക്കി ജഡത്തിൽ പ്രത്യക്ഷപ്പെടുന്നത് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയ്ക്ക് ശേഷം നടക്കുന്ന മൂന്നര വർഷത്തെ സാത്താനീക മഹോപദ്രവത്തിന്റെ അന്ത്യത്തിലാണ്.
- പുതിയനിയമ സഭയുടെ സ്ഥാപനത്തിനായി രണ്ടായിരത്തിൽ പരം വർഷങ്ങൾക്കു മുമ്പ് സ്വർഗാധിസ്വർഗത്തിൽ നിന്നിറങ്ങിവന്ന പരിശുദ്ധാത്മാവാം ദൈവമാണ് അധർമ്മമൂർത്തിയായ എതിർക്രിസ്തുവിന്റെ പ്രവേശനത്തെ തടഞ്ഞുകൊണ്ടിരിക്കുന്നത്. ആഗോള ദൈവസഭയിൽ നിന്നു തികവു

പ്രാപിക്കുന്ന കുഞ്ഞാടിന്റെ മണവാട്ടിസഭയെയും കൊണ്ട് പരിശുദ്ധാത്മാവ് സ്വർഗാരോഹണം ചെയ്യുന്നതുവരെയാണ് എതിർക്രിസ്തുവിനെ വഴിയിൽ തടയുന്ന പരിശുദ്ധാത്മാവ് ഭൂമിയിൽ പ്രത്യക്ഷത്തിൽ പ്രവർത്തിക്കുന്നത്.

- സഭ എടുക്കപ്പെട്ടതിനു ശേഷം നടക്കുന്ന മൂന്നരവർഷത്തെ സാത്താനീക മഹോപദ്രവത്തിലാണ് വ്യാജാത്മാവിലുള്ള അടയാളങ്ങളും അത്ഭുതങ്ങളും ഭൂമിയിൽ വർദ്ധിച്ച് പെരുകുന്നത്. ഭൗതിക നന്മ മാത്രം ആഗ്രഹിക്കുന്ന നശിച്ചുപോകുന്ന ലോകജനത അതിൽ ആകൃഷ്ടരാകുന്നതു കൊണ്ട് വിശ്വാസത്യാഗം സംഭവിക്കുകയും എതിർ ക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുള്ള കളം ഭൂമിയിൽ സാത്താനാൽ ഒരുക്കപ്പെടുകയും ചെയ്യുന്നു.
- എതിർക്രിസ്തു പ്രത്യക്ഷപ്പെടുന്നതിന് മുമ്പ് യെരുശലേം ദൈവാലയം പണിയപ്പെടും. അതിലിരുന്നാണ് എതിർ ക്രിസ്തു തന്നെത്താൻ ഉയർത്തി സ്വയം ദൈവമായി പ്രഖ്യാപിക്കുന്നത്.

എതിർക്രിസ്തുവിന്റെ ഭരണത്തിൽ ആഗോളസഭയിൽ നിന്നുള്ള കുഞ്ഞാടിന്റെ മണവാട്ടിസഭ ഭൂമിയിൽ കാണുകയില്ല. മണവാട്ടിസഭ സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭത്തിൽ നടക്കുന്ന മധ്യാകാശ യുദ്ധത്തിലാണ് സാത്താൻ ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്നത്. അന്ന് ഭൂമിയിലേക്ക് തള്ളപ്പെടുന്ന സാത്താന്റെ വ്യാപാരശക്തി യിൽ നടക്കുന്ന അത്ഭുതങ്ങളിലും അടയാളങ്ങളിലും മനുഷ്യർ ആകൃഷ്ടരാകുന്നതുകൊണ്ടാണ് ലോകജനത തെറ്റിപ്പോകുകയും വിശ്വാസത്യാഗം സംഭവിക്കുകയും ചെയ്യുന്നത്. ഇപ്രകാരം ദൈവ വചനത്തിന്റെ നിർണ്ണയപ്രകാരം നിശ്ചിതസമയത്തു നടക്കുവാ നുള്ള എല്ലാ കാര്യങ്ങളും സംഭവിച്ചതിനു ശേഷമാണ് എതിർ ക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്.

പൈശാചിക ത്രിമൂർത്തികളിൽ രണ്ടാമനായ എതിർക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ചും അതെത്തുടർന്ന് നടക്കുന്ന സംഭവങ്ങളെക്കുറിച്ചുമുള്ള ഭാവികാല സംഭവങ്ങൾ വെളിപ്പാട്പുസ്തകത്തിലാണ് വ്യക്തമായി രേഖപ്പെടുത്തി യിരിക്കുന്നത്. വെളിപ്പാട്പുസ്തകത്തിലെ സിംഹഭാഗവും എതിർക്രിസ്തുവിന്റെ ഭരണകാലത്തു നടക്കുന്ന സംഭവങ്ങളെ

ക്കുറിച്ചാകുന്നു.അതിൽ ഈ ഭാഗത്ത് എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയോടുള്ള ബന്ധത്തിൽ വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരുക്കുന്ന കാര്യങ്ങൾക്കാണ് പ്രാധാന്യത കൊടുത്തിരിക്കുന്നത്. കുഞ്ഞാടാം ദൈവം പിതാവാം ദൈവ ത്തിന്റെ കയ്യിലിരിക്കുന്ന ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ട പുസ്തകം വാങ്ങി അതിന്റെ ഒന്നാമത്തെ മുദ്ര പൊട്ടിക്കുന്ന സന്ദർഭത്തിലാണ് എതിർക്രിസ്തു ഭൂമിയിലേക്ക് പ്രത്യക്ഷപ്പെടുന്നത്.

> കുഞ്ഞാടു മുദ്രകളിൽ ഒന്നു പൊട്ടിച്ചപ്പോൾ; നീ വരിക എന്ന് നാലു ജീവികളിൽ ഒന്ന് ഇടിമുഴക്കംപോലെ പറയുന്നത് ഞാൻ കേട്ടു; അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു; അതിന്മേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുണ്ട്; അവന് ഒരു കിരീടവും ലഭിച്ചു; അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെട്ടു (വെളി. 6:1-2)

വഞ്ചനയുടെ പ്രതീകമായ വില്ലും കയ്യിൽ പിടിച്ച് ലോകസമാധാനത്തിന്റെ കപട വാഗ്ദാനവുമായി വെള്ളക്കുതിര പ്പുറത്ത് പ്രത്യക്ഷപ്പെടുന്നത് എതിർക്രിസ്തുവാകുന്ന മൃഗമാണ്. അവൻ ജയിക്കുന്നവനായും ജയിപ്പാനായും പുറപ്പെടുന്നത് അത്യുന്നതന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളയുന്നതിനു വേണ്ടി യാണ്. ദാനിയേൽ പ്രവചനത്തിൽ എതിർക്രിസ്തുവിന്റെ പ്രത്യ ക്ഷതയെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന ഭാഗത്ത് അതാണ് സ്പഷ്ട മാക്കപ്പെട്ടിരിക്കുന്നത്.

> ...അപ്പോൾ തമ്മിൽ ഭേദിച്ചിരിക്കുന്ന നാലു മഹാമൃഗങ്ങൾ സമുദ്രത്തിൽനിന്നു കരേറിവന്നു. ഒന്നാമത്തേതു സിംഹത്തോടു സദൃശവും... രണ്ടാമത്തേത് കരടിയോട് സദൃശവും... പിന്നെ പുള്ളിപ്പുലിക്ക് സദൃശവുമായ മറ്റൊന്നിനെ കണ്ടു, ... ഘോരവും ഭയങ്കരവും അതിബലവുമുള്ള നാലാമതൊരു മൃഗത്തെ കണ്ടു; ...വയോധികനായവൻ വന്ന് അത്യുന്നതനായവന്റെ വിശുദ്ധന്മാർക്ക് ന്യായാധിപത്യം നല്കയും വിശുദ്ധന്മാർ രാജത്വം കൈവശമാക്കുന്ന കാലം വരികയും ചെയ്യുവോളം ആ കൊമ്പ് വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിക്കുന്നതു ഞാൻ കണ്ടു... അവൻ അത്യുന്നത നായവന് വിരോധമായി വമ്പു പറകയും അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ഒടുക്കിക്കളകയും സമയങ്ങളെയും നിയമങ്ങളെയും മാറ്റുവാൻ ശ്രമിക്കയും ചെയ്യുന്ന കാലവും കാലങ്ങളും കാലാംശവും അവർ അവന്റെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കും (ദാനി. 7:2-25).

ദാനിയേൽ എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്നതിന്റെ രത്നച്ചുരുക്കമാണ് അപ്പൊസ്തലനായ യോഹന്നാൻ വെളിപ്പാട്പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളൊരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നത് ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്ക് സദൃശവും അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിനു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തു പോയി; സർവ്വ ഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു... വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അതിനു ലഭിച്ചു; നാല്പത്തിരണ്ടു മാസം പ്രവർത്തിപ്പാൻ അധികാരവും ലഭിച്ചു. അത് ദൈവത്തിന്റെ നാമത്തെയും അവന്റെ കൂടാരത്തെയും സ്വർഗത്തിൽ വസിക്കുന്നവരെയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു. വിശുദ്ധന്മാരോടു യുദ്ധം ചെയ്ത് അവരെ ജയിപ്പാനും അതിന് അധികാരം ലഭിച്ചു... (വെളി. 13:1- 7)

ദാനിയേൽ സ്വപ്നത്തിൽ ദർശിച്ച നാലു മൃഗങ്ങളെ യോഹന്നാൻ ദർശിക്കുന്നത് സമുദ്രത്തിൽനിന്നു കയറിവരുന്ന ഒരു സമ്മിശ്ര മൃഗമായിട്ടാണ്. അത് പ്രതിനിധീകരിക്കുന്നത് ലോകസാഗരത്തിലെ വംശങ്ങളും ഭാഷകളും പുരുഷാരങ്ങളും ജാതികളുമായ ലോകജനതയെ ഭരിച്ച നാല് സാമ്രാജ്യത്വ ശക്തികളെയാണ്. വെളിപ്പാട്പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്ന സിംഹം, കരടി, പുള്ളിപ്പുലി എന്നീ മൂന്നു മൃഗങ്ങൾ ബാബേൽ, മേദ്യ-പേർഷ്യ, യവനായ എന്നീ മൂന്ന് സാമ്രാജ്യത്വങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. നാലാമത്തെ സാമ്രാജ്യത്വമായിരുന്ന റോമാ സാമ്രാജ്യത്വത്തെ സമ്മിശ്ര മൃഗത്തോടുള്ള ബന്ധത്തിൽ വെളിപ്പെടുത്താതിരിക്കുന്നത് എതിർക്രിസ്തുവാകുന്ന മൃഗം റോമാ സാമ്രാജ്യത്തിന്റെ പിൻതുടർച്ചയിൽനിന്ന് പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണ്. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതുപോലെ യോഹന്നാൻ കണ്ടത് കർത്താവിന്റെ ക്രൂശ് മരണത്തിങ്കൽ റോമാ സാമ്രാജ്യത്തിന് ഏറ്റ

ആഘാതത്തെയാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തുയേശു കാൽവറിയിൽ സാത്താന്റെ തലയെ തകർത്ത പ്പോൾ മരണകരമായ മുറിവേറ്റത് അന്നു നിലവിലുണ്ടായിരുന്നതും പൈശാചിക ഭരണത്തിനു ചുക്കാൻ പിടിച്ചിരുന്നതുമായ റോമാ സാമ്രാജ്യത്വത്തിനായിരുന്നു. ഇതിൽനിന്നും എതിർക്രിസ്തു റോമാ സാമ്രാജ്യത്വത്തിന്റെ പിന്തുടർച്ചയിൽ നിന്നു വരുന്നു എന്നാണ് വ്യക്തമാക്കപ്പെടുന്നത്. അവന്റെ ഭരണത്തിനുള്ള സമയം ദൈവം അനുവദിച്ചിരിക്കുന്നത് നാല്പത്തിരണ്ടു മാസം അഥവാ മൂന്നര വർഷം ആകുന്നു. ആ കാലയളവിനെയാണ് ദാനിയേൽ പ്രവചനത്തിൽ കാലങ്ങളും കാലവും കാലാംശവും എന്നു വെളിപ്പെടുത്തിയിരിക്കുന്നത്.

ഭൂമിയിൽ ജനിക്കുന്ന സകല മനുഷ്യരിലും വെച്ച് വ്യത്യസ്ഥമായ സ്വഭാവവൈകൃതമുള്ള മനുഷ്യനാണ് എതിർ ക്രിസ്തു. അവൻ പുള്ളിപ്പുലിക്കു സദൃശമായ വേഗതയുള്ള വനും കരടി സമാനമായ ഉഗ്രമനസ്സുള്ളവനും സിംഹതുല്യമായ വീരപരാക്രമശാലിയും വമ്പു പറയുന്നവനും ഇരുമ്പുപോലെ ഉഗ്രബലമുള്ള ഘോരനും അതിഭയങ്കരനുമായിരിക്കും. എതിർ ക്രിസ്തുവിന്റെ പ്രത്യക്ഷതയോടുള്ള ബന്ധത്തിൽ വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റു രണ്ടു പരാമർ ശങ്ങളാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

> ആഴത്തിൽ നിന്നു കയറിവരുന്ന മൃഗം അവരോടു പടവെട്ടി അവരെ ജയിച്ചു കൊന്നു കളയും. അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മികമായി സെദോം എന്നും മിസ്രയീം എന്നു പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ... (വെളി. 11:7 - 9)

> നീ കണ്ട മൃഗമോ ഉണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതും ഇനി അഗാധത്തിൽ നിന്നു കയറി നാശത്തിലേക്കു പോകുവാൻ ഇരിക്കുന്നതും ആകുന്നു;... (വെളി. 17:8)

മരണമാകുന്ന ഇരുളിനോടുള്ള എതിർക്രിസ്തുവിന്റെ ബന്ധത്തെ വെളിപ്പെടുത്തുന്നതിനാണ് ആഴത്തിൽ നിന്നും മൃഗം കയറി വരുന്നതായിട്ട് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഉല്പത്തി പുസ്തകത്തിൽ ആഴത്തിനു മീതെ ഇരുൾ ഉണ്ടായിരുന്നു (ഉല്പ. 1:1) എന്ന പരാമർശം നിത്യമരണമാകുന്ന സാത്താനെ യാണ് സൂചിപ്പിക്കുന്നത്. ലോകാവസാനത്തിന്റെ ആരംഭത്തിങ്കൽ വെളിച്ചം മനുഷ്യനായി യേശു എന്ന പേരിൽ ഭൂമിയിൽ അവതരിച്ചുവെങ്കിൽ

ലോകാവസാനത്തിന്റെ അന്ത്യത്തിൽ ഇരുൾ മനുഷ്യനായി മൃഗം എന്ന പേരിലാണ് പ്രത്യക്ഷപ്പെടു ന്നത്. ഇരുളിന്റെ പാർപ്പിടമാകുന്ന അഗാധത്തിൽനിന്ന് എതിർക്രിസ്തു പ്രത്യക്ഷപ്പെടുന്നതായി ഇവിടെ വെളിപ്പെടുത്തി യിരുക്കുന്നത് സാത്താന്റെ പ്രതിനിധിയായി അവൻ ലോകഭരണം ഏറ്റെടുക്കുന്നു എന്നത് വ്യക്തമാക്കുന്നതിനു വേണ്ടിയാണ്.

സമുദ്രം, ആഴം, അഗാധം എന്നീ മൂന്നു സ്ഥലങ്ങളോടുള്ള ബന്ധത്തിൽ എതിർക്രിസ്തു പ്രത്യക്ഷപ്പെടുന്നതിന്റെ ആത്മീക അർത്ഥതലങ്ങളെക്കുറിച്ചാണ് നാം ചിന്തിച്ചത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്നത് എതിർക്രിസ്തു എന്ന അസാധാരണ മനുഷ്യൻ പെരുവെള്ളത്തിനു സമാനമായ ലോകജനതയെ വഞ്ചിച്ച് നിത്യനാശത്തിന് അടിമകളാക്കുവാൻ അഗാധമാകുന്ന ഇരുളിൽനിന്ന് പ്രത്യക്ഷപ്പെടുന്നു എന്നതാണ്.

ഏഴു മുദ്രയാൽ മുദ്രയിടപ്പെട്ട പുസ്തകത്തിന്റെ ഒന്നാമത്തെ മുദ്ര കുഞ്ഞാട് സ്വർഗത്തിൽ പൊട്ടിക്കുന്ന സന്ദർഭത്തിലാണ് വെള്ളക്കുതിരപ്പുറത്ത് കയ്യിൽ ഒരു വില്ലുമായി എതിർക്രിസ്തു ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്. അവൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതോടെയാണ് പൈശാചിക ത്രിമൂർത്തികളിൽ രണ്ടാമനായ എതിർക്രിസ്തു എന്ന മൃഗവും ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്. അവൻ പ്രാരംഭമായി ചെയ്യുന്നത് സാത്താനീക മഹോപദ്രവത്തിൽ സാത്താനോട് എതിർത്ത് ദൈവീകസാക്ഷ്യം തികെച്ചു നില്ക്കുന്ന രണ്ടു സാക്ഷികളുടെ ഗണത്തിൽപ്പെടുന്നവരെ കൊന്നുകളയുക എന്നതാണ്. യുദ്ധക്കൊതിയനായ എതിർക്രിസ്തു വിശുദ്ധന്മാരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയുന്നുവെങ്കിലും ദുഷ്ടന്റെ ജയഘോഷം താല്കാലികമാണ്. അന്നു കൊല്ലപ്പെടുന്ന അത്യുന്നതന്റെ വിശുദ്ധന്മാരുടെ ശവങ്ങൾ യെരുശലേമിന്റെ വീഥിയിലാണ് മൂന്നര ദിവസം കിടക്കുന്നത്. മരണാനന്തരം അവരുടെ ആത്മാക്കൾ പ്രവേശിപ്പിക്കപ്പെടുന്നത് സ്വർഗീയ പറുദീസയിലേക്കാണ്. അവരിൽ പുതിയനിയമത്തിന്റെ സാക്ഷികളുടെ ആത്മാക്കൾ പറുദീസയിലെ രണ്ടാം സ്വർഗത്തിലേക്കും പഴയനിയമത്തിന്റെ സാക്ഷികളുടെ ആത്മാക്കൾ ഒന്നാം സ്വർഗത്തിലേക്കുമാണ് പ്രവേശിപ്പിക്കപ്പെടുന്നത്. ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത സാത്താനീക മഹോപദ്രവ

ത്തിന്റെ അന്ത്യത്തിൽ എതിർക്രിസ്തുവിനാൽ കൊല്ലപ്പെടുന്നത് കേവലം രണ്ടു വ്യക്തികളെയല്ല; പിന്നെയോ അന്ന് പഴയനിയമ ത്തിന്റെയും പുതിയനിയമത്തിന്റെയും സാക്ഷ്യം തികെച്ചു നില്ക്കുന്ന വിശുദ്ധന്മാരുടെ രണ്ട് ഗണങ്ങളിൽപ്പെടുന്നവരെ യാകുന്നു എന്നതാണ്.

സെഖര്യാവിന്റെ പ്രവചനത്തിൽ ഇവരെ സർവ്വ ഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ട് അഭിഷിക്തന്മാർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിൽ (സെഖ. 4:14) വെളിപ്പാട്പുസ്തകത്തിൽ ഇവരെ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നില്കുന്ന രണ്ട് ഒലിവ് വൃക്ഷവും രണ്ടു നില വിളക്കുമായിട്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്. സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയെ ആലങ്കാരി കമായി ഒരു ആൺകുട്ടിയോടുള്ള ബന്ധത്തിലാണ് വെളിപ്പാട് പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ (വെളി. 12:5) മർമ്മമായി വെളിപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ ആഗോള ദൈവസഭയെ പ്രതിനിധീകരിക്കുന്ന ഏഴു പൊൻനിലവിളക്കിൽ നിന്ന് തികവുപ്രാപിക്കുന്ന കുഞ്ഞാടിന്റെ മണവാട്ടിസഭ ഒരു ആൺകുട്ടിയായി സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനു ശേഷം പിന്നീട് ആഗോളസഭയെ പ്രതിനിധീകരിക്കുന്നത് രണ്ട് നിലവിളക്കാണ്. ഇതിനർത്ഥം മണവാട്ടിസഭയുടെ ഉൾപ്രാപണ ത്തിനു ശേഷവും പുതിയനിയമ ദൈവസഭയുടെ ശേഷിപ്പ് ഭൂമിയിലുണ്ടായിരിക്കും എന്നുള്ളതാണ്. അവരിൽനിന്ന് സാത്താനീകമഹോപദ്രവത്തിൽ സാക്ഷ്യം തികെച്ചു നില്ക്കുന്ന വർ എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിങ്കൽ കൊല്ലപ്പെടു മ്പോൾ അവരുടെ ആത്മാക്കൾ അപ്പോൾത്തന്നെ പറുദീസയിലെ രണ്ടാമത്തെ സ്വർഗത്തിലേക്കാണ് പ്രവേശിപ്പിക്കപ്പെടുന്നത്. ഇതിൽനിന്നും യെരുശലേമിലെ വീഥിയിൽ കൊല്ലപ്പെട്ടു കിടക്കുന്ന രണ്ടുസാക്ഷികളിൽ ഒരുവൻ പ്രതിനിധീകരിക്കുന്നത് പറുദീസയിലെ രണ്ടാം സ്വർഗത്തിൽ വിശ്രമിക്കുന്ന പുതിയനിയമ ദൈവസഭയുടെ തോഴിമാരാകുന്ന കന്യകന്മാരെയാകുന്നു. അവരെയാണ് രണ്ടുനിലവിളക്കിലെ **ഒന്നാമത്തെ നിലവിളക്ക്** പ്രതിനിധീകരിക്കുന്നത്.

അതുപോലെ പഴയനിയമത്തിന്റെ സാക്ഷ്യം തികെച്ചു നില്ക്കുന്നവർ എതിർക്രിസ്തുവിനാൽ കൊല്ലപ്പെടുമ്പോൾ

അവരുടെ ആത്മാക്കൾ അപ്പോൾത്തന്നെ പഴയനിയമത്തിലെ ശ്രേഷ്ഠന്മാരുടെ ആത്മാക്കൾ വിശ്രമിക്കുന്ന പറുദീസയിലെ ഒന്നാമത്തെ സ്വർഗത്തിലേക്കാണ് പ്രവേശിപ്പിക്കപ്പെടുന്നത്. അതിനാൽ യെരുശലേമിലെ വീഥിയിൽ കൊല്ലപ്പെട്ടു കിടക്കുന്ന രണ്ടാമത്തെ സാക്ഷി പ്രതിനിധീകരിക്കുന്നത് മരണാനന്തരം പറുദീസയിലെ ഒന്നാമത്തെ സ്വർഗത്തിലുള്ളവരെയാണ്. അവരെയാണ് രണ്ട് ഒലിവ് മരത്തിലെ **ഒന്നാമത്തെ ഒലിവ് മരം** പ്രതിനിധീകരിക്കുന്നത്. .

മൂന്നരദിവസം കഴിയുമ്പോൾ ദൈവത്തിൽനിന്ന് ജീവശ്വാസം അവരിൽ വന്ന് അവർ കാൽ ഊന്നി നിന്നു എന്നത് സ്വർഗീയ പറുദീസയിലെ രണ്ടാം സ്വർഗത്തിലും ഒന്നാം സ്വർഗത്തിലും മരണാനന്തരം വിശ്രമിക്കുന്ന സകല വിശുദ്ധന്മാരുടെയും പുനരു ത്ഥാനത്തെയാണ് മർമ്മമായി ഇവിടെ പ്രസ്താവി ച്ചിരിക്കുന്നത്. ഇവിടെ കയറിവരുവിൻ എന്ന് സ്വർഗീയ മഹാശബ്ദത്തിൽ അവർ മേഘത്തിൽ സ്വർഗത്തിലേക്ക് കരേറുന്നത് അവരുടെ സ്വർഗാ രോഹണത്തെയാണ് വെളിപ്പെടുത്തുന്നത്. അതോടെയാണ് മീതെയുള്ള യെരുശലേം എന്ന നമ്മുടെ അമ്മ പ്രതിനിധീകരി ക്കുന്ന സ്വർഗീയ പറുദീസയിലെ സകല വിശുദ്ധന്മാരും പുനരു ത്ഥാനം പ്രാപിച്ച് സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെടുന്നത്.

കുഞ്ഞാടിന്റെ മണവാട്ടിസഭ ഒരു ആൺകുട്ടിയായി സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭത്തിലാണ് സാത്താൻ ഒന്നാമത്തെ ആകാശമാകുന്ന സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്ന തെങ്കിൽ പറുദീസയിലെ ഒന്നാം സ്വർഗത്തിലും രണ്ടാം സ്വർഗത്തിലും വിശ്രമിക്കുന്ന വിശുദ്ധന്മാരുടെ ആത്മാക്കൾ തേജസ്സിന്റെ ശരീരം പ്രാപിച്ച് പുനരുത്ഥാനശരീരങ്ങളോടെ സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന വേളയിലാണ് എതിർക്രിസ്തു ആഴത്തിൽനിന്ന് ഭൂമിയിലേക്ക് ലോകഭരണത്തി നായി പ്രത്യക്ഷപ്പെടുന്നത്. ഒന്നാമത്തെ നിലവിളക്ക്, ഒന്നാമത്തെ ഒലിവുമരം എന്നിവ പ്രതിനിധീകരിക്കുന്നവരുടെ പുനരു ത്ഥാനത്തെയും സ്വർഗാരോഹണത്തെയുമാണ് രണ്ട് സാക്ഷികൾ സ്വർഗാധിസ്വർഗത്തിലേക്ക് കരേറിപ്പോകുന്നതിനോടുള്ള ബന്ധത്തിൽ മർമ്മമായി പ്രസ്താവിച്ചിരിക്കുന്നത്.

മണവാട്ടിസഭ സ്വർഗാധിസ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭം ഏത് നിമിഷത്തിൽ വേണമെങ്കിലും സംഭവിക്കാം. അപ്പോൾ നടക്കുന്ന മധ്യാകാശയുദ്ധത്തിലാണ് സാത്താൻ ഭൂമിയിലേക്ക് തള്ളപ്പെടുന്നത്. അതേത്തുടർന്നാണ് സാത്താനീക മഹോപദ്രവം ഭൂമിയിൽ ആരംഭിക്കുന്നത്. മൂന്നര വർഷത്തെ സാത്താനീക മഹോപദ്രവത്തിന്റെ അന്ത്യത്തിലാണ് എതിർ ക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. അതോടെ പൈശാചിക ത്രിമൂർ ത്തികളിൽ ഒന്നാമനായ സാത്താനോടൊപ്പം രണ്ടാമനായ എതിർ ക്രിസ്തുവും ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നു. ഇതേത്തുടർന്ന് പൈശാചിക ത്രിമൂർത്തികളിൽ മൂന്നാമനായ കള്ളപ്രവാചകൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭത്തെക്കുറിച്ചുള്ള വിശദീ കരണത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.

## കുഞ്ഞാടാം ദൈവം രണ്ടാമത്തെ മുദ്രപൊട്ടിക്കു മ്പോൾ മൃഗീയഭരണത്തിന്റെ ഉപദേഷ്ടാവായി കള്ള പ്രവാചകൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭം

> അവൻ രണ്ടാംമുദ്ര പൊട്ടിക്കുമ്പോൾ വരിക എന്ന് രണ്ടാം ജീവി പറയുന്നത് ഞാൻ കേട്ടു. അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്ന് സമാധാനം എടുത്തു കളയേണ്ടതിന് അധികാരം ലഭിച്ചു, ഒരു വലിയ വാളും അവന് കിട്ടി (വെളി. 6:3-4).

കുഞ്ഞാട് ഒന്നാമത്തെ മുദ്ര പൊട്ടിക്കുന്ന സന്ദർഭത്തിൽ പൈശാചിക സാമ്രാജ്യത്വത്തിന്റെ ഭരണത്തലവനായ എതിർ ക്രിസ്തുവാണ് ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്. രണ്ടാമത്തെ മുദ്ര പൊട്ടിക്കുന്ന സന്ദർഭത്തിലാണ് അസമാധാന ത്തിന്റെ പ്രതീകമായ പൈശാചികസാമ്രാജ്യത്വത്തിന്റെ ഉപദേഷ്ടാവായ കള്ളപ്രവാച കൻ എന്ന മനുഷ്യൻ ലോകത്ത് രംഗപ്രവേശം ചെയ്യുന്നത്. യേശു ക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനു ശേഷം പത്തുദിവസം കഴിഞ്ഞ് പെന്തെക്കൊസ്തു നാളായ അൻപതാം ദിവസം സ്വർഗീയ പിതാവ് ഭൂമിയിലേക്ക് അയച്ചത് സമാധാനനദിയാകുന്ന പരിശുദ്ധാത്മാവിനെ ആയിരുന്നു. കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി സമാധാന നദിയാകുന്ന ദൈവാത്മാവിന്റെ പ്രവർത്തനം മുഖാന്തരമാണ് മനുഷ്യർക്ക് ഭൂമിയിൽ ദൈവീക

സമാധാനം ലഭിച്ചുകൊണ്ടിരിക്കുന്നത്. എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയ്ക്കുശേഷം ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന കള്ള പ്രവാചകൻ നിമിത്തമാണ് ഇവിടെ അസമാധാനം നടമാടുവാൻ പോകുന്നത്. മനുഷ്യർ അന്യോന്യം കൊന്നുകളയത്തക്ക വിധമുള്ള മത്സരത്തിന്റെയും എതിർപ്പിന്റെയും കാലഘട്ടമാണ് എതിർക്രിസ്തുവിന്റെ ഭരണകാലയളവിൽ ഉണ്ടാകുന്നത്. അതിന്റെ പിമ്പിൽ പ്രവർത്തിക്കുന്ന സൂത്രധാരകനാണ് കള്ള പ്രവാചകൻ. അവന്റെ പ്രത്യക്ഷതയെക്കുറിച്ചും വളരെ വ്യക്തമായ തിരുവചന വെളിപ്പെടുത്തലുകൾ തിരുവചനത്തിൽ രേഖപ്പെടു ത്തിയിട്ടുണ്ട്.

എതിർക്രിസ്തു റോമാ സാമ്രാജ്യത്തിന്റെ പിന്തുടർച്ചയിൽ നിന്ന് പ്രത്യക്ഷപ്പെടുന്നു എന്നതിനെക്കുറിച്ചാണ് ദാനിയേൽ പ്രവചനം ഏഴാം അദ്ധ്യായത്തെ അധികരിച്ച് നാം ചിന്തിച്ചത്. അതുപോലെ ദാനിയേൽ പ്രവചനത്തിലെ എട്ടാം അദ്ധ്യാ യത്തിന്റെ പഠനത്തിൽനിന്നും കള്ളപ്രവാചകൻ എന്ന മനുഷ്യൻ പ്രത്യക്ഷപ്പെടുന്നത് യവനയ അഥവാ ഗ്രീക്ക് സാമ്രാജ്യത്വത്തിന്റെ പിന്തുടർച്ചയിൽ നിന്നുമാകുന്നു എന്നുള്ളതാണ്. പരുപരുത്ത കോലാട്ടുകൊറ്റനാണ് യവനസാമ്രാജ്യത്വത്തെ പ്രതിനിധീ കരിക്കുന്നത്. യവനസാമ്രാജ്യത്വം തകർന്നശേഷം അതിൽനിന്ന് നാലു രാജ്യങ്ങൾ ഉത്ഭവിക്കുമെന്നും അവ ഒന്നിൽ നിന്ന് എതിർക്രിസ്തുവിന്റെ ഭരണകാലത്ത് ഉഗ്രഭാവവും ഉപായ ബുദ്ധിയും ഉള്ളൊരു ഭരണാധിപൻ എഴുന്നേല്ക്കുമെന്നാണ് കള്ളപ്രവാചകന്റെ പ്രത്യക്ഷതയോടുള്ള ബന്ധത്തിൽ ദാനിയേൽ പ്രവചിച്ചിരിക്കുന്നത്. എന്നാൽ വെളിപ്പാട് പുസ്തക ത്തിലാണ് വളരെ വ്യക്തമായി കള്ളപ്രവാചകൻ വെളിപ്പെടുന്ന തിനെക്കുറിച്ചും അവന്റെ പ്രവർത്തനങ്ങളെ ക്കുറിച്ചുമുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ പ്രാരംഭമായി നാം ചിന്തിച്ചത് കുഞ്ഞാട് രണ്ടാമത്തെ മുദ്ര പൊട്ടിക്കുന്ന സന്ദർഭത്തിൽ കള്ളപ്രവാചകൻ ഭൂമിയിൽ വെളിപ്പെടുന്നതിനെ ക്കുറിച്ചായിരുന്നു. അവൻ എപ്രകാരം വെളിപ്പെടുന്നുവെന്നും അവന്റെ പ്രവർത്തനത്തെക്കുറിച്ചും വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> മറ്റൊരു മൃഗം ഭൂമിയിൽ നിന്ന് കയറുന്നതു ഞാൻ കണ്ടു; അതിനു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുണ്ടായിരുന്നു; അതു മഹാസർപ്പം എന്നപോലെ സംസാരിച്ചു. അതു ഒന്നാമത്തെ മൃഗത്തിന്റെ

> മുമ്പാകെ അതിന്റെ അധികാരം എല്ലാം നടത്തി ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണകരമായ മുറിവു പൊറുത്തുപോയ ഒന്നാംമൃഗത്തെ നമസ്കരിക്കുമാറാക്കുന്നു. അത് മനുഷ്യർ കാൺകെ ആകാശത്തു നിന്നു ഭൂമിയിലേക്കു തീ ഇറങ്ങുമാറ് വലിയ അടയാളങ്ങൾ പ്രവർത്തിക്കയും മൃഗത്തിന്റെ മുമ്പിൽ പ്രവർത്തിപ്പാൻ തനിക്കു ബലം കിട്ടിയ അടയാളങ്ങളെ കൊണ്ടു ഭൂവാസികളെ തെറ്റിക്കുകയും വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിനു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറയുകയും ചെയ്യുന്നു (വെളി. 13:11-14).

പൈശാചിക ത്രിമൂർത്തികളിൽ മൂന്നാമനായ കള്ള പ്രവാചകനെ ഭൂമിയിൽ നിന്ന് കയറുന്ന മറ്റൊരു മൃഗമായിട്ട് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് ഭൂലോക ദുർശക്തിയെ വെളിപ്പെടുത്തുന്നതിനുവേണ്ടിയാണ്. കള്ളപ്രവാചകൻ കൂടി ഭൂമിയിൽ രംഗപ്രവേശം ചെയ്യുന്നതോടെ പൈശാചിക ത്രിമൂർത്തികളായ സ്വർലോക ദുഷ്ടാത്മസേനയുടെ തലവനായ ലൂസിഫർ, അധോലോകശക്തിയായ എതിർക്രിസ്തു എന്ന മൃഗം, ഭൂലോക ദുർശക്തിയെ പ്രതിനിധീകരിക്കുന്ന കള്ള പ്രവാചകൻ എന്നിവർ മൂവരും ഭൂമിയിൽ പ്രവർത്തനനിരതരാകുന്നു. പൈശാചിക സാമ്രാജ്യത്തിന്റെ **രാഷ്ട്രത്തലവൻ** ലൂസിഫറും **ഭരണത്തലവൻ** എതിർക്രിസ്തുവും **ഉപദേഷ്ടാവ്** കള്ളപ്രവാചകനുമാണ്. മഹാസർപ്പത്തിന്റെ വായ് പോലെ സംസാരിക്കുന്ന പൈശാചിക സാമ്രാജ്യത്തിന്റെ വക്താവ് കള്ളപ്രവാചകനാണ്. അവനാണ് പൈശാചികാരാധന മനുഷ്യരിൽ അടിച്ചേല്പിക്കുന്നത്.

റോമാസാമ്രാജ്യത്വത്തിന്റെ പിന്തുടർച്ചയിൽ നിന്ന് ലോകഭരണത്തലവനായി എഴുന്നേല്ക്കുന്ന സ്വേഛാധിപതിയായ എതിർക്രിസ്തുവിനെ ലോകഭരണത്തിൽ സഹായിക്കുന്നത് ഗ്രീക്ക് സാമ്രാജ്യത്വത്തിന്റെ പിന്തുടർച്ചയിൽ നിന്ന് എഴുന്നേല്ക്കുന്ന ഉപായബുദ്ധിയുള്ള കള്ളപ്രവാചകനാണ്. മൃഗത്തിന്റെ ഭരണത്തിൽ പൈശാചിക ത്രിമൂർത്തികളായ സാത്താൻ, എതിർക്രിസ്തു, കള്ളപ്രവാചകൻ എന്നിവർ മൂവരും ചേർന്നാണ് ലോകത്തെ സർവ്വനാശത്തിലേക്ക് നയിക്കുന്നത്. യിസ്രായേലിനോട് യുദ്ധം ചെയ്യുവാൻ അവർ തയ്യാറെടുക്കുകയും അതിനായി ലോകരാജ്യങ്ങളെ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. യിസ്രായേലിന്റെ രക്ഷയ്ക്കായി മഹാരാജാവ് പ്രത്യക്ഷപ്പെടുന്ന നാളാണ് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ. അന്നു നടക്കുന്ന യുദ്ധമാണ് ഹർമ്മെഗെദ്ദോൻ യുദ്ധം. അതേക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

പൈശാചിക ത്രിമൂർത്തികളുടെ നേതൃത്വത്തിന്റെ കീഴിൽ സകലജാതികളും അണിനിരക്കുന്നത് യിസ്രായേൽ എന്ന രാജ്യത്തിനോടും അതിന്റെ തലസ്ഥാനനഗരിയായ യെരുശലേമിനോടും യുദ്ധം ചെയ്യുന്നതിനു വേണ്ടിയാണ്. അത് നിറവേറപ്പെടുന്നതിനോടുള്ള ബന്ധത്തിൽ നിരവധി തിരുവചനതെളിവുകളുണ്ട്. അവയിൽ ചിലതുമാത്രമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

> ഞാൻ യെരുശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും; യെരുശലേമിന്റെ നിരോധത്തിങ്കൽ അതു യഹൂദായ്ക്കും വരും. അന്നാളിൽ ഞാൻ യെരുശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വയ്ക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും (സെഖ. 12:2-3)

> ഞാൻ സകല ജാതികളെയും യെരുശലേമിനോടു യുദ്ധത്തിനായി കൂട്ടിവരുത്തും; നഗരം പിടിക്കപ്പെടുകയും വീടുകളെ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോകുകയും ചെയ്യും,... എന്നാൽ യഹോവ പുറപ്പെട്ടു താൻ യുദ്ധദിവസത്തിൽ പൊരുതുന്നതുപോലെ ആ ജാതികളോടു പൊരുതും... (സെഖ. 14:2-7).

യെരുശലേം നഗരം കൈവശപ്പെടുത്തി അവിടെയിരുന്ന് ലോകഭരണം നിയന്ത്രിക്കുക എന്നതാണ് എതിർക്രിസ്തുവിന്റെ ആത്യന്തിക ലക്ഷ്യം. അതിനുവേണ്ടിയാണ് അതിനെതിരെ അവൻ ലോകരാഷ്ട്രങ്ങളെ കൂട്ടിച്ചേർക്കുന്നത്. അവന്റെ ലക്ഷ്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരെ കൊന്നുകളയുക എന്ന പ്രവൃത്തിയാണ് എതിർക്രിസ്തുവും കള്ളപ്രവാചകനും കൂടി അവന്റെ ദുർഭരണത്തിൽ നിർബാധം നടത്തുന്നത്. അതേക്കുറിച്ചാണ് അഞ്ചാമത്തെ മുദ്രയോടുള്ള ബന്ധത്തിൽ വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്

> അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ ദൈവവചനം നിമിത്തവും തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻകീഴിൽ കണ്ടു; വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോടു... അപ്പോൾ അവരിൽ ഓരോരുത്തനും വെള്ള നിലയങ്കി കൊടുത്തു; അവരെപ്പോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു

തികയുവോളം അല്പകാലംകൂടെ സ്വസ്ഥമായി പാർക്കേണം എന്ന് അവർക്ക് അരുളപ്പാടുണ്ടായി (വെളി. 6:9 - 11).

സാത്താനീക മഹോപദ്രവത്തിന്റെ അന്ത്യത്തിൽ സാക്ഷ്യം തികെച്ചുനില്ക്കുന്ന രണ്ടു സാക്ഷികളെ കൊന്നുകളഞ്ഞുകൊണ്ട് ലോകഭരണത്തിലേക്ക് പ്രവേശിക്കുന്ന എതിർക്രിസ്തു വിശുദ്ധന്മാർക്കെതിരെയുള്ള അവന്റെ യുദ്ധം തുടരുന്നതിനെ ക്കുറിച്ചാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്രകാരം അന്ന് എതിർക്രിസ്തുവിന്റെ ഭരണത്തിൽ തലയറുക്കപ്പെടുന്ന വിശുദ്ധന്മാരിൽ പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും സാക്ഷികളാണുള്ളത്. അവർ രക്തസാക്ഷിത്വം വരിക്കുമ്പോൾ അവരുടെ ആത്മാക്കൾ പ്രവേശിപ്പിക്കപ്പെടുന്നത് ഭൂമിക്കു കീഴിൽ അഥവാ യാഗപീഠത്തിൻകീഴിലാകുന്നു. അവരിലുള്ള രണ്ടു സാക്ഷികളുടെ സമൂഹത്തെ വ്യക്തമാക്കുന്നതിനാണ് **സഹഭൃത്യ ന്മാർ, സഹോദരന്മാർ** എന്നീ രണ്ടു നിലവാരങ്ങളിലുള്ള രക്തസാക്ഷികളെക്കുറിച്ച് ഇവിടെ പ്രസ്താവിച്ചിരി ക്കുന്നത്. എതിർക്രിസ്തുവിന്റെ ഭരണത്തിൽ ദൈവീക സാക്ഷ്യത്തിനു വേണ്ടി നിലനില്ക്കുന്ന രണ്ട് സാക്ഷികളിൽ **രണ്ടാമത്തെ ഒലിവുമരം** പ്രതിനിധീകരിക്കുന്നത് യിസ്രായേലിൽ നിന്ന് എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരിക്കുന്ന സഹഭൃത്യന്മാരായ 144000 പേരെയാണെങ്കിൽ അതേ കാലയള വിൽ സുവിശേഷത്തിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുന്ന സഹോദരന്മാരെ **രണ്ടാമത്തെ നിലവിളക്കാണ്** പ്രതിനിധീകരി ക്കുന്നത്. സുവിഷേഷത്തിനു വേണ്ടി രക്തസാക്ഷികളാകുന്ന വരുടെ എണ്ണം എത്രയെന്നുള്ളത് മർമ്മമായിരിക്കും. മൂന്നര വർഷത്തെ എതിർക്രിസ്തുവിന്റെ കിരാതഭരണത്തിലാണ് അവരുടെ എണ്ണവും തികയപ്പെടുന്നത്.

എതിർക്രിസ്തുവിന്റെ ഭരണം ആരംഭിക്കുന്നതോടെയാണ് ദൈവകോപവും ഭൂമിമേൽ ചൊരിയപ്പെടുന്നത്. ഏഴു മുദ്ര, ഏഴു കാഹളം, ഏഴു കലശം എന്നിവ ഓരോന്നിന്റെയും കാലത്ത് മനുഷ്യരുടെ മേൽ ചൊരിയപ്പെടുന്ന ദൈവകോപത്തിന്റെയും അതോടനുബന്ധിച്ച് നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ചു മാണ് വെളിപ്പാട്പുസ്തകത്തിൽ അവ ഓരോന്നിനോടുമുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതയ്ക്ക് മുമ്പ്

പൈശാചിക ത്രിമൂർത്തികൾ മൂവരിൽനിന്നും തവളയെപ്പോലെ ഭൂമിയിൽ പുറപ്പെടുന്നത് മൂന്ന് ഭൂതാത്മാക്കളാണ്. അവകളാണ് ഭൂതലത്തിലുള്ള സകല രാജാക്കന്മാരെയും സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിനായി ഹർമ്മെ ഗെദ്ദോനിൽ കൂട്ടിച്ചേർക്കുന്നത്.

> ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തോസ് എന്ന മഹാനദിയിൽ ഒഴിച്ചു... മഹാസർപ്പത്തിന്റെ വായിൽ നിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളയെപ്പോലെ മൂന്നു അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലും ഉള്ള രാജാക്കന്മാരെ സർവ്വശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിൽ കൂട്ടിച്ചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്ക് പുറപ്പെടുന്ന ഭൂതാത്മാക്കൾതന്നെ. ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ. അവ അവരെ എബ്രായഭാഷയിൽ ഹർമ്മെഗെദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു (വെളി. 16:12-16).

പഴയനിയമ പ്രവചനങ്ങളിൽ യെരുശലേമിനെതിരെ സകല രാജ്യങ്ങളും യുദ്ധത്തിനായി ഒത്തുകൂടുമെന്നുള്ളത് ഭാവികാല പ്രവചനമായിരുന്നു എങ്കിൽ അത് എപ്രകാരം നിറവേറപ്പെടുന്നു എന്നാണ് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇന്നു നിറഞ്ഞു ഒഴുകുന്ന യൂഫ്രാത്തോസ് മഹാനദി വറ്റി വരണ്ടു പോകുമെന്നത് കിഴക്കുനിന്നുള്ള രാജാക്കന്മാർക്ക് എളുപ്പത്തിൽ യെരുശലേമിനെതിരെ ഒത്തുകൂടുന്നതിന് വേണ്ടിയാണ്. പൈശാചിക ത്രിമൂർത്തികളിൽ നിന്നു പുറപ്പെടുന്ന മൂന്ന് അശുദ്ധാത്മാക്കളെ മൂന്ന് തവളകളോടുള്ള ബന്ധത്തിലാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. അത് അശുദ്ധി, ഭോഷ്ക്, അനൈക്യത എന്നിവ വെളിപ്പെടുത്തുന്നതിനോടൊപ്പം പൈശാചിക സാമ്രാജ്യത്തിലെ അനീതി, അസമാധാനം, ജഡികസന്തോഷം എന്നിവയെയും വെളിപ്പെടുത്തുന്നു.

കർത്താവ് കള്ളനെപ്പോലെ വരും എന്ന് ആറാം കലശത്തോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നത് കർത്താവിന്റെ മഹത്വപ്രത്യക്ഷതയാകുന്ന രണ്ടാമത്തെ വരവിനെക്കുറിച്ചാകുന്നു. കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്ക് മുമ്പ് എതിർ

ക്രിസ്തുവിന്റെ ഭരണകാലയളവിൽ യിസ്രായേലിലെ സകല ഗോത്രങ്ങളിൽ നിന്നും രക്തസാക്ഷിത്വം വരിക്കുന്ന സഹഭൃത്യ ന്മാരുടെ എണ്ണമാകുന്ന നൂറ്റിനാല്പത്തിനാലായിരവും പുതിയ നിയമ സഭയുടെ സഹോദര പദവിയിൽ എത്തിച്ചേരുവാനുള്ള രക്തസാക്ഷിത്വം വരിക്കുന്നവരുടെ മർമ്മമായ സംഖ്യയുമാണ് പൂർത്തീകരിക്കപ്പെടുന്നത്. കർത്താവിന്റെ സേനാദിവസത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനത്തിൽ രക്തസാക്ഷിത്വം വരിക്കുന്നവർകൂടി പുനരുത്ഥാനം പ്രാപിച്ച് സ്വർഗാധിസ്വർഗ ത്തിലേക്ക് എടുക്കപ്പെടുന്നതോടെയാണ് പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തോട് ചേരുവാനുള്ള സകല വിശുദ്ധന്മാ രുടെയും എണ്ണം സ്വർഗാധിസ്വർഗത്തിൽ തികെയപ്പെടുന്നത്. കർത്താവ് തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന മഹത്വ പ്രത്യക്ഷതയിൽ അവനോടൊപ്പം ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന സ്വർഗീയ ശരീരങ്ങളുടെ തേജസ്സ് പ്രാപിക്കുന്ന വിശുദ്ധന്മാർ ആരൊക്കെ എന്നതാണ് പട്ടികരൂപത്തിൽ കൊടുത്തിരിക്കുന്നത്

**സ്വർഗീയ തേജസ്സ് പ്രാപിക്കുന്ന വിശുദ്ധന്മാർ**

| വിശുദ്ധന്മാർ | മരണാനന്തരനിര | പുനരുത്ഥാനനിര | പുനരുത്ഥാനത്തിൽ പ്രാപിക്കുന്ന തേജസ്സ് | പദവി | നിത്യതയിൽ കാണപ്പെടുന്ന സ്ഥലം |
|---|---|---|---|---|---|
| നിർമ്മലകന്യക കുഞ്ഞാടിന്റെ മണവാട്ടി സഭ (പുതിയനിയമ സഭയുടെ ആരംഭം മുതൽ മധ്യാകാശ പ്രത്യക്ഷത വരെ) | പറുദീസയിലെ മൂന്നാം സ്വർഗത്തിൽ (ഏഴ് പൊൻ നിലവിളക്ക്) | കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത യിൽ നടക്കുന്ന മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം | സൂര്യതേജസ്സ് | മണവാട്ടി, രാജ്ഞി | പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ മന്ദിരമാകുന്ന ക്രിസ്തുവിനോടുകൂടെ |
| കന്യകമാരാകുന്ന തോഴിമാർ (പുതിയനിയമ സഭയുടെ ആരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭം വരെ) | പറുദീസയിലെ രണ്ടാം സ്വർഗത്തിൽ (രണ്ടു നിലവിളക്കിലെ ഒന്നാം നിലവിളക്ക്) | എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിൽ നടക്കുന്ന രണ്ടു സാക്ഷികളുടെ പുരുത്ഥാനം | ചന്ദ്രതേജസ്സ് | മണവാട്ടിയുടെ തോഴി, മഹാരാജാവാം കർത്താവിന്റെ ഇടത്തു വശത്തു നടക്കുന്ന തപ്പുകൊട്ടുന്ന കന്യകമാർ | പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ ഭാഗം |
| പുതിയനിയമ സഭയിലെ ശ്രേഷ്ഠന്മാരായവർ (ലോകാരംഭം മുതൽ എതിർക്രിസ്തുവിന്റെ ഭരണാരംഭംവരെ) | പറുദീസയിലെ ഒന്നാം സ്വർഗത്തിൽ (രണ്ട് ഒലിവുമരത്തിലെ ഒന്നാമത്തെ ഒലിവുമരം) | എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിൽ നടക്കുന്ന രണ്ടു സാക്ഷികളുടെ പുരുത്ഥാനം | നക്ഷത്രതേജസ്സ് | മണവാളന്റെ തോഴ്മക്കാർ, മഹാരാജാവാം ദൈവത്തിന്റെ മുമ്പിൽ നടക്കുന്ന സംഗീതക്കാർ | പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ മതിൽ |

| വിശുദ്ധന്മാർ | മരണാനന്തരനിര | പുനരുത്ഥാനനിര | പുനരുത്ഥാനത്തിൽ പ്രാപിക്കുന്ന തേജസ്സ് | പദവി | നിത്യതയിൽ കാണപ്പെടുന്ന സ്ഥലം |
|---|---|---|---|---|---|
| കന്യകന്മാരാകുന്ന തോഴിമാർ (എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരിക്കുന്ന പുതിയനിയമ സഭയുടെ ശേഷിപ്പിലുള്ളവർ) | ഭൂമിക്കു കീഴിൽ അഥവാ യാഗപീഠത്തിൻ കീഴിൽ (രണ്ടു നിലവിളക്കിലെ രണ്ടാമത്തെ നിലവിളക്ക്) | സേനാദിവസത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനം | ചന്ദ്രതേജസ്സ് | മണവാട്ടിയുടെ തോഴിമാർ, മഹാരാജാവാം ദൈവത്തിന്റെ വലത്തു വശത്തു നടക്കുന്ന തപ്പുകൊട്ടുന്ന കന്യകന്മാർ | പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ ഭാഗം |
| യിസ്രായേലിലെ സകല ഗോത്രങ്ങളിൽ നിന്നുമുള്ള നൂറ്റിനാല്പത്തിനാലായിരം (എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷിത്വം വരിക്കുന്ന യെഹൂദന്മാർ) | ഭൂമിക്കു കീഴിൽ അഥവാ യാഗപീഠത്തിൻ കീഴിൽ (രണ്ടു ഒലിവുമരത്തിലെ രണ്ടാമത്തെ ഒലിവുമരം) | സേനാദിവസത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനം | നക്ഷത്ര തേജസ്സിൽ വ്യത്യസ്ഥതയുള്ളവർ | മണവാളന്റെ തോഴ്മക്കാർ, മഹാരാജാവാം ദൈവത്തിന്റെ പിമ്പിൽ നടക്കുന്ന വീണക്കാർ | പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ ഗോപുരങ്ങൾ |

പുതിയ യെരുശലേം എന്ന ജീവനുള്ള ദൈവനഗരത്തിലെ മന്ദിരം, നഗരം, മതിൽ, ഗോപുരങ്ങൾ എന്നിവയിൽ ഉൾപ്പെടുന്ന വിശുദ്ധന്മാർ ആരൊക്കെയെന്നതിന്റെ സംക്ഷിപ്തരൂപമാണ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് നമുക്ക് ലഭിക്കുന്നത്.

ഏഴാമത്തെ കലശം ദൂതൻ ആകാശത്തിൽ ഒഴിക്കുന്നതോടെയാണ് സംഭവിച്ചു തീർന്നു എന്ന ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നത്. അത് പരിശുദ്ധാത്മാവാം ദൈവത്തിന്റെ ശബ്ദമാണ്. ദൈവവചനമാകുന്ന ക്രിസ്തു മാനവരാശിയുടെ പാപപരിഹാരത്തിനു വേണ്ടി യാഗമായിത്തീർന്നപ്പോൾ ക്രൂശിൽവെച്ച് സകലവും നിവർത്തിയായി എന്നു തിരുവായ് മൊഴിഞ്ഞതാണ് **ഭൂതകാലത്തിൽ** നിവർത്തീകരിക്കപ്പെട്ട സംഭവങ്ങളിലെ പരമോന്നതമായിട്ടുള്ളത്. അതെത്തുടർന്നു പരിശുദ്ധാത്മാവാം ദൈവത്തിന്റെ പ്രവർത്തനമാണ് ഭൂമിയിൽ **വർത്തമാനകാലത്തു** നിറവേറപ്പെട്ടുകൊണ്ടിരിക്കുന്നത്. അത് പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തോട് ചേരുവാനുള്ള വിശുദ്ധന്മാരുടെ എണ്ണം തികെച്ചെടുക്കുക എന്നതാണ്. അതിന്റെ പൂർത്തീകരണവേളയിലാണ് സംഭവിച്ചു കഴിഞ്ഞു എന്ന് **ഭാവികാലത്തോടുള്ള** ബന്ധത്തിൽ പരിശുദ്ധാത്മാവാം ദൈവം സ്വർഗീയ ദൈവാലയത്തിൽനിന്ന് അരുളിച്ചെയ്യുന്നത്. അതോടൊപ്പം എതിർ ക്രിസ്തുവിന്റെ മേലും അവന്റെ രാജ്യത്തിന്മേലും ചൊരിയപ്പെടുന്ന ദൈവക്രോധം പൂർത്തീകരിക്കപ്പെടുന്നു എന്നതിന്റെ വ്യക്തതയും നമുക്ക് ലഭിക്കുന്നു.

ഏഴാമത്തെ കാഹളത്തിൽ മറഞ്ഞിരിക്കുന്ന മൂന്നാമത്തെ കഷ്ടമാണ് ഏഴു ക്രോധകലശങ്ങൾ ചൊരിയപ്പെടുന്നതോടെ പൂർത്തീകരിക്കപ്പെടുന്നത്. അഞ്ചാമത്തെ കാഹളമാകുന്ന ഒന്നാമത്തെ കഷ്ടവും (വെളി. 19:12), രണ്ടാമത്തെ കഷ്ടമാകുന്ന ആറാമത്തെ കാഹളവും (വെളി. 11:14) **കഴിഞ്ഞു** എന്നാണ് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മൂന്നാമത്തെ കഷ്ടം ഏഴു ക്രോധകലശങ്ങളോടുള്ള ബന്ധത്തിൽ ഏഴാമത്തെ കാഹളനാദത്തിൽ സംഭവിച്ചു കഴിഞ്ഞു എന്ന് മർമ്മമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് (വെളി. 16:17). അത് മാത്രമല്ല യോഹന്നാനുണ്ടാകുന്ന രണ്ടാമത്തെ ആത്മവിവശതയിലെ സകല സംഭവങ്ങളും മൂന്നാമത്തെ കഷ്ടം നിറവേറപ്പെടുന്നതോടെ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു.

ഏഴു മുദ്ര, ഏഴു കാഹളം, ഏഴുകലശം എന്നിവയെത്തുടർന്ന് ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു മഹാകാര്യ ങ്ങളിലേക്കാണ് ലോകസംഭവങ്ങൾ ക്രമമായി മാറ്റപ്പെടുന്നത്. ആ ദിവസങ്ങൾ ഏതൊക്കെയെന്നതിനെ ക്കുറിച്ചല്ലാതെ അവയുടെ വിശദീകരണത്തിന് ഇവിടെ മുതിരുന്നില്ല. ഏഴ് കാഹളങ്ങൾക്കു ശേഷം ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്നത് ഭാവിയിൽ നിറവേറപ്പെടുവാനുള്ള ഏഴു മഹാസംഭവങ്ങളാണ്. അവ ഏഴു ദിവസങ്ങളോടുള്ള ബന്ധത്തിലാണ് തിരുവചനത്തിൽ മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്നത്.

| ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴ് ദിവസങ്ങൾ | |
|---|---|
| പ്രതികാരദിവസം | മർമ്മം:മഹതിയാം ബാബിലോനിന്റെ ന്യായവിധി |
| സേനാദിവസം | സ്വർഗത്തിൽ കുഞ്ഞാട് രാജത്വം ഏറ്റെടുക്കുന്നത് |
| കല്ല്യാണനാൾ | കുഞ്ഞാടാം ദൈവത്തിന്റെ സ്വർഗീയ വിവാഹം |
| മനുഷ്യപുത്രൻ വെളിപ്പെടുന്ന ക്രോധദിവസം | ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ രാജാക്കന്മാരെ തകർത്തുകളയുന്നത് |
| കൂടാരപ്പെരുന്നാൾ | സഹസ്രാബ്ദ വാഴ്ച |
| ഒടുക്കത്തെ നാൾ | മരിച്ചവരുടെ അന്ത്യന്യായവിധി |
| ഉണ്ടാക്കുവാനുള്ള ദിവസം | മാനവരാശിയോടുള്ള ബന്ധത്തിലെ നിത്യയുഗാരംഭം |

യോഹന്നാനു ഭൂമിയിൽവെച്ചുണ്ടാകുന്ന മൂന്നാമത്തെ ആത്മവിവശതയിലാണ് ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴ് മഹാകാര്യങ്ങൾ ഏഴ് ദിവസങ്ങളോടുള്ള ബന്ധത്തിൽ നിറവേറ പ്പെടുന്നതായി അവൻ ദർശിക്കുന്നത്. അതിൽ ഒന്നാമത്തെ സംഭ വം പ്രതികാരദിവസത്തിൽ നടക്കുന്ന മർമ്മം:മഹതിയാം ബാബി ലോനിന്റെ ന്യായവിധിയാണ്. ദാനിയേൽ പ്രവാചകൻ ഭൂരാജാക്ക ന്മാരുടെ മേൽ രാജത്വമുള്ള മഹാനഗരത്തെ ഒരു മൃഗമായിട്ടാണ് ദർശിക്കുന്നതെങ്കിൽ വെളിപ്പാട്പുസ്തകത്തിൽ എതിർക്രിസ്തു വിനെ ആഴത്തിൽനിന്നു കയറിവരുന്ന സമ്മിശ്ര മൃഗമായിട്ടും കള്ളപ്രവാചകനെ ഭൂമിയിൽനിന്ന് കയറിവരുന്ന മറ്റൊരു മൃഗമായിട്ടും മർമ്മം:മഹതിയാം ബാബിലോനെ ഒരു മൃഗം ചുമന്നുകൊണ്ടു നില്ക്കുന്ന ഒരു സ്ത്രീയോടുള്ള ബന്ധത്തി

ലുമാണ് ചിത്രീകരിച്ചിരിക്കുന്നത്. മൃഗത്തെ കൊന്ന് അതിന്റെ ഉടലിനെ തീയിലിട്ടു ചുട്ടുകളയുന്നു എന്ന് ദാനിയേൽ പ്രവചിച്ചിരിക്കുന്നത് എതിർക്രിസ്തുവും കള്ളപ്രവാചകനും അവരുടെ സഖ്യരാഷ്ട്രങ്ങളും കൂടി മർമ്മം:മഹതിയാം ബാബിലോൻ എന്ന മഹാനഗരത്തെ അഗ്നിക്കിരയാക്കുന്നതിനെക്കുറിച്ചാണ്. കേവലം ഒരു മണിക്കൂർ കൊണ്ട് മഹതിയാം ബാബിലോനിന്റെ ന്യായവിധി ദൈവഹിതത്താൽ അവളെ ചുമന്നുകൊണ്ടു നില്ക്കുന്നവരെക്കൊണ്ട് തന്നെ ദൈവം നിവർത്തീകരിക്കുന്നു. അവർ മർമ്മം: മഹതിയാം ബാബിലോനിനെ ദ്വേഷിച്ചു കേവലം ഒരു മണിക്കൂർ കൊണ്ട് അവളെ ഭസ്മമാക്കിക്കളയുന്നതാണ് ദൈവത്തിന്റെ പ്രതികാരദിവസത്തിൽ മർമ്മം:മഹതിയാം ബാബിലോനോടുള്ള ബന്ധത്തിൽ സംഭവിക്കുന്നത്.

പ്രതികാരദിവസത്തിന്റെ പൂർത്തീകരണത്തോടെയാണ് യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള രക്തസാക്ഷികളുടെ സംഖ്യയാകുന്ന നൂറ്റിനാല്പത്തിനാലായിരം എന്ന സംഖ്യ പൂർത്തീകരിക്കപ്പെടുന്നത്. അതേത്തുടർന്ന് കർത്താവിന്റെ സേനാദിവസത്തിന്റെ പ്രാരംഭത്തിൽ സുവിശേഷത്തിനായി രക്തസാക്ഷികളാകുന്നവരുടെ രഹസ്യ എണ്ണവും പൂർത്തീകരിക്കപ്പെടുന്നു. ഈ രണ്ട് ഗണങ്ങളിൽ ഉൾപ്പെടുന്നവരുടെയും ആത്മാക്കൾ പ്രവേശിപ്പിക്കപ്പെടുന്നത് യാഗപീഠത്തിൻ കീഴിൽ അഥവാ ഭൂമിക്കു കീഴിലേക്കാകുന്നു. അവരുടെ എണ്ണം തികെയപ്പെടുന്നതോടെയാണ് അവരുടെ പുനരുത്ഥാനവും സ്വർഗാരോഹണവും സേനാദിവസത്തിന്റെ പ്രാരംഭത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനത്തിൽ സംഭവിക്കുന്നത്. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളികളാകുന്നവർകൂടി സ്വർഗാധിസ്വർഗത്തിൽ എത്തിച്ചേരുന്നതോടെയാണ് പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലുൾപ്പെടുവാനുള്ള സ്വർഗീയശരീരങ്ങളുടെ തേജസ്സ് പ്രാപിക്കുന്ന സകല വിശുദ്ധന്മാരും അവിടെ എത്തിച്ചേരുന്നത്. കുഞ്ഞാടാം ദൈവം തന്റെ സേനാദിവസത്തിൽ രാജത്വം ഏറ്റെടുക്കുന്നതാണ് അതെത്തുടർന്ന് നടക്കുന്ന സംഭവം. കുഞ്ഞാടിനെ മഹാരാജാവായി പിതാവാം ദൈവം വാഴിക്കുന്നത് സ്വർഗീയ സീയോനിലാണ്. എതിർക്രിസ്തുവിന്റെ ഭരണം അവസാനിപ്പിക്കുന്നതിനായി കർത്താവ് രാജത്വം ഏറ്റെടുത്ത് ഭൂമിയിലേക്ക് തന്റെ സകല വിശുദ്ധന്മാരുമായി പ്രത്യക്ഷപ്പെടുവാനുള്ള സമയമാണ്

സേനാദിവസത്തിന്റെ അവസാനത്തിൽ സമാഗതമാകുന്നത്. മഹാരാജാവാം ക്രിസ്തയേശു ലോകരാജത്വം ഏറ്റെടുത്തതിനു ശേഷമാണ് കുഞ്ഞാടാം ദൈവത്തിന്റെ കല്ല്യാണം സ്വർഗാധി സ്വർഗത്തിൽ വെച്ച് നിറവേറപ്പെടുന്നത്. അതാണ് ഏഴ് ഇടി നാദത്തിൽ മറഞ്ഞിരിക്കുന്ന മൂന്നാമത്തെ ദിവസമാകുന്ന കല്ല്യാണനാൾ.

ലോകസ്ഥാപനത്തിനു മുമ്പേ സ്വർഗീയ ദൈവം നിർണ്ണയം ചെയ്തിരുന്ന മഹനീയ കാര്യമാണ് കുഞ്ഞാടിന്റെ കല്ല്യാണം. മനുഷ്യസൃഷ്ടിയോടുള്ള ബന്ധത്തിൽ നിഴലായി ഭർത്താവും ഭാര്യയും ഏകദേഹമായിത്തീരും എന്നു പറഞ്ഞു തുടങ്ങിയ ദൈവീക മർമ്മം പൊരുളായി അതിന്റെ പൂർണ്ണതയിൽ പൂർത്തീകരിക്കപ്പെടുന്ന സുവർണ്ണദിനമാണ് കുഞ്ഞാടിന്റെ കല്ല്യാണനാൾ. ക്രിസ്തു എന്ന ആത്മമണവാളനും നിർമ്മലകന്യക എന്ന ആത്മമണവാട്ടിയും സ്വർഗത്തിൽ ഒന്നായിച്ചേരുന്ന മഹനീയ സന്ദർഭത്തിലാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ മർമ്മം അക്ഷരീകമായി നിറവേറപ്പെടുന്നത് (ഉല്പ. 2:24, മത്താ. 19:4–5, മർക്കൊ. 10:4–8, കൊരി. 6:17, എഫെ. 5:31–32). പുത്രനാം ദൈവമാകുന്ന ക്രിസ്തു എന്ന മഹാരാജാവും അവന്റെ കാന്തയാകുന്ന വിശുദ്ധസഭയുടെയും വിവാഹം സ്വർഗാധിസ്വർഗത്തിൽ പിതാവാം ദൈവത്തിന്റെയും പരിശുദ്ധാത്മാവാം ദൈവത്തിന്റെയും ആശീർവാദത്തിലും ശ്രേഷ്ഠന്മാരായ വിശുദ്ധന്മാരുടെയും സ്വർഗീയ ദൂതന്മാരുടെയും സാന്നിധ്യത്തിലുമാകുന്നു നടത്തപ്പെടുന്നത്. സേനാദിവസത്തിൽ കുഞ്ഞാടാം ദൈവത്തിന്റെ രാജാഭിഷേകവും കല്ല്യാണനാളിൽ കുഞ്ഞാടിന്റെ വിവാഹവും സ്വർഗാധിസ്വർഗത്തിൽവെച്ച് നടത്തപ്പെട്ടതിനു ശേഷം തുടർന്നുള്ള കല്ല്യാണസദ്യ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹാരാജാവിന്റെ നഗരമാകുന്ന ഭൂമിയിലെ യെരുശലേമിൽ വെച്ചാണ് നടത്തപ്പെടുന്നത്.

സ്വർഗം തുറന്നു സ്വർഗീയ സൈന്യ അകമ്പടിയോടെ മനുഷ്യപുത്രൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന ദിവസമാണ് ഏഴു ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു ദിവസങ്ങളിലെ നാലാമത്തെ ദിവസമാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ. തിരുവചനത്തിൽ ദൈവീകപ്രത്യക്ഷതയോടുള്ള ബന്ധത്തിൽ ഏറ്റവും അധികം പരാമർശമുള്ളത് കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതയെക്കുറിച്ചാണ്. യേശുവിനെ

സ്വർഗത്തിലേക്ക് പോകുന്നവനായി കണ്ടതുപോലെതന്നെ അവൻ വീണ്ടും വരുന്ന ദിവസമാണിത് (അപ്പൊ. 1:11). മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നിറവേറപ്പെടുന്നത് ഏഴു സുപ്രധാന സംഭവങ്ങളാണ്. അവ ഓരോന്നും നിവർത്തീകരിക്കപ്പെടുന്നതിന്റെ സംഭവക്രമമാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ലോകാവസാനമാകുന്ന കൊയ്ത്തിൽ മനുഷ്യപുത്രൻ തന്റെ വൃതന്മാരെ ചേർക്കുന്നത് (വെളി. 14:14–16)
2. ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ മൃഗത്തെയും കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ തള്ളിക്കളയുന്നത് (വെളി. 19:17–21)
3. ഭൂമിയിലെ മുന്തിരിക്കുല അറുത്തു ദൈവക്രോധത്തിന്റെ വലിയ ചക്കിലിട്ട് മെതിക്കുന്നത് (വെളി. 14:17–20)
4. സാത്താൻ ബന്ധിക്കപ്പെട്ട് അഗാധമാകുന്ന തടവറയിൽ ആയിരം വർഷത്തേക്ക് അടച്ച് മുദ്രയിടപ്പെടുന്നത് (വെളി. 20:1–3)
5. ഭൂമിയിൽ വെച്ചു നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യ (വെളി. 19:9)
6. ലോകാവസാനമാകുന്ന കൊയ്ത്തിന്റെ അന്ത്യത്തിൽ ദുഷ്ടന്മാരെ നീതിമാന്മാരുടെ ഇടയിൽനിന്ന് വേർതിരിച്ച് മഹത്വസിംഹാസനത്തിന്റെ ഇരുവശത്തുമായി നിർത്തുന്നത് (മത്താ. 25:31–33)
7. മഹത്വസിംഹാസനത്തിനു മുമ്പിലുള്ള ന്യായവിധിയും സഹസ്രാബ്ദവാഴ്ചയുടെ ആരംഭവും (വെളി. 20:4)

കർത്താവിന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള കാലമാണ് അന്ത്യകാലം. അതിനെയാണ് ലോകാവസാനം എന്ന പേരിലും അറിയപ്പെടുന്നത്. കർത്താവ് പ്രത്യക്ഷപ്പെടുന്ന പരസ്യവരവിൽ നടക്കുന്ന പ്രാരംഭ സംഭവം അവൻ തന്റെ ദൂതന്മാരെ അയച്ച് ഭൂമിയുടെ അറുതികളിൽ നിന്നു തന്റെ വൃതന്മാരെ ശേഖരിക്കുന്നതാണ്. യിസ്രായേലിനോട് ദൈവം അരുളിച്ചെയ്ത ഏഴ് ഉത്സവങ്ങളിൽ മൂന്നു പെരുന്നാളുകൾ കൊയ്ത്തിനോടുള്ള ബന്ധത്തിലുള്ളവയാണ്. അവ ആദ്യഫല പെരുന്നാൾ, കൊയ്ത്ത്പെരുന്നാൾ, കായ്കനിപ്പെരുന്നാൾ എന്നിവയാകുന്നു (ലേവ്യ. 23:10–17, പുറ.23:16).

## ആദ്യഫലപ്പെരുന്നാൾ

ലോകാവസാനമാകുന്ന കൊയ്ത്തിന്റെ ആരംഭത്തിങ്കൽ അക്ഷരീകമായി നിറവേറപ്പെട്ടത് കൊയ്ത്തിലെ ആദ്യത്തെ കറ്റയാകുന്ന ക്രിസ്തുയേശു മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനത്തിൽ ആദ്യനായി സ്വർഗാധിസ്വർഗത്തിലേക്ക് പ്രവേശിക്കപ്പെട്ടതാണ്.

## കൊയ്ത്തുപെരുന്നാൾ

പെന്തെക്കൊസ്തുനാളിൽ ദൈവസഭയുടെ ആരംഭത്തോടു നിഴലായി ആദ്യവിളവ് ശേഖരിക്കപ്പെടുന്ന കൊയ്ത്തുപെരുന്നാൾ ആരംഭിച്ചു. അത് അക്ഷരീകമായി നിറവേറപ്പെടുന്നത് മൂന്നു ഘട്ടങ്ങളിലായിട്ടാണ്.

- കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയിൽ പറുദീസയിലെ മൂന്നാം സ്വർഗത്തിൽ വിശ്രമിക്കുന്ന മണവാട്ടിസഭയുടെ മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനവും സ്വർഗാ രോഹണവും.
- എതിർക്രിസ്തുവിന്റെ ഭരണാരംഭത്തിങ്കൽ നടക്കുന്ന രണ്ടു സാക്ഷികളുടെ പുനരുത്ഥാനത്തിൽ പറുദീസയിലെ ഒന്നാം സ്വർഗത്തിലും രണ്ടാം സ്വർഗത്തിലും വിശ്രമിക്കുന്ന വിശുദ്ധന്മാരുടെ പുനരുത്ഥാനവും സ്വർഗാരോഹണവും
- കർത്താവിന്റെ സേനാദിവസത്തിൽ നടക്കുന്ന ഒന്നാമത്തെ പുനരുത്ഥാനത്തിൽ എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷികളാകുന്നവരുടെ പുനരുത്ഥാനവും സ്വർഗാ രോഹണവും

## കായ്കനിപ്പെരുന്നാൾ

ആണ്ടറുതിയിൽ വയലിൽനിന്ന് വേലയുടെ ഫലം ശേഖരിച്ച് കഴിയുമ്പോൾ നടക്കുന്ന പെരുന്നാൾ ആണ് കായ്കനിപ്പെരുന്നാൾ. ഈ പെരുന്നാൾ യിസ്രായേലിന്റെ കൂടാരപ്പെരുന്നാളിനോടുള്ള ബന്ധത്തിൽ ഉള്ളതാണ്. കായ്കനിപ്പെരുന്നാൾ അക്ഷരീകമായി നിറവേറപ്പെടുന്നത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാണ്. മൂന്നു ഘട്ടങ്ങളിലായിട്ടാണ് കായ്കനിപ്പെരുന്നാളും അന്ന് പൂർത്തീകരിക്കപ്പെടുന്നത്.

- കർത്താവ് തന്റെ ദൂതന്മാരെ അയച്ച് ഭൂമിയുടെ അറുതികളിൽ നിന്ന് തന്റെ വൃതന്മാരെ ശേഖരിക്കുന്നത്
- മുന്തിരിക്കുല അറുത്തെടുക്കുന്നത്
- മഹത്വ സിംഹാസനത്തിനു മുമ്പിൽ സകല ജാതികളെയും ദൂതന്മാർ കൂട്ടിച്ചേർക്കുന്നത്

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ പ്രാരംഭത്തിൽ സംഭവിക്കുന്നത് അവന്റെ വൃതന്മാരെ ശേഖരിക്കുന്നതാണ്. പുതിയ യെരുശലേമിനോട് ചേരുവാനുള്ള സകല വിശുദ്ധന്മാരും പുനരുത്ഥാനാനന്തരം സ്വർഗീയ ശരീരങ്ങളുടെ തേജസ്സ് പ്രാപിച്ച് സ്വർഗത്തിൽ പ്രവേശിച്ചതിനുശേഷം ലോകത്തിൽ നടക്കുന്നത് ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടതയാണ്. ആ നാളുകളിൽ വിശ്വാസത്തിനുവേണ്ടി സഹിഷ്ണുതയോടെ പിടിച്ചുനില്ക്കുക എന്നത് വളരെ ദുഷ്കരമാകയാൽ അനേകർ വിശ്വാസം ത്യജിക്കും. വിശ്വാസത്യാഗം സംഭവിച്ച് വൃതന്മാരുടെ ആത്മീക ജീവിതത്തിനുപോലും കോട്ടം സംഭവിക്കുമെന്നതിനാലാണ് കർത്താവ് ആ നാളുകളെ ചുരുക്കി തന്റെ പുത്രനെ മഹത്വത്തിൽ ഭൂമിയിലേക്ക് അയയ്ക്കുന്നത്. മനുഷ്യരുടെ ഇടയിൽ വിശ്വാസത്യാഗം പൂർണ്ണതോതിൽ സംഭവിച്ചുതുടങ്ങുന്നത് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയ്ക്കു ശേഷമാണ്. അനേകർ വിശ്വാസം ത്യജിക്കുന്ന ഭാവികാലത്തെക്കുറിച്ച് തിമൊഥെയൊസിന്റെ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കുപറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന ആത്മാവ് തെളിവായി പറയുന്നു (1 തിമൊ. 4:1).

കർത്താവ് മഹത്വത്തിൽ പ്രത്യക്ഷപ്പെടുന്ന നാളിന് മുമ്പ് വിശ്വാസത്യാഗം സംഭവിച്ച് അതിന്റെ പൂർണ്ണതയിലേക്ക് എത്തിച്ചേരുന്നു. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മ മൂർത്തിയുമായവൻ വെളിപ്പെടുകയും വേണം (2 തെസ്സ. 2:3) എന്ന വാക്യത്തിലെ പരാമർശം മൂന്നര വർഷത്തെ സാത്താനിക മഹോപദ്രവവും അതിനുശേഷം നടക്കുന്ന എതിർക്രിസ്തുവിന്റെ പ്രത്യക്ഷതയെയും കുറിച്ചാണ്.

കർത്താവിന്റെ മധ്യാകാശ പ്രത്യക്ഷതയ്ക്കും മഹത്വ പ്രത്യക്ഷതയ്ക്കും ഇടയിലുള്ള ഏഴുവർഷത്തിന്റെ ഓരോ നാളുകൾ കഴിയുംതോറും വിശ്വാസത്യാഗം പടിപിടിയായി സംഭവിക്കുകയും ഒടുവിൽ വൃതന്മാർകൂടി തെറ്റിപ്പോകുന്ന അവസ്ഥയിലേക്ക് ആത്മീയ ഗോളം അധപതിക്കുകയും ചെയ്യുന്നു. ലോകാവസാനത്തിന്റെ അന്ത്യനാളുകളിൽ ദൈവീകവിശ്വാസം ഭൂമിയിൽ കണ്ടെത്തുവാൻ സാധിക്കാത്ത വിധത്തിൽ മനുഷ്യരെ തെറ്റിച്ചുകളയുന്ന ഭൂതാത്മാക്കളുടെയും ഭോഷ്കിന്റെ ആത്മാക്കളുടെയും പ്രവർത്തനം അതിന്റെ ഉച്ചാവസ്ഥയിൽ നില്ക്കുന്ന വേളയിലാണ് കർത്താവ് തന്റെ വൃതന്മാർ നിമിത്തം ആ നാളുകളെ ചുരുക്കുന്നത്. അതേ ത്തുടർന്നാണ് വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാത നും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തു എന്ന മഹാരാജാവ് മേഘാരുഢനായി ഭൂമിയിൽ പ്രത്യക്ഷപ്പെ ടുന്നത്. മനുഷ്യപുത്രൻ മഹത്വത്തിൽ പ്രത്യക്ഷപ്പെടുന്ന നാളിലാണ് ഏത് കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണുകയും ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കുകയും ചെയ്യുന്നത്.

കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷത വചന തെളിവു കളാൽ സ്ഥിരപ്പെടുത്തുന്നത് കർത്താവിന്റെ മധ്യാകാശവരവും മഹത്വപ്രത്യക്ഷതയും തമ്മിലുള്ള വേർതിരിവ് വ്യക്തമാക്കുന്ന തിനാണ്. ആവർത്തനപുസ്തകത്തിൽ യെശൂരന്റെ സഹായത്തി നായി ക്രിസ്തു എന്ന അഭിഷിക്തൻ പ്രത്യക്ഷപ്പെടുന്നതിനെ ക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> യെശൂരന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു (ആവ. 33:26).

സാത്താനീക ആരാധന കൊടികുത്തി വാഴുന്ന ലോകാ വസാനത്തിന്റെ അന്ത്യനാളുകളിൽ മഹാസർപ്പമാകുന്ന സാത്താനെയും എതിർക്രിസ്തുവിനെയും നമസ്കരിക്കുന്ന ഭൂലോകം അന്നു വമ്പുപറയുന്നത് മൃഗമാകുന്ന എതിർ ക്രിസ്തുവിനു തുല്യൻ ആർ? എന്നും അവനോടു പൊരുതുവാൻ ആർക്കു കഴിയും എന്നുമാകുന്നു. എതിർക്രിസ്തു എന്ന മൃഗത്തിനെതിരെ ആത്മീകമായി യുദ്ധം ചെയ്ത് പിടിച്ചു

നില്ക്കുന്ന വൃതന്മാരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് ഹർമ്മെഗെദ്ദോൻ യുദ്ധത്തിനായുള്ള ഒരുക്കമാണ് സാത്താൻ വട്ടം കൂട്ടുന്നത്. യെരുശലേമിനെതിരെ ലോകരാജ്യ ങ്ങൾ ഒത്തുചേർന്ന് അവരെ കഠിനമായി ഞെരുക്കുന്ന സന്ദർഭ ത്തിലാണ് കർത്താവായ യേശുക്രിസ്തു സ്വർഗം തുറന്ന് അ വനും അവനോടുകൂടെയുള്ള വിശുദ്ധന്മാരും അവരുടെ രക്ഷ യ്ക്കായി ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്.

യിസ്രായേൽ ജനത്തിന്റെ ദുർഘടനാളുകളിൽ മറ്റൊന്നിലും ആശ്രയിക്കാതെ മോശെയുടെ അനുഗ്രഹ പ്രാർത്ഥനയിലെ വചനങ്ങളെയാണ് (ആവ. 33) അവർ നെഞ്ചോട് ചേർത്തുപിടി ക്കുന്നത്. മൃഗമാകുന്ന എതിർക്രിസ്തു എന്ന മനുഷ്യൻ സൃഷ്ടി ആയതുകൊണ്ട് സൃഷ്ടാവിനെ ആരാധിക്കുന്ന വിവേകമുള്ള ജനം സൃഷ്ടിയെ ആരാധിക്കുന്നവരോടു കൂടെ ചേരുകയില്ല. അവർ ഒരു രാജ്യമായി ഭൂമിയുടെ മദ്ധ്യഭാഗത്ത് നിലകൊള്ളു മ്പോൾ സത്യദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധി ക്കുന്ന സുവിശേഷത്തിന്റെ സാക്ഷികളാകുന്ന വൃതന്മാരുടെ ശേഷിപ്പ് ഭൂമിയിൽ എല്ലായിടത്തും ഉണ്ടായിരിക്കും. കർത്താവിനെ ഭൂമിയിൽ സ്വീകരിപ്പാൻ ഒരുങ്ങിനില്ക്കുന്ന ഏറ്റവും ചെറിയവർ, ഏറ്റവും ചെറിയ സഹോദരന്മാർ എന്നീ രണ്ടു ഗണങ്ങളിൽ പെടുന്ന **വൃതന്മാരെയാണ്** മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ പുനരുത്ഥാനമോ രൂപാന്തരമോ കൂടാതെ ദൂതന്മാർ ഭൂലോകത്തിന്റെ നാല് അറുതികളിൽനിന്നും യെരുശലേമിൽ കൂട്ടിച്ചേർക്കുന്നത്.

രാജാധിരാജാവും കർത്താധികർത്താവും എന്ന നാമമുള്ള വനും അവനോടുകൂടെ സ്വർഗത്തിലെ സൈന്യവും സ്വർഗം തുറന്ന് വെള്ളക്കുതിരപ്പുറത്തു പ്രത്യക്ഷമാകുന്നത് ഭൂമിയിലെ എതിർ ക്രിസ്തുവിന്റെ ഭരണം അവസാനിപ്പിച്ച് ലോകരാജത്വം അക്ഷരീകമായി ഏറ്റെടുക്കുന്നതിനുവേണ്ടിയാണ്. കർത്താവ് തന്റെ ദൂതന്മാരെ അയച്ച് അവനുവേണ്ടി കാത്തുനില്ക്കുന്ന വൃത ന്മാരെ യെരുശലേമിൽ കൂട്ടിച്ചേർക്കുകയാണ് പ്രാരംഭത്തിൽ ചെയ്യുന്നത്. സകല ജാതികളും യെരുശ ലേമിനോട് യുദ്ധത്തി നായി ഒത്തുചേരുകയും നഗരം പിടിക്കപ്പെടുകയും വീടുകൾ കൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്ക് പോകുകയും ചെയ്യുന്ന കാലത്ത്

ജനത്തിൽ ശേഷിപ്പുള്ളവർ മാത്രമാണ് നഗരത്തിൽ കൊല്ലപ്പെടാതിരിക്കുന്നത് (സെഖ. 14:2). അന്ന് കർത്താവിനുവേണ്ടി ഭൂമിയിൽ കാത്തുനില്ക്കുന്ന വൃതന്മാരെ ചുരുങ്ങിയ സമയംകൊണ്ടാണ് കർത്താവ് തന്റെ ദൂതന്മാരെ കാഹളങ്ങളോടെ അയച്ചു ശേഖരിക്കുന്നത്. അന്ന് തലയിൽ പൊൻകിരീടധാരിയായി വെളുത്തൊരു മേഘത്തിൽ മനുഷ്യപുത്രനു സദൃശ്യനായവൻ തന്റെ കയ്യിലിരിക്കുന്ന മൂർച്ചയുള്ള അരിവാൾ കൊണ്ട് കൊയ്തെടുക്കുന്നതായിട്ട് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ആണ്ടറുതിയിൽ വയലിൽനിന്ന് ഫലം ശേഖരിക്കുന്ന കായ്കനിപ്പെരുന്നാളിന്റെ പ്രാരംഭഘട്ടമാകുന്നു.

അന്ന് വൃതന്മാരെ ചേർക്കുന്ന കൊയ്ത്ത് എപ്രകാരം നടക്കുന്നു എന്നതിന്റെ വളരെ വ്യക്തമായ വിശദീകരണമാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും;... അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചും കൊണ്ട് മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണും. അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയയ്ക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും (മത്താ. 24:29-31).

ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്ന കർത്താവിനെയും അവന്റെ മണവാട്ടിയെയും അവനോടു കൂടെ വരുന്ന വിശുദ്ധന്മാരെയും ആർപ്പുവിളികളോടെ ഭൂമിയിൽ സ്വീകരിക്കുന്നത് അന്ന് ദൂതന്മാർ യെരുശലേമിൽ കൂട്ടിച്ചേർക്കുന്ന വൃതന്മാരാണ്. അവരിൽ രണ്ടു വിഭാഗത്തിൽപെടുന്നവർ ഉണ്ടെന്നുള്ളത് ഇതിനോടകം നാം ചിന്തിക്കുകയുണ്ടായി. യിസ്രായേൽ വൃതന്മാരെ അത്തിവൃക്ഷം പ്രതിനിധീകരിക്കുമ്പോൾ കൈവിളക്കും പാത്രത്തിൽ എണ്ണയുമുള്ള ബുദ്ധിയുള്ള അഞ്ചു കന്യകന്മാർ സുവിശേഷ ത്തിന്റെ അവസാനശേഷിപ്പിൽ ഉള്ളവരെയാണ് പ്രതിനിധീകരി ക്കുന്നത്. അന്ന് ചേർക്കപ്പെടുന്ന പുനരുത്ഥാനം പ്രാപിക്കാത്ത വൃതന്മാർ പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ ഭാഗമല്ല. അവർക്ക് ഭൂമിയിൽ വെച്ചു നടക്കുന്ന കല്ല്യാണസദ്യ യിലും

ദൈവരാജ്യത്തിലും പന്തിക്കിരിക്കുവാനും ആയിരമാണ്ട് വാഴ്ചയിൽ പട്ടണങ്ങളുടെ അധികാരികളാകുവാനുമുള്ള ഭാഗ്യമാണ് സിദ്ധിക്കുന്നത്. ഇതിനു മുമ്പ് പ്രസിദ്ധീകരിച്ച 'പുസ്തക വ്യാഖ്യാനം വെളിപ്പാട്' എന്ന ഗ്രന്ഥത്തിൽ ഇത് വ്യക്തമാക്കിയിരിക്കുന്നതുകൊണ്ട് വിശദീകരണത്തിന് മുതിരുന്നില്ല. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ കൂട്ടിച്ചേർക്കുന്ന വ്യതന്മാരെക്കുറിച്ചും അവരുടെ പദവികളെക്കുറിച്ചുമാണ് പട്ടികരൂപത്തിൽ ചുവടെ കൊടുത്തിരിക്കുന്നത്.

| മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ശേഖരിക്കപ്പെടുന്ന വ്യതന്മാർ | | |
|---|---|---|
| യിസ്രായേൽ ഗോത്രങ്ങളിൽനിന്നും ശേഖരിക്കപ്പെടുന്ന വ്യതന്മാർ (ഏറ്റവും ചെറിയവർ) | അത്തിവൃക്ഷം | കല്ല്യാണസദ്യയിൽ പങ്കെടുക്കുവാനും ദൈവരാജ്യത്തിൽ പന്തിക്കിരിക്കുവാനുമുള്ള അവകാശം, പട്ടണങ്ങളെ ഭരിക്കുവാനുള്ള അധികാരം |
| സഭയുടെ ശേഷിപ്പിൽ ഉൾപ്പെടുന്ന സുവിശേഷത്തിന്റെ വ്യതന്മാർ (ഏറ്റവും ചെറിയ സഹോദരന്മാർ) | കയ്യിൽ വിളക്കും പാത്രത്തിൽ എണ്ണയുമുള്ള ബുദ്ധിയുള്ള അഞ്ച് കന്യകന്മാർ | കല്ല്യാണസദ്യയിൽ പങ്കെടുക്കുവാനും ദൈവരാജ്യത്തിൽ പന്തിക്കിരിക്കുവാനുമുള്ള അവകാശം, പട്ടണങ്ങളെ ഭരിക്കുവാനുള്ള അധികാരം |

യെരുശലേമിൽ ദൈവജനത്തിന്റെ നെടുവീർപ്പ് മാറി ആർപ്പുവിളി ഉയരുന്നത് കർത്താവിന്റെ മഹത്വപ്രത്യക്ഷതയിലാണ്. ഒലിവുമലയിൽനിന്ന് കർത്താവും അവനോടുകൂടെ വരുന്നവരും കല്ല്യാണവിരുന്ന് നടക്കുവാനുള്ള വിരുന്നുശാലയിലേക്കാണ് വ്യതന്മാരോടൊപ്പം പ്രവേശിക്കുന്നത്. ഒരുക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിന് തുല്യമായ വ്യതന്മാർ അന്നു ചേർക്കപ്പെടാത്തതുകൊണ്ട് ദൂതന്മാരെ അയച്ച് കണ്ടവരെ കൊണ്ടുവന്ന് വിരുന്നുശാല നിറയ്ക്കുന്നു. അവർ സ്നേഹിതപദവിയിൽ വിരുന്നുശാലയിൽ പ്രവേശിപ്പിക്കപ്പെടുന്നവരാണ്. എന്നാൽ അവരിൽ എല്ലാവരും കല്ല്യാണസദ്യയിൽ പങ്കെടുക്കുവാൻ യോഗ്യരാകുകയില്ല. അതേക്കുറിച്ചാണ് അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്. സ്നേഹിതപദവിയിൽ ചേർക്കപ്പെടുന്ന

വരിൽ യോഗ്യരാകുന്നവർ കല്ല്യാണവിരുന്നിലും, ദൈവരാജ്യ ത്തിൽ പന്തിക്കിരിക്കാനുമാണ് യോഗ്യരാകുന്നത്. വൃതന്മാർക്ക് ലഭിക്കുന്നതുപോലുള്ള പട്ടണങ്ങളുടെ അധികാരം അവർക്ക് ലഭി ക്കുന്നില്ല. കർത്താവ് വിരുന്നുശാലയുടെ വാതിൽ അടയ്ക്കുന്ന തോടെ സുവിശേഷത്തിന്റെ വാതിലാണ് അടയപ്പെടുന്നത്. സുവി ശേഷത്തിന്റെ വാതിൽ തുറന്നവൻ തന്നെ അത് അടയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം വന്നു മുട്ടുന്നവർക്ക് വാതിൽ തുറക്ക പ്പെടുന്നില്ല. ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന ഉത്തരമാണ് അവർക്ക് ലഭിക്കുന്നത് (മത്താ. 25:11–12).

വിരുന്നുശാലയുടെ വാതിൽ കർത്താവ് അടച്ചതിനുശേഷം അവനും അവനോടുകൂടെ സ്വർഗത്തിൽനിന്നു വരുന്നവരും വിരുന്നുശാലയിൽനിന്ന് അപ്രത്യക്ഷമാകുകയും സീയോൻ പർവ്വതത്തിൽ കാഹളം ഊതി പ്രത്യക്ഷപ്പെടുകയുമാണ് ചെയ്യുന്നത്. അത് ഹർമ്മെഗെദ്ദോൻ യുദ്ധത്തിനു വേണ്ടിയാണ്.

> സിംഹമോ ബാലസിംഹമോ ഇരകണ്ടു മുരളുമ്പോൾ ഇടയക്കൂട്ടത്തെ അതിന്റെ നേരെ വിളിച്ചു കൂട്ടിയാലും അതു അവരുടെ കൂക്കുവിളികൊണ്ടു പേടിക്കാതെയും അവരുടെ ആരവം കൊണ്ടു ചുളുങ്ങാതെയും ഇരിക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ സീയോൻ പർവ്വതത്തിലും അതിന്റെ ഗിരിയിലും യുദ്ധം ചെയ്വാൻ ഇറങ്ങിവരും. പക്ഷി ചുറ്റിപ്പറന്നു കാക്കുന്നതുപോലെ സൈന്യ ങ്ങളുടെ യഹോവ യെരുശലേമിനെ കാത്തുകൊള്ളും. നശിപ്പിക്കാതെ അതിനെ പരിപാലിക്കും (യെശ. 31:4 – 3).

യെരുശലേമിനെ നശിപ്പിച്ച് ഇല്ലാതാക്കുവാനും അവിടം പിടിച്ചെടുക്കുവാനും ഉള്ള വ്യഗ്രതയോടെ കള്ള ഇടയനാകുന്ന എതിർക്രിസ്തു വിളിച്ചുകൂട്ടുന്ന ഇടയക്കൂട്ടങ്ങളാണ് ലോക രാജ്യങ്ങൾ. അവർ ആരവം ഇട്ടു ആർത്തലയ്ക്കുമ്പോൾ യെശൂരന്റെ രക്ഷയ്ക്കായി സൈന്യങ്ങളുടെ യഹോവ യുദ്ധം ചെയ്യുവാൻ കല്ല്യാണ വിരുന്നുശാലയിൽനിന്ന് സീയോൻ പർവ്വതത്തിലും അതിന്റെ ഗിരിയിലുമാണ് ഇറങ്ങിവരുന്നത്. എതിർക്രിസ്തുവിന്റെ സൈന്യം യെരുശലേം നശിപ്പിക്കുവാൻ ഒത്തുകൂടുമ്പോൾ അതിനെ പരിപാലിക്കുന്നത് മഹാരാജാവാ കുന്ന യേശുക്രിസ്തുവാണ്. മനുഷ്യപുത്രൻ വെളിപ്പെടുന്ന ദിവസത്തെ ക്രോധദിവസം എന്നപേരിലും അറിയപ്പെടുന്നു. സങ്കീർത്തനത്തിൽ ദാവീദ് പ്രവചിച്ചിരിക്കുന്ന ക്രോധദിവസ

ത്തിൽ അവൻ ഇരിമ്പുകോൽ കൊണ്ടു രാജാക്കന്മാരെ തകർത്തുകളയും എന്ന പ്രവചനമാണ് അന്നു നിറവേറപ്പെടുന്നത്. ദൈവക്രോധം നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിനു മുമ്പാണ് വൃതന്മാരായവരെയും സ്നേഹിത പദവിയിലുള്ളവരെയും കല്ല്യാണ വിരുന്നുശാലയാകുന്ന അറയിൽ പ്രവേശിപ്പിച്ച് അതിന്റെ വാതിൽ ദൈവമായ കർത്താവ് അടയ്ക്കുന്നത്. അതേക്കുറിച്ച് യെശയ്യാവ് പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

> എന്റെ ജനമേ, വന്നു നിന്റെ അറകളിൽ കടന്നു വാതിലുകളെ അടയ്ക്ക; ക്രോധം കടന്നു പോകുവോളം അല്പനേരത്തേക്ക് ഒളിച്ചിരിക്ക. യഹോവ ഭൂവാസികളെ അവരുടെ അകൃത്യം നിമിത്തം സന്ദർശിപ്പാൻ തന്റെ സ്ഥലത്തുനിന്നു ഇതാ, വരുന്നു (യെശ. 26:20).

എന്റെ ജനമേ, എന്ന് ഇവിടെ പഴയനിയമ പ്രവാചകനായ യെശയ്യാവ് പ്രവചിച്ചിരിക്കുന്നത് യിസ്രായേലിനോടുള്ള ബന്ധത്തിലാകുന്നു. ഈ പ്രവചനത്തിലെ അറയെ മണവാട്ടിയുടെ മണിയറയായി ചിലർ തെറ്റായി വ്യാഖ്യാനിക്കുന്നു. അതുകൊണ്ടാണ് മധ്യാകാശത്തിലേക്ക് എടുക്കപ്പെടുന്ന സഭ ഏഴു വർഷം മണിയറക്കുള്ളിൽ ആയിരിക്കുമെന്നുള്ള തെറ്റായ ചിന്താഗതികൾ ഭാവികാലസംഭവങ്ങളോടുള്ള ബന്ധത്തിൽ ഇടംപിടിച്ചിരിക്കുന്നത്. ഇവിടെ പ്രാവചകൻ പ്രവചിച്ചിരിക്കുന്നത് അല്പകാലമല്ല; **അല്പനേരമാണ്**. മനുഷ്യപുത്രന്റെ ക്രോധം ഭൂരാജാക്കന്മാരുടെ മേൽ സന്ദർശിക്കപ്പെടുന്ന സമയമാണ് അല്പനേരം. ആ സമയത്തേക്കാണ് അത്തിവൃക്ഷം പ്രതിനിധീകരിക്കുന്ന യിസ്രായേൽ വൃതന്മാരെയും അഞ്ചു ബുദ്ധിയുള്ള കന്യകമാർ പ്രതിനിധീകരിക്കുന്ന പുതിനിയമ സഭയുടെ വൃതന്മാരെയും അന്ന് സ്നേഹിതപദവിയിൽ ചേർക്കപ്പെടുന്നവരെയും വിരുന്നുശാലയിൽ പ്രവേശിപ്പിച്ചതിനുശേഷം കർത്താവ് കതക് അടയ്ക്കുന്നത്. അന്ന് ഭൂമിയിൽ രണ്ട് അത്താഴമാണ് നടക്കുന്നത്. ഒന്ന് ആനന്ദത്തിന്റെയും ഉല്ലാസത്തിന്റെയും അത്താഴം കുഞ്ഞാടിന്റെ കല്ല്യാണ വിരുന്നുശാലയിൽ നടക്കുമ്പോൾ മറ്റൊന്ന് ഞെരുക്കത്തിന്റെയും നിലവിളിയുടേതുമായ ഹർമ്മെഗെദ്ദോൻ യുദ്ധമാകുന്ന മഹാസംഹാരത്തിൽ ആകാശത്തിലെ പക്ഷികൾക്കും കാട്ടു മൃഗങ്ങൾക്കും ഒരുക്കുന്ന മഹാദൈവത്തിന്റെ അത്താഴമാണ് (യെഹെ. 39:1-20, വെളി. 19:17-18).

അഹങ്കാരത്തിന്റെ നെറുകയിൽ നില്ക്കുന്ന എതിർക്രിസ്തുവാകുന്ന മൃഗത്തിനും അവനോടുകൂടെ ചേരുന്നവരുടെയും മനോഭാവം പണ്ട് ഫെലിസ്ത്യർക്കും അവരുടെ മല്ലനായ ഗോലിയാത്തിനും ഉണ്ടായിരുന്നതുപോലെ ആർക്കും അവരെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല എന്നുള്ളതായിരിക്കും. അഭിഷിക്തനായ ക്രിസ്തു അവരുടെ മനോഗതം ദൂരത്തുനിന്ന് ഗ്രഹിച്ച് പ്രത്യക്ഷപ്പെടുന്നത് അവരുടെ അഹങ്കാരത്തെ ഇല്ലാതാക്കി എന്നെന്നേക്കുമായി നശിപ്പിച്ചുകളയുന്നതിനു വേണ്ടിയാണ്. അന്ന് നാല്പതു ദിവസമായിരുന്നു മല്ലനായ ഗോലിയാത്തും ഫെലിസ്ത്യരും യിസ്രായേൽ നിരകളെ വെല്ലുവിളിച്ചതെങ്കിൽ മൃഗത്തിന്റെ ഭരണത്തിൽ നാല്പത്തിരണ്ടു മാസമാണ് മൃഗമാകുന്ന എതിർക്രിസ്തുവും അനുയായികളും സത്യദൈവത്തിന് എതിരെ വെല്ലുവിളിക്കുന്നത്. അതിന്റെ ഒടുവിൽ നടക്കുന്ന അതിഭയങ്കര യുദ്ധമാണ് ഹർമ്മെഗെദ്ദോൻ യുദ്ധം. സൃഷ്ടിതാവാം ദൈവത്തോട് സൃഷ്ടിയാകുന്ന മനുഷ്യർ നടത്തുന്ന അക്ഷരീകയുദ്ധമാണിത്. അതിന്റെ ഭയാനകതയെക്കുറിച്ച് നിരവധി തിരുവചന വെളിപ്പെടുത്തലുകൾ ഉണ്ട്. യേശുക്രിസ്തു എന്ന ദൈവമായ കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ അവന്റെ രണ്ടാമത്തെ വരവിങ്കൽ സംഭവിക്കുവാനുള്ള ഹർമ്മെഗെദ്ദോൻ യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ച് വെളിപ്പെടുത്തിയത് ശവം ഉള്ളേടത്ത് കഴുക്കൾ കൂടുമെന്നായിരുന്നു. അതിന്റെ മർമ്മം മഹാദൈവം മൃഗങ്ങൾക്കും പക്ഷികൾക്കും ഒരുക്കുന്ന മഹാസംഹാരത്തിലെ മൃഷ്ടാഭോജനത്തെക്കുറിച്ചാകുന്നു. ഇതേക്കുറിച്ചാണ് പണ്ടത്തെ കാലത്ത് യിസ്രായേലിന്റെ അനേകം പ്രവാചകന്മാർ പ്രവചിച്ചുവന്നിരുന്നത്. അപ്രകാരം പ്രവചിച്ച പ്രവചനങ്ങളിലെ ഒരു സുപ്രധാന പ്രവചനമാണ് യിസ്രായേലിന്റെ ബദ്ധശത്രുവായിരുന്ന ഗോലിയാത്തിനെ കൊന്ന ഇടയച്ചെറുക്കനായ ദാവീദിന്റെ പ്രവചനം.

> നിന്റെ വലത്തു ഭാഗത്തിരിക്കുന്ന കർത്താവ് തന്റെ ക്രോധദിവസത്തിൽ രാജാക്കന്മാരെ തകർത്തുകളയും. അവൻ ജാതികളുടെ ഇടയിൽ ന്യായംവിധിക്കും; അവൻ എല്ലാടവും ശവങ്ങൾ കൊണ്ടു നിറയ്ക്കും (സങ്കീ. 110:5 - 6).

കർത്താവായ യേശുക്രിസ്തുവിന്റെ ക്രോധദിവസമാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലാണ് ഭൂരാജാക്കന്മാരെ ഇരിമ്പുകോൽ കൊണ്ട് തകർത്തുകളയുന്നത്. അന്ന് അവൻ

ജാതികളുടെ ഇടയിൽ ന്യായം വിധിക്കുകയും ശവങ്ങൾ കൊണ്ട് എല്ലാടവും നിറയ്ക്കുകയും ചെയ്യുന്നു. ഹർമ്മെഗെദ്ദോൻ യുദ്ധത്തിനായി സ്വർഗം തുറന്ന് വെള്ളക്കുതിരപ്പുറത്ത് ഇറങ്ങിവരുന്ന തേജസ്സിന്റെ കർത്താവും മഹാരാജാവുമായ യേശുക്രിസ്തുവിനോടും അവനോടുകൂടെ വരുന്ന തേജസ്സിന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ ഒത്തുചേരുന്ന സകലജാതികളുടെയും മഹാസംഹാരമാണ് അന്ന് അക്ഷരാർത്ഥത്തിൽ നിറവേറപ്പെടുന്നത്. ഭൂമിയിലെ സകല യുദ്ധങ്ങളും ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കുന്നതാണെങ്കിൽ അതിൽനിന്ന് വ്യത്യസ്ഥമായി ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ സാത്താനിക സാമ്രാജ്യത്വമാകുന്ന ഇരുളും ദൈവരാജ്യമാകുന്ന വെളിച്ചവും തമ്മിലുള്ള അക്ഷരീക യുദ്ധമാണ് സംഭവിക്കുന്നത്.

അഞ്ചാമത്തെ കലശം മൃഗത്തിന്റെ സിംഹാസനത്തിൽ ഒഴിക്കുന്നതോടെയാണ് അതിന്റെ സാമ്രാജ്യത്വം ഇരുണ്ടുപോകുകയും ഈ അന്ധകാരത്തിന്റെ ലോകാധിപതിയായ എതിർക്രിസ്തുവിന്റെ സാമ്രാജ്യത്വം അന്ധകാര നിബിഢമായിത്തീരുകയും ചെയ്യുന്നത്. വചനമാംദൈവം വെളിച്ചമായി യേശു എന്ന നാമത്തിൽ ലോകത്തിൽ പ്രത്യക്ഷപ്പെട്ടത് മനുഷ്യഹൃദയങ്ങളെ പ്രകാശിപ്പിച്ച് നിത്യമരണത്തിൽനിന്നും നിത്യജീവനിലേക്ക് നയിക്കുന്നതിനു വേണ്ടിയായിരുന്നു. അതിനു വിപരീതമായി എതിർക്രിസ്തുവാകുന്ന മൃഗം ലോകാവസാനത്തിന്റെ അന്ത്യത്തിൽ പ്രത്യക്ഷപ്പെടുന്നത് മനുഷ്യരെ വഞ്ചിച്ച് അവരുടെ ഹൃദയങ്ങളെ ഇരുളിലേക്കും തന്നിമിത്തം നിത്യനാശത്തിലേക്കും നയിക്കുന്നതിനു വേണ്ടിയാകുന്നു. മൃഗത്തിന്റെ ഹിതത്തിനു വിപരീതമായി നില്ക്കുന്ന ദൈവജനത്തെ അവന്റെ ഭരണാരംഭം മുതൽ അവസാനംവരെ പരാജയപ്പെടുത്തി കൊന്നുകളയുന്നു. എതിർക്രിസ്തുവിന്റെ ഭരണാവസാനത്തിൽ മഹാരാജാവിന്റെ നഗരമാകുന്ന യെരുശലേമിനെ കൈവശപ്പെടുത്തി ഇരുളിന്റെ സാമ്രാജ്യത്വം നിത്യം സ്ഥാപിക്കുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് അവനും അവന്റെ സൈന്യവും യെരുശലേമിനെതിരെ ഒത്തുചേരുന്നത്. യിസ്രായേലിന്റെ ആ ദുർഘട സമയത്താണ് കർത്താവും അവനോടുകൂടെയുള്ളവരും യെരുശലേമിന്റെ രക്ഷയ്ക്കും അവനായി കാത്തുനില്ക്കുന്നവരുടെ വിടുതലിനുമായി തേജസ്സിൽ പ്രത്യക്ഷപ്പെടുന്നത്.

ആത്മീക യിസ്രായേലാകുന്ന പുതിയനിയമ ദൈവസഭയ്ക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതി കളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടുമാണ്. എന്നാൽ ജഡപ്രകാരമുള്ള യിസ്രായേൽ അതിന്റെ ഉത്ഭവത്തിൽ തുടങ്ങിയജഡരക്തങ്ങളോടുള്ള പോരാട്ടം പൂർത്തീകരിക്കുന്നത് ഹർമ്മെഗെദ്ദോനിൽ വെച്ച് നടക്കുന്ന അന്തിമ യുദ്ധത്തോടെ യാണ്. ഇരുളും വെളിച്ചവും തമ്മിലുള്ള അക്ഷരീക യുദ്ധമാണ് അന്ന് ഭൂമിയിൽ നിറവേറപ്പെടുന്നത്. അതിനായിട്ടാണ് ലോക രാജ്യങ്ങൾ എതിർക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും നേതൃത്വത്തിൽ സാത്താനിക ആശീർവാദത്തോടെ യെരുശലേമി നെതിരെ അണിനിരക്കുന്നത്. മഹത്വത്തിൽ പ്രത്യക്ഷപ്പെടുന്ന കർത്താവും അവനോടുകൂടെ വരുന്ന വിശുദ്ധന്മാരും ദൂതന്മാരും വിരുന്നുശാലയിൽനിന്ന് സീയോൻ പർവ്വതത്തിലാണ് പ്രത്യക്ഷ പ്പെടുന്നത്. കർത്താവ് സീയോൻ പർവ്വതത്തിൽ പ്രത്യക്ഷപ്പെടു ന്നത് എപ്രകാരമായിരിക്കും എന്നതിന്റെ സുപ്രധാന തിരുവചന വെളിപ്പെടുത്തലുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

> യഹോവ തന്റെ കോപത്തെ ഉഗ്രതയോടും തന്റെ ശാസനയെ അഗ്നിജ്വാലകളോടും കൂടെ നടത്തുവാൻ അഗ്നിയിൽ പ്രത്യക്ഷമാകും; അവന്റെ രഥങ്ങൾ ചുഴലിക്കാറ്റു പോലെയിരിക്കും. യഹോവ അഗ്നികൊണ്ടും വാൾകൊണ്ടും സകല ജഡത്തോടും വ്യവഹരിക്കും; യഹോവയുടെ നിഹതന്മാർ വളരെ ആയിരിക്കും (യെശ. 66:15 – 16).

> യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിന്നെ യിസ്രായേലിനു വിധേയമായി വരുത്തും എന്നു പണ്ടത്തെ കാലത്ത് അനേകം സംവത്സരങ്ങളായി പ്രവചിച്ചുപോന്ന അവരുടെ പ്രവാചകന്മാരായ എന്റെ ദാസന്മാർ മുഖാന്തരം ഞാൻ അന്നു അരുളിച്ചെയ്തത് നിന്നെക്കുറിച്ചല്ലയോ? യിസ്രായേൽ ദേശത്തിനു വിരോധമായി ഗോഗ് വരുന്ന അന്നാളിൽ എന്റെ ക്രോധം മൂക്കിൽ ഉജ്വലിക്കും... ഞാൻ മഹാമാരികൊണ്ടും രക്തംകൊണ്ടും അവരെ ന്യായംവിധിക്കും; ഞാൻ അവന്റെ മേലും അവന്റെ പട കൂട്ടങ്ങളുടെ മേലും അവനോടുകൂടെയുള്ള പല ജാതികളുടെ മേലും പെരുമഴയും വലിയ ആലിപ്പഴവും തീയും ഗന്ധകവും വർഷിപ്പിക്കും. ഇങ്ങനെ ഞാൻ എന്നെത്തന്നെ മഹത്വീകരിക്കയും എന്നെത്തന്നെ വിശുദ്ധീ കരിക്കയും പല ജാതികളും കാൺകെ എന്നെത്തന്നെ വെളിപ്പെടു ത്തുകയും ചെയ്യും (യെഹെ. 38:17 – 23).

> കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഢിപ്പിക്കുന്നവർക്കു പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നത് ദൈവസന്നിധിയിൽ നിതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സ.1:6 - 10).

**പഴയനിയമ പ്രവാചകന്മാർ പഴയനിയമ യിസ്രായേലിന് ഊന്നൽ കൊടുത്തുകൊണ്ടാണ് യേശുക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത ദർശിച്ചെഴുതിയതെങ്കിൽ പുതിയനിയമ പ്രവാചകനും അപ്പൊസ്തലനുമായ പൌലൊസ് സുവിശേഷത്തിന് ഊന്നൽ കൊടുത്ത് ആത്മീക യിസ്രായേലിനോടുള്ള ബന്ധത്തിലാണ് പ്രവചിച്ചിരിക്കുന്നത്. യഹോവയുടെ ഭുജത്തിന്റെ അവതരണം കാണിക്കുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിലെ കർത്താവിന്റെ പ്രത്യക്ഷതയുടെ വിവരണം യെശയ്യാവ് പ്രവാചകൻ പ്രവചിച്ചിരിക്കുന്നത് ഇപ്രാകരമാണ്.**

> ഇതാ കോപംജ്വലിച്ചും കത്തുന്ന പുക പുറപ്പെടുവിച്ചുംകൊണ്ടു യഹോവയുടെ നാമം ദൂരത്തുനിന്നു വരുന്നു; അവന്റെ അധരങ്ങളിൽ ഉഗ്രകോപം നിറഞ്ഞിരിക്കുന്നു; അവന്റെ നാവ് ദഹിപ്പിക്കുന്ന തീ പോലെയും ഇരിക്കുന്നു... യഹോവ തന്റെ മഹത്വമുള്ള മേഘനാദം കേൾപ്പിക്കയും ഉഗ്രകോപത്തോടും ദഹിപ്പിക്കുന്ന അഗ്നിജ്വാലയോടും കൊടുങ്കാറ്റ്, മഴക്കോൾ, കല്മഴ എന്നിവയോടുംകൂടെ തന്റെ ഭുജത്തിന്റെ അവതരണം കാണിക്കയും ചെയ്യും; യഹോവയുടെ മേഘനാദത്താൽ അശൂർ തകർന്നു പോകും... അവർ അവരോടു തകർത്തു പടവെട്ടും. പണ്ടു തന്നെ ഒരു ദഹന സ്ഥലം ഒരുക്കിയിട്ടുണ്ടല്ലോ?അതു രാജാവിനായിട്ടും ഒരുക്കിയിരിക്കുന്നു; അവൻ അതിനെ ആഴവും വിശാലവും ആക്കിയിരിക്കുന്നു; അതിന്റെ ചിതയിൽ വളരെ തീയും വിറകും ഉണ്ട്; യഹോവയുടെ ശ്വാസം ഒരു ഗന്ധകനദി പോലെ അതിനെ കത്തിക്കും (യെശ. 30:27 - 33).

മനുഷ്യപുത്രൻ വെളിപ്പെടുന്ന ക്രോധദിവസത്തിൽ സംഭവിക്കുന്ന ഏഴു സുപ്രധാന സംഭവങ്ങളിലെ രണ്ടാമത്തെ സംഭവമാകുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തെക്കുറിച്ചുള്ള വിവരണത്തിൽ കർത്താവ് സീയോൻ പർവ്വതത്തിൽ യുദ്ധത്തിനായി പ്രത്യക്ഷപ്പെടുന്നതിനെക്കുറിച്ചാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചനഭാഗങ്ങൾ വ്യക്തത നല്കുന്നത്. ദൈവഭക്തനായ ഇയ്യോബിനോട് ആ ദിവസത്തെക്കുറിച്ച് ദൈവം അരുളിച്ചെയ്തിരുന്നതാണ് അക്ഷരാർത്ഥത്തിൽ അന്ന് നിറവേറപ്പെടുന്നത്.

> കല്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയുമുള്ള നാളിലേക്കും സംഗ്രഹിച്ചു വച്ചിരിക്കുന്നു (ഇയ്യോ.38,23).

ഹർമ്മെഗെദ്ദോൻ യുദ്ധത്തിനു മുമ്പ് ദൈവം തനിക്കായി കാത്തു നില്ക്കുന്ന വ്യതന്മാരെ ശേഖരിച്ച് കല്ല്യാണവിരുന്നുശാലയിൽ പ്രവേശിപ്പിച്ചതിനു ശേഷമാണ് ദൈവക്രോധം ഭൂമിയിലൂടെ കടന്നുപോകുന്നത്. അന്ന് ദൈവം പോരും പടയുമുള്ള നാളിലേക്ക് ആകാശത്തിൽ സംഗ്രഹിച്ചു വെച്ചിരിക്കുന്ന കല്മഴയുടെ ഭണ്ഡാരം തുറന്ന് ഭൂമിയിലേക്ക് വർഷിപ്പിക്കും. ദൈവത്തിന്റെ ആയുധപ്പുര തുറന്ന് പെരുമഴയും വലിയ ആലിപ്പഴവും തീയും ഗന്ധകവും ഭൂമിയിലേക്ക് വർഷിപ്പിച്ച് ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിച്ചുകളയുകയും ഭൂരാജാക്കന്മാരെ ഇരുമ്പ് ദണ്ഡുകൊണ്ട് തകർത്തുകളയുകയും ചെയ്യുന്നു. മനുഷ്യപുത്രന്റെ പ്രത്യക്ഷതയുടെ പ്രഭാവത്തിൽ പൈശാചിക ത്രിമൂർത്തികൾ നിഷ്ക്രിയരായിത്തീരുകയും ചെയ്യുന്നു.

അഗ്നിജ്വാലയിൽ പ്രത്യക്ഷനാകുന്ന ദഹിപ്പിക്കുന്ന അഗ്നിയായവൻ അഗ്നികൊണ്ടും അവന്റെ വായിൽനിന്നും പുറപ്പെടുന്ന മിന്നലാം വാളിനാലുമാണ് സകല ജഡത്തോടും വ്യവഹരിച്ച് ശത്രുസൈന്യങ്ങളെ കൊന്നുകളയുന്നത്. ശവങ്ങൾകൊണ്ട് ശത്രുപാളയം നിറയുകയും അന്ന് ഒഴുകുന്ന രക്തംകൊണ്ട് മലകൾ ഒഴുകിപ്പോകുകയും ചെയ്യുന്നു. അതിഭയാനകമായ യുദ്ധമാണ് അന്ന് ഭൂമിയിൽ നിറവേറപ്പെടുന്നത്. ആകാശത്തിലെ സകല പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും ഒരുക്കപ്പെടുന്ന മൃഷ്ടാന്ന ഭോജനം കഴിച്ച് അവർ തൃപ്തി പ്രാപിക്കുകയും ചെയ്യുന്നു. ആയിരക്കണക്കിനു വർഷങ്ങൾക്കു

മുമ്പ് പ്രവാചകന്മാർ പ്രവചിച്ച പ്രവചനങ്ങൾ അക്ഷരാർത്ഥത്തിൽ നിറവേറപ്പെടുവാൻ സമയമായി എന്നതിനാണ് കാലലക്ഷണങ്ങൾ സാക്ഷ്യം പറയുന്നത്.

കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നിഷ്ക്രിയരായിത്തീരുന്ന പൈശാചിക ത്രിമൂർത്തികളിൽ ദൈവമാണ് എന്ന് സ്വയം പ്രഖ്യാപിതനായ എതിർക്രിസ്തു എന്ന മനുഷ്യനും അവനെ ആ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുവാൻ മനുഷ്യരുടെ ഇടയിൽ വഞ്ചന പ്രവർത്തിച്ചവനുമായ കള്ളപ്രവാചകനും ഹർമ്മെഗെദ്ദോൻ യുദ്ധത്തിന്റെ ആരംഭത്തിങ്കൽതന്നെ ബന്ധിക്കപ്പെട്ട് ജീവനോടെ അഗ്നിപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നു. പഴയനിയമ പ്രവചന ങ്ങളിൽ അവരുടെ നാശത്തെക്കുറിച്ച് പ്രവചിച്ചിരിക്കുന്ന പ്രവചനങ്ങൾ നിവർത്തീകരിക്കപ്പെടുന്നതിനെക്കുറിച്ച് വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു (വെളി. 19:20).

പണ്ടുതന്നെ ഒരു ദഹനസ്ഥലം ഒരുക്കിയിട്ടുണ്ടല്ലോ. അത് രാജാവിനായിട്ടും ഒരുക്കിയിരിക്കുന്നു എന്ന പ്രവചനം അഗ്നിതീപ്പൊയ്കയാകുന്ന അഗ്നിനരകത്തെക്കുറിച്ചും അതിലേക്ക് എറിയപ്പെടുവാനുള്ള എതിർക്രിസ്തുവിനെക്കുറിച്ചു മുള്ള പഴയനിയമ പ്രവചനമാണ് (യെശ. 30:33). അതുപോലെ കള്ളപ്രവാചകന്റെ അന്ത്യത്തെക്കുറിച്ച് ദാനിയേൽ പ്രവചി ച്ചിരിക്കുന്നത് അവൻ കർത്താധികർത്താവിനോട് എതിർത്തു നിന്ന് കൈ തൊടാതെ തകർന്നു പോകുകയും ചെയ്യുമെന്നാണ് (ദാനി. 8:25).

പുതിയനിയമ ലേഖനത്തിൽ അപ്പൊസ്തലനായ പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നത് അധർമ്മ മൂർത്തിയെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കുമെന്നാണ് (2 തെസ്സ. 2:8). മണ്ണുകൊണ്ട് സൃഷ്ടിച്ച ആദിമമനുഷ്യനിൽ ദൈവം തന്റെ ശ്വാസം അവന്റെ മൂക്കിൽ ഊതിയപ്പോൾ അവൻ ജീവനുള്ള

അഥവാ തേജസ്സുള്ള ദേഹിയായി തീർന്നുവെങ്കിൽ അതേ ശ്വാസം എതിർക്രിസ്തു എന്ന ഇരുളാകുന്ന മനുഷ്യനിൽ തട്ടുമ്പോൾ ആ പ്രഭയിൽ അവൻ നിഷ്ക്രിയനായിത്തീരുകയാണ് ചെയ്യുന്നത്. കർത്താവിന്റെ പ്രഭയുടെ പ്രഭാവത്താലാണ് ഒന്നും ചെയ്യുവാൻ കഴിയാത്തവിധത്തിൽ പൈശാചിക ത്രിമൂർത്തികൾ നിർജീവരായി ത്തീരുന്നത്. അവരിൽ എതിർക്രിസ്തുവും കള്ളപ്രവാചകനും അപ്പോൾത്തന്നെ ജീവനോടെ ബന്ധിക്കപ്പെടുന്നു. അവർ പ്രത്യക്ഷത്തിൽ ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ അല്ല വിധിക്കപ്പെടുന്നതെങ്കിലും പരോക്ഷമായി അങ്ങനെതന്നെ ആകുന്നു. അതിന്റെ കാരണം ന്യായാധിപനായ യേശുക്രിസ്തു അന്നു പ്രത്യക്ഷപ്പെടുന്ന എല്ലാ സ്ഥലങ്ങളും സ്വർഗീയ കോടതിയാകുന്നതുകൊണ്ടാണ്.

ദൈവത്തോടുള്ള യുദ്ധത്തിൽ ജീവനോടെ പിടിക്കപ്പെടുന്ന എതിർക്രിസ്തുവിനും കള്ളപ്രവാചകനും ദൈവരാജ്യത്തിന്റെ സർവ്വ സൈന്യാധിപനായ യേശുക്രിസ്തുവിൽനിന്നും പുറപ്പെടുന്നത് **അന്ത്യന്യായവിധിയാണ്**. സകലത്തെയും ന്യായം വിധിക്കുന്ന കർത്താവിൽനിന്ന് നിത്യനാശം എന്ന അന്ത്യന്യായ വിധി ആദ്യം ഏറ്റുവാങ്ങി അഗ്നി നരകത്തിലേക്ക് തള്ളപ്പെടുന്നത് എതിർക്രിസ്തുവും കള്ളപ്രവാചകനുമാകുന്നു. അതിനാൽ അവരാണ് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന അഗ്നി നരകത്തിന്റെ **ആദ്യ ഇരകളായിത്തീരുന്നത്**.

അഗ്നിനരകത്തിന്റെ ആദ്യ ഇരകൾ എന്ന ഒന്നാം അദ്ധ്യായത്തിന്റെ പഠനത്തിൽ നാം ചിന്തിച്ചത് ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ പിടിക്കപ്പെടുന്ന എതിർക്രിസതുവും കള്ളപ്രവാചകനും ബന്ധിതരായി ജീവനോടെ തള്ളപ്പെടുന്നതിനെക്കുറിച്ചാകുന്നു. അന്ന് അവർ ഏത് അവസ്ഥയിലാണോ പിടിക്കപ്പെടുന്നത് അതേ അവസ്ഥയിലാണ് അവർ അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നത്. അവരുടെ ജഡമരണം സംഭവിക്കാതെ അവരുടെ ഉള്ളിലുള്ള ജീവനോടെയാണ് അവർ രണ്ടാം മരണമാകുന്ന തീപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നത്. അവിടെ അവരെ തീകൊണ്ട് ഉപ്പിടുന്നതുകൊണ്ട് അവരുടെ ശരീരം നഷ്ടപ്പെട്ടുപോകുന്നില്ല. അവരുടെ പുഴു ചാകുന്നില്ല, അവരുടെ തീ കെടുന്നതുമില്ല.

അഗ്നിനരകം എന്നത് യാഥാർത്ഥ്യമാണ്, അത് ഒരുനാളും ഇല്ലാതാകുകയോ പുതുതാക്കപ്പെടുകയോ ചെയ്യുന്നില്ല. ദൈവം

സകലത്തെയും പുതുതാക്കുമ്പോൾ അഗ്നിനരകത്തിന്റെ അവസ്ഥയെയും ദൈവം മാറ്റുന്നു എന്ന് ദുർവ്യാഖ്യാനം നടത്തുന്നവരുണ്ട്. അവരുടെ ചതിയിൽപ്പെട്ടുപോകരുത്. ഒന്നാമത്തെ ആകാശവും, ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി, സമുദ്രവും ഇനി ഇല്ല (വെളി. 21:1) എന്നാണ് തിരുവചനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. അതിനാൽ അഗ്നിനരകം എന്ന സ്ഥലം നിത്യതയിൽ ഇല്ലാതാകുന്നില്ല. അതിന്റെ വ്യക്തതയാണ് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> ഇനി മരണം ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ ഇതാ ഞാൻ സകലതും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു. എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു പിന്നെയും അവൻ എന്നോട് അരുളിച്ചെയ്തത്: സംഭവിച്ചുതീർന്നു; ഞാൻ അൽഫയും ഒമേഗയും ആദിയും അന്തവും ആകുന്നു; ദാഹിക്കുന്നവന് ഞാൻ ജീവനീരുറവയിൽനിന്ന് സൗജന്യമായി കൊടുക്കും. ജയിക്കുന്നവന് ഇത് അവകാശമായി ലഭിക്കും. ഞാൻ അവന് ദൈവവും അവൻ എനിക്ക് മകനുമായിരിക്കും. എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ; അതു രണ്ടാമത്തെ മരണം (വെളി. 21:5-8).

സകലവും സംഭവിച്ചു തീർന്നതിനു ശേഷം പിതാവാം ദൈവം സ്വർഗീയ സിംഹാസനത്തിൽ നിന്നു അരുളിച്ചെയ്യുന്നതിൽനിന്ന് സ്പഷ്ടമാക്കപ്പെടുന്നത് അഗ്നിനരകം നിത്യതയിൽ ഉണ്ടെന്നുള്ളതാണ്. ജീവനീരുറവയാകുന്ന ക്രിസ്തുവിനോട് ബന്ധമില്ലാത്ത സകലരും നിത്യശിക്ഷാവിധി എന്ന നിത്യനാശത്തിന് ഓഹരിക്കാരായിരിക്കും എന്ന ദൂത് ആവർത്തിച്ച് പ്രസ്താവിച്ചുകൊണ്ട് ഈ അദ്ധ്യായത്തിന്റെ പഠനം പൂർത്തീകരിച്ചുകൊള്ളുന്നു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനുള്ളവരുടെ അന്ത്യന്യായവിധിയിലെ ഒന്നാമത്തെ ഘട്ടമാണ് എതിർക്രിസ്തുവും കള്ളപ്രവാചകനും അഗ്നിപ്പൊയ്കയിലേക്ക് തള്ളപ്പെടുന്നതോടെ പൂർത്തീകരിക്കപ്പെടുന്നത്. അതേത്തുടർന്ന് അന്ന് സംഭവിക്കുന്ന ഏഴ് സംഭവങ്ങളിലെ മൂന്നാമത്തെ സംഭവം ഏദോമിന്റെ ഉന്മൂലനാശമാണ്.

കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ യാക്കോബ് വംശമാകുന്ന യിസ്രായേൽ വിടുവിക്കപ്പെടുമ്പോൾ അവന്റെ സഹോദരനായ ഏശാവിന്റെ ഗൃഹം നിർമ്മൂലമാക്കപ്പെടുന്നു. അതിന്റെ വിശദീകരണമാണ് മുന്തിരിക്കുല അറുത്തെടുത്തു വലിയ ചക്കിൽ ഇട്ടു മെതിക്കുന്നതിനോടുള്ള ബന്ധത്തിൽ വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സംഭവിക്കുന്ന നാലാമത്തെ സംഭവം ഒറ്റപ്പെട്ടവനും ദുർബലനുമായിത്തീരുന്ന പൈശാചിക ത്രിമൂർത്തികളിൽ ഒന്നാമനായ സാത്താനെന്ന പിശാചിനെ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന ഒരുദൂതൻ ബന്ധിച്ചു അഗാധത്തിൽ ആയിരം വർഷത്തേക്ക് ചങ്ങലയ്ക്കിടുന്നതാണ്. സാത്താന്റെ പാർപ്പിടമാകുന്ന അഗാധത്തിൽ അവനെ വീട്ടുതടങ്കലിൽ ആക്കിയതിനുശേഷമാണ് രാജാധിരാജാവാം കർത്താവ് ഭൂമിയിൽ അവന്റെ ഭരണം ആരംഭിക്കുന്നത്. കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയിൽ നടക്കുന്ന മധ്യാകാശ യുദ്ധത്തിൽ സാത്താൻ ദൈവത്തിന്റെ **പാദപീഠമാകുന്നു**. കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ സാത്താൻ ദൈവത്തിന്റെ **കാൽക്കീഴെയാകുന്നു**. ആയിരം ആണ്ട് വാഴ്ചയ്ക്കുശേഷം നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിലാണ് സാത്താനും അവന്റെ കൊമ്പുകളും ദൈവത്തിന്റെ **കാലിൻകീഴിൽ വെണ്ണീറാകുന്നത്**.

യെരുശലേമിലും ഏദോമിലും ദൈവം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സകല ന്യായവിധികളും പൂർത്തീകരിച്ചതിനു ശേഷമാണ് മഹാരാജാവും അവനോടുകൂടെ സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന സകലവിശുദ്ധന്മാരും കല്യാണവിരുന്നുശാലയിലേക്ക് **വീണ്ടും** പ്രവേശിക്കുന്നത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന അഞ്ചാമത്തെ സംഭവത്തിലാണ് വിരുന്നുശാലയിൽ സ്നേഹിത പദവിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിൽ നിന്ന് ദുഷ്ടന്മാരായവർ ജീവനോടെ അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നത്. അതെക്കുറിച്ചാണ് ജീവനുള്ളവരുടെ അന്ത്യന്യായവിധി എന്ന ഒന്നാം ഭാഗത്തിന്റെ രണ്ടാം അദ്ധ്യായത്തിന്റെ പഠനത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത്. അതിന്റ പഠനത്തിനായി ദൈവഭയത്തോടെ താളുകൾ മറിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

അദ്ധ്യായം 2

# കുഞ്ഞാടിന്റെ കല്യാണ വിരുന്നുശാലയിൽനിന്ന് തള്ളപ്പെടുന്നവരുടെ അന്ത്യന്യായവിധി

വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തു വന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്നു ചോദിച്ചു. എന്നാൽ അവന് വാക്കുമുട്ടിപ്പോയി. രാജാവ് ശുശ്രൂഷകരോട്: ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു. വിളിക്കപ്പെട്ടവർ അനേകർ. തിരഞ്ഞെടുക്ക പ്പെട്ടവരോ ചുരുക്കം (മത്താ. 22:11-14).

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ഭൂമിയിൽ ജീവനോടിരിക്കുന്ന ദുഷ്ടന്മാരിൽ അതിനീചന്മാരായ എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ജീവനോടെ അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നതിനെ ക്കുറിച്ചാണ് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയുടെ ആദ്യ ഇരകളായി തള്ളപ്പെടുന്നത് അവർ ഇരുവരുമാണ്. അതിനുശേഷം അന്ത്യന്യായവിധിയിൽ അകപ്പെടുന്നത് കുഞ്ഞാടിന്റെ കല്യാണ വിരുന്നുശാലയിൽ നിന്ന് തള്ളപ്പെടുന്ന കല്യാണവസ്ത്രം ധരിക്കാത്ത ദുഷ്ടന്മാരും മടിയന്മാരും ആകുന്നു. കുഞ്ഞാടിന്റെ കല്യാണ വിരുന്നുശാല യിൽ ദുഷ്ടന്മാരും മടിയന്മാരും പ്രവേശിപ്പിക്കപ്പെടുന്നതിന്റെ വിശദാംശങ്ങൾ കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നതു കൊണ്ട് അത് ആവർത്തിക്കുന്നില്ല. കുഞ്ഞാടിന്റെ സ്വർഗീയ വിവാഹാനന്തരം ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്ക് അന്ന് ലഭിക്കാവുന്ന ഏറ്റവും വലിയ ഭാഗ്യപദവി കുഞ്ഞാടിന്റെ കല്യാണസദ്യയിൽ പങ്കെടുക്കുവാനുള്ള അവസരമാണ്.

കല്ല്യാണം സ്വർഗാധിസ്വർഗത്തിൽവെച്ചാണ് നടക്കുന്നതെങ്കിൽ വിവാഹസദ്യ ഒരുക്കപ്പെടുന്നത് മണവാട്ടിയുടെ വാസഗൃഹ മായിരുന്ന ഭൂമിയിലാണ്. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് കർത്താവ് സ്വർഗരാജ്യത്തെക്കുറിച്ച് പ്രസ്താവി ച്ചിരിക്കുന്ന ഉപമകളിൽനിന്നുമാണ്.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സംഭവിക്കുന്ന ഏഴു സുപ്രധാനകാര്യങ്ങളിലെ അഞ്ചാമത്തെ സംഭവമാണ് ഭൂമിയിൽവെച്ചു നടത്തപ്പെടുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യ. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയച്ച് വൃതന്മാരെ ശേഖരിക്കുന്നതും അവരോടൊപ്പം വിരുന്നുശാലയിൽ പ്രവേശിക്കുന്നതുമാണ് പ്രാരംഭസംഭവം. കല്ല്യാണസദ്യയ്ക്ക് വിളിക്കപ്പെട്ടവർ യോഗ്യരാകാത്തതുകൊണ്ട് വിരുന്നുശാല നിറയാതിരിക്കുന്നു. അതുകൊണ്ട് കർത്താവ് ദൂതന്മാരെ അയച്ച് കണ്ടവരെയെല്ലാം കൂട്ടിക്കൊണ്ടുവന്ന് വിരുന്നുശാല നിറ യ്ക്കുകയും അവൻതന്നെ അതിന്റെ വാതിൽ അടയ്ക്കുകയും ചെയ്യുന്നു. അതിനുശേഷം വിരുന്നുശാലയിൽനിന്ന് കർത്താവും അവനോടു കൂടെ സ്വർഗത്തിൽനിന്ന് വരുന്നവരും അവിടെനിന്ന് അപ്രത്യക്ഷമാകുകയും ഹർമ്മെഗെദ്ദോൻ യുദ്ധത്തിനായി സീയോൻ പർവ്വതത്തിൽ പ്രത്യക്ഷപ്പെടുകയുമാണ് ചെയ്യുന്നത്.

അന്നു നടക്കുന്ന യുദ്ധത്തിന്റെ പ്രാരംഭഘട്ടത്തിൽ എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ജീവനോടെ അഗ്നിനരകത്തിലേക്ക് തള്ളിക്കളയുന്നതാണ് അന്നു നടക്കുന്ന സംഭവങ്ങളിലെ രണ്ടാമത്തെ സംഭവം. ഏശാവ് വംശത്തിന്റെ സമ്പൂർണ്ണ നശീകരണമാണ് ഗൊമോറോ നിലങ്ങളിൽനിന്നുള്ള സൊദോം മുന്തിരിവള്ളിയിൽ ഉളവാകുന്ന ഏദോമാകുന്ന കയ്പുള്ള മുന്തിരിക്കുല അറുത്തെടുത്ത് ദൈവക്രോധത്തിന്റെ വലിയ ചക്കിലിട്ട് മെതിച്ചുകളയുന്നതിലൂടെ നിവർത്തീകരിക്കപ്പെടുന്നത്. അതാണ് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന മൂന്നാമത്തെ സംഭവം (ആവ. 32;32, വെളി. 14:17–19, യെശ. 63:1–6, മലാ. 1:1–15). അന്നു നടക്കുന്ന നാലാമത്തെ സംഭവം മനുഷ്യപുത്രന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ ദുർബലനും ഒറ്റപ്പെട്ടവനുമായിത്തീരുന്ന സാത്താനെന്ന പഴയപാമ്പായ മഹാസർപ്പത്തെ സ്വർഗത്തിൽ നിന്ന് അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമായി

ഇറങ്ങിവരുന്ന ഒരു ദൂതൻ പിടിച്ച് ആയിരം ആണ്ടത്തേക്ക് അഗാധത്തിൽ ചങ്ങലക്കിടുകയും അഗാധം അടച്ചു മുദ്ര വയ്ക്കുകയും ചെയ്യുന്നതാണ്.

ഈ നാലു സംഭവങ്ങളെക്കുറിച്ചുള്ള പഠനമാണ് കഴിഞ്ഞ അദ്ധ്യായത്തിൽ പൂർത്തീകരിക്കപ്പെട്ടത്. അതെത്തുടർന്ന് നടക്കുന്ന അഞ്ചാമത്തെ സംഭവം ഭൂമിയിൽ വച്ചു നടത്തപ്പെടുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയാണ്. എന്നാൽ അതിനുമുമ്പ് നിറവേറപ്പെടുന്നത് വിരുന്നുശാലയിൽ നിന്ന് തള്ളപ്പെടുന്ന വരുടെ അന്ത്യന്യായവിധിയാണ്. അതെക്കുറിച്ചാണ് തുടർന്ന് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

കർത്താവിന്റ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷത യുടെ നാൾ ലോകാവസാനത്തിന്റെ അന്ത്യനാളിൽ ഒന്നാകുന്നു. അന്ത്യനാളുകൾ ലോകാരംഭം മുതൽ ഇന്നുവരെയും സംഭവി ച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ പ്രസവ വേദനയുടെ വലിയ കഷ്ടതയുടെ നാളുകളായിരിക്കും. അതുനിമിത്തം വിശ്വാസത്യാഗം സംഭവിക്കുകയും കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തുനില്ക്കുന്ന വൃതന്മാരിൽ പലരും തെറ്റിപ്പോകുകയും ചെയ്യുന്നു. വൃതന്മാർനിമിത്തം കർത്താവ് ആ നാളുകളെ ചുരുക്കാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല. മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ എന്ന് കർത്താവ് രണ്ടായിരത്തിൽപരം വർഷ ങ്ങൾക്കു മുമ്പ് അരുളിച്ചെയ്ത സ്ഥിതിയിലേക്ക് ലോക സംഭവങ്ങൾ നീങ്ങുന്ന സന്ദർഭത്തിലാണ് പിതാവാം ദൈവം തന്റെ സ്വന്ത നിർണ്ണയപ്രകാരം ആ നാളുകളെ ചുരുക്കി തന്റെ പുത്രനെയും അവനോടുകൂടെ വരുവാനുള്ളവരെയും ഭൂമിയിലേക്ക് അയയ്ക്കുന്നത്. യഹോവ മാത്രം അറിയുന്ന (സെഖ. 14:6) ആ നാളും നാഴികയും സംബന്ധിച്ച് സ്വർഗീയ പിതാവ് മാത്രമല്ലാതെ ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനുംകൂടി അറിയുന്നില്ല എന്നാണ് ലോകാവസാന ത്തിന്റെയും കർത്താവിന്റെ വരവിന്റെയും അടയാളം ചോദിച്ച തന്റെ ശിഷ്യന്മാരോട് അവൻ അരുളിച്ചെയ്തത്.

ദൈവീക സമത്വത്തിലിരിക്കുന്ന പുത്രനാം ദൈവം ആനാളും നാഴികയും അറിയുന്നില്ല എന്നു ഇവിടെ പറഞ്ഞിരിക്കുന്നതിന്റെ സാരം കല്ല്യാണസദ്യക്ക് ക്ഷണിക്കപ്പെടുന്ന വൃതന്മാരുടെ എണ്ണം

എത്രയെന്നുള്ളത് മുൻനിർണ്ണയപ്രകാരമുള്ളതല്ലാത്തതു കൊണ്ടാണ്. എന്നാൽ നിത്യതയുടെ കണക്കിൻപ്രകാരം പണിയപ്പെടുന്ന പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ അതിവിശുദ്ധസ്ഥലമാകുന്ന മന്ദിരം, വിശുദ്ധ സ്ഥലമാകുന്ന നഗരം , മതിലുകൾ, ഗോപുരങ്ങൾ എന്നിവയുടെ ഭാഗങ്ങളായിത്തീരുന്ന കുഞ്ഞാടിന്റെ മണവാട്ടി, അവളുടെ തോഴിമാരാകുന്ന കന്യകന്മാർ, മണവാളന്റെ തോഴ്മക്കാരുടെ ഗണത്തിൽപ്പെടുന്ന പഴയനിയമത്തിലെ ശ്രേഷ്ഠന്മാർ, യിസ്രായേലിൽനിന്നുള്ള നൂറ്റിനാല്പത്തിനാലായിരം എന്നീ നിരകളിലുള്ളവരുടെ എണ്ണം മുൻ നിർണ്ണയിക്കപ്പെട്ടതും മാറ്റമില്ലാത്തതുമാകുന്നു. അവരുടെ എണ്ണം തികയപ്പെടുന്നതിന നുസരിച്ചാണ് അവരുടെ പുനരുത്ഥാനങ്ങൾ നിറവേറപ്പെടുന്നത്.

അതിൽ നിന്നു വിഭിന്നമായി മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ പുനരുത്ഥാനമോ രൂപാന്തരമോ കൂടാതെ ദൂതന്മാരെ അയച്ച് ഭൂമിയുടെ നാലുദിക്കുകളിൽനിന്നും കൂട്ടിച്ചേർക്കുന്ന വൃതന്മാരുടെ എണ്ണം മുൻനിർണ്ണയപ്രകാരമല്ലാത്തതുകൊണ്ട് പിതാവാം ദൈവം സ്വന്തം നിർണ്ണയപ്രകാരമാണ് അതിന്റെ നാളും നാഴികയും തീരുമാനിക്കുന്നത്. അതിനാൽ പിതാവിന്റെ തിരുഹിതപ്രകാരമാണ് ആ നാളുകളെ ചുരുക്കുകയും നിനെ യാത്ത നാഴികയിൽ തന്റെ പുത്രനെ ഭൂമിയിലേക്ക് അയയ്ക്കു കയും ചെയ്യുന്നത്. കർത്താവിന്റെ സ്വർഗാരോഹണത്തിനു മുമ്പ് യിസ്രായേലിന്റെ യഥാസ്ഥാനത്തെക്കുറിച്ച് ശിഷ്യന്മാർ ചോദിച്ച സന്ദർഭത്തിലും യേശുക്രിസ്തു താൻ കഷ്ടം അനുഭവിക്കുന്ന തിനുമുമ്പ് അവരോട് സംസാരിച്ച അതേ കാര്യം തന്നെയാണ് ആവർത്തിച്ചത്.

> ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോട്: കർത്താവേ, നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത് എന്ന് ചോദിച്ചു. അവൻ അവരോട് പിതാവ് തന്റെ സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നത് നിങ്ങൾക്കുള്ളതല്ല (അപ്പൊ. 1:6 – 7).

കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷത നിനെയാത്ത നാളിലും നാഴികയിലുമാണ് സംഭവിക്കുന്നത് എന്നാണ് കർത്താവിന്റെ വാക്കുകളിൽനിന്ന് വ്യക്തമാക്ക പ്പെടുന്നത്. അന്ന് ചേർക്കപ്പെടുന്നത് കുഞ്ഞാടിന്റെ മണവാട്ടി

സഭയിലുള്ളവരെയല്ല, പ്രത്യുത കല്ല്യാണവിരുന്നിന് ക്ഷണിക്ക പ്പെടുന്ന വൃതന്മാരെയാണ്. സ്വർഗാധിസ്വർഗത്തിൽ വെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണത്തിലെ മണവാട്ടിക്ക് പരമപ്രാധാന്യതയാണ് ഉള്ളതെങ്കിൽ ഭൂമിയിൽ വെച്ച് നടക്കുന്ന കല്ല്യാണ വിരുന്നിന് ക്ഷണിക്കപ്പെടുന്ന വൃതന്മാർ അത്രയേറെ പ്രാധാന്യത ഉള്ളവരല്ല. അതിന്റെ കാരണം കുഞ്ഞാടിന്റെ മണവാട്ടിയാകുന്ന ആദ്യജാതന്മാരുടെ സഭയിൽ ഉൾപ്പെടുന്ന വരുടെ എണ്ണം മുൻനിർണ്ണയപ്രകാരമുള്ളതും മാറ്റമില്ലാത്തതും ആകുന്നുവെങ്കിൽ  വിവാഹസദ്യയിൽ പങ്കെടുക്കുവാൻ ക്ഷണി ക്കപ്പെടുന്നവർ യോഗ്യരാകുന്നില്ലായെങ്കിൽ അവർക്ക് പകരം അതിലേക്ക് സ്നേഹിതപദവിയിലുള്ളവരെ പ്രവേശിപ്പിക്കാ മെന്നുള്ളതാണ്. അതിനാൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കായ്കനിപ്പെരുന്നാളിന്റെ പൊരുളായിരിക്കുന്ന കൊയ്ത്തിന്റെ പ്രാരംഭഘട്ടത്തിൽ ദൂതന്മാർ പുറപ്പെട്ട് യെരു ശലേമിൽ കൂട്ടിചേർക്കുന്നത് കല്ല്യാണസദ്യക്ക് ഒരുങ്ങി യിരിക്കുന്ന സുവിശേഷത്തിന്റെ വൃതന്മാരെയും, അവൻ രാജാവായി വരുന്നത് കാത്തിരിക്കുന്ന യിസ്രായേൽ വൃതന്മാരെ യുമാണ്. ലോകാവസാനത്തിന്റെ അന്ത്യനാളുകൾ വളരെയധികം പ്രശ്നകലുഷിതമായിരിക്കും. അന്ന് സത്യദൈവത്തെ ആരാ ധിക്കുന്നവർ നേരിടുന്ന കഷ്ടത വളരെ വലുതാണ്. അന്ന് രാഷ്ട്രം എന്ന നിലയിൽ ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേൽ കഷ്ടം സഹിക്കുമ്പോൾ ദൈവരാജ്യത്തിന്റെ സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുന്നത് പുതിയനിയമ സഭയുടെ അവസാന ശേഷിപ്പിൽ ഉള്ളവരാകുന്നു.

അക്ഷരീകമായ ദൈവരാജ്യം കാത്തിരുന്ന പരീശന്മാർ യേശുവിന്റെ അടുക്കൽ വന്ന് അത് എപ്പോൾ സ്ഥാപിതമാക്ക പ്പെടുമെന്ന് ചോദിക്കുകയുണ്ടായി. അവരുടെ ചോദ്യത്തിന്റെ മറുപടിയായി കർത്താവ് അവരോട് സംസാരിച്ചത് ലോകാവസാന ലക്ഷണങ്ങളെക്കുറിച്ചായിരുന്നു. അത് ശ്രദ്ധിച്ചുകേട്ട യേശുവിന്റെ ശിഷ്യന്മാർ അതെക്കുറിച്ച് കൂടുതൽ അറിയുവാനായി യേശു ഒലിവുമലയിൽ തനിച്ചിരിക്കുമ്പോൾ അവനോട് സ്വകാര്യമായി ചോദിക്കുകയുണ്ടായി. കർത്താവിന്റെ രണ്ടാമത്തെ വരവിനെ ക്കുറിച്ച് ഈ രണ്ട് സന്ദർഭങ്ങളിൽ യേശു അരുളിച്ചെയ്ത സംഭവങ്ങളുടെ രത്നച്ചുരുക്കമാണ് ചുവടെ കൊടുത്തി രിക്കുന്നത്.

## 1 ദൈവരാജ്യം എപ്പോൾ വരുന്നു എന്ന് പരീശന്മാർ ചോദിച്ചതിന് യേശു അവരോടും അവന്റെ ശിഷ്യന്മാരോടും അരുളിച്ചെയ്തത്

**വായനാഭാഗം:** ലൂക്കൊ. 17:20–27

ചരിത്രകാരനായ ലൂക്കൊസ് മാത്രമാണ് ഇതിന്റെ സന്ദർഭവിശദീകരണം തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏഴു കാര്യങ്ങളാണ് അന്തർലീനമായിരിക്കുന്നത്. അവയുടെ ലഘുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1 ഐഹികമല്ലാത്ത ആത്മീക ദൈവരാജ്യത്തെക്കുറിച്ച്

കർത്താവിന്റെ ഒന്നാമത്തെ വരവ് മുതൽ രണ്ടാമത്തെ വരവ് വരെ ദൈവരാജ്യം എന്നത് അക്ഷരീകമല്ല; ആത്മീകമാണ്. ഈ കാലയളവിൽ സുവിശേഷത്തിൽ വിശ്വസിച്ച് ഭൂമിയിൽ ജീവിക്കുന്നവർ ആത്മീയ ദൈവരാജ്യത്തിലാണ്. അപ്രകാരമല്ലാത്തവരാണ് വിശ്വാസത്തിൽ സ്ഥിരതയില്ലാത്തവരായി ഓരോ മിഥ്യാ ഉപദേശങ്ങൾക്ക് പിന്നാലെ പോകുന്നത്.

ദൈവരാജ്യം സമീപിച്ചിരിക്കുന്നു മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്ന യേശുവിന്റെ സന്ദേശം കേട്ട പരീശന്മാർ അതിന്റെ നിജസ്ഥിതി അറിയുവാനാണ് അവനെ സമീപിച്ചത്. അവരോട് കർത്താവ് പറഞ്ഞത് ദൈവരാജ്യം നിങ്ങളുടെ ഇടയിൽത്തന്നെ ഉണ്ടല്ലോ എന്നായിരുന്നു. എന്നാൽ ദൈവപുത്രന്റെ വാക്കുകളെ വിശ്വസിച്ച് അവനെ അനുഗമിച്ച ശിഷ്യന്മാരോട് പറഞ്ഞത് നിങ്ങൾ മനുഷ്യപുത്രന്റെ ഒരു ദിവസം കാൺമാൻ ആഗ്രഹിക്കുന്ന കാലം വരും, കാണുകയില്ലതാനും എന്നായിരുന്നു. അവർ പ്രതീക്ഷിച്ചിരുന്നത് യേശു വേഗത്തിൽ തന്റെ അക്ഷരീക രാജ്യം സ്ഥാപിക്കുമെന്നായിരുന്നു. അവരോടും യേശു പറഞ്ഞത് 'ഇതാ ഇവിടെ' എന്നും 'അതാ അവിടെ' എന്നും പറയുന്നവരുടെ പിന്നാലെ സുവിശേഷത്തിൽ വിശ്വസിക്കുന്നവർ പോകരുത് എന്നായിരുന്നു.

### 2 മനുഷ്യപുത്രൻ അക്ഷരീക ദൈവരാജ്യം സ്ഥാപിക്കുവാൻ പ്രത്യക്ഷപ്പെടുന്നതിന്റെ അടയാളം

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അവന്റെ തേജസ്സ്, മിന്നൽ ആകാശത്തിൻ കീഴെ ദിക്കോടുദിക്കെല്ലാം തിളങ്ങി

മിന്നുന്നതുപോലെ ആയിരിക്കും. ലോകരക്ഷകനായ യേശു കന്യകയിൽ പിറന്ന ഒരു ആൺകുഞ്ഞായി ജനിച്ച രാത്രിയിൽ ആട്ടിൻ കൂട്ടത്തിന് കാവൽ കാത്തു വെളിയിൽ പാർത്തിരുന്ന ഇടയന്മാർക്ക് ഒരു ദൂതൻ പ്രത്യക്ഷനാകുകയും അപ്പോൾ അവരെ കർത്താവിന്റെ തേജസ്സ് ചുറ്റി മിന്നുകയും ചെയ്തതായിട്ടാണ് സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കൊ. 2:8-13). കർത്താവിന്റെ ഒന്നാമത്തെ പ്രത്യക്ഷതയിൽ ഇടയന്മാർ പാർത്തിരുന്ന പ്രദേശത്ത് മാത്രമാണ് ദൈവതേജസ്സ് ചുറ്റി മിന്നിയതെങ്കിൽ അവന്റെ രണ്ടാമത്തെ പ്രത്യക്ഷതയിൽ ഭൂതലം മുഴുവനാണ് മിന്നൽപോലുള്ള ദൈവതേജസ്സിനാൽ പ്രകാശിപ്പിക്കപ്പെടുന്നത്.

യെരുശലേമിനെതിരെയുള്ള യുദ്ധത്തിനായി സകല ജാതികളും അതിനെതിരെ ഒത്തുകൂടുമ്പോൾ യെശൂരന്റെ രക്ഷയ്ക്കായി ഒലിവുമലയിൽ പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ പ്രത്യക്ഷതയെക്കുറിച്ച് പ്രവചിച്ച സെഖര്യാവ് പ്രവചിച്ചിരിക്കുന്നത് യഹോവ മാത്രം അറിയുന്ന നാളിൽ ജ്യോതിർഗോളങ്ങൾ മറഞ്ഞുപോകുന്നതുകൊണ്ട് വെളിച്ചം ഉണ്ടാകുകയില്ലായെന്നാണ്. പകലും രാത്രിയുമല്ലാത്ത സന്ധ്യസമയത്ത് വെളിച്ചമാകുന്നത് കർത്താവിന്റെ മഹത്വപ്രത്യക്ഷതയുടെ ദൈവതേജസ്സിനാലാണ്.

ഇപ്രകാരം വളരെ വ്യക്തമായി ലോകാവസാന ലക്ഷണങ്ങൾ കർത്താവിന്റെ പ്രത്യക്ഷതയോടുള്ള ബന്ധത്തിൽ പഴയ-പുതിയ നിയമങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ് കർത്താവിന്റെ പ്രത്യക്ഷതയെക്കുറിച്ച് യേശു ഇതാ ഇവിടെയെന്നും അതാ അവിടെയെന്നും ഉള്ള ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നവരുടെ പിന്നാലെ തിരുവചനം വേണ്ടവിധത്തിൽ ഗ്രഹിക്കുന്നവർ പോകാതിരിക്കുന്നത്.

## 3 കർത്താവ് സ്വന്തജനത്താൽ തള്ളപ്പെട്ടു കഷ്ടം സഹിക്കുന്നതിനെക്കുറിച്ച്

സുവിശേഷത്തിന്റെ അന്തസത്ത ഗ്രഹിക്കാൻ കഴിയാതിരുന്ന യിസ്രായേലിലെ അന്നത്തെ തലമുറ അവനെ തള്ളിക്കളഞ്ഞ് ക്രൂശിലെ മരണത്തിനു ഏല്പിച്ചുകൊടുത്തു. അതെക്കുറിച്ചാണ് കർത്താവ് പറഞ്ഞത് ഈ തലമുറ അവനെ തള്ളിക്കളയുകയും അവൻ വളരെ കഷ്ടം അനുഭവിക്കുകയും ചെയ്യുമെന്ന്.

## 4 നോഹയുടെ കാലത്തു സംഭവിച്ചതുപോലെ സംഭവിക്കുന്നതിനെക്കുറച്ച്

പുരാതനകാലത്ത് നോഹ പെട്ടകത്തിൽ കടന്ന നാൾവരെ ലോകജനത തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയം വന്ന് എല്ലാവരെയും മുടിച്ചു കളഞ്ഞു. അന്ന് ആ തലമുറയിലെ മനുഷ്യരിൽ നീതിമാനായ നോഹയുടെ കുടുംബത്തിലെ എട്ടുപേർ മാത്രമാണ് രക്ഷപ്പെട്ടത്. അതുപോലെ ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയെ അവഗണി ക്കുന്നവർ അന്നു തള്ളപ്പെട്ടുപോകുന്നു.

## 5 ലോത്തിന്റെ കാലത്തു സംഭവിച്ചതുപോലെയുള്ള നാശം

ഇപ്പോഴത്തെ ലോകത്തിന്റെ ആരംഭത്തിൽ സൊദോം ഗൊമോറാ നിവാസികൾ കഠിനപാപികളായിരുന്നു. അവരും പുരാതനലോകത്തിലെ ആളുകളെപ്പോലെ തിന്നും കുടിച്ചും വിറ്റും നട്ടും പണിതും ജഡിക സുഖത്തിൽ മതിമറന്നു ജീവിച്ചവരായിരുന്നു. ദൈവഭയം തെല്ലുമില്ലാതിരുന്ന ആ ദേശം തിരഞ്ഞെടുത്ത് അവിടെ പാർത്ത ലോത്തിന്റെ സ്ഥിതി പിന്നീട് അതീവ ദയനീയമായിരുന്നു. വലഞ്ഞുപോയ നീതിമാനായിരുന്നു ലോത്ത് എന്നാണ് പുതിയ നിയമത്തിൽ പത്രൊസ് അപ്പൊസ്ത ലൻ അവനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. ആ ദേശ നിവാസികളുടെ കഠിനപാപം നിമിത്തം ദേശം ദൈവത്തോട് നിലവിളിച്ചപ്പോൾ അവിടെ ന്യായവിധി നടത്തുന്നതിനു മുമ്പ് അബ്രഹാമിനെ ഓർത്ത് ദൈവം ലോത്തിനെ വിടുവിച്ചു. ലോത്ത് സൊദോം വിട്ട നാളിൽ ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്ത എല്ലാവരെയും മുടിച്ചുകളഞ്ഞു. അതുപോലെ ദൈവത്തെ അവഗണിക്കുന്ന ദുഷ്ടന്മാരെയെല്ലാം മനുഷ്യപുത്രൻ വെളിപ്പെ ടുന്ന നാളിൽ ഭൂമിയിൽനിന്ന് ദൈവം കുടഞ്ഞുകളയും.

## 6 വ്യതന്മാരെ ശേഖരിക്കുന്നതിനെക്കുറിച്ച്

ലോത്തിന്റെ ഭാര്യയെപോലെ ആരും പിന്നോക്കം തിരിയരുതെന്നുള്ള മുന്നറിയിപ്പണ് യേശു അവരോട് അറിയിച്ചത്. രക്ഷപ്പെടുവാൻ സാഹചര്യം ലഭിച്ചിട്ടും ഭൗതിക നന്മയുടെ പിന്നാലെ മനസ്സ് പോയതുകൊണ്ട് ലോത്തിന്റെ ഭാര്യ ദൈവീക നിർദ്ദേശം അവഗണിച്ചു പിന്നോക്കം തിരിഞ്ഞു. അതിനാൽ

അവൾ ഉപ്പുതൂണായിത്തീർന്നു. അതുകൊണ്ട് മനുഷ്യപുത്രൻ വെളിപ്പെടുന്നനാളിൽ വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിനകത്തേക്ക് ഇറങ്ങരുത്, വയലിൽ ഇരിക്കുന്നവൻ വീട്ടിലെ സാധനം എടുപ്പാൻ ലോത്തിന്റെ ഭാര്യ തിരിഞ്ഞതുപോലെ പിന്നോക്കം തിരിയരുത് എന്ന് കർത്താവ് അവരോട് അരുളിച്ചെയ്തത് ആത്മീക ജീവിതത്തിന് പ്രാധാന്യത കൊടുക്കാതെ ഇഹലോക ജീവിതത്തിന് പ്രാധാന്യം കൊടുക്കുന്നവരെല്ലാം അന്നു തള്ളപ്പെട്ടുപോകും എന്നതിന്റെ സൂചനയായിരുന്നു. അതുകൊണ്ട് ഇഹലോകത്തെ ജീവിതത്തിന് വില കൊടുക്കാതെ ആത്മിക ജീവിതത്തിനുവേണ്ടി അന്നു പിടിച്ചുനില്ക്കുന്നവരാണ് ക്ഷമകൊണ്ട് അവരുടെ പ്രാണനെ നേടുന്നത്.

അന്ന് ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒന്നിച്ച് പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും. രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. ആഗോളതലത്തിൽ നടക്കുന്ന സംഭവമാണിത്. അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന **വൃതന്മാരെ** മാത്രമാണ് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ദൂതന്മാർ ശേഖരിക്കുന്നത്. അന്നു കല്ലറകൾ തുറക്കപ്പെടുന്നില്ല, പുനരുത്ഥാനമോ രൂപാന്തരമോ ഒന്നും നടക്കുന്നതുമില്ല. ഇതിൽനിന്നും ഇത് മണവാട്ടിസഭയെ ചേർക്കുവാൻ മണവാളൻ മധ്യാകാശവരവിൽ വരുന്ന സംഭവത്തെക്കുറിച്ചല്ല പിന്നെയോ; ഭൂമിയിൽവെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവരെ ദൂതന്മാർ വേർതിരിച്ചു ശേഖരിക്കുന്നതിനെക്കുറിച്ചാകുന്നു എന്നതാണ് വ്യക്തമാക്കപ്പെടുന്നത്.

## 7 ഹർമ്മെഗെദ്ദോൻ യുദ്ധത്തെക്കുറിച്ച്

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിന്റെ ലക്ഷണങ്ങൾ കേട്ടവർ കർത്താവേ: എവിടെ എന്നു ചോദിച്ചതിന് കർത്താവ് അവരോട് പറഞ്ഞത് ശവം ഉള്ളേടത്തു കഴുക്കൾ കൂടുമെന്നായിരുന്നു. യെരുശലേമിനെ ഞെരുക്കി എതിർക്രിസ്തുവും സൈന്യവും സഖ്യരാജ്യങ്ങളും തമ്പടിച്ചു കിടക്കുന്ന സന്ദർഭത്തിലാണ് യെശൂരന്റെ രക്ഷക്കായിട്ട് മഹത്വത്തിന്റെ രാജാവ് തേജസ്സിൽ

പ്രത്യക്ഷപ്പെടുന്നത്. അന്നു നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ ശവങ്ങൾകൊണ്ട് അവിടം നിറയപ്പെടുന്നു. സർവ്വശക്തനായ മഹാദൈവത്തിന്റെ അത്താഴമാണ് ആകാശത്തിലെ പക്ഷികൾക്കും കാട്ടുമൃഗങ്ങൾക്കും ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ ഒരുക്കപ്പെടുന്നത്. അതുകൊണ്ട് ശവം ഉള്ളേടത്ത് കഴുക്കൾ കൂടുമെന്ന് യേശു അവരോട് മർമ്മമായി അരുളിച്ചെയ്തത് ഹർമ്മെഗെദ്ദോൻ യുദ്ധത്തെക്കുറിച്ചുള്ള സൂചനയായിരുന്നു.

പരീശന്മാരോട് കർത്താവ് അരുളിച്ചയ്തതിൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന സംഭവങ്ങളുടെ രൂപരേഖയുണ്ട്. എന്നാൽ അതിൽ തൃപ്തരാകാതെ അതെക്കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹിച്ച ശിഷ്യന്മാരാണ് യേശു ഒലിവുമലയിൽ തനിച്ചിരിക്കുമ്പോൾ അവനോട് അതു സംബന്ധമായി സ്വകാര്യ സംഭാഷണത്തിൽ ഏർപ്പെട്ടത്. അതിന്റെ വിശദാംശങ്ങളിലേക്കാണ് തുടർന്ന് നാം പ്രവേശിക്കുന്നത്. അതിന്റെ വിശദീകരണം മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ മൂന്ന് സുവിശേഷ രചയിതാക്കളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## 2 ഒലിവുമലയിൽ സ്വകാര്യമായി ശിഷ്യന്മാർ യേശുവിനോട് മനുഷ്യപുത്രന്റെ വരവിനെക്കുറിച്ച് ചോദിച്ചതിന് യേശു അവരോട് അരുളിച്ചെയ്തത്.

**വായനാഭാഗം:** മത്താ. 24:3–51, മർക്കൊ. 13:3–37, ലൂക്കൊ. 21:5–36

**പുതിയനിയമം ആകുന്ന സുവിശേഷത്തിനുവേണ്ടി നിലനില്ക്കുന്ന വ്യതന്മാരോടുള്ള ബന്ധത്തിൽ**: (മത്താ. 24:3-14)

- **കള്ളക്രിസ്തുക്കൾ എഴുന്നേറ്റ് അനേകരെ തെറ്റിച്ചുകളയുന്നതിനെക്കുറിച്ച്**: ആരും നിങ്ങളെ തെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ ഞാൻ ക്രിസ്തു എന്നുപറഞ്ഞ് അനേകർ എന്റെ പേർ എടുത്തുവന്ന് പലരെയും തെറ്റിക്കും.
- **ഈറ്റുനോവിന്റെ ആരംഭത്തിൽ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച്**: യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കുമ്പോൾ ചഞ്ചലപ്പെടരുത് അത് സംഭവിക്കേണ്ടതുതന്നെ; എന്നാൽ അത് അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും.

- **സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കുന്നതിനെക്കുറിച്ച്**: അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പ്പിക്കയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കയും അന്യോന്യം പകയ്ക്കയുംചെയ്യും.
- **കള്ളപ്രവാചകന്മാർ എഴുന്നേറ്റ് അനേകരെ തെറ്റിച്ചുകളയുന്നതിനെക്കുറിച്ച്**: കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. അവസാനത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും.
- **സുവിശേഷം ഭൂലോകം ഒക്കെയും പ്രസംഗിക്കപ്പെടുന്നതിനെക്കുറിച്ച്**: രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും അപ്പോൾ അവസാനം വരും.

**പഴയനിയമത്തിനു വേണ്ടി നിലകൊള്ളുന്ന യിസ്രായേൽ വ്യതന്മാരോടുള്ള ബന്ധത്തിൽ**: (മത്താ. 24:15-24)

- **എതിർക്രിസ്തു വിശുദ്ധനഗരമാകുന്ന യിസ്രായേലിൽ പ്രവേശിക്കുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പ്**: എന്നാൽ ദാനിയേൽ പ്രവാചകൻ അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേഛത വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നത് നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ-
- **യെഹൂദന്മാരുടെ ഓടിപ്പോക്കിനെ സംബന്ധിച്ച്**: യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകുവാനും വീട്ടിന്മേൽ ഇരിക്കുന്നവർ വീട്ടിലുള്ളത് എടുക്കേണ്ടതിന് വീട്ടിലേക്ക് ഇറങ്ങരുതെന്നും വയലി ലുള്ളവർ വസ്ത്രം എടുപ്പാൻ വീട്ടിലേക്ക് മടങ്ങിപ്പോകരു തെന്നുമാണ് അവരോട് കല്പിച്ചത്.
- **ശീതകാലം, ശബ്ബത്ത് എന്നിവയെക്കുറിച്ച്**: ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിക്കേണം എന്നും അവരോട് കല്പിച്ചിട്ടുള്ളത്.

- **അന്ന് ഉണ്ടാകുന്ന വലിയ കഷ്ടതയെക്കുറിച്ച്**: ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതും ആയ വലിയ കഷ്ടമാണ് അന്ന് ഉണ്ടാകുന്നത്.
- **കഷ്ടതയുടെ നാളുകൾ ചുരുക്കുന്നതിനെക്കുറിച്ച്**: ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വൃതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും.
- **കള്ളക്രിസ്തുക്കൾ, കള്ള പ്രവാചകന്മാർ എന്നി വരെക്കുറിച്ച്**: ഇതാ ക്രിസ്തു ഇവിടെ, അതാ അല്ല അവിടെ എന്ന് പറഞ്ഞാൽ വിശ്വസിക്കരുത് കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരുംഎഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.

**മനുഷ്യപുത്രൻ വെളിപ്പെടുന്നനാളിനോടുള്ള ബന്ധത്തിൽ**:
(മത്താ. 24:25-27)

- ഓർത്തുകൊൾവിൻ; ഞാൻ മുമ്പു കൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോട്: അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നു പറഞ്ഞാൽ വിശ്വസിക്കരുത്.
- മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവ് ആകും.

**ഹർമ്മെഗെദ്ദോൻ യുദ്ധത്തോടുള്ള ബന്ധത്തിൽ**: (മത്താ. 24:28)

- ശവം ഉള്ളേടത്ത് കഴുക്കൾ കൂടും

**പ്രപഞ്ചത്തിനുണ്ടാകുന്ന മാറ്റങ്ങളോടുള്ള ബന്ധത്തിൽ**: (മത്താ. 24:29)

- ആ കാലത്തിലെ കഷ്ടം കഴിഞ്ഞ് ഉടനെ സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നും വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും.

**മനുഷ്യപുത്രന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ അടയാളം ആകാശത്ത് വിളങ്ങുന്നതിനോടുള്ള ബന്ധത്തിൽ**: (മത്താ. 24:30)

- അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്ത് വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുകൊണ്ട്;

മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ വരുന്നതു കാണാം.

**മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കൊയ്ത്തിന്റെ പ്രാരംഭഘട്ടത്തോടുള്ള ബന്ധത്തിൽ**: (മത്താ. 24:31)

- അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടുകൂടെ അയയ്ക്കും. അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും.

കർത്താവ് ശിഷ്യന്മാരോട് ലോകാവസാന സംഭവങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് വൃതന്മാരിൽ രണ്ടുകൂട്ടരുണ്ടെന്നും അവർ സുവിശേഷത്തിന്റെ വക്താക്കളായവരും യിസ്രായേലിൽ നിന്നുള്ള പഴയ നിയമത്തിന്റെ സാക്ഷികളും ആകുന്നുവെന്നാണ്. അതുകൂടാതെ അന്ന് പ്രപഞ്ചത്തിനുണ്ടാകുന്ന മാറ്റം, ഹർമ്മെഗെദ്ദോൻ യുദ്ധം, കർത്താവ് മേഘങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്, വൃതന്മാരെ കൂട്ടിച്ചേർക്കുന്നത് എന്നീ കാര്യങ്ങളെക്കുറിച്ചാണ് അരുളിച്ചെയ്തിരിക്കുന്നത്.

അന്ന് നടക്കുന്ന കൊയ്ത്തിൽ വൃതന്മാരെ ശേഖരിക്കുന്നതിനോടുള്ള ബന്ധത്തിൽ കർത്താവ് പ്രസ്താവിച്ചിരിക്കുന്ന രണ്ട് ഉപമകളാണ് വ്യക്തമാക്കി യിരിക്കുന്നത്. അതിൽ ഒന്നാമത്തേത് അത്തിയോടുള്ള ബന്ധത്തിൽ യിസ്രായേൽ വൃതന്മാരെ ശേഖരിക്കുന്നതിനെക്കുറിച്ചാണെങ്കിൽ രണ്ടാമത്തേത് പത്തു കന്യകന്മാരോടുള്ള ബന്ധത്തിൽ സുവിശേഷത്തിന്റെ വൃതന്മാരെ ശേഖരിക്കുന്നതിനെക്കുറിച്ചാകുന്നു. മൂന്നാമത്തെയും നാലാമത്തെയും ഉപമകൾ ഇവയുടെ അനുബന്ധ സംഭവങ്ങളെക്കുറിച്ചുള്ള ഉപമകളാകുന്നു.

**1 അത്തിയോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഉപമ**: (മത്താ. 24:32-44)

- അത്തിയുടെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു സ്വതവേ അറിയുന്നു (അത്തി മുതലായ സകല വൃക്ഷങ്ങളെയും നോക്കുവിൻ ലൂക്കൊ. 20:29).

- യിസ്രായേൽ ഉൾപ്പെടെയുള്ള സകല ലോകരാജ്യങ്ങളും തളിർക്കുമ്പോൾ യേശുക്രിസ്തു അടുക്കെ വാതില്ക്കൽ അയിരിക്കുന്നു.
- ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞു പോകയില്ല.
- ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.
- ആ നാളും നാഴികയും സ്വർഗീയ പിതാവ് മാത്രമല്ലാതെ ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല.
- നോഹയുടെ കാലം പോലെതന്നെ മനുഷ്യപുത്രന്റെ വരവ് ആകും. ജല പ്രളയത്തിനു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾവരെ അവർ തിന്നും കുടിച്ചും വിവാഹത്തിനു കൊടുത്തും പോന്നു; ജലപ്രളയംവന്ന് എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആകും.
- അന്നു രണ്ടുപേർ വയലിൽ ഇരിക്കും; ഒരുത്തനെ കൈക്കൊള്ളും; മറ്റവനെ ഉപേക്ഷിക്കും. രണ്ടുപേർ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും; ഒരുത്തിയെ കൈക്കൊള്ളും; മറ്റവളെ ഉപേക്ഷിക്കും.
- യിസ്രായേൽ വൃതന്മാരോടുള്ള ബന്ധത്തിൽ അവർക്കുള്ള മുന്നറിയിപ്പായിട്ടാണ് നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്തത്
- കർത്താവ് കള്ളനെപ്പോലെ വരുന്നതിന്റെ കാരണം കള്ളൻ വരുന്ന യാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരുന്ന് തന്റെ വീട് തുരക്കുവാൻ സമ്മതിക്കാത്തതുകൊണ്ടാകുന്നു
- അതുകൊണ്ട് നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ എന്നു അവൻ എല്ലാവരോടുമായിട്ട് കല്പിക്കുകയും ചെയ്തു.

2 **പത്തു കന്യകന്മാരുടെ ഉപമ**: (മത്താ. 25:1–13)

- സ്വർഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തും

കൊണ്ട് പുറപ്പെട്ട പത്തു കന്യകന്മാരോടു സദൃശ്യമാകും.

- അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു.
- ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല.
- ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു.
- മണവാളൻ വരുവാൻ താമസിച്ചപ്പോൾ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങിപ്പോയി.
- അർദ്ധരാത്രിക്ക് മണവാളൻ വരുന്നു, അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന ആർപ്പുവിളി ഉണ്ടായി.
- അപ്പോൾ കന്യകന്മാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു.
- ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട് ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ കുറച്ചു തരുവിൻ എന്നു പറഞ്ഞു.
- ബുദ്ധിയുള്ളവർ ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു.
- അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു;
- ഒരുങ്ങിയിരുന്നവർ അവനോട് കൂടെ കല്ല്യാണസദ്യക്കു ചെന്നു; വാതിൽ അടയ്ക്കയും ചെയ്തു.

അത്തിയോടുള്ള ബന്ധത്തിൽ യിസ്രായേലിൽ നിന്നുള്ള വൃതന്മാരെയും പത്തു കന്യകന്മാരോടുള്ള ബന്ധത്തിൽ സുവിശേഷത്തിന്റെ സാക്ഷികളായ പുതിയനിയമ സഭയുടെ വൃതന്മാരെയും ശേഖരിക്കുന്നതിനെക്കുറിച്ചാണ് കർത്താവ് ഉപമകളായി പ്രസ്താവിച്ചിരിക്കുന്നത്. അതു നിവർത്തീകരിക്ക പ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയാകുന്ന മഹത്വപ്രത്യക്ഷതയിൽ ആകുന്നു. ഒരുങ്ങിയിരിക്കുന്ന കന്യക മാർ കല്ല്യാണ വിരുന്നു ശാലയിലേക്കാണ് പ്രവേശി പ്പിക്കപ്പെടു ന്നത്. ഇതിൽനിന്നും പത്തു കന്യകന്മാരുടെ ഉപമ മണവാട്ടി സഭയുടെ എടുക്കപ്പെടലാകുന്ന കർത്താവിന്റെ മധ്യാകാശ പ്രത്യക്ഷതയല്ല എന്നതാണ് അസന്നിഗ്ധമായി തിരുവചന

തെളിവുകളാൽ വ്യക്തമാക്കപ്പെടുന്നത്. വിശുദ്ധ ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ ഇതേകാര്യം മറ്റൊരു വിധത്തിൽ കർത്താവ് ഉപമകളായി പ്രസ്താവിച്ചിരിക്കുന്നത് കൂടി ചിന്തിക്കുന്നത് ഈ ചിന്താഗതിക്ക് കൂടുതൽ വ്യക്തത നല്കുന്നു.

### 3 കല്ല്യാണത്തിനു പോയി മടങ്ങിവരുന്ന യജമാനൻ

(ലൂക്കൊ. 12:35 – 40)

- നിങ്ങളുടെ അര കെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ.
- യജമാനൻ കല്ല്യാണത്തിനു പോയി വന്നു മുട്ടിയാൽ ഉടനെ വാതിൽ തുറന്നുകൊടുക്കേണ്ടതിന് അവൻ എപ്പോൾ മടങ്ങിവരും എന്ന് കാത്തു നില്ക്കുന്ന ആളുകളോട് തുല്യരായിരിപ്പിൻ.
- യജമാനൻ വരുംനേരം ഉണർന്നിരിക്കുന്നവരായി കാണുന്ന ദാസന്മാർ ഭാഗ്യവാന്മാർ; അവൻ അര കെട്ടി അവരെ ഭക്ഷ ണത്തിനിരുത്തുകയും വന്ന് അവർക്ക് ശുശ്രൂഷ ചെയ്യുകയും ചെയ്യും.
- അവൻ രണ്ടാം യാമത്തിൽ വന്നാലും മൂന്നാമതിൽ വന്നാലും അങ്ങനെ കണ്ടു എങ്കിൽ അവർ ഭാഗ്യവാന്മാർ.
- കള്ളൻ ഇന്ന നാഴികയ്ക്ക് വരുന്നു എന്ന് വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ അവൻ ഉണർന്നിരുന്ന് തന്റെ വീട് തുരപ്പാൻ സമ്മതിക്കയില്ല എന്നറിവിൻ.
- നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ.

കർത്താവ് ഈ ഉപമ പറഞ്ഞപ്പോൾ പത്രൊസ് യേശുവിനോട് ചോദിച്ചത് ഈ ഉപമ ഞങ്ങൾ എല്ലാവരോടും കൂടെയോ എന്നായിരുന്നു. പത്രൊസ് അപ്രകാരം ചോദിച്ചതിന്റെ കാരണം അവൻ ഉൾപ്പെടെയുള്ള പുതിയനിയമ സഭയിൽനിന്ന് തികവ് പ്രാപിക്കുന്ന മണവാട്ടിസഭയും ആത്മമണവാളനാകുന്ന കർത്താവിനോടുകൂടെ വരുന്ന വിശുദ്ധന്മാരും കല്ല്യാണസദ്യ യ്ക്ക് ക്ഷണിക്കപ്പെടുന്നവരല്ല; പിന്നെയൊ അവർ സ്വർഗാധി സ്വർഗത്തിൽവെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണത്തിലെ മണവാട്ടിയും തോഴിമാരും തോഴ്മക്കാരും ആകുന്നു എന്ന ഉൾക്കാഴ്ച ലഭിച്ചതുകൊണ്ടായിരുന്നു

ദൈവരാജ്യം ക്ഷണത്തിൽ വെളിപ്പെടുമെന്ന് വിചാരിച്ച യഹൂദന്മാരോട് യേശു അരുളിച്ചെയ്തത് അവന്റെ രാജത്വം സംബന്ധിച്ച ഉപമയായിരുന്നു. അതിന്റെ പ്രസക്ത ഭാഗങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**4 രാജത്വം പ്രാപിച്ച് മടങ്ങിവരുന്ന കുലീനനായ മനുഷ്യൻ**
(ലൂക്കൊ. 19:11-14)

കുലീനനായ ഒരു മനുഷ്യൻ രാജത്വം പ്രാപിച്ച് മടങ്ങി വരേണം എന്നുവെച്ച് ദൂരദേശത്തേക്ക് യാത്ര പോകുന്നതിനു മുമ്പ് പത്ത് ദാസന്മാരെ വിളിച്ച് അവർക്ക് പത്തു റാത്തൽ വെള്ളി കൊടുത്തു. അവൻ വരുവോളം വ്യാപാരം ചെയ്തുകൊൾവിൻ എന്ന് അവരോടു പറഞ്ഞു. അവന്റെ പൗരന്മാരോ അവനെ പകച്ച് അവന്റെ പിന്നാലെ പ്രതിനിധികളെ അയച്ചു; അവൻ രാജാവായിരിക്കുന്നത് അവർക്ക് സമ്മതമല്ല എന്ന് ബോധിപ്പിച്ചു. ഈ ഉപമയിൽ രാജത്വം പ്രാപിച്ച് മടങ്ങിവരുന്ന രാജാവിനോടുള്ള ബന്ധത്തിലാണ് പ്രസ്താവിച്ചിരിക്കുന്നത്.

അത്തി, പത്തു കന്യകമാർ, കല്ല്യാണത്തിനു പോയി മടങ്ങിവരുന്ന യജമാനൻ, രാജത്വം പ്രാപിച്ച് മടങ്ങിവരുന്ന കുലീനനായ പുരുഷൻ എന്നീ നാല് ഉപമകൾ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ദൂതന്മാർ ഭൂലോകമൊക്കെയും കാഹളങ്ങളുമായി പുറപ്പെട്ട് യെരുശലേമിൽ കൂട്ടിച്ചേർക്കുന്ന വൃതന്മാരോടുള്ള ബന്ധത്തിലുള്ളതാണ്. അന്ന് ദൂതന്മാർ കൊയ്തെടുക്കുന്നത് വൃതന്മാരായ നല്ലവരെ മാത്രമാണ്. എന്നാൽ കല്ല്യാണവിരുന്നുശാലയിൽ കല്ല്യാണവസ്ത്രം ധരിക്കാത്ത ദുഷ്ടന്മാരെയും മടിയന്മാരെയും കാണപ്പെടുന്നു. അത് എങ്ങനെ സംഭവിക്കുന്നു എന്നതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് കല്ല്യാണസദ്യയോടും ദൈവരാജ്യത്തിൽ ഭക്ഷണത്തിനിരിക്കുന്നതിനോടുമുള്ള ബന്ധത്തിൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്ന മറ്റ് രണ്ട് ഉപമകളിൽ നിന്നുമാകുന്നു.

1. **കല്ല്യാണവിരുന്നുശാല വിരുന്നുകാരെക്കൊണ്ട് നിറയ്ക്കുന്നതിനെക്കുറിച്ചുള്ള ഉപമ** (മത്താ. 21:23-48, 22:1-10)

യേശു ദൈവാലയത്തിൽ ചെന്ന് ഉപദേശിക്കുമ്പോൾ മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അവന്റെ അടുക്കൽ ചെന്ന് യേശുവിന്റെ അധികാരത്തെ ചോദ്യം

ചെയ്തപ്പോൾ അവൻ അവരോടു ചോദിച്ചത് യോഹന്നാന്റെ സ്നാനം എവിടെനിന്ന് സ്വർഗത്തിൽനിന്നോ മനുഷ്യരിൽനിന്നോ എന്ന് മറുചോദ്യമായിരുന്നു. അതിന് അവർക്ക് വ്യക്തമായി ഉത്തരം നല്കുവാൻ കഴിയാതെ പോയി. അതിനുശേഷമാണ് തന്റെ മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു പോകുവാൻ ഒരു പിതാവ് തന്റ രണ്ട് മക്കളോടു പറയുന്ന ഉപമയും കുടിയാന്മാരെ മുന്തിരത്തോട്ടം പാട്ടത്തിന് ഏല്പിച്ചിട്ട് പരദേശത്തുപോയ യജമാനൻ ഫലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിന് ദാസന്മാരെയും സ്വന്തപുത്രനെയും അയയ്ക്കുന്നതിനെക്കുറിച്ചുള്ള ഉപമയും അവരോടു പ്രസ്താവിച്ചത്. യേശു പറഞ്ഞത് തങ്ങളെക്കുറിച്ചാകുന്നു എന്നു വിചാരിച്ച മഹാപുരോഹിതന്മാരോടും പരീശന്മാരോടും ആ സന്ദർഭത്തിൽ യേശു പറഞ്ഞ മറ്റൊരു ഉപമയാണ് തന്റെ പുത്രനുവേണ്ടി കല്ല്യാണസദ്യകഴിച്ച രാജാവിന്റ ഉപമ.

- രാജപുത്രന്റെ വിവാഹവിരുന്നിലേക്ക് ആൾക്കാരെ വിളിക്കുന്നതിന് അവൻ ദാസന്മാരെ അയച്ചു; അവർക്കോ വരുവാൻ മനസ്സായില്ല.
- പിന്നെയും അവൻ മറ്റു ദാസന്മാരെ അയച്ചു; എല്ലാം ഒരുങ്ങിയിരിക്കുന്നു; കല്ല്യാണത്തിനു വരുവിൻ എന്ന് ക്ഷണിച്ചവരോടു പറയിച്ചു.
- അവർ അത് കൂട്ടാക്കാതെ ഒരുത്തൻ തന്റെ നിലത്തിലേക്കും മറ്റൊരുത്തൻ തന്റെ വ്യാപാരത്തിനും പൊയ്ക്കളഞ്ഞു.
- ശേഷമുള്ളവർ അവന്റെ ദാസന്മാരെ പിടിച്ച് അപമാനിച്ച് കൊന്നുകളഞ്ഞു.
- രാജാവ് കോപിച്ചു, സൈന്യങ്ങളെ അയച്ച് ആ കൊലപാതകന്മാരെ മുടിച്ച് അവരുടെ പട്ടണം ചുട്ടുകളഞ്ഞു.
- പിന്നെ അവൻ ദാസന്മാരോട് കല്ല്യാണം ഒരുങ്ങിയിരിക്കുന്നു; ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല.
- അതുകൊണ്ട് വഴിത്തലയ്ക്കൽ ചെന്ന് കാണുന്നവരെയൊക്കെയും കല്ല്യാണത്തിന് വിളിപ്പിൻ എന്നു പറഞ്ഞു.
- ആ ദാസന്മാർ പോയി അപ്രകാരം ചെയ്തു.
- കണ്ട **ദുഷ്ടന്മാരെയും നല്ലവരെയുമെല്ലാം** കൂട്ടിക്കൊണ്ടുവന്നു.
- കല്ല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞു.

## 2. ദൈവരാജ്യത്തിൽ ഭക്ഷണത്തിനിരിക്കുവാൻ ആളുകളെ ക്ഷണിക്കുന്നതിനെക്കുറിച്ചുള്ള ഉപമ: (ലൂക്കൊ. 14:15 – 24)

പരീശപ്രമാണികളിൽ ഒരുത്തന്റെ വീട്ടിൽ ഭക്ഷണം കഴിപ്പാൻ ശബ്ബത്തിൽ ചെന്നപ്പോൾ മഹോദരമുള്ള ഒരു മനുഷ്യനെ അവൻ അന്ന് സൗഖ്യമാക്കി. അതിൽ നീരസപ്പെട്ട ന്യായ ശാസ്ത്രി മാരെയും പരീശന്മാരെയും യേശു മിണ്ടാതാക്കി അതിനുശേഷം അവിടെ ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കു ന്നത് കണ്ടിട്ട് തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്ത പ്പെടുമെന്നും തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്ത പ്പെടുമെന്നും അവിടെ കൂടിവന്നവരോട് അരുളിച്ചെയ്തു. തന്നെ ക്ഷണിച്ച് പരീശനോട് മുത്താഴമോ അത്താഴമോ കഴിക്കുമ്പോൾ പ്രത്യുപകാരം ചെയ്യുവാൻ കഴിവില്ലാത്ത ദരിദ്രന്മാർ, അംഗ ഹീനർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ ക്ഷണിക്കണമെന്നും അങ്ങനെ ചെയ്താൽ നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ അവനു പ്രത്യുപകാരം ലഭിക്കുമെന്നും അരുളിച്ചെയ്തു.

അതു കേട്ടിട്ട് പന്തിയിലിരുന്ന ഒരുവൻ യേശുവിനോട് ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവൻ ഭാഗ്യവാൻ എന്ന് പറഞ്ഞതിനോടുള്ള ബന്ധത്തിലാണ് കർത്താവ് ഈ ഉപമ പ്രസ്താവിച്ചത്.

- ഒരു മനുഷ്യൻവലിയൊരു അത്താഴമൊരുക്കി പലരെയും ക്ഷണിച്ചു. അത്താഴത്തിന്റെ സമയമായപ്പോൾ ദാസനെ അയച്ച് എല്ലാം ഒരുങ്ങിയിരിക്കുന്നു വരുവിൻ എന്ന് ക്ഷണിച്ചവരോട് അറിയിച്ചു.
- അവരിൽ പലരും ഓരോ കാരണങ്ങൾ പറഞ്ഞ് വിരുന്നിൽ നിന്ന് ഒഴിവായി.
- ആ വിവരം വന്ന് ദാസൻ യജമാനനോട് അറിയിച്ചപ്പോൾ അവൻ കോപിച്ച് ദാസനോട് കല്പ്പിച്ചത് നീ വേഗം പട്ടണത്തിലെ വീഥികളിലും ഇടത്തെരുക്കളിലും ചെന്ന് ദരിദ്രന്മാർ, അംഗഹീനന്മാർ, മുടന്തന്മാർ, കുരുടന്മാർ എന്നിവരെ കൂട്ടിക്കൊണ്ടുവരിക എന്നായിരുന്നു.
- ദാസൻ അപ്രകാരം ചെയ്തതിനു ശേഷവും പിന്നെയും സ്ഥലം ഉണ്ട് എന്ന് യജമാനനോട് അറിയിച്ചതിന് അവൻ പറഞ്ഞത് എന്റെ വീട് നിറയേണ്ടതിന് **കണ്ടവരെ** അകത്തു വരുവാൻ നിർബന്ധിക്കുക എന്നായിരുന്നു.

- ആ ക്ഷണിച്ച പുരുഷന്മാർ ആരും എന്റെ അത്താഴം ആസ്വദിക്കുകയില്ലാ എന്നും കല്പിച്ചു.
- പരീശന്റെ വീട്ടിൽ യേശുവിനോടുകൂടെ പന്തിയിൽ ഇരുന്നവരോടാണ് അവൻ ഈ ഉപമ പ്രസ്താവിച്ചത്.

ഈ രണ്ട് ഉപമകളിലും യേശു അർത്ഥമാക്കിയത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ വിരുന്നുശാലയിൽ നടക്കുന്ന കല്ല്യാണസദ്യയെക്കുറിച്ചും അതിൽ പങ്കെടുക്കുവാൻ ഭാഗ്യം ലഭിക്കുന്നവർക്ക് മഹാരാജാവാം ദൈവത്തോടുകൂടെ ആയിരമാണ്ട് വാഴ്ചയിൽ പന്തിയിലിരിക്കുവാനുള്ള പദവി ലഭിക്കുന്നതിനെക്കുറിച്ചുമാകുന്നു. ദൂതന്മാർ വ്യതന്മാരെ ശേഖരിച്ച് വിരുന്നുശാലയിൽ പ്രവേശിപ്പിച്ചതിനുശേഷം വിരുന്നു ശാല നിറയുന്നതിനുവേണ്ടിയാണ് കണ്ടവരെ കൂട്ടിക്കൊണ്ടുവന്ന് അത് നിറയ്ക്കുന്നത്. അതിനു ശേഷമാണ് വിരുന്നുശാലയുടെ കതക് കർത്താവ് അടയ്ക്കുന്നത്.

ഭൂമിയിൽ വെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ട വ്യതന്മാരിൽ പലരും യോഗ്യരാകാതെ പൈശാചിക വഞ്ചനയിൽ കുടുങ്ങി തെറ്റിപ്പോകുന്നതുകൊണ്ടാണ് വിരുന്നുശാല നിറയാതിരിക്കുന്നത്. അധികം വ്യതന്മാർ തെറ്റിപ്പോകാതിരിക്കുന്നതിനു വേണ്ടിയാണ് പിതാവാം ദൈവം ലോകാവസാനത്തിന്റെ അന്ത്യനാളുകളെ ചുരുക്കി നിനയാത്ത നാഴികയിൽ തന്റെ പുത്രനെ ഭൂമിയിലേക്ക് അയയ്ക്കുന്നത്. വിരുന്നുശാലയുടെ കതക് അടച്ചതിനു ശേഷം അതിനു വെളിയിൽ നടക്കുന്നത് ദൈവക്രോധമാണ്. അതേക്കുറിച്ച് യെശയ്യാവ് ആത്മാവിൽ പ്രവചിച്ചത് ഇപ്രകാരമായിരുന്നു.

> എന്റെ ജനമേ, വന്ന് നിന്റെ അറകളിൽ കടന്ന് വാതിലുകളെ അടയ്ക്ക; ക്രോധം കടന്നുപോകുവോളം അല്പനേരത്തേക്ക് ഒളിച്ചിരിക്ക (യെശ. 26:20).

ദൈവത്തിന്റെ ജനമായ യിസ്രായേലിനോട് ദൈവക്രോധം കടന്നുപോകുവോളം വാതിലുകൾ അടച്ച് അല്പനേരത്തേക്ക് ഒളിച്ചിരിക്കുവാനാണ് പ്രവാചകനിലൂടെ അരുളിച്ചെയ്തിരിക്കുന്നത്. ഇത് മണവാട്ടിസഭയോടുള്ള ബന്ധത്തിലല്ല, യിസ്രായേലിനോടുള്ള ബന്ധത്തിലാകുന്നു. ഇത് ഗ്രഹിക്കാത്തവരാണ് മണവാട്ടിസഭയുടെ സാങ്കല്പിക മണിയറ വാസത്തെക്കുറിച്ചുള്ള ചിന്താഗതികളിൽ കുടുങ്ങിക്കിടക്കുന്നത്.

ഇതേക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ചിരുന്നുവെങ്കിലും ആവർത്തിക്കുന്നത് ഇത് സംബന്ധമായിട്ടുള്ള മുൻവിധിയിൽനിന്ന് വിടുതൽ പ്രാപിക്കുന്നതിനുവേണ്ടി ആകുന്നു

കല്ല്യാണവിരുന്നുശാല അടച്ചതിനുശേഷം അവിടെനിന്ന് അപ്രത്യക്ഷമാകുന്ന കർത്താവും അവനോടുകൂടെ വരുന്ന വിശുദ്ധന്മാരും തിരികെ വിരുന്നുശാലയിൽ പ്രവേശിക്കുന്നത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന സംഭവങ്ങളാകുന്ന ഹർമ്മെഗെദ്ദോൻ യുദ്ധം, ഏദോമിന്റെ സമ്പൂർണ്ണ സംഹാരം, സാത്താനെ ബന്ധിച്ച് കാല്ക്കീഴാക്കുന്നത് എന്നീ മൂന്ന് സംഭവങ്ങൾ പൂർത്തീകരിച്ചതിനു ശേഷമാകുന്നു. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് ഈ അദ്ധ്യായത്തിന്റെ പഠനാരംഭത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യങ്ങളിൽ നിന്നുമാകുന്നു. വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തുവരുന്നത് വിരുന്നുശാലയുടെ വാതിൽ അടച്ച് അവിടെ നിന്ന് അപ്രത്യക്ഷമായതിനുശേഷം ദൈവക്രോധത്തിൽ രാജാക്കന്മാരെയും സൈന്യങ്ങളെയും നിഗ്രഹിച്ചതിനുശേഷം തിരികെ പ്രവേശിക്കുന്ന സന്ദർഭത്തിലാണ്.

അന്ന് ദൂതന്മാർ ആദ്യം ശേഖരിക്കുന്നത് കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവരിലെ യോഗ്യരായ വൃതന്മാരെയാണെങ്കിൽ വിരുന്നുശാല നിറയ്ക്കുന്നതിന് കൂട്ടിക്കൊണ്ടുവരുന്നത് സ്നേഹിത പദവിയിലുള്ള കണ്ടവരായ നല്ലവരെയും ദുഷ്ടന്മാരെയുമാണ്. കർത്താവ് കല്ല്യാണവസ്ത്രം ധരിക്കാത്തവനെ സ്നേഹിതാ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നതിൽ നിന്നുമാണ് കല്ല്യാണ വിരുന്നുശാല നിറയേണ്ടതിന് പ്രവേശിപ്പിക്കപ്പെടുന്നവർ സ്നേഹിതപദവിയിലുള്ളവരാകുന്നു എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. അതേത്തുടർന്ന് വിരുന്നു ശാലയിൽ നടക്കുന്നത് പ്രതിഫല വിഭജനവും സ്നേഹിത പദവിയിൽ പ്രവേശിക്കപ്പെടുന്നവരിലെ ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയുമാണ്. അതിന്റെ വ്യക്തതയും നമുക്ക് ലഭിക്കുന്നത് കർത്താവ് ഉപമകളായി പ്രസ്താവിച്ചിരിക്കുന്നതിൽ നിന്നുമാകുന്നു.

**താലന്തിന്റെ ഉപമ**: (മത്താ. 25: 14 – 30)

- പരദേശത്ത് പോകുന്ന മനുഷ്യൻ ദാസന്മാർക്ക് അവന്റെ സമ്പത്ത് ഏല്പിച്ചിട്ട് യാത്രയായി.

- ഏറെ നാൾ കഴിഞ്ഞ ശേഷം മടങ്ങിവന്ന് അവരുമായി കണക്ക് തീർത്തപ്പോൾ അഞ്ച് താലന്ത് ലഭിച്ചവൻ വ്യാപാരം ചെയ്ത് അഞ്ച് താലന്ത് കൂടി നേടി.
- അവൻ നല്ലവനും വിശ്വസ്തനുമായ ദാസനായതുകൊണ്ട് അല്പത്തിൽ വിശ്വസ്തനായിരുന്നു.
- അതുകൊണ്ട് അവൻ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.
- രണ്ട് താലന്ത് ലഭിച്ചവനും രണ്ട് കൂടി നേടിയതുകൊണ്ട് അവനും യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിച്ചപ്പോൾ ഒന്ന് ലഭിച്ചവൻ ഒന്നും ചെയ്യാതെ യജമാനന്റെ ദ്രവ്യം തിരികെ കൊടുത്തു.
- അവന് യജമാനൻ വിധിച്ചത് കഠിന ശിക്ഷയായിരുന്നു.
- അവന്റെ താലന്ത് അവനിൽനിന്നെടുത്ത് പത്ത് താലന്ത് ലഭിച്ചവനു കൊടുക്കുകയും കൊള്ളരുതാത്ത ദാസനെ പിടിച്ച് ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളയുകയും ചെയ്തു.
- അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകുമെന്നുമാണ് കർത്താവ് അരുളിച്ചെയ്തത്.

**റാത്തലിന്റെ ഉപമ**: (ലൂക്കൊ. 19:15 – 27)

- ാരിയാക്കിയത്.
- മറ്റൊരുവൻ ഒന്നും സമ്പാദിക്കാതെ റാത്തൽ തിരികെ കൊടുത്തതുകൊണ്ട് യജമാനൻ അവനെ ദുഷ്ടദാസനായി പ്രഖ്യാപിക്കുകയും കഠിന ശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു.
- അവന്റെ റാത്തൽ പത്ത് ലഭിച്ചവന് കൊടുക്കുകയും ചെയ്തു. അവൻ രാജാവാകുവാൻ സമ്മതമല്ല എന്ന് അറിയിച്ച ശത്രുക്കളെ അവന്റെ മുമ്പിൽവെച്ച് കൊന്നുകളയുവാനും കല്പിച്ചു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ഭൂമിയിൽവെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണ സദ്യയ്ക്കായി വിരുന്നു ശാലയിലേക്ക് അന്ന് ഭൂമിയിൽനിന്ന് പ്രവേശിപ്പിക്കപ്പെടുന്ന വരുടെ കൂട്ടത്തിൽ മൂന്ന് വിഭാഗങ്ങളിൽപ്പെടുന്നവരാണുള്ളത്.

അവരിൽ നല്ലവർക്ക് പ്രതിഫലം ലഭിക്കുമ്പോൾ ദുഷ്ടന്മാർ അന്ത്യന്യായവിധിയിൽ അകപ്പെടുന്നു. അതിന്റെ ലഘു വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

- **മഹാകാഹളങ്ങളോടെ പുറപ്പെടുന്ന ദൂതന്മാർ ശേഖരിക്കുന്ന വൃതന്മാർ**: യിസ്രായേൽ വൃതന്മാരെ അത്തിമരത്തോടും സുവിശേഷത്തിന്റെ വൃതന്മാരെ കയ്യിൽ വിളക്കും പാത്രത്തിൽ എണ്ണയും ഉള്ള ബുദ്ധിയുള്ള അഞ്ച് കന്യകമാരോടുള്ള ബന്ധത്തിലുമാണ് ഉപമിച്ചിരിക്കുന്നത്. വൃതന്മാർക്ക് ലഭിക്കുന്ന പ്രതിഫലം കല്ല്യാണസദ്യയിലും ദൈവരാജ്യത്തിലും പന്തിക്കിരിക്കുവാനുള്ള അവകാശവും ആയിരമാണ്ട് വാഴ്ചയിൽ അവരവരുടെ പ്രാപ്തിക്കനുസരിച്ചുള്ള പട്ടണങ്ങളുടെ അധികാരവുമാണ്.
- **സ്നേഹിതപദവിയിൽ ചേർക്കപ്പെടുന്നവരിലെ നല്ലവരായ മനുഷ്യർ**: അവർ വാസ്തവത്തിൽ കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവരായിരുന്നില്ല. മഹത്വസിംഹാസനത്തിന് വലത്തുവശത്ത് നില്ക്കേണ്ടവരും ആയിരമാണ്ട് വാഴ്ചയിലെ പ്രജകളാകുവാനുള്ളവരുമായിരുന്നു. എന്നാൽ കല്ല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ യോഗ്യരാകാതിരുന്നതുകൊണ്ട് ദൂതന്മാർ കൂട്ടിച്ചേർക്കുന്നവരിൽ ഭാഗ്യവശാൽ പ്രവേശനം ലഭിക്കുന്നവരാണ്. അന്ന് അവർക്ക് ലഭിക്കുന്ന പ്രതിഫലം കല്ല്യാണവിരുന്നിനും തുടർന്ന് ആയിരമാണ്ട് വാഴ്ചയിൽ ദൈവരാജ്യത്തിൽ പന്തിയിലിരിക്കുവാനുള്ള ഭാഗ്യപദവിയുമാണ് ലഭിക്കുന്നത്.
- **സ്നേഹിതപദവിയിൽ ചേർക്കപ്പെടുന്നവരിൽനിന്നും തള്ളപ്പെട്ടുപോകുന്ന ദുഷ്ടന്മാർ**: ദൈവകല്പനയാൽ ദൂതന്മാർ പുറപ്പെട്ട് കണ്ടവരെ കൂട്ടിക്കൊണ്ടുവന്ന് വിരുന്നുശാലയിൽ പ്രവേശിപ്പിക്കുന്നവരിൽ മടിയന്മാരും ദുഷ്ടന്മാരുമായവർ അവസരം ലഭിച്ചിട്ടും അത് പാഴാക്കിക്കളയുന്നവരാണ്. രാജകീയ വിവാഹത്തിൽ പങ്കാളികളാകുന്നവർ ധരിക്കേണ്ട വസ്ത്രം അവിടെ ഉണ്ടായി രുന്നിട്ടുപോലും അത് ധരിക്കാത്ത അനുസരണക്കേടിന്റെ മക്കളും അലസരുമാകുന്നു ഇവർ. ഇവരിൽ താലന്ത് ലഭിച്ച ദുഷ്ടദാസന്മാരിൽ ചിലർ ഉൾപ്പെടുന്നു എങ്കിലും ആത്മീയ ജീവിതത്തിന് പ്രാധാന്യത കൊടുക്കാതെ ഇവർ ജീവിതത്തിൽ നിഷ്ക്രിയരായതുപോലെ

കല്ല്യാണ വിരുന്നുശാലയിലും നിഷ്ക്രിയരാകുന്നു. അതുകൊണ്ട് ഇവർക്ക് ലഭിക്കുന്നത് നിത്യനാശമാകുന്ന **അഗ്നിനരകമാകുന്നു**.

കുഞ്ഞാടിന്റെ കല്ല്യാണവിരുന്നുശാലയിൽനിന്ന് തള്ള പ്പെടുന്നവരുടെ അന്ത്യന്യായവിധി എന്ന അദ്ധ്യായത്തിന്റെ പഠന പൂർത്തീകരണത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. ഇതുവരെയുള്ള പഠനത്തിൽനിന്ന് അതിന്റെ വ്യക്തമായ തെളിവുകൾ നമുക്ക് ലഭിച്ചത് കർത്താവ് ശിഷ്യന്മാരോടും യഹൂദന്മാരോടും സംസാരിച്ച ഉപമകളുടെ വിശകലനത്തിൽ നിന്നുമാകുന്നു.

കല്ല്യാണവിരുന്ന് ഭൂമിയിൽവെച്ച് ആരംഭിക്കുന്നതിനു മുമ്പ് ദൈവമായ കർത്താവ് വൃതന്മാരായവർക്ക് പ്രതിഫലമായി ആയിരമാണ്ട് വാഴ്ചയിലെ പട്ടണങ്ങളുടെ അധികാരവും സ്നേഹിതപദവിയിൽ ചേർക്കപ്പെടുന്നവരിലെ നല്ലവരായവർക്ക് ദൈവരാജ്യത്തിൽ പന്തിക്കിരിക്കുവാനുള്ള അവകാശവും കൊടുക്കുമ്പോൾ അന്ന് വിരുന്നുശാലയിൽ ഭാഗ്യവശാൽ പ്രവേശിക്കപ്പെട്ടിട്ടും മാനസാന്തരപ്പെടാത്ത ദുഷ്ടന്മാരായവരെ എതിർക്രിസ്തുവും കള്ളപ്രവാചകനും നിത്യദണ്ഡനം അനുഭവിച്ച് കിടക്കുന്ന നിത്യനരകാഗ്നിയിലേക്ക് തള്ളി ക്കളയുകയാണ് ചെയ്യുന്നത്. യജമാനന്റെ സന്തോഷവിരുന്നിൽ വിരുന്നുശാലയിലുള്ളവർ സന്തോഷിക്കുമ്പോൾ നിത്യ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്നവർ അവിടെ കരച്ചിലിലും പല്ലുകടിയിലുമാണ് അകപ്പെടുന്നത്. പ്രിയവായനക്കാരെ, നിത്യരക്ഷയ്ക്കും മണവാട്ടി പദവിയിൽ എത്തിച്ചേരുവാനുമുള്ള അവസരം ലഭിച്ചിരിക്കുന്ന ഈ നാളുകളിൽ അത് തള്ളിക്കളഞ്ഞ് ലോകസുഖത്തിൽ ദൈവത്തെ മറന്ന് ജീവിച്ചാൽ അവർ ദൈവീക പദ്ധതികളിൽനിന്ന് തള്ളപ്പെട്ട് നിത്യനരകത്തിന്റെ ദണ്ഡനത്തിൽ അകപ്പെടുമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

അന്ന് വിരുന്നുശാലയിൽനിന്നും നിത്യനരകത്തിലേക്ക് തള്ളപ്പെട്ടുപോകുന്നവരുടെ ദുഖവും കണ്ണീരും പല്ലുകടിയും ഒരുനാളും ഇല്ലാതാകുന്നില്ല. അതുപോലെ ഇന്ന് തിരുവചനം വായിക്കുകയും കാര്യങ്ങൾ യഥാവിധം ഗ്രഹിക്കുകയും ചെയ്തിട്ടും ലഭിച്ചിരിക്കുന്ന അവസരങ്ങൾ ജീവിത്തിൽ നഷ്ടപ്പെടുത്തിയാൽ അനുഭവിക്കേണ്ടിവരുന്നത് നിത്യശിക്ഷാ

വിധിയുടെ അനന്തനാളുകളാണെന്ന് മറന്നുപോകരുത്. അതിനാൽ ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം സത്യമാണെന്നും മാറ്റമില്ലാത്തതും സംഭവിക്കുന്നതും ആകുന്നു എന്നുള്ള ചിന്തയോടെ ദൈവഭയത്തിൽ വിശുദ്ധിയെ തികച്ച് ജീവിക്കുന്നതാണ് ഒരോരുത്തർക്കും ഉത്തമമായിട്ടുള്ളത്. കർത്താവ് താൻ അരുളിച്ചെയ്തതുപോലെ അതിവിദൂരമല്ലാത്ത ഭാവിയിൽ മധ്യാകാശത്തിൽ പ്രത്യക്ഷനാകുകയും അതേത്തുടർന്ന് സംഭവിക്കേണ്ട എല്ലാ കാര്യങ്ങളും അതാതിന്റെ സമയത്ത് ക്രമമനുസരിച്ച് നിവർത്തിയാകുകയും ചെയ്യും എന്നുള്ളതിനാൽ ആത്മീക ജീവിതത്തിൽ അലസരാകരുത്. അതിനാൽ ഉണർന്ന് ജീവിക്കുവാനും ദൈവം നമുക്ക് ഭൂമിയിൽ ശേഷിപ്പിച്ചിരിക്കുന്ന ദിവസങ്ങളെ കർത്താവിനായി സമർപ്പിച്ച് ജീവിതത്തിൽ പരമപ്രധാനമായ കുഞ്ഞാടിന്റെ മണവാട്ടി പദത്തിൽ എത്തിച്ചേരുവാനും ഏവർക്കും ഇടയാകട്ടെ എന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണവിരുന്നിന്റെ സന്തോഷഘോഷം ബഹുദൂരം കേൾക്കുന്നതുകൊണ്ടാണ് വൃതന്മാരിൽ തള്ളപ്പെട്ടു പോയവരായ പലരും അവിടേക്ക് എത്തിച്ചേരുന്നത്. എന്നാൽ വാതിൽ അകത്തുനിന്നും പൂട്ടിയിരിക്കുന്നതിനാൽ ആർക്കും അവിടേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. അന്ന് വിരുന്നുശാലയുടെ വാതിൽക്കൽ നിന്ന് മുട്ടിവിളിക്കുന്നവരെക്കുറിച്ച് കർത്താവ് പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

### **വിരുന്നുശാലയുടെ വാതിലിൽ മുട്ടിവിളിക്കുന്നവരിൽ യിസ്രായേലിൽ നിന്നുള്ളവർ** (ലൂക്കൊ. 13:22-30)

യേശുവിന്റെ പരസ്യശുശ്രൂഷയിൽ അവൻ പട്ടണംതോറും ഗ്രാമംതോറും സഞ്ചരിച്ച് യെരുശലേമിലേക്ക് യാത്രചെയ്യുന്ന വേളയിൽ ഒരുത്തൻ കർത്താവിനോട് രക്ഷിക്കപ്പെടുന്നവർ ചുരുക്കമോ? എന്നു ചോദിച്ചതിന് യേശു അരുളിച്ചെയ്തത്: ഇടുക്കുവാതിലിലൂടെ കടപ്പാൻ പോരാടുവിൻ പലരും കടപ്പാൻ നോക്കും കഴിയുകയില്ലാതാനും എന്നായിരുന്നു. അക്ഷരീകമായ ദൈവരാജ്യം സ്ഥാപിതമാകുന്നതിനോടുള്ള ബന്ധത്തിലാണ് കർത്താവ് സംസാരിച്ചത്. വീട്ടുടയവൻ എഴുന്നേറ്റ് കതക് അടച്ച

ശേഷം പുറത്തുനിന്ന് കർത്താവേ തുറന്നു തരണമേ എന്നു പറഞ്ഞുകൊണ്ട് അനേകർ കതകിന് മുട്ടിത്തുടങ്ങുമ്പോൾ അകത്തുനിന്നുള്ള മറുപടി ഞാൻ നിങ്ങളെ അറിയുന്നില്ല എന്നാകുന്നു. അവർ അപ്പോൾ പറയുന്നത് നിന്റെ മുമ്പിൽ ഞങ്ങൾ തിന്നുകയും കുടിക്കുകയും ഞങ്ങളുടെ തെരുക്കളിൽ നീ പഠിപ്പിക്കുകയും ചെയ്തുവല്ലോ എന്നാകുന്നു. അതിന് അവൻ നിങ്ങൾ എവിടെനിന്ന് എന്ന് ഞാൻ അറിയുന്നില്ല; അനീതി പ്രവർത്തിക്കുന്ന ഏവരുമേ എന്നെ വിട്ടുപോകുവിൻ എന്നാകുന്നു. ഇത് വ്യക്തമാക്കുന്നത് കർത്താവ് അന്ന് യഹൂദന്മാരോട് പറഞ്ഞിരുന്ന കാര്യം ലോകാവസാനത്തിന്റെ അന്ത്യ നാളുകളിൽ എതിർക്രിസ്തു അവരിൽ അനേകരെ മഞ്ചിക്കുന്നതിനോടുള്ള ബന്ധത്തിലാകുന്നു.

> ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു; എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല; മറ്റൊരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും (യോഹ. 5:43).

പിതാവിന്റെ നാമത്തിൽ ലോകത്തിൽ പ്രത്യക്ഷപ്പെട്ട സാക്ഷാൽ മിശിഹയെ അവർ സ്വീകരിക്കാതെ അന്ന് തള്ളിക്കളഞ്ഞു. എന്നാൽ പിന്നീട് എതിർക്രിസ്തുവിൽ യിസ്രായേൽ ആകൃഷ്ടരായി അവനെ സ്വീകരിക്കുമെന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. കർത്താവിന്റെ ഒന്നാമത്തെ വരവ് മുതൽ കർത്താവായ യേശു ചെയ്തതുപോലെയുള്ള ശുശ്രൂഷകൾ എതിർക്രിസ്തുവിന്റെ അനുകാരികളായ കള്ളക്രിസ്തുക്കൾ എഴുന്നേറ്റ് അനുകരിക്കുന്നുണ്ട്. അതിൽ ആകൃഷ്ടരാകുന്നവരാണ് ദുരുപദേശങ്ങളിലേക്കും കപട ആത്മീയതയിലേക്കും വഞ്ചിക്കപ്പെടുന്നത്. അത് ലോകാവസാനത്തിന്റെ അന്ത്യനാളുകളിലേക്ക് അടുക്കുന്തോറും വർദ്ധിച്ച് പെരുകുകയും ഒടുവിൽ എതിർക്രിസ്തു മറനീക്കി പ്രത്യക്ഷപ്പെടുകയുമാണ് ചെയ്യുന്നത്.

ഒന്നാം നൂറ്റാണ്ടുമുതൽ യേശുക്രിസ്തുവിന്റെ ഉപദേശമാകുന്നു എന്ന മിഥ്യാധാരണയിൽ സാത്താനീക ഉപദേശങ്ങളിൽ ആകർഷിക്കപ്പെടുന്നവർ അനേകരുണ്ട്. അവർ വഞ്ചിക്കപ്പെട്ടു പോകുന്നതുകൊണ്ട് അവരിൽ മാനസാന്തര അനുഭവം ഉണ്ടാകുന്നില്ല. അതുകൊണ്ടാണ് കർത്താവ് അവരെ അനീതി പ്രവർത്തിക്കുന്നവരേ എന്ന് സംബോധന ചെയ്തിരിക്കുന്നത്.

പ്രസംഗങ്ങളും ആരാധനകളും എല്ലാം ഒരുപോലെ ആയിരിക്കുകയും എന്നാൽ ദൈവവചനത്തിന്റെ വിശുദ്ധിയോ നീതീകരണമോ ഇല്ലാത്ത ദുഷ്ടന്മാരുടെ കൂട്ടായ്മകളാണ് അനുദിനം ലോകത്ത് തലയുയർത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം കപട ഉപദേശങ്ങളെ കേൾക്കുവാനും പിന്തുടരുവാനും അനേകർ ഇഷ്ടപ്പെടുന്നതുകൊണ്ട് സത്യവചനത്തെ അനുസരിച്ച് ജീവിക്കുന്നവർ കാലക്രമേണ കുറഞ്ഞുപോകുന്നു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്നവരിൽ എതിർക്രിസ്തുവിന്റെ ഉപദേശങ്ങളിൽ കുടുങ്ങിപ്പോയി വഞ്ചിക്കപ്പെടുന്നവരുടെ ദയനീയമായ നിലവിളിയാണ് കല്യാണവിരുന്നുശാലയുടെ വെളിയിൽനിന്ന് ഉയരുന്നത്.

വിരുന്നുശാലയിൽ ഒരുക്കപ്പെട്ടിരിക്കുന്ന കല്യാണസദ്യയിലും അതേത്തുടർന്ന് നടക്കുന്ന ദൈവരാജ്യത്തിലെ പന്തിഭോജനത്തിലും അബ്രഹാമും യിസ്ഹാക്കും യാക്കോബും സകല പ്രവാചകന്മാരും നാല് ദിക്കുകളിൽനിന്ന് ചേർക്കപ്പെടുന്ന വൃതന്മാരും സ്നേഹിതപദവിയിലെ നല്ലവരുമാണ് അതിൽ പങ്കാളികളായിത്തീരുന്നത്. ആത്മീകത്തിൽ മുമ്പന്മാർ എന്ന് സ്വയം ചിന്തിച്ച് ജീവിതം നയിച്ചവർ തള്ളപ്പെട്ട് വിരുന്നുശാലയുടെ വെളിയിൽനിന്ന് അകത്തിരിക്കുന്നവരെ കാണുമ്പോൾ അവർ പല്ലുകടിച്ച് കരയുന്ന രംഗത്തേക്കുറിച്ചാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം വിരുന്നുശാലയിൽനിന്ന് സ്നേഹിതപദവിയിൽ പ്രവേശിക്കപ്പെട്ടവരിൽ തള്ളപ്പെടുന്ന ദുഷ്ടന്മാർ അന്ത്യന്യായവിധിയിൽ ഏറ്റവും പുറത്തുള്ള ഇരുളാകുന്ന അഗ്നിനരകത്തിലാണ് പല്ലുകടിച്ച് കരയുന്നതെങ്കിൽ വിരുന്നുശാലയുടെ പുറത്ത് നില്ക്കുന്നവർ ഈ സന്ദർഭത്തിൽ പല്ലുകടിച്ച് കരയുന്നത് ഭൂമിയിൽ വെച്ചാകുന്നു. എന്നാൽ അധികം താമസിയാതെ മഹത്വസിംഹാസനത്തിന്റെ മുമ്പാകെ നടക്കുന്ന അന്ത്യന്യായവിധിയിൽ ഇവരും അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുകയും ചെയ്യുന്നു.

യിസ്രായേലിൽ നിന്നുള്ളവരിൽ അന്ന് തള്ളപ്പെട്ടുപോകുന്നവരെക്കുറിച്ച് കർത്താവ് പ്രസ്താവിച്ചിരിക്കുന്ന അതേകാര്യങ്ങൾ തന്നെയാണ് പുതിയ നിയമസഭയുടെ ശേഷിപ്പിലുള്ള പത്ത് കന്യകമാരിൽ തള്ളപ്പെട്ടുപോകുന്ന ബുദ്ധിയില്ലാത്ത അഞ്ച്

കന്യകമാരോടുള്ള ബന്ധത്തിലും കർത്താവ് പ്രസ്താവിച്ചിരിക്കുന്നത്. അതിന്റെ വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

**വിരുന്നുശാലയുടെ വാതിലിൽ മുട്ടിവിളിക്കുന്നവരിൽ ബുദ്ധിയില്ലാത്ത കന്യകമാരിൽ ഉൾപ്പെടുന്നവർ** (മത്താ. 25:11-13)

കല്ല്യാണവിരുന്നുശാലയിൽ വിരുന്നിന്റെ ആഘോഷം നടക്കുന്ന സന്ദർഭത്തിൽ അത് തിരിച്ചറിഞ്ഞ പത്ത് കന്യകമാരിലെ ബുദ്ധിയില്ലാത്തവർ വിരുന്നുശാലയുടെ വാതില്ക്കൽ വന്ന് ഞങ്ങൾക്ക് തുറന്നു തരണമേ എന്ന് എതിർക്രിസ്തുവിന്റെ ഉപദേശത്താൽ തെറ്റിപ്പോയ യഹൂദന്മാരോടൊപ്പം നിലവിളിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരി ക്കുന്നത്. രണ്ട് കൂട്ടരും സാത്താനിക ഉപദേശത്തിൽ മയങ്ങി സുബോധം നഷ്ടപ്പെട്ടുപോകുന്നതുകൊണ്ടാണ് സത്യോപദേശം കേൾക്കാതെ ദുരുപദേശത്തിന്റെ പിന്നാലെ പോകുന്നത്. അപ്രകാരമുള്ള എല്ലാവരോടും അന്ന് കർത്താവ് അരുളി ച്ചെയ്യുന്നത് ഞാൻ നിങ്ങളെ അറിയുന്നില്ല എന്നാകുന്നു. അപ്രകാരം അന്ന് അവിടെ നിന്ന് തള്ളപ്പെടുന്നവരെ ദൂതന്മാർ കൂട്ടിച്ചേർക്കുന്നത് മഹത്വസിംഹാസനത്തിന് ഇടത്തുവശത്തു നില്ക്കുന്ന കോലാടുകളുടെ കൂട്ടത്തിലാകുന്നു. മഹത്വസിംഹാസനത്തിനു മുമ്പാകെ ഇടത്തുവശത്തു നില്ക്കുന്ന കോലാടുകളുടെ അന്ത്യന്യായവിധിയിൽ ശപിക്കപ്പെട്ടവരായ ഇവരും അവരോടൊപ്പം അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്നവരിലെ ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയിൽ അന്ന് ജീവനോടെ അഗ്നി നരകത്തിലേക്ക് തള്ളപ്പെടുന്നവരിലെ രണ്ടാമത്തെ കൂട്ടരെക്കുറിച്ചാണ് കുഞ്ഞാടിന്റെ കല്ല്യാണ വിരുന്നുശാലയിൽനിന്ന് തള്ളപ്പെടുന്ന വരോടുള്ള ബന്ധത്തിൽ ഈ അദ്ധ്യായത്തിൽ നാം ചിന്തിച്ചത്. അഗ്നിനരകത്തിന്റെ ആദ്യ ഇരകളായിത്തീരുന്ന എതിർ ക്രിസ്തുവിനും കള്ളപ്രവാചകനും പിന്നാലെ തള്ളപ്പെടുന്നത് സ്നേഹിത പദവിയിൽ ചേർക്കപ്പെടുന്നവരിലെ **ദുഷ്ടന്മാരായവരാണ്**. അന്ത്യന്യായവിധിയിൽ അകപ്പെട്ട് അഗ്നിനരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുന്നവരുടെ പുഴു ചാകുകയില്ല; തീ

കെടുകയില്ല; അവർ അന്നുമുതൽ എന്നെന്നേക്കുമായി പല്ലുകടിച്ചും കരഞ്ഞും കൊണ്ട് നിത്യദണ്ഡനത്തിൽ രാപ്പകൽ കഴിയേണ്ടിവരുന്നു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അഗ്നിനരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുന്നവരിലെ മൂന്നാമത്തെ കൂട്ടർ മഹത്വ സിംഹാസനത്തിന് ഇടത്തുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ട വരാണ്. അവരിൽ കല്ല്യാണവിരുന്നുശാലയുടെ വാതിലിൽ മുട്ടി വിളിക്കുന്നവർ ഉൾപ്പെടെ അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരെയുമാണ് മഹത്വസിംഹാസനത്തിനു മുമ്പാകെ ദൂതന്മാർ കൂട്ടിവരുത്തുന്നത്. ദൂതന്മാർ കൂട്ടിച്ചേർക്കുന്നവരെ മഹാരാജാവായ ക്രിസ്തുയേശുവാണ് ഒരു ഇടയൻ ചെമ്മരി യാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിച്ച് നിർത്തു ന്നതുപോലെ ഇടത്തും വലത്തുമായി നിർത്തുന്നത്. അവരിൽ മഹത്വസിംഹാസനത്തിന് ഇടത്തുവശത്തു നില്ക്കുന്ന കോലാ ടുകളാകുന്ന ശപിക്കപ്പെട്ടവരുടെ അന്ത്യന്യായവിധിയെക്കുറി ച്ചാണ് തുടർന്നു നാം അടുത്ത അദ്ധ്യായത്തിൽ ചിന്തിക്കുന്നത്.

അദ്ധ്യായം 3

# മഹത്വസിംഹാസനത്തിന് ഇടതുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരുടെ അന്ത്യന്യായവിധി

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ചു ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും. രാജാവ് തന്റെ വലത്തുള്ളവരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്ക് വിശന്നു; നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു; തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന് നീതിമാന്മാർ അവനോട് : കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുകണ്ടിട്ട് ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ട് കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട് ചേർത്തുകൊള്ളുകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും. രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്തു. പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരെ എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും

ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ. എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങളെന്നെ ചേർത്തുകൊണ്ടില്ല, നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലുമായിരുന്നു, നിങ്ങളെന്നെ കാണ്മാൻ വന്നില്ല എന്ന് അരുളിച്ചെയ്യും. അതിനവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്ക് ശുശ്രൂഷ ചെയ്യാതിരുന്നു എന്ന് ഉത്തരം പറയും. അവൻ അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് ഉത്തരമരുളും. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലിലേക്കും പോകും (മത്താ. 25:31- 46).

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനുള്ളവരുടെ അന്ത്യന്യായവിധി എന്ന വിഷയത്തോടുള്ള ബന്ധത്തിൽ ഇതുവരെ നാം ചിന്തിച്ചത് അഗ്നിപ്പൊയ്കയുടെ ആദ്യ ഇരകളായിത്തീരുന്ന എതിർക്രിസ്തുവിന്റെയും കള്ള പ്രവാചകന്റെയും അന്ത്യന്യായവിധി, കുഞ്ഞാടിന്റെ കല്ല്യാണ വിരുന്നുശാലയിലേക്ക് സ്നേഹിതപദവിയിൽ പ്രവേശിക്കപ്പെടുന്നവരിൽ ലഭിച്ച അവസരം പാഴാക്കിക്കളയുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധി എന്നിവകളെക്കുറിച്ചായിരുന്നു. ഈ അദ്ധ്യായത്തിൽ തുടർന്നു നാം ചിന്തിക്കുന്നത് മഹത്വസിംഹാസനത്തിന് ഇടത്തുവശത്തു നില്ക്കുന്ന ശപിക്കപ്പെട്ടവരുടെ അന്ത്യന്യായവിധിയെക്കുറിച്ചാകുന്നു. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ആറാമത്തെ സംഭവം കല്ല്യാണവിരുന്നു ശാലയിൽ ആഘോഷപൂർവ്വം കല്ല്യാണസദ്യ നടക്കുമ്പോൾ മഹാരാജാവിന്റെ ആജ്ഞയാൽ അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരെയും ദൂതന്മാർ മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിച്ചേർക്കുന്നതാകുന്നു.

ലോകാവസാനത്തിന്റെ അന്ത്യത്തിൽ നടക്കുന്ന കൊയ്ത്തിന്റെ അവസാനഘട്ടം പൂർത്തീകരിക്കപ്പെടുന്നത് കർത്താവ് തന്റെ ദൂതന്മാരെ അയച്ച് സകല മനുഷ്യരെയും മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിച്ചേർക്കുന്ന തോടെയാണ്. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് ലോകാവസാനമാകുന്ന

കൊയ്ത്തിനോടുള്ള ബന്ധത്തിൽ കർത്താവ് ഉപമകളായി പ്രസ്താവിച്ചിരിക്കുന്ന തിരുവചന ഭാഗങ്ങളിൽനിന്നുമാകുന്നു.

> മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയ്ക്കും; അവർ അവന്റെ രാജ്യത്തിൽനിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചുളയിൽ ഇട്ടുകളയും (മത്താ. 13:41).

> അങ്ങനെതന്നെ ലോകാവസാനത്തിൽ സംഭവിക്കും; ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ. 13:49-50)

> മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ... (മത്താ. 25:31)

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ദൂതന്മാർപുറപ്പെട്ടു അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന മനുഷ്യരെ കൂട്ടിച്ചേർക്കുന്നത് നാല് വ്യത്യസ്ഥ സന്ദർഭങ്ങളിലാണ്. അവയിൽ മൂന്ന് സന്ദർഭങ്ങളെക്കുറിച്ച് ഇതിനോടകം നാം ചിന്തിക്കുകയുണ്ടായി നാലാമത്തെ സന്ദർഭത്തെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. വ്യത്യസ്ഥങ്ങളായ നാല് സന്ദർഭങ്ങളുടെ അന്തരം വ്യക്തമാക്കുന്നതിനാണ് ആ നാലു സന്ദർഭങ്ങളുടെയും സംക്ഷിപ്തരൂപം ചുവടെ കൊടുത്തിരിക്കുന്നത്.

**വൃതന്മാരെ ചേർക്കുന്നത്**: മനുഷ്യപുത്രന്റെ ഒന്നാമത്തെ വരവിങ്കൽ ദൈവരാജ്യത്തിന്റെ സത്യവചനമാകുന്ന വിത്ത് ഭൂമിയിൽ വിതച്ചിട്ട് പോയവൻ അത് വിളഞ്ഞ് ഉണങ്ങി ധാന്യം വിളയുന്ന സന്ദർഭത്തിലാണ് കൊയ്ത്തിനായി രണ്ടാമത് അവൻ മേഘത്തിൽ വരുന്നത്. അന്ന് മേഘത്തിലിരുന്ന് തന്റെ അരിവാൾ അയച്ച് ഭൂമിയിൽ കൊയ്ത്ത് നടത്തുന്നു. ആകാശത്തിന്റെ അറുതിമുതൽ അറുതിവരെ നാലു ദിക്കിലുമുള്ള വൃതന്മാരെ വേർതിരിക്കുന്നത് കൊയ്ത്തിനായി മനുഷ്യപുത്രൻ അയയ്ക്കുന്ന വചനമാകുന്ന അരിവാളിനാലാകുന്നു. ഇപ്രകാരം വേർതിരിക്കപ്പെടുന്ന വൃതന്മാരെയാണ് ദൂതന്മാർ അന്ന് യെരുശലേമിൽ കൂട്ടിച്ചേർക്കുന്നത് (വെളി. 14:14-16, ദാനി. 7:3,

മർക്കൊ. 4:9, മത്താ. 24:29-31). അന്ന് ഒലിവുമലയിൽ പാദം ചവിട്ടുന്ന മഹാരാജാവിനെ സ്വീകരിപ്പാൻ ഭൂമിയുടെ നാലു ദിക്കുകളിൽനിന്ന് ദൂതന്മാർ കൂട്ടിച്ചേർക്കുന്നത് അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന വൃതന്മാരെ മാത്രമാകുന്നു. അവർ കർത്താവിനെയും അവനോടു കൂടെ വരുന്ന വിശുദ്ധന്മാരെയും ആർപ്പുവിളികളോടെ സ്വീകരിക്കുകയും കർത്താവും അവനോടു കൂടെ വരുന്നവരും അവരോടൊന്നിച്ച് കല്ല്യാണ വിരുന്നു ശാലയിലേക്ക് പ്രവേശിക്കുകയുമാണ് ചെയ്യുന്നത്.

**സ്നേഹിതപദവിയിലുള്ളവരെ കൂട്ടിക്കൊണ്ടുവന്ന് വിരുന്നു ശാല നിറയ്ക്കുന്നത്:** കർത്താവിന്റെ രണ്ടാമത്തെ വരവ് സമീപിക്കുമ്പോൾ വിശ്വാസം കണ്ടെത്തുവാൻ കഴിയാത്ത വിധ ത്തിലുള്ള ആത്മീക പശ്ചാത്തലമായിരിക്കും അന്ന് ഭൂമിയിൽ ഉണ്ടായിരിക്കുക. അതുകൊണ്ട് കല്ല്യാണസദ്യയ്ക്ക് ക്ഷണം ലഭിച്ച വൃതന്മാരിൽ പലരും യോഗ്യരാകുന്നില്ല. അതിനാൽ ദൂതന്മാർ അവരെ ശേഖരിക്കാതെ തള്ളിക്കളയുന്നു. അതുകൊ ണ്ടാണ് കുഞ്ഞാടിന്റെ കല്ല്യാണസദ്യയുടെ വിരുന്നുശാല നിറയാതിരിക്കുന്നത്. കല്ല്യാണ വിരുന്നുശാല വിരുന്നുകാരെ ക്കൊണ്ട് നിറയുന്നതിനുവേണ്ടിയാണ് കണ്ടവരെ കൂട്ടിക്കൊണ്ടു വന്ന് വിരുന്നുശാല നിറയ്ക്കാൻ കർത്താവ് ദൂതന്മാരോട് ആജ്ഞാപിക്കുന്നത്. അതനുസരിച്ച് ദൂതന്മാർ പുറപ്പെട്ട് കണ്ട വരായ നല്ലവരെയും ദുഷ്ടന്മാരെയും കൂട്ടിക്കൊണ്ടുവന്ന് വിരുന്നുശാല നിറയ്ക്കുന്നു. അപ്രകാരം അന്ന് ചേർക്കപ്പെടുന്ന വർ സ്നേഹതപദവിയിലുള്ള വരാണ്. ഇതാണ് രണ്ടാമത്തെ സന്ദർഭം.

**ഏദോമിക വംശത്തിലുള്ള സകലരെയും മെതിച്ചുകളയുന്ന തിനായി ബൊസ്രയിൽ കൂട്ടിച്ചേർക്കുന്ന മുന്തിരിക്കൊയ്ത്ത്:** ഹർമ്മെഗെദ്ദോൻ യുദ്ധത്തോട് അനുബന്ധമായി സംഭവിക്കുന്നത് ഏശാവിന്റെ വംശത്തിലുള്ളവരുടെ സമ്പൂർണ്ണ സംഹാരമാണ്. അവൻതന്നെ നമ്മുടെ വൈരികളെ മെതിച്ചുകളയുമെന്ന തിരുവചനപ്രകാരം കർത്താവുതന്നെയാണ് ഏദോമിക വംശജരെ മുഴുവൻ അന്ന് മെതിച്ചുകളയുന്നത്. ബൊസ്രയിലെ യാഗത്തിനായി അവരെ അവിടെ കൂട്ടിച്ചേർക്കുന്നത് ദൈവം അയയ്ക്കുന്ന ദൂതന്മാരാകുന്നു (വെളി. 14:17-20, യെശ. 18:4-5, യെശ. 63:1-6).

**മഹത്വസിംഹാസനത്തിനു മുമ്പാകെ സകല ജാതികളെയും കൂട്ടിച്ചേർക്കുന്നത്**: കല്ല്യാണവിരുന്നുശാലയിൽ വിരുന്നു നടക്കുന്ന സന്ദർഭത്തിലാണ് അന്ന് ഭൂമിയിൽ ജീവനോടെ ശേഷിച്ചിരിക്കുന്ന സകല ജാതികളെയും ഒന്നുപോലും കളയാതെ മഹത്വസിംഹാസനത്തിനു മുമ്പാകെ ദൂതന്മാർ കൂട്ടിച്ചേർക്കുന്നത്. അതേക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്.

ഇതിൽനിന്നും മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ തന്റെ വചനമാകുന്ന അരിവാൾ അയച്ച് ഭൂമിയുടെ നാലു ദിക്കിലുമുള്ള വൃതന്മാരെ വേർതിരിക്കുകയും അവരെ ദൂതന്മാർ മഹാകാഹളധ്വനിയോടെ പുറപ്പെട്ട് യെരുശലേ മിലെ ഒലിവുമലയുടെ അരികിൽ കൂട്ടിച്ചേർക്കുന്നതും കല്ല്യാണസദ്യ നടക്കുന്ന സന്ദർഭത്തിൽ ദൈവത്തിന്റെ ആജ്ഞ യാൽ ദൂതന്മാർ പുറപ്പെട്ട് അന്ന് ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരെയും മഹത്വസിംഹാസനത്തിനു മുമ്പാകെ കൂട്ടിച്ചേർക്കുന്നതും രണ്ടു വ്യത്യസ്ഥ സംഭവങ്ങളാകുന്നു. അതാണ് തിരുവചന വെളിച്ചത്തിൽ വ്യക്തമാക്കപ്പെടുന്നത്.

ന്യായപ്രമാണത്തിന്റെ അവസാന പ്രവാചകനായ സ്നാപക യോഹന്നാൻ ഒന്നാം സങ്കീർത്തനത്തെ അധികരിച്ച് സംസാരി ച്ചത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന അന്ത്യ ന്യായവിധിയെക്കുറിച്ചായിരുന്നു.

> ...ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിലിട്ടു കളയുന്നു... വീശുമുറം അവന്റെ കയ്യിലുണ്ട്, അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പ് കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർ കെടാത്ത തീയിലിട്ട് ചുട്ടുകളുകയും ചെയ്യുന്നു (മത്താ. 3:7 – 12).

യോർദ്ദാൻ നദിയിൽ സ്നാനം നടത്തിക്കൊണ്ടിരുന്ന സ്നാപകയോഹന്നാന്റെ അടുക്കൽ പരീശന്മാരിലും സദൂക്യരി ലും ചിലർ സ്നാനപ്പെടുവാൻ വന്നപ്പോൾ അവൻ അവരോടു സംസാരിച്ച കാര്യങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കു ന്നത്. പരീശന്മാർ പുനരുത്ഥാനം, ദൂതന്മാർ, ആത്മാവ് എന്നിവ ഉണ്ടെന്ന് വിശ്വസിക്കുന്ന ആത്മീയ വാദികളാകുന്നുവെ ങ്കിലും അവരിലെ അനാത്മികതയായ മാനസാന്തരമില്ലായ്മയെ യാണ് പ്രവാചകൻ ചൂണ്ടിക്കാണിച്ചത്. സദൂക്യരാകട്ടെ പുനരുത്ഥാനമോ

ദൂതനോ ആത്മാവോ ഇല്ലെന്നു വാദിക്കുന്ന ഭൗതീക വാദികളും നല്ലവരെന്ന് സ്വയം ചിന്തിക്കുന്നവരുമാണ്. (അപ്പൊ. 23:8).

പഴയനിയമത്തിന്റെ അവസാന പ്രവാചകൻ ഇരുകൂട്ടരുടെയും കപടതയെയാണ് അന്ന് വെളിപ്പെടുത്തിയത്. ഉപദേശങ്ങൾ വ്യത്യസ്ഥമായതുകൊണ്ടുമാത്രം മാനസാന്തര അനുഭവം ഉണ്ടാകണമെന്നില്ല എന്നതാണ് ഇവിടെ സ്പഷ്ടമാക്കപ്പെടുന്നത്. ഉപദേശ സത്യങ്ങളെ ഘോരമായി പ്രസംഗിക്കുന്നവർക്ക് അതിന്റെതായ മാനസാന്തര അനുഭവം ഇല്ലാത്തവരാണെങ്കിൽ അങ്ങനെയുള്ളവരും ഇതര ഉപദേശത്തിലുള്ളവരും ഫലത്തിൽ ഒന്നുതന്നെയാകുന്നു. അതുപോലെ വീണ്ടുവിചാരമില്ലാതെ വ്യർത്ഥമായ പിതൃപാരമ്പര്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന വരുമുണ്ട്. ഇക്കൂട്ടരെയെല്ലാം അന്ന് സ്നാപകയോഹന്നാൻ അഭിസംബോധനചെയ്തത് സർപ്പസന്തതികളെ എന്നായിരുന്നു. അബ്രാഹാമിന്റെ പാരമ്പര്യം പറഞ്ഞുകൊണ്ടിരുന്നാൽ അതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ലാ എന്നാണ് യഹൂദന്മാരോട് അവൻ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചത്. മിസ്രയീമിൽനിന്ന് കൊണ്ടുവന്ന യിസ്രായേൽ എന്ന നല്ല മുന്തിരി വള്ളിയെ ജാതികളാകുന്ന കല്ലുകളെ പെറുക്കിക്കളഞ്ഞ് പാലസ്തീനിൽ നട്ടുവെന്നും അവർ അതിന്റേതായ ഫലം നല്കുന്നില്ലെങ്കിൽ അവരെ ഉപേക്ഷിച്ച് ദൈവം കല്ലുകളായി നീക്കിക്കളഞ്ഞ ജാതികളിൽനിന്ന് ദൈവരാജ്യത്തിന്റെ മക്കളെ ഉളവാക്കും എന്നായിരുന്നു അവൻ പ്രസ്താവിച്ചതിന്റ ഉള്ളടക്കം.

ഭൂമിയിൽ ജീവനോടിരിക്കുന്ന ദുഷ്ടന്മാരെയാണ് നല്ല ഫലം കായ്ക്കാത്ത ആകാത്തവൃക്ഷം എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. അവരെ വെട്ടി തീയാകുന്ന അഗ്നിനരകത്തിൽ ഇടുമെന്നുള്ളത് അവരുടെ അന്ത്യന്യായവിധിയെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ അവന്റെ പിന്നാലെ വരുന്ന മനുഷ്യപുത്രനെക്കുറിച്ച് അവൻ പ്രസ്താവിച്ചത് അവൻ ബലമേറിയവനാണെന്നും അവൻ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കുന്നവനും വീശുമുറം കയ്യിലുള്ളവനും ആകുന്നു എന്നാണ്. കർത്താവായ യേശുവാണ് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ കളത്തെ മുറ്റും വെടിപ്പാക്കി നീതിമാന്മാരാകുന്ന കോതമ്പ് കളപ്പുരയിൽ കൂട്ടി വയ്ക്കുകയും ദുഷ്ടന്മാരാകുന്ന പതിർ ജീവനോടെ കെടാത്ത

തീയാകുന്ന അഗ്നിനരകത്തിലേക്ക് തള്ളിക്കളയുകയും ചെയ്യുന്നത്. അന്ന് യോഹന്നാൻ യേശുവിനെക്കുറിച്ച് പ്രവചിച്ചു പറഞ്ഞത് കർത്താവിന്റെ രണ്ടാമത്തെ വരവിൽ നടക്കുന്ന ജീവ നോടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയെ ദർശി ച്ചുകൊണ്ടായിരുന്നു.

ലോകാവസാനത്തിൽ കർത്താവ് സകല ദുഷ്ടന്മാരെയും ഇടർച്ചകളെയും നീക്കിക്കളഞ്ഞതിനു ശേഷമാണ് ഇവിടെ ആയിരമാണ്ട് വാഴുന്നത്. സഹസ്രാബ്ദ വാഴ്ചയിൽ കളപ്പുര യിലെ കോതമ്പാണ് പിന്നെയും വിതയ്ക്കപ്പെടുന്നത്. അതി നർത്ഥം അവരുടെ ഇടയിൽ ജനനവും മരണവും ഉണ്ടായിരിക്കു മെന്നുള്ളതാണ്. ദുഷ്ടന്മാരെ അഗ്നിനരകത്തിലേക്ക് തള്ളി ക്കളയുന്നത് ഒടുക്കത്തെനാളിൽ വെള്ള സിംഹാസനത്തിനു മുമ്പാകെ നടക്കുന്ന അന്ത്യന്യായവിധിയൽ മാത്രമല്ല; മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാളിലും സംഭവിക്കുന്നു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്ന സകല ദുഷ്ടന്മാരുടെയും അന്ത്യന്യായവിധിയാണ് പൂർത്തീകരിക്കപ്പെടുന്നത്. മഹത ്വസിംഹാസനത്തിനു മുമ്പാകെയുള്ള അന്ത്യന്യായവിധിയും വെള്ള സിംഹാസനത്തിനു മുമ്പാകെയുള്ള അന്ത്യന്യായ വിധിയും രണ്ടു സംഭവങ്ങളാണ്. അവ തമ്മിൽ ഏകദേശം ആയിരത്തിലധികം വർഷങ്ങളുടെ ഇടവേളയുണ്ട്. അതിന്റെ വ്യക്തതയാണ് തുടർപഠനങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ അവയുടെ പഠനത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് യേശു ഏല്പിക്കുന്ന തീ കൊണ്ടുള്ള സ്നാനം അഥവാ അഗ്നിയുടെ അഭിഷേകം എന്താകുന്നു എന്നത് വ്യക്തമാക്ക പ്പെടേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാകുന്നു. അതിനാ ധാരമായി മുൻമഴയും പിൻമഴയും എന്ന വിഷയത്തിന്റെ ലഘു പഠനത്തിലേക്കാണ് തുടർന്ന് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അന്ത്യകാല അഭിഷേകം എന്നത് **തീ** കൊണ്ടുള്ള അഭിഷേ കമല്ല. അന്ത്യകാലത്തിൽ ദൈവം ഭൂമിയിലേക്ക് പകർന്നത് സുപുത്രന്റെ ആത്മാവിനെയാണ്. അന്ത്യകാലം എന്നതിന്റെ തിരുവചനാടിസ്ഥാനത്തിലുള്ള അർത്ഥവ്യാപ്തി ഗ്രഹിക്കാത്തവ രാണ് കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിസഭ മേൽ അന്ത്യകാല അഭിഷേകമെന്ന തീകൊണ്ടുള്ള അഭിഷേകം പകരപ്പെടുമെന്ന്

പാടുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. മറ്റുചിലരാകട്ടെ തീ കൊണ്ടുള്ള സ്നാനം എന്നത് ദുഷ്ടന്മാരെ അഗ്നിനരകത്തിൽ തള്ളിയിടുന്നതിനെക്കുറിച്ചാകുന്നു എന്നാണ് വാദിക്കുന്നത്. പരിശുദ്ധാത്മാവിനാലും ശക്തിയാലും പിതാവിനാൽ അഭിഷേകം ചെയ്യപ്പെട്ട യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ അരുളി ച്ചെയ്തത് അവന് ഇനി ഒരു സ്നാനം കൂടി എല്ക്കുവാനുണ്ട് എന്നായിരുന്നു (ലൂക്കൊ. 12:50, മർക്കൊ. 10:38-39). കാൽ വറിയിലെ ക്രൂശ്മരണത്തിൽ യേശുക്രിസ്തു കഷ്ടതയാകുന്ന അഗ്നിശോധനയിലൂടെ കടന്നുപോയ സന്ദർഭത്തിലായിരുന്നു അത് അവനിൽ നിവർത്തിയായത് .

ക്രിസ്തുയേശുവിൽ സ്വർഗം പകർന്നിരുന്ന ആത്മാവ് ശക്തി യുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവി നെയായിരുന്നു. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ ദൈവീക ത്രിത്വമാണ് പരിശുദ്ധാത്മാഭിഷേകത്തിലൂടെ ക്രിസ്തുവിൽ സമ്പൂർണ്ണമായി വസിച്ചിരുന്നത്. ക്രിസ്തുവിൽ പകർന്നിരുന്ന പരിശുദ്ധാത്മാഭിഷേകത്തിൽ പരിശുദ്ധാത്മാവാം ദൈവത്തിന്റെ പരിജ്ഞാനമാകുന്ന **സുബോധവും** പിതാവാം ദൈവത്തിന്റെ **ശക്തിയും** വചനമാം ദൈവത്തിന്റെ **സ്നേഹവുമാണ്** സമ്പൂർണ്ണമായി അവനിൽ ആവസിച്ചിരുന്നത്. പരിശുദ്ധാ ത്മാവിന്റെ നിറവിനാൽ പരിജ്ഞാനത്തിൽ നിറഞ്ഞിരുന്ന യേശു യോർദ്ദാൻ വിട്ട് പോയത് മരുഭൂമി യിലേക്കായിരുന്നു. നാല്പതു ദിവസത്തെ ഉപവാസത്തിനു ശേഷം പരീക്ഷകനാകുന്ന സാത്താനെ യേശു പരാജയപ്പെടുത്തിയത് ദൈവവചനത്തിന്റെ പരിജ്ഞാനമാകുന്ന ശക്തിയിലായിരുന്നു. സാത്താനെ പരാജയ പ്പെടുത്തിയ യേശു ഗലീലയിലേക്ക് മടങ്ങിച്ചെന്നത് ആത്മാവിന്റെ ശക്തിയോടെ ആയിരുന്നു (ലൂക്കൊ. 4:14).

വചനമാകുന്ന ക്രിസ്തുയേശു തന്റെ മൂന്നര വർഷത്തെ ശുശ്രൂഷയിൽ പരിശുദ്ധാത്മാവിന്റ പരിജ്ഞാനത്തിന്റെ നിറ വിലും പിതാവാം ദൈവത്തിന്റെ ശക്തിയോടുമാണ് ദൈവരാജ്യം പ്രസംഗിച്ച് ശുശ്രൂഷ ചെയ്തത്. അവനിൽ പകർന്നിരുന്ന അഭിഷേകത്തെക്കുറിച്ച് പത്രൊസ് അപ്പൊസ്തലൻ കൊർന്നേ ല്യൊസിന്റെ ഭവനത്തിൽ കൂടിവന്നവരോട് സംസാരിച്ചത് ഇപ്രകാരമായിരുന്നു.

> നസ്രയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാചു ബാധിച്ച വരെയൊക്കെയും സൗഖ്യമാക്കിയുംകൊണ്ടു സഞ്ചരിച്ചതുമായ വിവരം തന്നെ നിങ്ങൾ അറിയുന്നുവല്ലോ (അപ്പൊ. 10:38).

യേശുവിന്റെ മൂന്നര വർഷത്തെ ശുശ്രൂഷയുടെ പൂർത്തീകരണത്തിൽ വചനമാം ദൈവം തന്റെ **സ്നേഹത്തെയാണ്** ക്രൂശിൽ പ്രദർശിപ്പിച്ചത്. തീ ആകുന്ന ദൈവവചനം അഭിഷേകമായി ക്രിസ്തുവിൽ വെളിപ്പെട്ടത് അവൻ അനുഭവിച്ച കഷ്ടതയിൽ ആയിരുന്നു. സകലത്തെയും വഹിക്കുവാൻ ശക്തിയുള്ള ദൈവവചനം ക്രിസ്തുവിന്റെ ശരീരമായതുകൊണ്ടാണ് മുഴുലോകത്തിന്റെയും പാപത്തെ തന്റെ ദേഹത്ത് വഹിച്ചുകൊണ്ട് ക്രൂശിന്മേൽ കയറുവാൻ അവനെ പ്രാപ്തനാക്കിയത്. പുത്രനാം ദൈവം അന്ന് ക്രൂശിൽ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികെഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീരുകയും ചെയ്തു.

അബ്ബാ, പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ പ്രാപിച്ചിരിക്കുന്ന പുതിയനിയമ സഭയുടെ മേൽ പകർന്നിരിക്കുന്നതും ക്രിസ്തുവിൽ പകർന്നിരുന്ന ദൈവീക ത്രിത്വത്തിന്റെ അതേ ആത്മാവിനെയാണ്. അതേക്കുറിച്ച് കർത്താവായ യേശു അരുളിച്ചെയ്തത് ഇപ്രകാരമാണ്.

> എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും (യോഹ. 14:23)

ഇതിൽനിന്ന് വ്യക്തമാക്കപ്പെടുന്നത് **മുൻമഴയിൽ** പെയ്തിറങ്ങിയ പരിശുദ്ധാത്മാവിന്റെ അഭിഷേകമാണ് പുതിയനിയമ ദൈവസഭയുടെ മേൽ പകർന്നിരിക്കുന്നത് എന്നാകുന്നു. അതിൽ അനുദിനം ശക്തി പ്രാപിക്കുന്നവരാണ് യേശുക്രിസ്തു ചെയ്തതുപോലെ ശക്തിയോടും സുബോധത്തോടും സ്നേഹത്തോടും കൂടെ ദൈവരാജ്യത്തിനുവേണ്ടി പോരാടി ജയം പ്രാപിക്കുന്നത്. സഭയുടെ ആരംഭത്തിങ്കൽ പകർന്ന പരിശുദ്ധാത്മാവ് ഭൂമിയിൽ ആയിരിക്കുന്നകാലത്തോളം തീയുടെ

അഭിഷേകമാകുന്ന **പിൻമഴയെ** ദൈവം ഭൂമിയിലേക്ക് അയയ്ക്കുകയില്ല. പുതിയനിയമസഭയുടെ ആരംഭത്തിങ്കൽ മുൻമഴയിലൂടെ പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് പകർന്ന പിതാവാം ദൈവം പിൻമഴയാകുന്ന തീ കൊണ്ടുള്ള അഭിഷേകം ഭൂമിയിലേക്ക് അയക്കുന്നത് ലോകാവസാനത്തിന്റെ അന്ത്യ നാളുകളാകുന്ന എതിർ ക്രിസ്തുവിന്റെ ഭരണകാലയളവിലാണ്. കൊയ്ത്തിന്റെ കാലാവധി പാലിക്കുന്നതിനാണ് ദൈവം മുൻമഴയും പിൻമഴയും ഭൂമിയിൽ പകരുന്നത്. അതിന്റെ തിരുവചന തെളിവുകളാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

> മുന്മഴയും പിന്മഴയും ഇങ്ങനെ നമുക്ക് അതതു സമയത്തു വേണ്ടുന്ന മഴ തരുകയും കൊയ്ത്തിനുള്ള കാലാവധി പാലിച്ചുതരികയും ചെയ്യുന്ന നമ്മുടെ ദൈവമായ യഹോവയെ നാം ഭയപ്പെടുക എന്ന് അവർ ഹൃദയംകൊണ്ട് പറയുന്നതുമില്ല (യിര. 5:24).

> ധാന്യവും വീഞ്ഞും എണ്ണയും ശേഖരിക്കേണ്ടതിന് ഞാൻ തക്ക സമയത്ത് നിങ്ങളുടെ ദേശത്തിനു മുന്മഴയും പിന്മഴയും പെയ്യിക്കും (ആവ. 11:14).

> എന്റെ സഹോദരന്മാരെ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ട് മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ (യാക്കൊ. 5:7).

ഭൂമിയിലെ കൃഷിയുടെ ഫലശേഖരണത്തിനുള്ള കൊയ്ത്തിന്റെ കാലാവധി പാലിച്ചുതരുന്നതിനാണ് കർത്താവ് മുന്മഴയും പിന്മഴയും ഭൂമിയിലേക്ക് പകരുന്നത് എന്നാണ് യോവേൽ പ്രവാചകനും ഇതുസംബന്ധമായി പ്രവചിച്ചിരിക്കുന്നത്.

> സീയോൻ മക്കളെ, ഘോഷിച്ചുല്ലസിച്ച് നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ! അവൻ തക്ക അളവായി നിങ്ങൾക്ക് മുന്മഴ തരുന്നു; അവൻ മുമ്പേ പോലെ നിങ്ങൾക്കു മുന്മഴയും പിന്മഴയുമായ വർഷം പെയ്യിപ്പിച്ചുതരുന്നു. അങ്ങനെ കളപ്പുരകൾ ധാന്യംകൊണ്ട് നിറയും; ചക്കുകൾ വീഞ്ഞും എണ്ണയും കൊണ്ട് കവിയും (യോവേ. 2:23-24).

യിസ്രായേൽ പ്രവാചകനായ ഹോശയ കർത്താവിന്റെ രണ്ടാമത്തെ വരവ് യെശൂരന്റെ രക്ഷയ്ക്കായി പ്രത്യക്ഷപ്പെടുന്നതിനോടുള്ള ബന്ധത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽ

മുന്മഴയെക്കുറിച്ചുള്ള യാതൊരു പരാമർശവും ഇല്ലാതെ പിന്മഴയെക്കുറിച്ചു മാത്രമാണ് പ്രവചിച്ചിരിക്കുന്നത്.

> നാം അറിഞ്ഞുകൊൾക, യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതംപോലെ നിശ്ചയമുള്ളത്; അവൻ മഴപോലെ, ഭൂമിയെ നനയ്ക്കുന്ന പിന്മഴപോലെ തന്നെ, നമ്മുടെ അടുക്കൽ വരും (ഹോശ. 6:3)

ദൈവീക ത്രിത്വത്തിന്റെ മുദ്രയാകുന്ന പരിശുദ്ധാത്മാവിനെ മുൻമഴയായി ഭൂമിയിൽ പകർന്നിരിക്കുന്നതിന്റെ പരമോന്നത ലക്ഷ്യം സർവ്വ സൃഷ്ടികളിൽനിന്നുമുള്ള ആദ്യഫലമാകുന്ന സ്വർഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയുടെ എണ്ണത്തെ പൂർത്തീകരിച്ച് സ്വർഗാധിസ്വർഗത്തിലേക്ക് പ്രവേശിപ്പിക്കുക എന്നതിനാകുന്നു. ആദ്യജാതന്മാരുടെ സഭയുമായി പരിശുദ്ധാത്മാവ് ആരോഹണം ചെയ്തതിനു ശേഷമുള്ള സാത്താനിക മഹോപദ്രവത്തിൽ ഭൂമിയുടെ ആത്മീയ സ്ഥിതി മരുഭൂമിക്ക് സമാനമായിട്ടാണ് മാറ്റപ്പെടുന്നത്. എന്നാൽ ആ കാലയളവിലും ദൈവാത്മാവിന്റെ പ്രവർത്തനം ഭൂമിയിൽ ഉണ്ടായിരിക്കും . മഴപെയ്ത് മാറിയാലും അതിന്റെ നനവ് കുറേ ദിവസങ്ങളിൽ നിലനില്ക്കുന്നതുപോലെ അന്ന് ഭൂമിയിൽ ജീവനോടെ ശേഷിച്ചിരിക്കുന്ന വിശുദ്ധന്മാരിൽ ദൈവാത്മാവിന്റെ പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കും.

യിസ്രയേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്ന് അരുളിച്ചെയ്ത യേശുക്രിസ്തുവിന്റെ ശുശ്രൂഷാ കാലയളവിൽ പ്രത്യക്ഷമായി യിസ്രായേലിനും പരോക്ഷമായി ജാതികൾക്കുമാണ് അതിന്റെ പ്രയോജനം ലഭിച്ചത്. എന്നാൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ പൂർത്തീകരണത്തിൽ ആദാമിക കുലത്തിൽപ്പെട്ട സകല മനുഷ്യരുടെയും സാർവ്വദേശീയമായ രക്ഷയാണ് പിതാവാം ദൈവം തന്റെ പുത്രനിലൂടെ ഒരുക്കിയത്. അതുപോലെ പരിശുദ്ധാത്മാവാം ദൈവം ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത് മുഖാന്തരം പ്രത്യക്ഷമായി പുതിയനിയമ സഭയ്ക്കും പരോക്ഷമായി യഹൂദന്മാർ ഉൾപ്പെടെ ഭൂമിയിലുള്ള സകല മനുഷ്യർക്കുമാണ് അവൻ പ്രയോജനപ്രദമായിരിക്കുന്നത്. മറ്റുള്ളവർക്ക് അത് എപ്രകാരമാണ് പ്രയോജനപ്രദമാകുന്നത് എന്ന ചോദ്യം ഇവിടെ വേണമെങ്കിൽ ഉയരാം. അതിന്റെ

വ്യക്തമായ ഉത്തരം അധർമ്മത്തിന്റെ മർമ്മത്തെ തടയുന്ന പരിശുദ്ധാത്മാവ് ഭൂമിയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഭൂമിയിൽ ഇന്ന് സമാധാനം നിലനില്ക്കുന്നത് എന്നുള്ളതാകുന്നു.

പരിശുദ്ധാത്മാവ് മണവാട്ടി സഭയുമായി സ്വർഗാരോഹണം ചെയ്തതിനുശേഷം പരിശുദ്ധാത്മാവിന്റെ മുന്മഴയുടെ പ്രവർത്തനം അഥവാ പ്രയോജനം കുഞ്ഞാടിന്റെ വരുവാനുള്ള കോപദിവസം വരെയാണ് ഭൂമിയിൽ നിലനില്ക്കുന്നത്. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്ന പരിശുദ്ധാത്മാവിന്റെ മുൻമഴയുടെ പ്രവർത്തനത്തെക്കുറിച്ചാണ് മാനസാന്തരത്തോടുള്ള ബന്ധത്തിൽ യോഹന്നാൻ സ്നാപകൻ അന്ന് സംസാരിച്ചത്. മാനസാന്തരമില്ലാത്ത അവസ്ഥയിലേക്ക് ലോകമനസ്സാക്ഷി കൂപ്പുകുത്തുന്നതോടെയാണ് **മുന്മഴയുടെ മാനസാന്തരകാലം** അവസാനിക്കുന്നത്. കുഞ്ഞാടിന്റെ കോപദിവസം വെളിപ്പെടുന്നതിനെക്കുറിച്ചുള്ള വിശദീകരണം വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ് ചുവടെ കൊടുത്തിരിക്കുന്നത്.

> ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയൊരു ഭൂകമ്പം ഉണ്ടായി; സൂര്യൻ കരിമ്പടംപോലെ കറുത്തു ചന്ദ്രൻ മുഴുവനും രക്തതുല്യമായി ത്തീർന്നു. അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങിയിട്ട് കായ് ഉതിർക്കുംപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു... സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാ കോപദിവസം വന്നു; ആർക്ക് നില്പാൻ കഴിയും എന്ന് പറഞ്ഞു (വെളി. 6:12-17)

കുഞ്ഞാടിന്റെ കോപം വെളിപ്പെടുമ്പോൾ ഭൂമിയിലുള്ളവർ ഭയവിഹ്വലരാകുന്നുവെങ്കിലും അത് താത്കാലികമായ പ്രതിഭാസം മാത്രമാകുന്നു. അതിനുശേഷം ലോകമനുഷ്യർ ക്രമേണ കഠിനഹൃദയരായിത്തീരുന്നതുകൊണ്ടാണ് മാനസാന്തരമില്ലാത്ത അവസ്ഥയിലേക്ക് ലോകത്തിന്റെ സ്ഥിതി മാറ്റപ്പെടുന്നത്. അതേക്കുറിച്ചാണ് ആറാമത്തെ ദൂതൻ കാഹളമൂതുന്ന സമയത്തും (വെളി.9:20-21) നാലാമത്തെ കലശം സൂര്യനിൽ ഒഴിക്കുന്ന സമയത്തും (വെളി16:9) മനുഷ്യർ മാനസാന്തരപ്പെടുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്. നോഹയുടെ കാലംപോലെയുള്ള കാലം ആരംഭിക്കുന്നതോടെയാണ് ഇപ്പോൾ മാനസാന്തരത്തി നായി

മനുഷ്യരോട് വാദിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവ് തന്റെ പ്രവർത്തനം ഭൂമിയിൽ നിർത്തുന്നത്. അതോടെ മാനസാന്തരത്തിന്റെ കാലമാകുന്ന മുന്മഴയുടെ കാലം സമ്പൂർത്തീകരിക്കപ്പെടുന്നു എന്നാണ് തിരുവചനത്താൽ തെളിയിക്കപ്പെടുന്ന്. നോഹയുടെ കാലത്തെക്കുറിച്ച് ഉത്പത്തിപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

> അപ്പോൾ യഹോവ: മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല; അവൻ ജഡംതന്നെയല്ലോ; എങ്കിലും അവന്റെ കാലം നൂറ്റിയിരുപത് സംവത്സരമാകും എന്ന് അരുളിച്ചെയ്തു (ഉല്പ. 6:3).

ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതയിൽനിന്ന് വെള്ളത്തിനു മീതെ പരിവർത്തിച്ചുകൊണ്ടിരുന്ന ആത്മാവ് മനുഷ്യസൃഷ്ടിക്കു ശേഷം നോഹയുടെ കാലം വരെയാണ് മനുഷ്യരോട് വാദിച്ചുകൊണ്ടിരുന്നത് എന്നാകുന്നു. അതിനു ശേഷം അവർ അതിനു കീഴ്പ്പെടാതെ വന്നപ്പോൾ ദൈവത്തെ അനുസരിച്ചിരുന്ന നോഹയുടെയും അവന്റെ കുടുംബത്തിന്റെയും മേൽ കൃപയുടെ ആത്മാവിനെ പകരുകയും ശേഷമുള്ളവരെ നശിപ്പിച്ചുകളയുകയുമാണ് ചെയ്തത്. അതുപോലെ പെന്തക്കൊസ്തുനാളിൽ ഭൂമിയിൽ മുന്മഴയായി പെയ്തിറങ്ങിയ പരിശുദ്ധാത്മാവ് മാനസാന്തരത്തിനായി സകല മനുഷ്യരോടും വാദിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനം ദൈവത്തിന്റെ മഹാകോപദിവസം പ്രത്യക്ഷപ്പെടുന്നതോടെ പൂർത്തീകരിക്കപ്പെടുന്നു (അപ്പൊ. 2:1-4, വെളി. 6:12-17, യോവേ. 2:31). അതിനുശേഷം നോഹയ്ക്കു ലഭിച്ചതുപോലെ ദൈവത്തിന്റെ പ്രത്യേക കൃപ ലഭിക്കുന്നവരുടെ മേൽ അന്നു പകരപ്പെടുന്നത് കൃപയുടെയും യാചനയുടെയും ആത്മാവിനെയാണ്. അതെക്കുറിച്ചാണ് പിന്മഴയുടെ കാലമാകുന്ന മാനസാന്തരമില്ലാത്ത കാലത്തെ മുമ്പിൽ ദർശിച്ച സെഖര്യാവ് പ്രവാചകൻ ഇപ്രകാരം പ്രവചിച്ചിരിക്കുന്നത്.

> പിന്മഴയുടെ കാലത്ത് യഹോവയോട് മഴയ്ക്ക് അപേക്ഷിപ്പിൻ; യഹോവ മിന്നൽപ്പിണർ അയയ്ക്കുന്നുവല്ലോ; അവൻ അവർക്ക് വയലിലെ ഏതു സസ്യത്തിനും മാരി പെയ്യിച്ചു കൊടുക്കും (സെഖ. 10:1).

സ്വർഗീയ ദൈവാലയത്തിലെ സിംഹാസനത്തിലിരിക്കുന്ന പരിശുദ്ധാത്മാവ് മുന്മഴയായി ഭൂമിയിൽ ഇറങ്ങിവന്നതിന്റെ പരമോന്നത ലക്ഷ്യം കുഞ്ഞാടിന്റെ സിംഹാസനത്തിലിരിപ്പാൻ യോഗ്യത പ്രാപിക്കുന്ന **സർവ്വസൃഷ്ടിയുടെയും ആദ്യഫല മാകുന്ന** നിർമ്മലകന്യകയെന്ന മണവാട്ടിസഭയെ ഒരുക്കി യെടുത്ത് കുഞ്ഞാടിന്റെ സിംഹാസനത്തിലിരുത്തുക എന്ന ദൗത്യ നിർവ്വഹണത്തിനു വേണ്ടിയാണ്. അതിന്റെ പൂർത്തീ കരണത്തിനു ശേഷം പിന്മഴയെ ദൈവം ഭൂമിയിലേക്ക് അയയ്ക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം മനുഷ്യരുടെ ഇടയിൽ നിന്ന് അഥവാ **ഭൂമിയുടെ ആദ്യഫലമാകുന്ന** യിസ്രായേലിൽ നിന്നുള്ള നൂറ്റിനാല്പത്തിനാലായിരം പേരെ നിർമ്മലീകരി ച്ചെടുക്കുക എന്നതാകുന്നു. അവർ കന്യകമാരുടെ പദവിക്ക് തുല്യരായവരും കുഞ്ഞാടു പോകുന്നെ ടത്തൊക്കെയും അനു ഗമിക്കുന്നവരും ദൈവത്തിനും ക്രിസ്തുവിനും പുരോഹിത ന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് വാഴുവാനു ള്ളവരുമാകുന്നു (വെളി. 14:3-5, 20:6-7)

എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷികളാകുന്ന വരുടെ ആത്മാക്കളെ ദൈവം സൂക്ഷിക്കുന്നത് കർത്താവ് യാഗ മായിത്തീർന്ന ഭൂമി എന്ന യാഗപീഠത്തിന്റെ കീഴിലാകുന്നു (വെളി. 6:9-11). അവർ യാഗപീഠത്തിൽ യാഗമായിത്തീരുന്ന തിനോടുള്ള ബന്ധത്തിലാണ് അവരിൽ **സ്വർഗീയ യാഗപീഠത്തിൽ**നിന്നുള്ള തീ അവരുടെ മേൽ അഭിഷേകമായി ദൈവം അയയ്ക്കുന്നത്. അതേക്കുറിച്ചാണ് ഭാവികാല പ്രവചനമാകുന്ന വെളിപ്പാട് പുസ്ത കത്തിൽ ഏഴാമത്തെ മുദ്രയോടുള്ള ബന്ധത്തിൽ പ്രസ്താ വിച്ചിരിക്കുന്നത്.

> അവൻ ഏഴാം മുദ്ര പൊട്ടിച്ചപ്പോൾ സ്വർഗത്തിൽ ഏകദേശം അര മണിക്കൂറോളം മൗനതയുണ്ടായി. അപ്പോൾ ദൈവസന്നിധിയിൽ ഏഴു ദൂതന്മാർ നില്ക്കുന്നത് ഞാൻ കണ്ടു; അവർക്ക് ഏഴ് കാഹളം ലഭിച്ചു. മറ്റൊരു ദൂതൻ ഒരു സ്വർണ്ണ ധൂപകലശവുമായി വന്ന് യാഗ പീഠത്തിനരികെ നിന്നു. സിംഹാസനത്തിനു മുമ്പിലുള്ള സ്വർണ്ണ പീഠത്തിനു മേൽ സകല വിശുദ്ധന്മരുടെയും പ്രാർത്ഥനയോടു ചേർക്കേണ്ടതിന് വളരെ ധൂപവർഗ്ഗം അവനു കൊടുത്തു. ധൂപ വർഗ്ഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ നിന്ന് ദൈസന്നിധിയിലേക്ക് കയറി. ദൂതൻ ധൂപ

കലശമെടുത്തു യാഗപീഠത്തിലെ കനൽ നിറച്ചു ഭൂമിയിലേക്ക് എറിഞ്ഞു; ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവുമുണ്ടായി (വെളി. 8:1-5)

വയലാകുന്ന ഭൂമിയിലെ ഏതു സസ്യത്തിനുംവേണ്ടി അയച്ചുകൊടുക്കുന്ന മാരി അഥവാ മഴയാണ് പിന്മഴയാകുന്ന സ്വർഗീയ യാഗപീഠത്തിലെ തീ ഭൂമിയിലേക്ക് വർഷിക്കുമ്പോൾ പെയ്തിറങ്ങുന്നത്. **സ്വർഗീയ യാഗപീഠത്തിലെ തീ ജഡീക പോരാട്ടത്തിനുവേണ്ടിയുള്ളതല്ല; പിന്നെയോ യാഗമായി ത്തീരുവാൻ ഉള്ളവരുടെ മേൽ പകരപ്പെടുന്ന അഭിഷേകമാണ്**. യിസ്രായേലിൽ നിന്നുള്ള നൂറ്റിനാല്പത്തിനാലായിരത്തെ മുദ്രയിടുകയും അവരിലേക്ക് കൃപയുടെയും യാചനയുടെയും ആത്മാവിനെ പകരുകയുമാണ് ഈ അവസരത്തിൽ പിതാവാം ദൈവം ചെയ്യുന്നത്. പിന്മഴ മുഖാന്തരമായി പെയ്തിറങ്ങുന്ന യാഗപീഠത്തിലെ തീമഴ കുഞ്ഞാടിന്റെ മഹാകോപദിവസം മുതൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ വരെയാണ് ഭൂമിയിൽ പ്രവർത്തനനിരതമാകുന്നത്. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കാളികളാകുവാനുള്ള രക്തസാക്ഷികളെ എതിർക്രിസ്തുവിന്റെ ഭരണകാലത്ത് ശക്തീകരിച്ച് നിർത്തുന്നതിനാണ് ഭൂമിയിൽ ദൈവം പിന്മഴ പെയ്യിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം. ഭൂമിയുടെ ആദ്യഫലമാകുന്ന യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള നൂറ്റിനാല്പത്തിനാലായിരത്തിന്റെ എണ്ണവും പുതിയനിയമ സഭയുടെ രക്തസാക്ഷികളുടെ എണ്ണവും ഒന്നാമത്തെ പുനരുത്ഥാനത്തിൽ പൂർത്തീകരിക്കപ്പെട്ടതിനു ശേഷവും പിന്മഴയുടെ നനവ് കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതവരെ ഭൂമിയിൽ ഉണ്ടായിരിക്കും. യിസ്രായേലിന്റെ ഉത്പത്തിമുതൽ ജഡപ്രകാരം പോരാടിക്കൊണ്ടിരിക്കുന്ന യിസ്രായേൽ മറ്റൊരു ആത്മീയ തലത്തിലേക്ക് മാറ്റപ്പെടുന്നത് ഏഴാം മുദ്രയുടെ കാലം മുതലാണ്. അതേക്കുറിച്ച് സെഖര്യാവ് പ്രവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

ഞാൻ ദീവീദ് ഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകുളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിയിട്ടുള്ളവങ്കലിലേക്ക് അവർ നോക്കും;... (സെഖ. 12:10).

പിന്മഴ പെയ്യുന്നതോടെ യിസ്രായേൽ ഗോത്രങ്ങളിൽനിന്ന് വേർതിരിക്കപ്പെടുന്നവരിലും പുതിയനിയമ സഭയുടെ

ശേഷിപ്പിലുൾപ്പെടുന്ന സുവിശേഷത്തിന്റെ വക്താക്കളിലും പകരപ്പെടുന്നത് രക്തസാക്ഷിത്വം വരിക്കുവാനുള്ള കൃപ യുടെയും യാചനയുടെയും ആത്മാവാണ്. യാഗപീഠത്തിൽ നിന്നുള്ള തീ കൊണ്ടുള്ള അഭിഷേകം പ്രത്യക്ഷമായി യിസ്രായേലിൻമേലും പരോക്ഷമായി പുതിയനിയമ സഭയുടെ ശേഷിപ്പിലുമാണ് പകരപ്പെടുന്നത്. ഒന്നാമത്തെ പുനരുത്ഥാന ത്തിൽ പിന്മഴയുടെ പ്രധാനദൗത്യമാകുന്ന ഭൂമിയുടെ ആദ്യ ഫലമാകുന്ന യിസ്രായേൽ ഗോത്രങ്ങളിൽ നിന്ന് രക്തസാക്ഷി കളാകുന്ന നൂറ്റിനാല്പത്തിനാലായിരത്തെയും പുതിയനിയമ സഭയുടെ രക്തസാക്ഷികളാകുന്ന എണ്ണിക്കൂടാത്ത മഹാപുരു ഷാരത്തെയും ശേഖരിച്ചതിനു ശേഷവും അതിന്റെ നനവ് കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി കാത്തുനില്ക്കുന്ന വൃതന്മാരുടെ മേലും പകരപ്പെടുന്നു. അതാണ് അവരെ ലോകാവസാനത്തിന്റെ അന്ത്യനാളുകളിൽ കഷ്ടതയുടെ തീച്ചൂളയിൽ തളർന്നുപോകാതെ പിടിച്ചുനിർത്തുന്നത്.

അതുപോലെ നീതിമാന്മാരായി ദൈവരാജ്യത്തിന്റെ പ്രജകളാകുന്നവരെ മഹത്വസിംഹാസനത്തിനു മുമ്പാകെ ദൂതന്മാർ കൂട്ടിച്ചേർക്കുന്നതുവരെ അവർക്കും സ്വർഗീയ യാഗപീഠത്തിൽനിന്ന് പകരപ്പെടുന്ന അഗ്നിയുടെ അഭിഷേകം പ്രയോജനപ്പെടുന്നു. ചുരുക്കത്തിൽ കർത്താവിന്റെ മഹാകോപ ദിവസം മുതൽ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾവരെ ദൈവീക പദ്ധതിക്കുവേണ്ടി നിലകൊള്ളുന്ന സകലരുടെ മേലും പകരപ്പെടുന്നത് തീ കൊണ്ടുള്ള അഭിഷേകത്തിന്റെ വ്യാപാര ശക്തിയാണ്.

പിന്മഴയെക്കുറിച്ചുള്ള ഏകദേശപഠനം ഇവിടെ പൂർത്തീകരി ക്കുന്നു. ദൈവം അനുവദിച്ചാൽ ഇതെക്കുറിച്ചുള്ള വിശദമായ പഠനം ഇനി പ്രസിദ്ധീകരിക്കുന്ന പിന്മഴ എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. മനുഷ്യപുത്രൻ വെളി പ്പെടുന്ന നാളിൽ നടക്കുന്ന അന്ത്യന്യായവിധിയെക്കുറിച്ച് യോഹന്നാൻ സ്നാപകൻ പ്രവചിച്ച കാര്യങ്ങളെ അധികരിച്ച് നടത്തിയ പഠനത്തിലായിരുന്നു നാം ഇതുവരെ ആയിരുന്നത്. തുടർന്ന് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്നവരുടെ അന്ത്യന്യായവിധി എന്ന വിഷയ ത്തോടുള്ള ബന്ധത്തിൽ കർത്താവായ യേശുക്രിസ്തു

ഗിരിപ്രഭാഷണത്തിലും ഉപമകളിലൂടെയും അരുളിച്ചെയ്തതിന്റെ വിശദീകരണത്തിലേക്കാണ് നാം പ്രവേശിക്കുന്നത്.

നല്ല വൃക്ഷമൊക്കെയും നല്ലഫലം കായ്ക്കുന്നു; ആകാത്തവൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു. നല്ല വൃക്ഷത്തിന് ആകാത്തഫലവും ആകാത്തവൃക്ഷത്തിന് നല്ല ഫലവും കായ്പ്പാൻ കഴിയുകയില്ല. നല്ലഫലം കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ അവരെ തിരിച്ചറിയും. എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (മത്താ.7:17 - 24)

ഗിരിപ്രഭാഷണത്തിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്ന ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ എന്ന് പ്രസംഗിച്ചു തുടങ്ങിയ കർത്താവ് ആ പ്രഭാഷണം അവസാനിപ്പിച്ചിരിക്കുന്നത് സ്വർഗരാജ്യത്തിൽനിന്ന് തള്ളപ്പെട്ടുപോകുന്നവരുടെ ദുരവസ്ഥ യെ വെളിപ്പെടുത്തിക്കൊണ്ടാണ്. പാറയാകുന്ന ക്രിസ്തുവിന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവർക്കു മാത്രമേ ഏതു കാലഘട്ട ത്തിലും അടിസ്ഥാനപരമായ ദൈവീകമായ ജീവിതത്തിന് ഉടമകളാകുവാൻ സാധിക്കുകയുള്ളൂ. വൻമഴയാകുന്ന ദുരുപദേശം പെയ്തിറങ്ങുന്ന സാത്താനിക മഹോപദ്രവത്തിൽ സർപ്പം ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഒഴുക്കി ക്കള യേണ്ടതിന് അവളുടെ പിന്നാലെ തന്റെ വായിൽനിന്ന് ചാടിക്കു ന്ന വെള്ളമാണ അന്ന് നദിപോലെ ഉയരുന്നത്. ദുരുപദേശത്തിൽ ഉൾപ്പെടുന്നവരാണ് മണലിന്മേൽ വീടു പണിതിരിക്കുന്നവർക്ക് തുല്യരായവർ. അവർ ബുദ്ധിയില്ലാത്ത വരാകുന്നതുകൊണ്ട് സത്യവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചു പോകുന്നു. മനുഷ്യ പുത്രൻ വെളിപ്പെടുന്ന നാളിൽ അവരെ പ്പോലയുള്ളവർ അന്ത്യ ന്യായവിധിയിൽ അകപ്പെട്ട് അഗ്നിനരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുകയണ് ചെയ്യുന്നത്. അതുകൊണ്ടാണ് അവരുടെ

വീഴ്ച വലിയതായിരിക്കുമെന്ന് കർത്താവ് അരുളിച്ചെയ്തത് (മത്താ. 5:3, 7:24–27).

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ സംഭവിക്കുന്ന കാര്യമായതുകൊണ്ടാണ് **ആ നാളിൽ** പലരും എന്നോട് പറയും എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്. യോഹന്നാൻ സ്നാപകൻ പ്രസ്താവിച്ചതുപോലെ കർത്താവ് ഇവിടെ അരുളിച്ചെയ്തിരിക്കുന്നത് നല്ല ഫലം കായ്ക്കാത്ത വൃക്ഷ മൊക്കെയും വെട്ടി തീയിലിടുമെന്നാണ്. വെട്ടി തീയിലിടുക എന്നത് അപ്പോൾ നടക്കുന്ന സംഭവത്തിന്റെ സൂചനയാണ്. അത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്ന സകല ദുഷ്ടമനുഷ്യരെയും വേർതിരിച്ച് അഗ്നിനരകത്തിലേക്ക് ജീവനോടെ ഇട്ടുകളയുന്നതിനെയാണ് വ്യക്തമാക്കിയിരി ക്കുന്നത്. ആ നാളിൽ ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടി ല്ലായെന്ന് അരുളിച്ചെയ്തിരിക്കുന്ന രണ്ട് സന്ദർഭങ്ങളെക്കുറിച്ച് ഇതിനുമുമ്പ് നാം ചിന്തിക്കുകയുണ്ടായി.

1. കല്ല്യാണവിരുന്നുശാലയുടെ വാതിൽ അടച്ചതിനുശേഷം അതിനു മുമ്പിൽ വന്നു മുട്ടുന്ന ബുദ്ധിയില്ലാത്ത കന്യക മാരോടുള്ള ബന്ധത്തിൽ (മത്താ. 25:11–12)
2. വീട്ടുടയവൻ എഴുന്നേറ്റു കതകടച്ച ശേഷം തുറന്നുതരേണമേ എന്നു അപേക്ഷിക്കുന്ന അനീതി പ്രവർത്തിക്കുന്ന ദുഷ്ട ദാസന്മാരോടുള്ള ബന്ധത്തിൽ (ലൂക്കൊ. 13:25–27)

കല്ല്യാണവിരുന്നുശാലയിൽ വിരുന്നു നടക്കുന്ന സന്ദർഭത്തിൽ പുറത്തുനിന്ന് കതക് തുറക്കണമേ എന്ന് ആവശ്യപ്പെട്ടുകൊണ്ട് വാതിലിന് മുട്ടിക്കൊണ്ടിരിക്കുന്നവരോട് അകത്തുനിന്ന് കർത്താവ് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നത് ഞാൻ നിങ്ങളെ അറിയുന്നില്ല എന്നെ വിട്ടുപോകുവിൻ എന്നാകുന്നു. അന്ന് ഇപ്രകാരം അവിടെനിന്ന് പ്രവേശനം ലഭിക്കാതെ തള്ളപ്പെട്ടു പോകുന്നവരിൽ ബുദ്ധിയില്ലാത്ത കന്യകമാരും സാത്താനിക വഞ്ചനയാൽ എതിർക്രിസ്തുവിനെ മിശിഹയായി അംഗീകരി ക്കുന്ന യിസ്രായേലിൽ നിന്നുള്ളവരുമാകുന്നു ഉൾപ്പെടുന്നത്. ഗിരിപ്രഭാഷണത്തിൽ കർത്താവ് ഊന്നൽ കൊടുത്ത് പ്രസംഗിച്ച് അവസാനിപ്പിച്ചിരിക്കുന്നത് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ കല്ല്യാണ വിരുന്നു ശാലയിൽ നിന്ന് തള്ളപ്പെട്ടുപോകുന്ന വരോടുള്ള ബന്ധത്തിലാണ്. സാത്താനിക വഞ്ചനയിൽ കുടുങ്ങി

സത്യത്തെ തിരിച്ചറിയാതെ പോകുന്ന ഏവരും ഇപ്രകാരം തള്ളപ്പെട്ടു പോകും എന്നാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. അന്ന് വിരുന്നുശാലയിൽനിന്ന് തള്ളപ്പെട്ടുപോകുന്നവർ ഉൾപ്പെടെ ഭൂമിയിൽ ജീവനോടിരിക്കുന്ന സകല മനുഷ്യരെയും മഹത്വ സിംഹാസനത്തിനു മുമ്പാകെ ദൈവം അയയ്ക്കുന്ന ദൂതന്മാരാണ് കൂട്ടിച്ചേർക്കുന്നത്. അതിന്റെ വ്യക്തത നമുക്ക് ലഭിക്കുന്നത് ലോകാവസാനമാകുന്ന കൊയ്ത്തിന്റെ പൂർത്തീകരണത്തോടുള്ള ബന്ധത്തിൽ കർത്താവ് പ്രസ്താവിച്ചിരിക്കുന്ന രണ്ട് ഉപമകളിൽ നിന്നുമാകുന്നു.

1 **കളയുടെ ഉപമ**: (മത്താ. 13:24 - 30, 36 - 44)

- നല്ലവിത്താകുന്ന ദൈവവചനം വിതെച്ചിരിക്കുന്ന വയലാകുന്ന ലോകത്തിൽ ശത്രുവായ സാത്താൻ വന്ന വിതെയ്ക്കുന്ന ദുരുപദേശത്തിൽ നിന്നുമാണ് കള കിളിർത്തു വരുന്നത്.
- ഉണർന്ന് കാവൽ ചെയ്യേണ്ട കാവൽക്കാർ ഉറങ്ങുന്നതു നിമി ത്തമാണ് സാത്താൻ കോതമ്പിന്റെ ഇടയിൽ കള വിതയ്ക്കുന്നത്.
- ഞാറു വളർന്ന് കതിരാകുമ്പോളാണ് കളയാകുന്ന ദുഷ്ടന്മാരെ മറ്റുള്ളവർക്ക് കാണത്തക്കവണ്ണം ലോകത്തിൽ വെളിപ്പെടുന്നത്.
- കള പറിച്ചുകൂട്ടുവാൻ അനുവാദം ചോദിക്കുന്ന ദാസന്മാർക്ക് അതിനുള്ള അനുവാദം വീട്ടുടയവൻ അപ്പോൾ കൊടുക്കുന്നില്ല.
- കൊയ്ത്ത് പൂർത്തീകരിക്കപ്പെടുന്ന മനുഷ്യപുത്രന്റെ രണ്ടാമത്തെ വരവുവരെ ഗോതമ്പും കളയും വയലിൽ ഒരുപോലെ വളരുന്നു.
- മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ ദൈവദൂതന്മാരാണ് പുറപ്പെട്ട് അവരെ കൂട്ടിച്ചേർക്കുന്നത്.
- അന്നു കള കൂട്ടി തീയിലിട്ടുകളയുന്നതുപോലെ ദൈവ കല്പനയാൽ ദൂതന്മാർ ദുഷ്ടന്മാരെയെല്ലാം തീച്ചൂളയാകുന്ന അഗ്നിനരകത്തിലേക്ക ജീവനോടെ ഇട്ടുകളയുന്നു.

2 **കടലിൽനിന്ന് സകലവിധ മീനും പിടിക്കുന്ന വലയുടെ ഉപമ**: (മത്താ. 13:47 - 50)

- കടലിൽനിന്ന് എല്ലാവിധമീനുകളും പിടിക്കുന്ന വലയോട് സദൃശമാണ് സ്വർഗരാജ്യം.
- വല നിറഞ്ഞപ്പോൾ അത് വലിച്ചുകയറ്റി നല്ലത് പാത്രങ്ങളിൽ ശേഖരിച്ചു വയ്ക്കുകയും ചീത്ത എറിഞ്ഞുകളയുകയും ചെയ്യുന്നു.
- അതുപോലെയാണ് ലോകാവസാനത്തിൽ ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽനിന്ന് ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടുകളയുന്നത്.
- തീച്ചൂളയാകുന്ന അഗ്നിനരകത്തിലാണ് കരച്ചിലും പല്ലുകടിയും ഉണ്ടാകുന്നത്.

സ്നാപകയോഹന്നാൻ യോർദ്ദാനിൽ വെച്ച് സംസാരിച്ചതും യേശു ഗിരിപ്രഭാഷണത്തിലും ഉപമകളിലും ലോകാവസാനത്തിൽ നടക്കുന്ന കൊയ്ത്തിനോടുള്ള ബന്ധത്തിൽ വ്യക്തമാക്കിയിരിക്കുന്നതും ഒരേകാര്യം തന്നെയാകുന്നു. **അതു മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്ന സകല ദുഷ്ടമനുഷ്യരുടെയും അന്ത്യന്യായവിധി പൂർത്തീകരിക്കപ്പെടുന്നു എന്നുള്ളതാണ്**. അതിന്റെ സംഷിപ്ത രൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

- ആകാത്തഫലം കായ്ക്കുന്ന വൃക്ഷമെല്ലാം വെട്ടി തീയിലിടുന്നത് കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ നടക്കുന്ന സംഭവമാണ്. ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ മരിച്ചുപോകുന്ന ദുഷ്ടന്മാരുടെ ആത്മാക്കൾ തള്ളപ്പെടുന്നത് അഗ്നിനരകമാകുന്ന തീയിലേക്കല്ല; അവരിൽ പാപികൾ പാതാളത്തിലേക്കും കഠിനപാപികൾ നരകത്തി ലേക്കുമാണ്. ഈ രണ്ടു സ്ഥലങ്ങളിലും ഇപ്പോൾ അനുഭവ പ്പെടുന്നത് അഗ്നിനരകത്തിലെ തീ ജ്വാലയുടെ ചൂട് മാത്ര മാണ്. എന്നാൽ ഇതിൽനിന്നും വ്യത്യസ്ഥമായി മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്ന ആകാത്തഫലം കായ്ക്കുന്ന ദുഷ്ടന്മാരെ ജീവനോടെ തീയാകുന്ന അഗ്നിനരകത്തിലേക്ക് നേരിട്ട് തള്ളിക്കളയുകയാണ് ചെയ്യുന്നത്.
- വീശുമുറം കൊണ്ട് വീശുന്നവൻ ഇപ്പോൾ വയലാകുന്ന ഭൂമിയെ കൊയ്ത്ത് കഴിഞ്ഞ കളമാക്കി മുറ്റും വെടിപ്പാക്കുകയും കോതമ്പ് കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർ

കെടാത്ത തീയാകുന്ന നരകത്തിൽ ഇട്ടുകളയുകയും ചെയ്യുന്നത് അന്ന് ജീവനോടിരിക്കുന്ന പതിരാകുന്ന ദുഷ്ടന്മാരായ സകല മനുഷ്യരെയും ജീവനോടെ അഗ്നി നരകത്തിലേക്ക് തള്ളിക്കളഞ്ഞ് ഭൂതലത്തെ ശുദ്ധീകരിക്കുന്ന തിനെക്കുറിച്ചാകുന്നു.

- യേശുവിന്റെ ഗിരിപ്രഭാഷണത്തിൽ അവൻ ഊന്നൽ കൊടുത്ത് പ്രസംഗിച്ച് അവസാനിപ്പിച്ചിരിക്കുന്നത് കപട ആത്മീയത്തിന്റെയും ദുരുപദേശങ്ങളുടെയും വലയിൽ അകപ്പെടുന്നവരുടെ നാശകരമായ അന്ത്യത്തെക്കുറിച്ചാണ്.
- കളയുടെ ഉപമയിലും വലയുടെ ഉപമയിലും ജീവനോടി രിക്കുന്നവരെ വേർതിരിച്ച് നല്ലതിനെ ശേഖരിച്ചുവയ്ക്കു മ്പോൾ തീയതിനെ നരകാഗ്നിയിലേക്ക് തള്ളിക്കളയുന്നതിനെ ക്കുറിച്ചാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

ഇതുവരെയുള്ള പഠനങ്ങളിൽനിന്ന് മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്ന സകല ദുഷ്ടമനുഷ്യരെയും നീതിമാന്മാരുടെ ഇടയിൽനിന്ന് വേർതിരിച്ച് നരകാഗ്നിയിലേക്ക് തള്ളിക്കളയുന്നതിനെക്കുറിച്ചുള്ള വ്യക്തത യാണ് ലഭിച്ചത്. അന്ന് മഹാരാജാവും പരമോന്നത ന്യായാധി പനുമായ കർത്താവിനോടു കൂടെ സിംഹാസനത്തിലിരുന്ന് ന്യായം വിധിക്കുവാനുള്ള സഹന്യായാധിപന്മാരുടെ അധികാരം കുഞ്ഞാടിനോടുകൂടെ ഒന്നായിചേരുന്ന അവന്റെ രാജ്ഞിയാ കുന്ന മണവാട്ടി സഭയ്ക്കാണ് ഉള്ളത്. അവർ അന്ന് യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിനെയും ജാതികളെ അഥവാ ലോകത്തെയു മാണ് ന്യായം വിധിക്കുന്നത്. മഹത്വ സിംഹാസനത്തിന് മുമ്പിൽ അന്ന് നടക്കുന്ന ന്യായവിധിയിൽ അതിനുള്ള അധികാരം ലഭിക്കുന്നവരെക്കുറിച്ച് വളരെ വ്യക്തമായിട്ടാണ് തിരുവചന അന്ന് ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> ഞാൻ ന്യായാസനങ്ങളെ കണ്ടു അവയിലിരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു (വെളി. 20:4).

ഇരുപത്തിനാല് മൂപ്പന്മാരാണ് കർത്താവിനോടുകൂടെ സിംഹാസനത്തിലിരിക്കുന്നത്. അവർ കുഞ്ഞാടിനോടുകൂടെ ഇരിപ്പാൻ അധികാരം പ്രാപിക്കുന്ന ആദ്യജാതന്മാരുടെ സഭയെയാണ് പ്രതിനിധീകരിക്കുന്നത്. അവരിൽ യിസ്രായേലിൽ നിന്ന് കർത്താവ് തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ പതിനൊ

ന്നുപേരും മത്ഥിയാസും ആണ് യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിനെ ന്യായം വിധിക്കുന്നതെങ്കിൽ ലോകത്തെ അഥവാ ജാതികളെ ന്യായംവിധിക്കുന്നത് ജാതികളുടെ അപ്പൊസ്തല നായ പൌലൊസ് ഉൾപ്പെടെ ജാതികളെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ട് അപ്പൊസ്തല ന്മാരാണ്. സകലവും വിട്ട് യേശുവിനെ അനുഗമിച്ചവർക്ക് എന്തു കിട്ടും എന്നുള്ള പത്രൊസിന്റെ ചോദ്യ ത്തിനുള്ള കർത്താവിന്റെ മറുപടി ഇപ്രകാരമായിരുന്നു.

> പത്രൊസ് അവനോട്: ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തുകിട്ടും എന്ന് ചോദിച്ചു. യേശു അവരോടു പറഞ്ഞത്: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർ ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായംവിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു (മത്താ. 19:27 – 28).

അന്ന് യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടിനെയും ന്യായം വിധിക്കുവാനുള്ള അധികാരം ലഭിക്കുന്ന പന്ത്രണ്ട് അപ്പൊ സ്തലന്മാരെക്കുറിച്ചാണ് യേശു അരുളിച്ചെയ്തിരിക്കുന്ന മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വാക്യം വ്യക്തത നൽകുന്നതെങ്കിൽ ജാതികളെ അഥവാ ലോകത്തെ ന്യായം വിധിക്കുന്ന പന്ത്രണ്ട് അപ്പൊസ്തലന്മാരെക്കുറിച്ചുള്ള വ്യക്തത നമുക്ക് ലഭിക്കുന്നത് താഴെ രേഖപ്പെടുത്തിയിരിക്കുന്ന വാക്യത്തിൽനിന്നുമാകുന്നു.

> വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്ന് അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? (1കൊരി. 6:2)

പിതാവാം ദൈവം ലോകത്തെ നീതിയിൽ ന്യായംവിധിപ്പാൻ നിശ്ചയിച്ചിരിക്കുന്ന ദിവസത്തിലാണ് മനുഷ്യപുത്രനും അവനോടുകൂടെ വരുന്ന വിശുദ്ധന്മാരും തേജസ്സിൽ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നത്. തേജസ്സോടെ വരുന്ന കർത്താവിന്റെ പ്രത്യക്ഷതയിൽ അവനോടുകൂടെ വരുന്ന വിശുദ്ധന്മാർ സ്വർഗീയതേജസ്സ് പ്രാപിച്ചവരായിരിക്കും. അതിനെയാണ് പുനർജനനം എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കിയിരി ക്കുന്നത്. ന്യായവിധിയുടെ അധികാരം പ്രപിച്ചു സിംഹാസനത്തി ലിരിക്കുന്നവർ പുനരുത്ഥാനവും തേജസ്സും പ്രാപിച്ചവരാ ണെങ്കിൽ അന്ന് മഹത്വത്തിന്റെ സിംഹാസനത്തിനു മുമ്പാകെ

ദൂതന്മാർ കൂട്ടിച്ചേർക്കുന്ന സകല മനുഷ്യരും പുനരുത്ഥാനമോ രൂപാന്തരമോ പ്രാപിക്കാത്തവരാകുന്നു. മഹത്വസിംഹാസന ത്തിനു മുമ്പാകെ നടക്കുന്ന ന്യായവിധിയെക്കുറിച്ചുള്ള വിശദീകരണം വ്യക്തമാക്കിക്കൊണ്ടാണ് ഒലിവുമലയിൽ വെച്ചുള്ള ലോകാവസാനത്തോടുള്ള ബന്ധത്തിലെ സംഭാഷണം യേശു പൂർത്തീകരിച്ചത്.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഏഴാമത്തെ സംഭവമാണ് മഹത്വസിംഹാസനത്തിനു മുമ്പാകെ നടക്കുന്ന അന്ത്യന്യായവിധിയും സഹസ്രാബ്ദവാഴ്ചയുടെ ആരംഭവും. അതിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് അന്ന് ഭൂമിയിൽവെച്ച് നടക്കുന്ന കുഞ്ഞാടിന്റെ കല്ല്യാണസദ്യയിൽ **കുഞ്ഞാടിനോടും അവന്റെ മണവാട്ടിയോടും** കൂടെ അതിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളവർ ആരൊക്കെ എന്നതിന്റെ ഓർമ്മപുതുക്കി മുമ്പോട്ടുപോകുന്നത് ഉചിതമായിരിക്കും. അതുകൊണ്ട് അതിന്റെ സംക്ഷിപ്തരൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

- മണവാട്ടിയുടെ തോഴിമാരുടെ ഗണത്തിൽ ഉൾപെടുന്ന ചന്ദ്രതേജസ്സ്പ്രാപിക്കുന്ന പുതിയനിയമസഭയുടെ കന്യകമാർ
- മണവാളന്റെ തോഴ്മക്കാരുടെ ഗണത്തിൽപ്പെടുന്നവരിൽ നക്ഷത്രതേജസ്സുപ്രാപിക്കുന്ന ശ്രേഷ്ഠന്മാരായ പഴയനിയമ വിശുദ്ധന്മാർ, നക്ഷത്രതേജസ്സിൽ വ്യത്യസ്ഥതയുള്ള യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള നൂറ്റിനാല്പത്തി നാലായിരം പേർ
- കല്ല്യാണസദ്യക്ക് ക്ഷണിക്കപ്പെട്ടവരിൽ യോഗ്യരാകുന്ന വ്യതന്മാരുടെ ഗണങ്ങൾ. ഇവരിൽ പുതിനിയമ സഭയുടെ വ്യതന്മാരെ പ്രതിനിധാനം ചെയ്യുന്ന ബുദ്ധിയുള്ള അഞ്ച് കന്യകമാർ, അത്തിവൃക്ഷം പ്രതിനിധാനം ചെയ്യുന്ന യിസ്രായേലിൽനിന്നുള്ള വ്യതന്മാർ എന്നിവരാകുന്നു. ഇവർ പുനരുത്ഥാനമോ രൂപാന്തരമോ പ്രാപിക്കാത്തവരായതു കൊണ്ട് പുനർജനനം പ്രാപിക്കാത്തവരും സ്വർഗീയ തേജസ്സില്ലാത്തവരാകുന്നു. ഇവരാണ് ആയിരമാണ്ട് വാഴ്ചയിലെ പട്ടണങ്ങളുടെ **അധിപന്മാരാകുന്നത്**.
- സ്നേഹിത പദവിയിൽ ചേർക്കപ്പെടുന്നവരിൽ നല്ലവരായിട്ടു ള്ളവർ. ഇവർക്ക് അന്നു നടക്കുന്ന കല്ല്യാണസദ്യയിലും തുടർന്ന് ദൈവരാജ്യത്തിൽ പന്തിക്കിരിക്കുവാനുള്ള

പദവിയുമാണ് ലഭിക്കുന്നത്. ഇവരും പുനരുത്ഥാനമോ രൂപാന്തരമോ പ്രാപിക്കാത്തവരും സ്വർഗീയ തേജസ്സില്ലാത്ത വരുമാകുന്നു.

- കർത്താവിനോടുകൂടെ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്ന ദൈവദൂതന്മാർ.

മഹാരാജാവാം ദൈവം മഹത്വത്തിന്റെ സിംഹാസനത്തിൽ ന്യായവിധിക്കായി ഇരിക്കുമ്പോൾ അവനോടുകൂടെ സിംഹാസനത്തിലിരിക്കുന്നത് മണവാട്ടിസഭയെ പ്രതിനിധാനം ചെയ്യുന്ന ഇരുപത്തിനാലു മൂപ്പന്മാരാകുന്നു. സ്വർഗീയ തേജസ്സുള്ള മറ്റു വിശുദ്ധന്മാരും ദൂതന്മാരും തേജസ്സു പ്രാപിക്കാത്ത വൃതന്മാരും സ്നേഹിതപദവിയിലുള്ളവരും തേജസ്സിന്റെ സിംഹാസനത്തിനടുത്ത് അവർക്കായി ഒരുക്കി യിരിക്കുന്ന സ്ഥലങ്ങളിൽ നില്ക്കുമ്പോൾ മഹാരാജാവാം ദൈവത്തെയും അവനോടുകൂടെ സ്വർഗത്തിൽനിന്ന് വരുന്ന വരെയും തേജസ്സുള്ള മേഘം ആവരണംചെയ്തിരിക്കും. അതിന്റെ കാരണം, പാപവും മരണവും ഭൂമിയിൽനിന്ന് മാറ്റപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ദൈവതേജസ്സിന്റെ സമ്പൂർണ്ണത വെളിപ്പെടുത്തുവാൻ സാധിക്കാത്തതിനാലാകുന്നു.

മഹത്വസിംഹാസനത്തിനു മുമ്പാകെ ദൂതന്മാർ കൂട്ടിച്ചേർ ക്കുന്ന സകല മനുഷ്യരെയും മഹാരാജാവാം ദൈവമാണ് ഒരു ഇടയൻ ആടുകളെ വേർതിരിച്ചു നിർത്തുന്നതു പോലെ നീതിമാന്മാരാകുന്ന ചെമ്മരിയാടുകളെ അവന്റെ വലത്തുഭാഗ ത്തും ശപിക്കപ്പെട്ടവരാകുന്ന കോലാടുകളെ ഇടത്തുവശത്തു മായിട്ട് നിർത്തുന്നത്. വലത്തുള്ളവരോട് രാജാവ് അരുളി ച്ചെയ്യുന്നത് എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ എന്നാകുന്നു. ആയിരമാണ്ട് വാഴ്ചയിലെ വരുന്നതായ രാജ്യം ലോകസ്ഥാപനം മുതൽ ഒരുക്കപ്പെട്ടതാണെങ്കിൽ വരുവാനുള്ള ലോകത്തിലെ മാനവ രാശിയോടുള്ളബന്ധത്തിലെ നിത്യയുഗത്തിലെ പുതിയ ആകാശവും പുതിയ ഭൂമിയും പുതിയ യെരുശലേമും ലോക സ്ഥാപനത്തിനു മുൻപ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു.

ഒന്നാമത്തെ പുനരുത്ഥാനം പൂർത്തീകരിക്കുന്നതോടെ സ്വർഗീയതേജസ്സ് പ്രാപിക്കാനുള്ള സകല വിശുദ്ധന്മാരുടെയും

പുനരുത്ഥാനങ്ങളാണ് പൂർത്തീകരിക്കപ്പെടുന്നത്. അതോടെയാണ് പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിൽ ഉൾപ്പെടുവാനുള്ള സകല വിശുദ്ധന്മാരുടെയും മുൻ നിർണ്ണയ പ്രകാരമുള്ള എണ്ണം പൂർത്തീകരിക്കപ്പെടുന്നത്. വിശുദ്ധന്മാരുടെ ഗണങ്ങളിൽപ്പെടുന്നവരിൽ ഒന്നാമത്തെ പുനരുത്ഥാനത്തിനു ശേഷം ഒടുക്കത്തെ നാൾ വരെ **നിത്യജീവന്** അവകാശികളാകുന്ന നീതിമാന്മാരുടെ ഒരൊറ്റ നിര മാത്രമാണ് പിന്നീടുള്ളത്. അവരാണ് പുതുവാന ഭൂമിയിൽ ദൂതതുല്യരായി **ഭൗമ തേജസ്സോടെ** നിത്യജീവനിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്.

ഇപ്പോഴത്തെ ആകാശത്തിലും ഭൂമിയിലും സ്ഥാപിതമാക്കപ്പെടുന്ന ദൈവരാജ്യത്തിൽ പ്രജകളായി ആയിരമാണ്ടത്തെ വാഴ്ചയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത് മഹത്വത്തിന്റെ സിംഹാസനത്തിന് വലത്തുവശത്തു നില്ക്കുന്ന നീതിമാന്മാരായ ചെമ്മരിയാടുകളാകുന്നു. അവർ പുനരുത്ഥാനം പ്രാപിക്കാത്തവരും ജനനമരണത്തിന് അധീനരായിട്ടുള്ള ആദാമിക വംശത്തിൽ പെടുന്നവരും ആകുന്നു. മനുഷ്യപുത്രൻ മഹത്വസിംഹാസനത്തിൽ ഇരിക്കുമ്പോൾ നീതിമാന്മാർ ചെയ്ത നീതിപ്രവൃത്തിയായി ദൈവമായ കർത്താവ് കണക്കിടുന്നത് വൃതന്മാരായിട്ടുള്ള ഏറ്റവും ചെറിയ സഹോദരന്മാർക്കും ഏറ്റവും ചെറിയവർക്കും അവരുടെ കഷ്ടതയിൽ നല്ലവരായ നീതിമാന്മാർ ചെയ്ത നന്മപ്രവൃത്തികളാണ്. ഏറ്റവും ചെറിയ സഹോദരന്മാർ എന്ന് കർത്താവ് അഭിസംബോധന ചെയ്തിരിക്കുന്നത് വൃതന്മാരിലെ സുവിശേഷത്തിന്റെ വക്താക്കളെയാകുന്നു. ഏറ്റവും ചെറിയവർ എന്ന് കർത്താവ് സൂചിപ്പിച്ചിരിക്കുന്നത് പഴയനിയമത്തിന്റെ വൃതന്മാരെയാണ്.

കർത്താവിന്റെ വലത്തും ഇടത്തുമായി നില്ക്കുന്നവരോട് അവൻ ചോദിക്കുന്ന ചോദ്യങ്ങൾ കാലിക വിഷയത്തോടുള്ള ബന്ധത്തിലുള്ളതാണ്. അതൊരിക്കലും ലോകാരംഭം മുതൽ ലോകാവസാനം വരെയുള്ള കാലയളവിലെ സംഭവങ്ങളെക്കുറിച്ചല്ല എന്നത് ഇത് ശ്രദ്ധിച്ചുവായിക്കുന്ന ഏതൊരാൾക്കും ഗ്രഹിക്കാവുന്നതേയുള്ളൂ.

> എനിക്ക് വിശന്നു; നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു;

രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു; തടവിലായിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന് നീതിമാന്മാർ അവനോട് : കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നുകണ്ടിട്ട് ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ട് കുടിപ്പാൻ തരികയോ ചെയ്തു? ഞങ്ങൾ എപ്പോൾ നിന്നെ അതിഥിയായി കണ്ടിട്ട് ചേർത്തുകൊള്ളുകയോ നഗ്നനായി കണ്ടിട്ട് ഉടുപ്പിക്കയോ ചെയ്തു? നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ട് ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്ന് ഉത്തരം പറയും. രാജാവ് അവരോട്: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യായിട്ട് നിങ്ങളോടു പറയുന്നു എന്ന് അരുളിച്ചെയ്തു (മത്താ.25:35-40)

ഇവിടെ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങളുടെ വിപരീതങ്ങളായ കാര്യങ്ങളാണ് ഇടത്തുനില്ക്കുന്ന ദുഷ്ടന്മാരോടുള്ള ബന്ധത്തിൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത്.

പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരെ എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ. എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങളെന്നെ ചേർത്തുകൊണ്ടില്ല, നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലുമായിരുന്നു, നിങ്ങളെന്നെ കാണ്മാൻ വന്നില്ല എന്ന് അരുളിച്ചെയ്യും. അതിനവർ: കർത്താവേ, ഞങ്ങൾ നിന്നെ വിശക്കുന്നവനോ ദാഹിക്കുന്നവനോ അതിഥിയോ നഗ്നനോ രോഗിയോ തടവിലോ ആയി എപ്പോൾ കണ്ടു നിനക്ക് ശുശ്രൂഷ ചെയ്യാതിരുന്നു എന്ന് ഉത്തരം പറയും. അവൻ അവരോട്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്ന് ഉത്തരമരുളും. ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലിലേക്കും പോകും (മത്താ. 25:41-46)

പുരാതന ലോകത്ത് ജയിലോ ജയിൽവാസമോ, രോഗികളോ ആശുപത്രികളോ ഒക്കെ ഉണ്ടായിരുന്നു എന്നുള്ളതിന് യാതൊരു തെളിവുകളുമില്ല. അതുപോലെ ഇവിടെ പ്രസ്താവിച്ചിരിക്കുന്ന ഒരു കാര്യങ്ങൾക്കും പുരാതനലോകത്തോടുള്ള ബന്ധത്തിൽ യാതൊരു ബന്ധവുമില്ലാത്തതുകൊണ്ട് അന്ന് മഹത്വസിംഹാ

സനത്തിനു മുമ്പാകെ നില്ക്കുന്നവർ ലോകാരംഭം മുതൽ ഭൂമിയിൽ ജീവിച്ചിരുന്നവർ അല്ല എന്നതാണ് വ്യക്തമാക്കപ്പെടുന്നത്. കർത്താവ് വെളിപ്പെടുന്നനാളിൽ ജീവനോടിരിക്കുന്ന വരെ മാത്രമാണ് അന്ന് മഹത്വസിംഹാസനത്തിനുമുമ്പാകെ ദൂതന്മാർ കൂട്ടിച്ചേർക്കുന്നതെന്ന് ഇവിടെ ആവർത്തിച്ച് തെളിയിക്കുന്നത് ഇത് സംബന്ധമായ തെറ്റായ ചിന്താഗതികൾ ആത്മീയഗോളത്തിൽ നിലനില്ക്കുന്നതുകൊണ്ടാണ്.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ അഥവാ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ അന്ന് ഭൂമിയിൽ മരിച്ചുപോയവരുടെ കല്ലറകൾ തുറക്കപ്പെടുകയോ ജീവനോടിരിക്കുന്നവർ ആരെങ്കിലും രൂപാന്തരപ്പെടുകയോ ചെയ്യുന്നില്ല. അതുപോലെ അന്ന് പുസ്തകങ്ങളൊന്നും ദൈവസന്നിധിയിൽ തുറക്കപ്പെടുന്നില്ല എന്നത് തിരുവചനത്തിന്റെ മാറ്റമില്ലാത്ത സത്യമാകുന്നു. ഇതിനു വിരുദ്ധമായിട്ടുള്ള പഠിപ്പിക്കലുകൾ ദൈവവചനവിരുദ്ധവും അംഗീകാരയോഗ്യമല്ലാത്തുമാകുന്നു.

മഹത്വസിംഹാസനത്തിനു മുമ്പിൽ നടക്കുന്ന ന്യായവിധി ദുഷ്ടന്മാരുടെ അന്ത്യന്യായവിധിയാകുന്നു. അവർ ന്യായം വിധിക്കപ്പെട്ട് അപ്പോൾത്തന്നെ പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യനരകാഗ്നിയിലേക്ക് **ജീവനോടെ** തള്ളപ്പെടുന്നു. അവർ നിത്യദണ്ഡനത്തിൽ അകപ്പെട്ട് മേലാൽ അവിടെനിന്ന് വിടുവിക്കപ്പെടാത്തതു കൊണ്ടാണ് അവർക്ക് ലഭിക്കുന്ന വിധി അന്തിമമായിട്ടുള്ളതും മാറ്റമില്ലാത്തതുമാകുന്നത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനുള്ളവരുടെ അന്ത്യന്യായവിധിയിൽ മൂന്നാമത്തെ ഘട്ടത്തിൽ അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നവരെക്കുറിച്ചാണ് മഹത്വസിംഹാസനത്തിനു മുമ്പാകെ നടക്കുന്ന അന്ത്യന്യായ വിധിയോടുള്ള ബന്ധത്തിൽ ഇതുവരെ നാം ചിന്തിച്ചത്.

കർത്താവിന്റെ രണ്ടാമത്തെ വരവിനോടുള്ള ബന്ധത്തിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നത് ഇതുവരെ നാം ചിന്തിച്ച കാര്യങ്ങളുടെ രത്നച്ചുരുക്കമാണ്.

> കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗത്തിൽനിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം

അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഢിപ്പിക്കുന്നവർക്ക് പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നല്കുന്നത് ദൈവ സന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു പോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയ മാകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശമെന്ന ശിക്ഷാവിധി അനുഭവിക്കും (2തെസ്സ. 1:6-10), (മത്താ. 16:27, മത്താ. 25:31-32, യെശ.66:15).

കർത്താവ് മഹത്വത്തിൽ പ്രത്യക്ഷപ്പെടുന്ന നാളിൽ അന്ന് ജീവനോടിരിക്കുന്നവരിൽ നിത്യനാശമാകുന്ന അഗ്നി നരകത്തിലേക്ക് ജീവനോടെ തള്ളപ്പെടുന്നവർ മൂന്നു കൂട്ടരാണ്. അവർ ദൈവത്തെ അറിയാത്തവരും സുവിശേഷത്തെ അനുസരിക്കാത്തവരുമാണ്.

- അഗ്നിനരകത്തിന്റെ ആദ്യ ഇരകളായിത്തീരുന്ന **എതിർ ക്രിസ്തുവും കള്ളപ്രവാചകനും**
- സ്നേഹിതപദവിയിൽ കല്ല്യാണ വിരുന്നു ശാലയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നവരിലെ **ദുഷ്ടന്മാരായവർ**
- മഹത്വസിംഹാസനത്തിന്റെ ഇടത്തുവശത്തു നിന്ന് തള്ളപ്പെടുന്ന **ശപിക്കപ്പെട്ടവർ**

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്നവരുടെ അന്ത്യന്യായവിധിയിൽ ഇവർ ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളപ്പെടുമ്പോൾ കർത്താവിനോടു കൂടെ വരുന്ന വിശുദ്ധന്മാരോടൊപ്പം ആശ്വാസം പ്രാപിക്കുന്നത് താഴെപ്പറഞ്ഞിരിക്കുന്ന മൂന്ന് വിഭാഗങ്ങളിൽ പ്പെടുന്നവരാകുന്നു.

- മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ ദൂതന്മാർ കൂട്ടിച്ചേർക്കുന്ന **വൃതന്മാർ**
- സ്നേഹിതപദവിയിൽ കല്ല്യാണവിരുന്നു ശാലയിലേക്ക് ഭാഗ്യവശാൽ പ്രവേശനം ലഭിക്കുന്നവരിലെ **നല്ലവരായവർ**
- മഹത്വസിംഹാസനത്തിന്റെ വലത്തുവശത്തു നില്ക്കുന്ന ചെ മ്മരിയാടുകൾ പ്രതിനിധാനം ചെയ്യുന്ന **നീതിമാന്മാരായവർ**

മനുഷ്യപുത്രൻ വെളിപ്പെടുന്നനാളിൽ ജീവനോടിരിക്കുന്ന സകല ദുഷ്ടമനുഷ്യരെയും നിത്യനരകാഗ്നിയുടെ ദണ്ഡന ത്തിലേക്ക് പതിർപോലെ തള്ളിക്കളയുമ്പോൾ അവിടെ കരച്ചിലും പല്ലുകടിയുമാണ് ഉണ്ടാകുന്നത്. എന്നാൽ മനുഷ്യ പുത്രനോടു കൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കപ്പെടുവാൻ ഭാഗ്യം ലഭിക്കുന്നവർക്ക് പ്രതിഫലവും ആശ്വാസവും ആണ് ലഭിക്കു ന്നത്. അവരാണ് ആയിരമാണ്ട് വാഴ്ചയിൽ കർത്താവിനോടൊപ്പം ജീവിക്കുന്നത്. ഒരു രാജാവ് നീതിയോടെ വാഴും എന്ന പ്രവചന നിവർത്തീകരണം അക്ഷരീകമായി പൂർത്തീകരിക്കപ്പെടുന്ന തോടെ സഹസ്രാബ്ദവാഴ്ചയുടെ ആരംഭമാണ് കുറിക്ക പ്പെടുന്നത്.

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന അഞ്ചാമത്തെ ദിവസമാകുന്ന കൂടാരപ്പെരുന്നാൾ എന്ന സഹസ്രാബ്ദവാഴ്ച കഴിഞ്ഞിട്ടാണ് ഒടുക്കത്തെ നാളാകുന്ന ആറാമത്തെ ദിവസം പ്രത്യക്ഷപ്പെടുന്നത്. അന്നു നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിലാണ് സാത്താൻ അഗ്നിനരകത്തിലേക്ക് തള്ള പ്പെടുന്നത്.അതേത്തുടർന്ന് നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാന ത്തോട് അനുബന്ധമായിട്ടാണ് മരിച്ചവരുടെ അന്ത്യന്യായവിധി വെള്ള സിംഹാസനത്തിനു മുമ്പാകെ നിറവേറപ്പെടുന്നത്. അതേക്കുറിച്ചാണ് ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്ത് തുടർന്നു നാം ചിന്തിക്കുന്നത്. അതിന്റെ പഠനത്തിനായി പ്രാർത്ഥനാപൂർവ്വം താളുകളെ മറിക്കാം സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

ഭാഗം രണ്ട്

# മരിച്ചവരുടെ അന്ത്യന്യായവിധി

**ഉള്ളടക്കം**

> ചൂളപ്പോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവർത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാ. 4:1)

പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖിയുടെ പുസ്തകത്തിൽ യഹോവ അരുളിച്ചെയ്തിരിക്കുന്നത് ദുഷ്ടതയുടെ വേരാകുന്ന സാത്താനെയും അവന്റെ കൊമ്പുകളാകുന്ന സകല ദുഷ്ട പ്രവർത്തിക്കാരെയും ഗന്ധകം കത്തുന്ന അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നതിനെക്കുറിച്ചാകുന്നു. ചൂളപോലെ കത്തുന്ന വരുവാനുള്ള ആ ദിവസമാണ് കള്ളനെപ്പോലെ പ്രത്യക്ഷപ്പെടുന്ന **ഒടുക്കത്തെ നാൾ**. ആയിരം വർഷത്തെ ദൈവീകഭരണം പഴയനിയമത്തിൽ നിഴലായിരുന്ന കൂടാരപ്പെരുന്നാളിന്റെ പൊരുൾ ആകുന്നു. അതിനുശേഷമാണ് ഏഴു ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ആറാമത്തെ ദിവസമാകുന്ന ഒടുക്കത്തെ നാൾ പ്രത്യക്ഷപ്പെടുന്നത്.

അന്നു നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിന്റെ അന്ത്യത്തിലാണ് ഒടുക്കത്തെ ശത്രുവാകുന്ന മരണത്തെ എന്നെന്നേക്കുമായി അഗ്നി നരകമാകുന്ന രണ്ടാം മരണത്തിലേക്ക് തള്ളിക്കളയുന്നത്. അതെത്തുടർന്ന് നടക്കുന്നത് ഒടുക്കത്തെ നാളിലെ പുനരുത്ഥാനമാണ്. അന്നാണ് തിന്മ ചെയ്തവർ ന്യായവിധിക്കായി പുനരുത്ഥാനം പ്രാപിക്കുന്നത്. അവരെ മരണമാകുന്ന നരകവും പാതാളവുമാണ് വെള്ളസിംഹാസനത്തിനു മുമ്പാകെ തേജസ്സില്ലാത്ത നഗ്നശരീരങ്ങളോടെ ഏല്പിച്ചുകൊടുക്കുന്നത്. ദുഷ്ടദൂതന്മാർ, കഠിനപാപികൾ എന്നിവരെ നരകം ഏല്പിച്ചു

കൊടുക്കുമ്പോൾ പാതാളം ഏല്പിച്ചുകൊടുക്കുന്നത് ഭൂതാത്മാക്കൾ, പാപികൾ എന്നിവരെയാകുന്നു. അവർ വിധിക്കപ്പെട്ട് അഗ്നിനരകത്തിൽ തള്ളപ്പെടുന്നതോടെ സൃഷ്ടിതാവാം ദൈവത്തിൽ നിന്നു അകന്നു പോകുന്ന സകല സൃഷ്ടികളുടെയും അന്ത്യന്യായവിധയാണ് പൂർത്തീകരിക്ക പ്പെടുന്നത്.

ഒടുക്കത്തെനാളിൽ നടക്കുന്ന അന്ത്യന്യായവിധിക്ക് മൂന്നു ഘട്ടങ്ങളാണുള്ളത്. അവ ഓരോന്നിന്റെയും ലഘുവിവരണമാണ് ഉള്ളടക്കത്തിൽ കൊടുത്തിരിക്കുന്നത്. വിശദമായ പഠനം പ്രസ്തുത അദ്ധ്യായങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**1. സാത്താൻ അഗ്നിനരകത്തിൽ:** ഒടുക്കത്തെനാളിൽ നടക്കുന്ന അന്ത്യന്യായവിധിയിലെ ഒന്നാമത്തെ ഘട്ടം പൈശാചിക ത്രിമൂർത്തികളിൽ ഒന്നാമനായ പിശാചിനെ അവരിൽ രണ്ടാമനായ മൃഗവും മൂന്നാമനായ കള്ളപ്രവാചകനും കിടക്കുന്ന അഗ്നിപ്പൊയ്കയിലേക്ക് ദൈവത്തിന്റെ ആജ്ഞയാൽ നിത്യദണ്ഡനത്തിനായി തള്ളിക്കളയുന്നതാണ്. ഒന്നാമത്തെ ആകാശമാകുന്ന ദൈവത്തിന്റെ തോട്ടമായ ഏദ്ദെനിൽ നിന്നു സാത്താൻ തെറ്റിപ്പോയ നിമിഷം മുതൽ ഒടുക്കത്തെ നാളിൽ നിത്യനരാകാഗ്നിയിലേക്ക് അവൻ തള്ളപ്പെടുന്നതുവരെയുള്ള സാത്താനീക പതനത്തിന്റെ വിവിധഘട്ടങ്ങളെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ് ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം.

**2. പാതാളത്തിലുള്ളവരുടെ അന്ത്യന്യായവിധി:** ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിലാണ് അധമപാതാളം തന്നിലുള്ള മരിച്ചവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നത്. ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ പാതാളത്തിലേക്ക് തള്ളപ്പെടുന്ന സകല പാപികളുടെയും പുനരുത്ഥാനത്തിൽ അവർ തേജസ്സില്ലാത്ത നഗ്നശരീരങ്ങളോടെയാണ് വെള്ള സിംഹാസനത്തിനുമുമ്പാകെ പ്രത്യക്ഷപ്പെടുന്നത്. ജീവപുസ്കത്തിൽ പേരില്ലാത്ത അവരെ സിംഹാസനത്തിലിരിക്കുന്നവൻ ന്യായംവിധിച്ച് പൈശാചിക ത്രിമൂർത്തികൾ നിത്യദണ്ഡനം അനുഭവിക്കുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു. അവരെക്കൂടാതെ അന്നു പാതാളം ഏല്പ്പിച്ചുകൊടുക്കുന്നവരിൽ ഭൂതാത്മാക്കളും ഉൾപ്പെടുന്നു. ഭൂമിയിൽ ഉഴന്നലയുന്ന ഭൂതാത്മാക്കൾ ദൈവത്തിന്റെ ആജ്ഞയാൽ പാതാളത്തിലേക്ക് തള്ളപ്പെടുന്നത് ഒടുക്കത്തെ നാളിലാകുന്നു. അന്നു

തന്നെ അവരും പുനരുത്ഥാനം പ്രാപിച്ച് തേജസ്സില്ലാത്ത നഗ്ന ശരീരങ്ങളോടെ വെള്ള സിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷ പ്പെടുകയും അന്ത്യന്യായവിധിയലകപ്പെട്ട് പാപികളോടൊപ്പം നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നു. അതെക്കു റിച്ചുള്ള വിശദമായ പഠനമാണ് ഈ അദ്ധ്യായത്തിലെ പ്രതി പാദ്യവിഷയം.

**3. നരകത്തിലുള്ളവരുടെ അന്ത്യന്യായവിധി:** ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിലാണ് മരണമാകുന്ന നരകവും തന്നിലുള്ള മരിച്ചവരെ വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നത്. ലോകാരംഭം മുതൽ ഒടുക്കത്തെനാൾവരെ നരകത്തിലേക്ക് തള്ളപ്പെടുന്ന സകല കഠിനപാപികളുടെയും പുനരുത്ഥാനത്തിൽ അവർ തേജ സ്സില്ലാത്ത നഗ്നശരീരങ്ങളോടെയാണ് വെള്ളസിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുന്നത്. ജീവപുസ്തകത്തിൽ പേരില്ലാത്ത അവരെയും സിംഹാസനത്തിലിരിക്കുന്നവൻ ന്യായംവിധിച്ച് പൈശാചിക ത്രിമൂർത്തികൾ ദണ്ഡനത്തിൽ കിടക്കുന്ന ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളയുന്നു.

അവരെക്കൂടാതെ അന്നു നരകം വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പ്പിച്ചുകൊടുക്കുന്നവരിൽ സകല ദുഷ്ടദൂതന്മാരും ഉൾപ്പെടുന്നു. അവർക്ക് പുനരുത്ഥാനമോ രൂപാന്തരമോ സംഭ വിക്കുന്നില്ല. അതിന്റെ കാരണം ദൂതന്മാർ പാപം ചെയ്യുമ്പോൾ ത്തന്നെ അവരുടെ തേജസ്സ് നഷ്ടപ്പെടുകയും ശരീരം നഷ്ടപ്പെ ടാതിരിക്കുന്നതുകൊണ്ടുമാകുന്നു. പുരാതന ലോകത്തിൽ പാപം ചെയ്ത ദൂതന്മാരെ അവർക്കുണ്ടായിരുന്ന ശരീരങ്ങളോടെയാണ് നരകത്തിൽ അന്ധതമസ്സിന്റെ ചങ്ങലയ്ക്കിട്ടിരിക്കുന്നത്. മഹാദിവസത്തിൽ നടക്കുന്ന അന്ത്യന്യായവിധിയിലാണ് അവരും ന്യായം വിധിക്കപ്പെട്ട് അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നത്. നരകം ഏല്പിച്ചു കൊടുക്കുന്ന കഠിനപാപികളുടെയും ദുഷ്ട ദൂതന്മാരുടെയും അന്ത്യന്യായവിധിയെക്കുറിച്ചാണ് ഈ പുസ്ത കത്തിലെ അവസാന അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

ഈ ഗ്രന്ഥത്തിന്റെ രണ്ടാമത്തെ ഭാഗമായ മരിച്ചവരുടെ അന്ത്യന്യായവിധി എന്ന ഭാഗത്തിന്റെ വിശദമായ പഠനത്തിനായി പ്രാർത്ഥനാപൂർവ്വം താളുകളെ മറിക്കാം. സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

അദ്ധ്യായം നാല്

# സാത്താൻ അഗ്നിനരകത്തിൽ

ആയിരം ആണ്ടു കഴിയുമ്പോഴോ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദിക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടല്പുറത്തെ മണൽ പോലെയുള്ള ഗോഗ്, മാഗോഗ് എന്നവരെ യുദ്ധത്തിനായി കൂട്ടിച്ചേർക്കേണ്ടതിന് വശീകരിപ്പാൻ പുറപ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്ന് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും (വെളി. 20:7 – 10)

ഏഴു ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന നാലാമത്തെ ദിവസമാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ പൈശാചിക ത്രിമൂർത്തികളിൽ രണ്ടാമനായ മൃഗത്തെയും മൂന്നാമനായ കള്ളപ്രവാചകനെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലെ ആദ്യ ഇരകളായി ജീവ നോടെ തള്ളിക്കളയുന്നതിനെക്കുറിച്ചും അവരിൽ ഒന്നാമനായ സാത്താനെ ആയിരം വർഷത്തേക്ക് അഗാധത്തിൽ ചങ്ങല ക്കിടുന്നതിനെക്കുറിച്ചും നാം ചിന്തിക്കുകയുണ്ടായി. അതു പോലെ അന്നു ഭൂമിയിൽ ജീവനോടിരിക്കുന്ന പതിരാകുന്ന സകലദുഷ്ടന്മാരെയും നിത്യനരകാഗ്നിയിലേക്ക് തള്ളിക്കളയു കയും കോതമ്പാകുന്ന നീതിമാന്മാർ ദൈവരാജ്യത്തിലെ പ്രജ കളായി ആയിരം ആണ്ട് വാഴ്ചയിലേക്ക് പ്രവേശിക്കപ്പെടുന്ന തിനെക്കുറിച്ചുമാണ് ഈ ഗ്രന്ഥത്തിലെ ഒന്നാംഭാഗത്ത് നാം ചിന്തിച്ചത്.

അതെത്തുടർന്ന് സഹസ്രാബ്ദവാഴ്ചയിൽ ക്രിസ്തുയേശു മഹാരാജാവായി ഈ ഭൂമിയിൽ നീതിയോടെവാഴുമ്പോൾ അവനോട് കൂടെ വരുന്നവരും അവനോടൊപ്പം നീതിയിൽ

വാഴുന്നു. ആയിരം വർഷത്തെ ദൈവീക ഭരണത്തിനുശേഷം ദൈവീക മുൻ നിർണ്ണയപ്രകാരം സംഭവിക്കുന്നത് സാത്താനെ അഗാധത്തിലെ തടവറയിൽനിന്നു അല്പകാലത്തേക്ക് അഴിച്ചുവിടുന്നതാകുന്നു (വെളി. 20:3)

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന അഞ്ചാമത്തെ ദിവസമാകുന്ന കൂടാരപ്പെരുന്നാളിലാണ് ആയിരം വർഷത്തെ ദൈവീകഭരണം ഇവിടെ പൂർത്തീകരിക്കപ്പെടുന്നത്. കർത്താവും അവനോടു കൂടെ സ്വർഗാധിസ്വർഗത്തിൽ നിന്നിറങ്ങിവരുന്ന വിശുദ്ധന്മാരും ഭൂമിയിലായിരിക്കുന്ന സന്ദർഭത്തിലാണ് സാത്താനെ തടവറയിൽനിന്ന് അല്പകാലത്തേക്ക് അഴിച്ചുവിടുന്നത്. സാത്താനെ അഗാധത്തിൽ വലിയ ചങ്ങലകൊണ്ട് ബന്ധിച്ച് മീതെ മുദ്രവച്ച ദൂതൻതന്നെ ആയിരിക്കും പിതാവാം ദൈവത്തിന്റെ കല്പനയാൽ അവനെ അവിടെനിന്ന് അഴിച്ചുവിടുന്നത്.

ആയിരം വർഷത്തെ തടവറവാസം കഴിഞ്ഞ് വെളിയിൽ വരുന്ന വഞ്ചകനായ സാത്താൻ അവന്റെ പഴയ പ്രവർത്തിയിൽ വ്യാപൃതനാകുന്നു. അല്പസമയംകൊണ്ട് അവൻ ഭൂമിയിൽ സഞ്ചരിച്ച് ഭൂമിയുടെ നാലു ദിക്കുകളിലുമുള്ള കടല്പ്പുറത്തെ മണൽ പോലെയുള്ള ജാതികളായ ഗോഗ്, മാഗോഗിനെ വശീകരിച്ച് അവന്റെ അനുയായികൾ ആക്കുന്നു. അതിന് അവനോടൊപ്പം പ്രവർത്തിക്കുന്നത് ഭൂതാത്മാക്കളും ദുഷ്ട ദൂതന്മാരുമാണ്. ആയിരം വർഷത്തെ ദൈവീക ഭരണത്തിൽ സാത്താന്റെ അഭാവത്തിൽ പാപം മനുഷ്യരിൽ തലയുയർത്തുവാൻ കാരണക്കാരായിത്തീരുന്നത് ഭൂതാത്മാക്കളുടെയും ദുഷ്ടദൂതന്മാരുടെയും പ്രവർത്തനം നിമിത്തമാകുന്നു. സാത്താന്റെ രംഗപ്രവേശത്തോടെ അവർ വർധിത വീര്യത്തോടെ അവനോടൊപ്പം പ്രവർത്തിക്കുകയും ചുരുങ്ങിയ സമയംകൊണ്ട് ഗോഗ്-മാഗോഗ് യുദ്ധത്തിനുള്ള കളമൊരുക്കുകയുമാണ് ചെയ്യുന്നത്.

ഗോഗ്-മാഗോഗ് യുദ്ധത്തിനുള്ള കളമൊരുങ്ങുന്ന ദിവസങ്ങളിൽ ഒന്നിലാണ് ദൈവത്തിന്റെ മുൻനിർണ്ണയ പ്രകാരമുള്ള ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു ദിവസങ്ങളിലെ ആറാമത്തെ ദിവസമാകുന്ന ഒടുക്കത്തെനാൾ കള്ളനെപ്പോലെ ആഗതമാകുന്നത്.

കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു (2 പത്രൊ. 3:10 – 13)

മലാഖിയുടെ പ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ചൂളപ്പോലെ കത്തുന്ന ദിവസമാണ് ഒടുക്കത്തെ നാൾ. കർത്താവിന്റെ ദിവസം, കർത്താവിന്റെ നാൾ, ആ ദിവസം, വരുവാനുള്ള ആ ദിവസം എന്നിങ്ങനെ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് എല്ലാം ഒരു ദിവസത്തെക്കുറിച്ചല്ല. അതുകൊണ്ട് ദിവസങ്ങളെ ക്കുറിച്ചുള്ള പഠനത്തിൽ സന്ദർഭോ ചിതമായി ചിന്തിക്കുന്നില്ലാ യെങ്കിൽ അത് നിമിത്തം നിരവധി തെറ്റായ ചിന്താഗതികൾ ഉടലെടുക്കുവാൻ കാരണമായിത്തീരും. അതുകൊണ്ട് തിരുവച നത്തിൽ ഏത് കാര്യത്തോട് ബന്ധപ്പെടുത്തിയാണ് കർത്താ വിന്റെ നാൾ അഥവാ ദിവസം എന്നു പ്രസ്താവിച്ചിരിക്കുന്നത് എന്ന് ശ്രദ്ധാപൂർവ്വം തിരിച്ചറിയേണ്ടതാകുന്നു. ഇതിന്റെ പൂർണ്ണമായ വിശകലനത്തിലേക്ക് പ്രവേശിക്കാതെ കർത്താ വിന്റെ ദിവസമോ കള്ളനെപ്പോലെ വരും എന്നു പത്രൊസ് അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നതും കള്ളൻ രാത്രിയൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് അപ്പൊസ്ത ലനായ പൌലൊസ് തെസ്സലൊനീക്യർക്കെഴുതിയ ലേഖന ത്തിൽ പരാമർശിച്ചിരിക്കുന്നതും തമ്മിലുള്ള അന്തരം മാത്രമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്.

കള്ളൻ രാത്രിയിൽ വരും പോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ. അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുംപോലെ അവർക്ക് പെട്ടെന്ന് നാശം വന്നു ഭവിക്കും; അവർക്കു തെറ്റിയൊഴിയാ വതുമല്ല. എന്നാൽ സഹോദരന്മാരെ ആ നാൾ കള്ളൻ എന്ന പോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല; (1തെസ്സ 5:2 – 4)

അപ്പൊസ്തലന്മാരായ പത്രൊസും പൌലൊസും എഴുതിയ ലേഖനങ്ങളിൽ കർത്താവിന്റെ നാളിനോടുള്ള ബന്ധത്തിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചന ഭാഗങ്ങൾ ശ്രദ്ധിച്ചാൽ അതിലെ ഉള്ളടക്കം വ്യത്യസ്ഥമാണെങ്കിലും പ്രസ്താവിച്ചിരിക്കുന്നത് ഒരേദിവസത്തെക്കുറിച്ചാണ് എന്ന് ഒറ്റ നോട്ടത്തിൽ തോന്നിപ്പോകും. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും എന്നാണ് പത്രൊസ് പ്രസ്താവിച്ചിരിക്കുന്നതെങ്കിൽ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നത് കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്നാകുന്നു. ഇവ തമ്മിലുള്ള ഏക വ്യത്യാസം **രാത്രിയിൽ** എന്ന ഒരു വാക്ക് അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നതിനോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് കൂട്ടിച്ചേർത്തിരിക്കുന്നു എന്നതാണ്.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതക്ക് മാത്രമാണ് രാത്രിയോടുള്ള ബന്ധത്തിൽ പ്രാധാന്യമുള്ളത്. അതിന്റെ കാരണം കർത്താവിന്റെ പരസ്യവരവ് യിസ്രായേൽ എന്ന രാഷ്ട്രത്തോടുള്ള ബന്ധത്തിൽ സംഭവിക്കുന്നതു കൊണ്ടാകുന്നു. സുവിശേഷത്തിൽ കർത്താവിന്റെ പരസ്യ വരവിനോടുള്ള ബന്ധത്തിൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്ന രണ്ടു പരാമർശങ്ങളാണ് അതിനുള്ള തെളിവായി ചുവടെ കൊടുത്തിരിക്കുന്നത്. അതിൽ ഒന്നാമത്തെ തെളിവ് പത്തു കന്യകന്മാരോടുള്ള ബന്ധത്തിൽ കർത്താവ് പറഞ്ഞിരിക്കുന്ന ഉപമയാകുന്നു.

> പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കം പിടിച്ച് ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി (മത്താ. 25:5-6).

യിസ്രായേലിലെ ഒലിവുമലയിൽ കർത്താവ് പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണ് സമയം ഇവിടെ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നത്. കല്ല്യാണസദ്യക്ക് വിളിക്കപ്പെടുന്നവരോടുള്ള ബന്ധത്തിലെ ഉപമയാണ് പത്തു കന്യകമാരുടെ ഉപമ. അതുപോലെ കർത്താവിന്റെ രണ്ടാമത്തെ വരവിനെ വീടുവിട്ടു പരദേശത്തു പോകുന്ന യജമാനൻ വീട്ടിലേക്ക് മടങ്ങിവരുന്നതിനോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്

രാത്രിയിലെ യാമത്തോടുള്ള ബന്ധത്തിലാണ്. യജമാനൻ സന്ധ്യക്കോ, അർദ്ധരാത്രിക്കോ കോഴികൂകുന്ന നേരമോ രാവിലെയോ എപ്പോൾ വരും എന്നു അറിയായകകൊണ്ട്... (മർക്കൊ. 13:35)

കള്ളൻ രാത്രിയിൽ വരുംപോലെ കർത്താവിന്റെ നാൾ വരുന്നു എന്നു പൌലൊസ് അപ്പൊസ്തലൻ പ്രസ്താവിച്ചിരിക്കുന്നത് കർത്താവിന്റെ പരസ്യവരവാകുന്ന മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിനെക്കുറിച്ചാകുന്നു. എന്നാൽ പത്രൊസ് അപ്പൊസ്തലൻ കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും എന്നു രേഖപ്പെടുത്തിയിരിക്കുന്നത് ചൂളപ്പോലെ കത്തുന്ന ഒടുക്കത്തെ നാളിനെക്കുറിച്ചാകുന്നു. അതാണ് വസ്തുതാപരമായി തിരുവചനതെളിവുകളാൽ ഇവിടെ സ്ഥിരീകരിക്കപ്പെടുന്നത്. ഏകദേശം ഒരുപോലെ പ്രസ്താവിച്ചിരിക്കുന്ന രണ്ട് തിരുവചന ഭാഗങ്ങൾ വ്യത്യസ്ഥങ്ങളായ രണ്ടു ദിവസങ്ങളെക്കുറിച്ചാകുന്നു. അവ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളും ഒടുക്കത്തെനാളും ആകുന്നു.

മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹാരാജാവാം ക്രിസ്തുയേശു ആയിരമാണ്ട് വാഴ്ചയ്ക്ക് ആരംഭം കുറിക്കുന്നു. അതിന്റെ അവസാനത്തിൽ സാത്താനെ തടവറയിൽനിന്ന് അഴിച്ചുവിടുന്നു. സ്വതന്ത്രനാക്കപ്പെടുന്ന സാത്താൻ ഗോഗ്-മാഗോഗ് ജാതികളെ വശീകരിക്കുന്ന ദിവസങ്ങളിൽ ഒന്നിലാണ് നിനെയാത്ത നാഴികയിൽ ചൂളപ്പോലെ കത്തുന്ന ഒടുക്കത്തെ നാൾ കള്ളനെപ്പോലെ പ്രത്യക്ഷപ്പെടുന്നത്. ഒടുക്കത്തെ നാളിൽ സംഭവിക്കുന്നത് സുപ്രധാനങ്ങളായ ഏഴ് സംഭവങ്ങളാകുന്നു. അവ ഓരോന്നുമാണ് താഴെ കൊടുത്തിരിക്കുന്നത്. അതിൽ സാത്താന്റെ അന്ത്യന്യായവിധിയോടുള്ള ബന്ധത്തിൽ പ്രാധാന്യതയുള്ള ആദ്യത്തെ മൂന്ന് സംഭവങ്ങളുടെ ലഘുവിവരണമാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

1 ഗോഗ്-മാഗോഗ് യുദ്ധം

2 വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയും വളയുന്ന ജാതികളെ ആകാശത്തുനിന്നു തീ ഇറങ്ങി ദഹിപ്പിച്ചുകളയുന്നത്.

3 സാത്താൻ അഗ്നിനരകത്തിൽ

4 ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനവും വെള്ള സിംഹാസനത്തിന് മുമ്പാകെ നടക്കുന്ന അന്ത്യ ന്യായവിധിയും

5 ഒന്നാമത്തെ ഭൂമിയും ആകാശവും ഒഴിഞ്ഞു പോവുകയും പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുകയും അവിടേക്ക് ഒന്നാമത്തെ ആകാശവാസികളായ ദൂതന്മാരും സമുദ്രം ഏല്പിച്ചുകൊടുക്കുന്ന നീതിമാന്മാർ ദൂതതുല്യരായി പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നത്.

6 ഒന്നാമത്തെ ആകാശവും സമുദ്രവും ഇല്ലാതാകുന്നു. പുതുവാനഭൂമിയിൽ സ്ഥാപിതമാക്കപ്പെടുന്ന സമ്പൂർണ്ണമായ ദൈവരാജ്യം പിതാവാം ദൈവത്തെ ഭരമേല്പിക്കുകയും ചെയ്യുന്നത്.

7 ഉണ്ടാക്കുവാനുള്ള ദിവസത്തിന്റെ പ്രത്യക്ഷതയും മാനവ രാശിയോടുള്ള ബന്ധത്തിലെ നിത്യയുഗാരംഭവും.

**ഗോഗ്-മാഗോഗ് യുദ്ധം:** തടവറയിൽ നിന്നു സാത്താനെ അഴിച്ചുവിട്ടതിനുശേഷം അവൻ ലോകജാതികളെ വശീകരിച്ച് അവനോടുകൂടെ ചേർക്കുന്ന ഏതു ദിവസത്തിലുമാകാം കർത്താവിന്റെ ദിവസമാകുന്ന ഒടുക്കത്തെ നാളിന്റെ പ്രത്യക്ഷത. അതുകൊണ്ടാണ് പത്രൊസ് അപ്പൊസ്തലൻ കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും എന്നു പ്രസ്താവിച്ചിരിക്കുന്നത്. ദൈവവുമായിട്ടുള്ള അന്തിമ യുദ്ധത്തിനു വേണ്ടിയാണ് സാത്താൻ മനുഷ്യരെ വഞ്ചിച്ച് അവനോടുകൂടെ ചേർക്കുന്നത്. അതിൽ അവനോട് അന്ന് ചേരുന്നവരിൽ പ്രധാനമായിട്ടുള്ളത് യാഫെത്തിന്റെ തലമുറയിൽപ്പെട്ട ഗോഗും മാഗോഗും വംശത്തിൽപ്പെട്ടവരാണ്.

ജലപ്രളയത്തിനു ശേഷം നോഹ ലഹരിപിടിച്ച് നഗ്നനായി കിടക്കുന്നതു കണ്ട് കനാന്റെ പിതാവായ ഹാം തന്റെ സഹോദരന്മാരോട് അറിയിച്ചപ്പോൾ ശേമും യാഫെത്തും വിമുഖരായി ചെന്ന് പിതാവിന്റെ നഗ്നത മറച്ചു. അവരുടെ മുഖം തിരിഞ്ഞിരുന്നതുകൊണ്ട് പിതാവിന്റെ നഗ്നത കണ്ടില്ല. ലഹരി വിട്ട് ഉണർന്ന നോഹ തന്റെ ഇളയ മകൻ ചെയ്തത് അറിഞ്ഞപ്പോൾ അവൻ പറഞ്ഞത് ഇപ്രകാരമായിരുന്നു. അതാണ് പില്ക്കാലത്ത് അവരുടെ ജീവിതത്തിൽ സംഭവിപ്പാൻ ഇടയായിത്തീർന്നത്.

> അപ്പോൾ അവൻ കനാൻ ശപിക്കപ്പെട്ടവൻ; അവൻ തന്റെ സഹോദരന്മാർക്ക് അധമദാസനായിത്തീരും എന്നു പറഞ്ഞു. ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ; കനാൻ അവരുടെ ദാസനാകും. ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ; അവൻ ശേമിന്റെ കൂടാരങ്ങളിൽ വസിക്കും; കനാൻ അവരുടെ ദാസനാകും എന്നു പറഞ്ഞു (ഉല്പ. 9:25-27)

ദൈവപുരുഷനായ നോഹ അന്നു പ്രസ്താവിച്ചതുപോലെയാണ് വംശങ്ങൾ ജലപ്രളയത്തിനു ശേഷം നാനാദിക്കുകളിലേക്ക് പിരിഞ്ഞുപോയപ്പോൾ സംഭവിച്ചത്. ശേമിന്റെ വംശത്തിൽനിന്നുമാണ് വിശ്വാസികളുടെ പിതാവായ അബ്രഹാമും അവന്റെ തലമുറയിൽനിന്ന് മാനവരാശിയുടെ അനുഗ്രഹമായ യേശുക്രിസ്തുവും ഭൂമിയിൽ ജനിച്ചത്. യാഫെത്തിന്റെ കൂടാരങ്ങൾ വർദ്ധിച്ചു പെരുകിയപ്പോൾ കനാന്റെ സന്തതികൾ അടിമത്തത്തിലേക്ക് തള്ളപ്പെട്ടു.

മാഗോഗ് ദേശത്തിലെ രോശ്, മേശെക്ക്, തൂബൽ എന്നിവരുടെ പ്രഭുവാണ് ഗോഗ് (യെഹെ. 38:12, 39:1). യെഹെസ്കേൽ പ്രവചനത്തിൽ 38, 39 അദ്ധ്യായങ്ങളിൽ പ്രവചിച്ചിരിക്കുന്ന യുദ്ധം മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധമാണ്. അന്നു നടക്കുന്ന യുദ്ധത്തിൽ എതിർക്രിസ്തുവിനോടുകൂടെ മുൻപന്തിയിൽ നിന്ന് കുഞ്ഞാടിനോട് പോരാടുന്നത് ഗോഗ് വംശത്തിൽപ്പെട്ടവരാകുന്നു. എന്നാൽ ഗോഗിന്റെ വംശത്തിന് മുഴുനാശം അന്നു നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ സംഭവിക്കുന്നില്ല. അതിന്റെ കാരണം ദൈവത്തിന്റെ തിരുഹിതപ്രകാരം അവരിൽ ആറിലൊന്നിനെ ശേഷിപ്പിച്ച് (യെഹെ. 39:2) ആറിൽ അഞ്ചിനെയാണ് യിസ്രായേലിനെതിരെ യുദ്ധത്തിന് പൈശാചിക ത്രിമൂർത്തികളിൽനിന്ന് പുറപ്പെടുന്ന ഭൂതാത്മാക്കൾ അന്നു കൂട്ടിച്ചേർക്കുന്നത്. അതുകൊണ്ട് സഹസ്രാബ്ദ വാഴ്ചയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന നീതിമാന്മാരായിട്ടുള്ളവരിൽ ഇവരും ഉൾപ്പെടുന്നു. അവരുടെ പേര് പോലെതന്നെ അവർ വളരെ വേഗത്തിൽ സഹസ്രാബ്ദവാഴ്ചയിൽ വർദ്ധിച്ചു പെരുകി കടല്പ്പുറത്തെ മണൽപോലെ ആകുകയും ചെയ്യുന്നു.

മധ്യാകാശത്തിൽ പരാജിതനായി ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളപ്പെടുന്ന സാത്താൻ ദൈവജനത്തോട് യുദ്ധം ചെയ്യുവാൻ നില്ക്കുന്നത് കടല്പ്പുറത്തെ മണൽ പോലെ

വർദ്ധിച്ചു പെരുകുന്ന യാഫെത്തിന്റെ വംശത്തിൽപ്പെട്ടവരുടെ കൂടെയാകുന്നു. ഇതിൽനിന്നും സാത്താനീക മഹോപദ്രവത്തിൽ സാത്താൻ ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയുടെ ശേഷിപ്പിലുള്ളവരോട് നടത്തുന്ന യുദ്ധത്തിലും (വെളി. 12:17) എതിർക്രിസ്തു കുഞ്ഞാടിനോടു പോരാടുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിലും (യെഹെ. 39:2) സഹസ്രാബ്ദവാഴ്ച കഴിഞ്ഞു നടക്കുന്ന ഒടുക്കത്തെനാളിലെ ഗോഗ്-മാഗോഗ് യുദ്ധത്തിലും (വെളി. 20:8) സാത്താനോട് ചേർന്ന് നില്ക്കുന്നത് മാഗോഗ് ദേശത്തിലെ ഗോഗ് വംശത്തിൽപ്പെടുന്ന കടല്പ്പുറത്തെ മണൽ പോലെയുള്ള യാഫെത്തിന്റെ വംശത്തിൽപ്പെടുന്നവരാകുന്നു.

വഞ്ചകനും അധികാരമോഹിയും നാശകനുമായ ഭോഷ്കും ഭോഷ്കിന്റെ അപ്പനുമായ സാത്താൻ നടത്തുന്ന അന്തിമയുദ്ധ മാണ് ഗോഗ-മാഗോഗ് യുദ്ധം. അന്നു നടക്കുന്ന യുദ്ധത്തിൽ യുദ്ധായുധങ്ങളൊന്നും പ്രയോഗിക്കപ്പെടുന്നില്ല. ദൈവമായ കർത്താവിന്റെ ആയിരം വർഷത്തെ ഭരണത്തിൽ ഭൂമിയിൽ രാജ്യങ്ങൾ, സൈന്യങ്ങൾ ആയുധക്കലവറകൾ എന്നിവ യൊന്നും കാണുകയില്ല. ദൈവീക ഭരണത്തിൽ ദൈവീക നന്മ അനുഭവിച്ചു സന്തോഷത്തോടെ ജീവിക്കുന്നവരെ തിന്മയുടെ ശക്തിയാകുന്ന സാത്താൻ അല്പകാലം കൊണ്ട് വഞ്ചിച്ച് അവരെ തിന്മയിലേക്കും ക്രിസ്തുയേശുവിനെതിരെയുള്ള അന്തിമ പോരാട്ടത്തിലേക്ക് നയിക്കുകയുമാണ് ചെയ്യുന്നത്.

സാത്താന്റെ നേതൃത്വത്തിൽ ദുഷ്ടദൂതന്മാരും ഭൂതാത്മാക്കളും മനുഷ്യരിൽ വഞ്ചിക്കപ്പെട്ടു സാത്താന്റെ പക്ഷം ചേർന്ന് ദൈവത്തിന് എതിരെ തിരിയുന്നവരും ഒന്നു ചേർന്ന് അന്തിമ യുദ്ധത്തിനായി അണിനിരക്കുന്നതാണ് ഗോഗ്-മാഗോഗ് യുദ്ധം. ഒടുക്കത്തെനാളിൽ സംഭവിക്കുന്ന പ്രാരംഭസംഭവമാകുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിൽ സാത്താൻ അണിനിരത്തുന്ന അവന്റെ സൈന്യം വളയുന്നത് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയനഗരത്തെയുമാണ്. ഗോഗ്-മാഗോഗ് യുദ്ധത്തിൽ കർത്താവിനെതിരെ സംഘടിക്കുന്നവർക്ക് വരുന്ന നാശമാണ് അന്നു നടക്കുന്ന രണ്ടാമത്തെ സംഭവം.

**വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയുന്ന ജാതികളെ ആകാശത്തുനിന്ന് തീ ഇറങ്ങി ദഹിപ്പിച്ചു കളയുന്നത്.**

> അവരുടെ കൂട്ടത്തിൽ തീ കത്തി; അഗ്നിജ്വാല ദുഷ്ടന്മാരെ ദഹിപ്പിച്ചുകളഞ്ഞു (സങ്കീ. 106:18)

കനാൻ ദേശം കൈവശമാക്കുവാൻ മിസ്രയീമിൽനിന്നു യാത്ര പുറപ്പെട്ട് യിസ്രായേലിന്റെ പാളയത്തിൽ തീ ഇറങ്ങി ദുഷ്ടന്മാരെ മാത്രം കൊന്നുകളഞ്ഞതുപോലെയാണ് ഒടുക്കത്തെ നാളിലും സംഭവിക്കുന്നത്.

> അപ്പോൾ യഹോവയിങ്കൽ നിന്നു തീ പുറപ്പെട്ടു ധൂപം കാട്ടിയ ഇരുനൂറ്റമ്പതു പേരെയും ദഹിപ്പിച്ചു (സംഖ്യ. 16:35).

അന്നു മോശെയ്ക്കും അഹരോനും വിരോധമായി സംഘം ചേർന്നവരെ ഭൂമി വിഴുങ്ങിക്കളയുകയും ധൂപം കാട്ടിയവരെ തീ ദഹിപ്പിച്ചുകളയുകയുമാണ് ചെയ്തത്. അതുപോലെ സാക്ഷാൽ നിയമ പെട്ടകമായിരിക്കുന്ന ക്രിസ്തുയേശുവിനു ചുറ്റും പാളയമിറങ്ങിയിരിക്കുന്ന വിശുദ്ധന്മാരുടെ പാളയത്തെയും മഹാരാജാവിന്റെ നഗരമായിരിക്കുന്ന യെരുശലേമിനെയും വളയുന്ന ദുഷ്ടന്മാരുടെ കൂട്ടത്തെയാണ് ആകാശത്തുനിന്ന് ഇറങ്ങുന്ന തീ ദഹിപ്പിച്ചുകളയുന്നത്. അന്നു ദൈവത്തിന്റെ അഗ്നിക്ക് ഇരയായിത്തീരുന്നവർ കഠിനപാപികളായിരിക്കും. ദൈവീക നന്മ അനുഭവിച്ചു നിന്നവർ വേഗത്തിൽ ദുഷ്ടനായ സാത്താൻ പ്രത്യക്ഷപ്പെടുമ്പോൾ അവന്റെ പക്ഷം ചേരുന്നത് അവരുടെ കഠിന ഹൃദയത്തെയാണ് വെളിപ്പെടുത്തുന്നത്.

ഒടുക്കത്തെനാളിൽ നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിൽ സാത്താന്റെ പക്ഷം ചേരുന്ന കഠിന മനുഷ്യരെ ദൈവം ആകാശത്തുനിന്ന് ഇറങ്ങുന്ന അഗ്നിക്ക് ഏല്പിച്ചുകൊടുക്കുമ്പോൾ അവരുടെ മർത്ത്യശരീരം ചാമ്പലായിത്തീരുകയും കഠിനപാപികളായ അവരുടെ ആത്മാക്കൾ കൂട്ടത്തോടെ മരണമെന്ന നരകത്തിലേക്ക് തള്ളപ്പെടുകയുമാണ് ചെയ്യുന്നത്. മലാഖി പ്രവചിച്ചിരിക്കുന്നതുപോലെ ചൂളപ്പോലെ കത്തുന്ന വരുവാനുള്ള ദിവസമാകുന്ന ഒടുക്കത്തെ നാളിൽ സാത്താന്റെ പക്ഷത്തു ചേരുന്ന അഹങ്കാരികളായ സകല ദുഷ്പ്രവൃത്തിക്കാരും താളടിയായി തീക്കു ഇരയായി തീരുന്നു. അതാണ് ഒടുക്കത്തെ നാളിൽ സംഭവിക്കുന്ന രണ്ടാമത്തെ സംഭവം.

അതെത്തുടർന്ന് നടക്കുന്ന മൂന്നാമത്തെ സംഭവം ഗോഗ്-മാഗോഗ് യുദ്ധത്തിന്റെ സൂത്രധാരകനും **ഒടുക്കത്തെ ശത്രുവു**

**മാകുന്ന മരണമെന്ന സാത്താനെ അഗ്നിനരകത്തിലേക്ക് തള്ളി ക്കളയുന്നതാണ്.** അതേക്കുറിച്ചാണ് സാത്താൻ അഗ്നി നരക ത്തിൽ എന്ന ഈ അദ്ധ്യായത്തിൽ തുടർന്ന് നാം ചിന്തിക്കുന്നത്.

സാത്താൻ അഗ്നിനരകത്തിൽ എന്ന ഈ അദ്ധ്യായത്തിന്റെ മുഖ്യ വിഷയത്തിന്റെ പഠനത്തിൽ അവന്റെ വീഴ്ചയുടെ ആരംഭം മുതൽ അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നതുവരെയുള്ള അഞ്ച് ഘട്ടങ്ങളെക്കുറിച്ചാണ് തുടർന്ന് നാം ചിന്തിക്കുന്നത്.

1. ആകാശത്തിലെ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ നിന്നുമുള്ള വീഴ്ച
2. ലോകാധിപത്യത്തിൽ നിന്നുമുള്ള വീഴ്ച
3. മധ്യാകാശത്തു നിന്നുമുള്ള വീഴ്ച
4. അഗാധത്തിലേക്കുള്ള വീഴ്ച
5. നിത്യനരകാഗ്നിയിലേക്കുള്ള വീഴ്ച

## ആകാശത്തിലെ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ നിന്നുമുള്ള വീഴ്ച

> യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ മനുഷ്യപുത്രാ, നീ സോർ രാജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങി അവനോട് പറയേണ്ടത് യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. നീ മാതൃകാ മുദ്രയാകുന്നു; നീ ജ്ഞാന സമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നെ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു; താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം. നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകല രത്നങ്ങളും നിന്നെ മൂടിയിരുന്നു; നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു. നീ ചിറകു വിടർത്തി മറയ്ക്കുന്ന കെരൂബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധ ദേവ പർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയ രഥങ്ങളുടെ മധ്യേ സഞ്ചരിച്ചു പോന്നു. നിന്നെ സൃഷ്ടിച്ചനാൾ മുതൽ നിങ്കൽ നീതികേടു കണ്ടതു വരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു. നീ പാപം ചെയ്തു; അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു; മറയ്ക്കുന്ന കെരൂബേ,

ഞാൻ നിന്നെ അഗ്നിമയരഥങ്ങളുടെ മധ്യേ നിന്നു മൂടിച്ചുകളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു..." (യെഹ. 28:11-19)

സോർ രാജാവിനോട് തുലനം ചെയ്ത് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് മാതൃകാ മുദ്രയായിരുന്ന മറെക്കുന്ന കെരുബിന്റെ വീഴ്ചയെക്കുറിച്ചാണ്. ലൂസിഫർ എന്ന പേരിലറിയപ്പെടുന്ന തെറ്റിപ്പോയ ദൂതൻ സൃഷ്ടിക്കപ്പെട്ട നാൾ മുതൽ പാപം ചെയ്യുന്നതുവരെ അവൻ വെളിച്ചദൂതനായിരുന്നു. ദൈവം തിന്മയെ സൃഷ്ടിക്കുന്നില്ല. അവന്റെ സൃഷ്ടിയെല്ലാം നന്മയാണ്. നന്മയായ സൃഷ്ടി തിന്മയായി പോയതിനെയാണ് ദുഷ്ടനായ സാത്താൻ എന്ന പേരിലറിയപ്പെടുന്നത്. വെളിച്ചം ഇരുളായി; ജീവൻ മരണമായി തീർന്നതാണ് പിശാച്.

അതുപോലെ യെശയ്യാവിന്റെ പ്രവചനത്തിൽ ലൂസിഫറിനെ ബാബേൽ രാജാവിനോടുള്ള ബന്ധത്തിൽ തുലനം ചെയ്തു വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

നീ ബാബേൽ രാജാവിനെക്കുറിച്ച് ഈ പാട്ടു ചൊല്ലും... അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനെ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! "ഞാൻ സ്വർഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും ; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്ക്, നാശകൂപത്തിന്റെ അടിയിലേക്ക് തന്നെ വീഴും... (യെശ.14:12-15).

പൈശാചിക ആരാധനയിലേക്കും സാത്താനെക്കുറിച്ചുള്ള തിന്മയുടെ അറിവിലേക്കുമാണ് ഇന്നത്തെ ലോകം അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഭാവികാല പ്രവചനമായ വെളിപ്പാട് പുസ്തകത്തിൽ ഇതിനോടുള്ള ബന്ധത്തിൽ തുയഥൈരയിലെ സഭയോട് ദൈവത്തിന്റെ ആത്മാവ് അരുളിച്ചെയ്തത് ഇപ്രകാരമാണ്.

എന്നാൽ ഈ ഉപദേശം കൈക്കൊള്ളാതെയും അവർ പറയും പോലെ സാത്താന്റെ ആഴങ്ങൾ അറിഞ്ഞിട്ടില്ലാതെയും തുയഥൈരയിലെ ശേഷം

പേരോട്: വേറൊരു ഭാരം ഞാൻ നിങ്ങളുടെ മേൽ ചുമത്തുന്നില്ല; എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്ന് ഞാൻ കല്പിക്കുന്നു (വെളി. 2:24-25).

സാത്താന്റെ ആഴങ്ങളെ തിരിച്ചറിയുന്ന ഈ ലോകത്തിന്റെ ആത്മാവിനെയല്ല; ദൈവത്തിന്റെ ആഴങ്ങളെ ഗ്രഹിക്കുവാനുള്ള പരിശുദ്ധാത്മാവിനെയാണ് ദൈവം ദൈവസഭയ്ക്ക് നല്കിയിരിക്കുന്നത്. അതുകൊണ്ട് സാത്താനിക ആഴം തേടിയുള്ള പഠനം ദൈവസഭയ്ക്ക് ആവശ്യമില്ല. ലൂസിഫറിനോടുള്ള ബന്ധത്തിൽ ഇതുവരെ നാം ചിന്തിച്ച തിരുവചനഭാഗങ്ങളുടെ രത്നച്ചുരുക്കമാണ് താഴെ കൊടുത്തിരിക്കുന്നത്.

**യെഹെസ്കേൽ പ്രവചനത്തിൽ ലൂസിഫറിനെക്കുറിച്ചുള്ള പരാമർശം:** യെഹെ. 28:11-19

- ദൈവം ലൂസിഫറിനെ സൃഷ്ടിച്ചത് മാതൃകാമുദ്രയും ജ്ഞാനസമ്പൂർണ്ണനും ആയിട്ടായിരുന്നു.
- ദൈവത്തിന്റെ പറുദീസയായ ഒന്നാമത്തെ ആകാശമാകുന്ന ദൈവത്തിന്റെ തോട്ടമായ ഏദെൻ ആയിരുന്നു അവന്റെ ജന്മഗൃഹം.
- അവൻ സൃഷ്ടിക്കപ്പെട്ടത് നവരത്നങ്ങളെക്കൊണ്ടായിരുന്നു.
- സൃഷ്ടിച്ചനാൾ മുതൽ അവന്റെ അന്തർഭാഗം സാഹസം കൊണ്ട് നിറഞ്ഞു പാപം ചെയ്തതുവരെ അവൻ നടപ്പിൽ നിഷ്കളങ്കനായിരുന്നു.
- പാപം ചെയ്തു അശുദ്ധനായിതീർന്ന മറെക്കുന്ന കെരൂബിനെ ദൈവം ദേവപർവ്വതത്തിൽ നിന്നു തള്ളിക്കളയുകയും അഗ്നിമയ രഥങ്ങളുടെ മധ്യേനിന്നു മുടിച്ചുകളയുകയും ചെയ്തു.
- അവനുണ്ടായിരുന്ന സൗന്ദര്യം അവന്റെ ഹൃദയഗർവ്വത്തിനു കാരണമായപ്പോൾ അവന്റെ തേജസ്സാണ്അവന്റെ ജ്ഞാനത്തെ വഷളാക്കിയത്. അതു നിമിത്തം ദൈവം അവനെ നിലത്തു തള്ളിയിട്ടു.

**യെശയ്യാവിന്റെ പ്രവചനത്തിൽ ലൂസിഫറിനെക്കുറിച്ചുള്ള പരാമർശം:** യെശ. 14:12-15

- അരുണോദയപുത്രനായ ശുക്രനാണ് ലൂസിഫർ ആയിത്തീർന്നത്.

- അവൻ ആകാശത്തുനിന്നുമാണ് വെട്ടേറ്റു നിലത്തു വീണത്.
- അവൻ ഹൃദയത്തിൽ പറഞ്ഞത് സ്വർഗത്തിൽ കയറി ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ അവന്റെ സിംഹാസനം വയ്ക്കുമെന്നും ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമന പർവ്വതത്തിൽ ഇരുന്നരുളും എന്നും മേഘോന്നതങ്ങൾക്ക് മീതെ കയറി അത്യുന്നതനോടു സമനാകും എന്നുമായിരുന്നു.
- ദൈവം അവനെ ആകാശത്തുനിന്നു തള്ളിക്കളഞ്ഞു. അവൻ ഇപ്പോൾ സ്വർലോകത്തിലും ഭൂലോകത്തിലും അധോലോക ത്തിലുമായി ഊടാടി സഞ്ചരിക്കുന്നു.
- ദൈവം സാത്താനെ പാതാളമാകുന്ന നാശകൂപത്തിന്റെ അടിയിലുള്ള അഗാധത്തിൽ തള്ളിയിടും.

യെഹെസ്കേൽ പ്രവാചകൻ പ്രവചിച്ചിരിക്കുന്നത് ദൈവത്തോട് അഹങ്കരിച്ച് പാപം ചെയ്ത ലൂസിഫറിന്റെ സൃഷ്ടിയെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും അവന്റെ വാസസ്ഥലമായിരുന്ന ഒന്നാമത്തെ ആകാശത്തിൽനിന്ന് അവൻ ദൈവത്തിന്റെ വചനമാകുന്ന വാളിനാൽ വെട്ടേറ്റു ഒന്നാമത്തെ ഭൂമിയിലേക്ക് വീണതിനെക്കുറിച്ചുമാകുന്നു. യെശയ്യാവ് പ്രവാചകനാകട്ടെ ദൈവസൃഷ്ടിയായിരുന്ന കെരൂബിന്റെ ഹൃദയനിരൂപണങ്ങളിൽ ഉരുവായ പാപം, അതുനിമിത്തം അവൻ വെട്ടേറ്റു നിലത്തു വീണത്, സ്വർലോകത്തിലും ഭൂലോകത്തിലും അധോലോകത്തിലും ഊടാടി സഞ്ചരിക്കുന്നത്, ലൂസിഫറിന്റെ അധമപാതാളത്തിനടിയിലുള്ള അഗാധത്തിലേക്കുള്ള പതനം എന്നിവകളെക്കുറിച്ചണ് പ്രവചിച്ചിരിക്കുന്നത്.

യെഹെസ്കേൽ, യെശയ്യാവ് എന്നീ പഴയനിയമ പ്രവാചകന്മാരുടെ പ്രവചനങ്ങളിൽനിന്ന് ഉരുത്തിരിയുന്ന വസ്തുത പറുദീസയിലെ മനോഹര സൃഷ്ടിയായിരുന്ന കെരൂബ് തന്നെത്താൻ ഉയർത്തി പാപം ചെയ്തതുവരെ അവൻ നടപ്പിൽ നിഷ്കളങ്കനായിരുന്നു എന്നാകുന്നു. സർവ്വശക്തനായ ദൈവം ഭാവികാലസംഭവങ്ങൾ തന്റെ ദാസന്മാരോട് അറിയി ക്കുന്നതിൻപ്രകാരം ആകാശസൃഷ്ടികളോട് ഒന്നാമത്തെ ഭൂമിയെയും അതിലെ മനുഷ്യസൃഷ്ടിയുടെ പദവിയെക്കുറിച്ചും അവയൊക്കെയും സൃഷ്ടിക്കപ്പെടുന്നതിനു മുമ്പ് അവരോട് അറിയിച്ചിരുന്നു. അത് മാനവ കുലത്തിൽപ്പെടുന്നവരിൽ ഒരു കൂട്ടർ സ്വർഗാധിസ്വർഗത്തിൽ അവനോട് കൂടെ സ്വർഗീയ

സിംഹാസനത്തിൽ ഇരിക്കുമെന്നുള്ളതായിരുന്നു. ഈ അറിവാണ് സാത്താനിൽ പാപം ചെയ്യുവാൻ പ്രേരണ ഉളവായത്. സൗന്ദര്യവും ജ്ഞാനവും കഴിവും മികവും ഉള്ള തനിക്ക് എന്തുകൊണ്ട് സ്വർഗീയ സിംഹാസനത്തിൽ ദൈവത്തോടു കൂടെ ഇരുന്നുകൂടാ എന്നുള്ള ഹൃദയനിരൂപണം അവനെ അഹങ്കാരിയാക്കി. അതുനിമിത്തം അവൻ സ്വയംകളങ്കമായി പാപത്തിനും നിത്യമരണത്തിനും അടിമയായി ദൈവത്തിൽനിന്ന് അന്യപ്പെട്ടുപോവുകയും ചെയ്തു. പറുദീസാവാസികളായ ദൂതന്മാരോട് പാപത്തിന്റെ അനന്തരഫലമാകുന്നരണ്ടാമത്തെ മരണമാകുന്ന അഗ്നിനരകത്തെക്കുറിച്ച് ദൈവം അവരോട് അരുളി ച്ചെയ്തിരുന്നു. അത് അവഗണിച്ച് പാപം ചെയ്യുന്ന ദൂതന്മാർക്ക് ഒരുനാളും ക്ഷമക്കിട്ടാത്ത നിത്യശിക്ഷാവിധിയാണ് ലഭിക്കുന്നത്.

ഹൃദയത്തിൽ പാപം ചെയ്ത് അശുദ്ധനായിത്തീർന്ന കെരൂബിനെ അവൻ ഇരുന്ന ദേവപർവ്വതത്തിൽനിന്ന് തള്ളിക്കളയുകയും അവന്റെ പദവിയിൽ നിന്നു നീക്കുകയും വചനമാകുന്ന വാളിനാൽ വെട്ടി ഒന്നാമത്തെ ഭൂമിയിലേക്ക് ദൈവം തള്ളിയിടുകയുമാണ് ചെയ്തത്. അതാണ് അവനു സംഭവിച്ച ഒന്നാമത്തെ വീഴ്ച. അവന്റെ വീഴ്ചയുടെ ആഘാതത്തിൽ മനോഹരമായി സൃഷ്ടിക്കപ്പെട്ട ഒന്നാമത്തെ ഭൂമി പാഴും ശൂന്യവുമായിത്തീർന്നു. ഇരുളും മരണവുമായിത്തീർന്ന ലൂസിഫറിനെ ദൈവം ആഴത്തിൽ ഒതുക്കുകയും ആഴിയെ വിളിച്ച് വരുത്തി മൂടുകയും ചെയ്തു. അതിനു മീതെയാണ് ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നത്. മനുഷ്യസൃഷ്ടിക്കു മുമ്പ് അവരിൽ ഉളവാകപ്പെടുന്ന പാപവും മരണവും മുമ്പിൽ കണ്ടുകൊണ്ടാണ് ദൈവം ഒന്നാമത്തെ ഭൂമിക്ക് അടിസ്ഥാനമിട്ടത്. സ്വർഗാധിസ്വർഗം മുതൽ പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം വരെയുള്ള പതിനഞ്ചു സ്ഥലങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നത് ഓർമ്മിക്കുമല്ലോ.

ഒന്നാമത്തെ ആകാശമായിരുന്ന പറുദീസയിൽ പാപം ആദ്യം അങ്കുരിച്ചത് ലൂസിഫറിൽ മാത്രമായിരുന്നു. ഇവിടെ രേഖ പ്പെടുത്തിയിരിക്കുന്ന ദൈവവചന വെളിപ്പാടിൽനിന്ന് വ്യക്ത മാക്കപ്പെടുന്നത് സാത്താന് ആകാശവാസികളായ ദൂതന്മാരെ വശീകരിച്ച് അവന്റെ കൂടെ ചേർക്കുവാനുള്ള സമയം ലഭിച്ചില്ല

എന്നതാകുന്നു. അവൻ ഹൃദയത്തിൽ പാപം ചെയ്തപ്പോൾ ത്തന്നെ ദൈവം വചനമാകുന്ന വാളിനാൽ അവനെ വെട്ടിയിട്ടതു കൊണ്ട് അന്ന് അവനോടുകൂടെ ആരെങ്കിലും ചേരുകയോ പറു ദീസയിൽനിന്ന് തള്ളപ്പെടുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും ഭൂമിയുടെ അധോഭാഗത്ത് ദൈവം സൃഷ്ടിച്ചിരുന്ന മരണാനന്തര നിരകളിലേക്ക് അന്ന് ദുഷ്ട ദൂതന്മാരിൽ ആരുംതന്നെ തള്ളപ്പെട്ടിട്ടില്ല എന്ന നിഗമനത്തിനാണ് വചനപരമായ സാധുതയുള്ളത്. ഒന്നാമത്തെ ആകാശമാകുന്ന പറുദീസ യിൽനിന്ന് വചനമാകുന്ന വാളിനാൽ നിനെയാത്ത നാഴികയിൽ വെട്ടേറ്റു നിലത്തു വീണ ലൂസിഫറിന്റെ വീഴ്ചയുടെ ഒന്നാമത്തെ ഘട്ടത്തെക്കുറിച്ചാണ് ഈ ഭാഗത്ത് നാം ചിന്തിച്ചത്.

## ലോകാധിപത്യത്തിൽനിന്നുള്ള വീഴ്ച

ലൂസിഫറിന്റെ വീഴ്ച മുഖാന്തരം പാഴും ശൂന്യവും ആയിത്തീർന്ന ഒന്നാമത്തെ ഭൂമിയെ ദൈവം നവീകരിച്ചത് മുൻ നിർണ്ണയപ്രകാരം മനുഷ്യസൃഷ്ടിയുടെ വാസത്തിനു വേണ്ടിയായിരുന്നു. ആദാമിൽ ദൈവം ദർശിച്ചത് വചനമാകുന്ന പുത്രനാം ദൈവത്തിലൂടെ സ്വർഗാധിസ്വർഗത്തിൽ എത്തിച്ചേ രുന്ന തേജസ്സിന്റെ പുത്രന്മാരെ ആയിരുന്നു. ഒന്നാമത്തെ ദിവസം ഇരുളും വെളിച്ചവും തമ്മിൽ വേർതിരിച്ചതിന്റെ അർത്ഥം വചനമാകുന്ന ജീവൻ പ്രത്യക്ഷപ്പെട്ടപ്പോൾ ഇരുളാകുന്ന മരണം അഥവാ സാത്താൻ പ്രത്യേക ഒരു ശക്തിയായി രൂപപ്പെട്ടതിനെ യാണ്. ആഴത്തിൽ ഒതുക്കപ്പെട്ടിരുന്ന സാത്താൻ അതോടെ സ്വതന്ത്രമാക്കപ്പെടുകയും മരണമാകുന്ന ഇരുളിന്റെ പ്രവൃത്തി അവൻ ആരംഭിക്കുകയും ചെയ്തു. അവന്റെ വാസസ്ഥലമായി രുന്ന പറുദീസവരെ അവന് സഞ്ചാരസ്വാതന്ത്ര്യം ലഭിച്ചതു കൊണ്ട് അവൻ സ്വർലോകത്തിലും ഭൂലോകത്തിലും അധോലോകത്തിലും ഊടാടി സഞ്ചരിക്കുവാൻ തുടങ്ങി. ദൈവത്തിന്റെ സ്വരൂപസാദൃശ്യത്തിൽ സൃഷ്ടിച്ച ആദാമിൽനിന്ന് സൃഷ്ടിക്കപ്പെട്ട ഹവ്വയെ സാത്താൻ വശീകരിക്കുകയും പാപത്തിന് അടിമയാക്കുകയും ചെയ്തു. അവൾ മുഖാന്തരം ആദിമ മനുഷ്യനായ ആദാമും പാപത്തിനടിമപ്പെട്ടു. ഇരുവരും തേജസ്സും അധികാരവും നഷ്ടപ്പെട്ടവരായി ഭൂമിയിലെ ഏദെൻ തോട്ടത്തിൽ നിന്നും തള്ളപ്പെട്ടു. സാത്താന്റെ വഞ്ചനയിൽപ്പെട്ട് പരാജയപ്പെട്ടുപോയ അവരുടെ നിസ്സഹായ അവസ്ഥയിൽ

ദൈവം അവരെ കൈവിടാതെ വീണ്ടെടുപ്പിന്റെ വാഗ്ദത്തം അവർക്ക് കൊടുത്തു. പഴയനിയമത്തിൽ അതിനുവേണ്ടിയുള്ള കാത്തിരിപ്പിലായിരുന്നു മാനവരാശി.

ആദാം-ഹവ്വാ ദമ്പതികളുടെ മക്കളായ നീതിമാനായ ഹാബെൽ ദൈവഹിതപ്രകാരം ജീവിച്ചപ്പോൾ കയീൻ സാത്താന്റെ ഇംഗിതത്തിന് വിധേയപ്പെട്ടവനായിരുന്നു. ദൈവപ്രസാദം ലഭിച്ച ഹാബെലിനെ ദുഷ്ടനായ സാത്താന്റെ പ്രേരണപ്രകാരം കയീൻ കൊന്നുകളഞ്ഞു. ഭൂമിയിൽനിന്ന് ദൈവത്തോട് നിലവിളിച്ച ഹാബെലിന്റെ ആത്മാവിനെയാണ് ഭൂമിയുടെ അധോഭാഗത്തുള്ള മരണാനന്തരനിരയിലേക്ക് ദൈവം ആദ്യം പ്രവേശിപ്പിച്ചത്. അവന്റെ ആത്മാവിനെ പ്രവേശിപ്പിച്ചത് മീതെയുള്ള പാതാളത്തിലായിരുന്നു. ഭൂമിയിൽ ജനനവും മരണവും സംഭവിക്കുകയും ജനം വർദ്ധിച്ച് പെരുകുകയും ചെയ്തു. ഉല്പ്പത്തിപുസ്തകത്തിൽ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് പറുദീസാ വാസികളായ ദൈവ ദൂതന്മാരെയാണ്. സാത്താൻ അവന്റെ പ്രവർത്തനത്തിലൂടെ പറുദീസാ വാസികളായ ദൂതന്മാരിൽ ചിലരെ വശീകരിച്ച് പാപത്തിനടിമയാക്കി. സാത്താന്റെ വശീകരണത്തിൽ അകപ്പെട്ട ദൂതന്മാരാണ് മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ട് തങ്ങൾക്ക് ബോധിച്ച ഏവരെയും ഭാര്യമാരായിട്ടു എടുത്തത്. ദുഷ്ടദൂത-മനുഷ്യസ്ത്രീ സംഗമത്തിലൂടെ ജനിക്കപ്പെട്ട സന്തതികളാണ് മല്ലന്മാരുടെ തലമുറയായി ത്തീർന്നത്. അത് തുടരുകയും ആകാശവാസികളായ ദൂതന്മാർ സ്വന്തസ്ഥലം വിട്ട് ഭൂമിയിൽ വന്നു പാപം ചെയ്തതു നിമിത്തം അമാനുഷികരായ വീരന്മാരും കീർത്തിപ്പെട്ട പുരുഷന്മാരും ജനിക്കുകയും ചെയ്തു.

ദൈവീക ഉദ്ദേശത്തിൽ നിന്ന് പ്രപഞ്ച സൃഷ്ടികൾ അകന്നുപോയപ്പോൾ ദൈവം ഇടപെടുകയും പാപം ചെയ്ത ദൂതന്മാരെ നരകത്തിൽ അന്ധതമസ്സിന്റെ ചങ്ങലയ്ക്കിടുകയും ചെയ്തു. അതിന്റെ തെളിവ് നമുക്ക് ലഭിക്കുന്നത് അപ്പൊസ്തലനായ പത്രൊസും യൂദയും എഴുതിയ ലേഖനങ്ങളിൽ നിന്നുമാകുന്നു.

> പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും

പുരാതനലോകത്തെയും ആദരിക്കാതെ ഭക്തികെട്ടവരുടെ ലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ നീതി പ്രസംഗിയായ നോഹയെ ഏഴു പേരോടുകൂടെ പാലിക്കയും (2പത്രൊ. 2:4-5)

പത്രൊസ് അപ്പൊസ്തലൻ എഴുതിയ ലേഖനത്തിൽ ദൂതന്മാർ പാപം ചെയ്തു എന്നേ പ്രസ്താവിച്ചിട്ടുള്ളു. എന്നാൽ അവർ ചെയ്ത പാപം എന്തായിരുന്നു; എന്നതിന്റെ വ്യക്തത അപ്പൊസ്തലനായ യൂദയാണ് വെളിപ്പെടുത്തിയിരിക്കുന്നത്.

തങ്ങളുടെ വാഴ്ച കാത്തു കൊള്ളാതെ സ്വന്ത വാസ സ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു. അതുപോലെ സൊദോമും ഗൊമോറയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു സമമായി ദുർന്നടപ്പ് ആചരിച്ച് അന്യജഡം മോഹിച്ചു നടന്നതിനാൽ നിത്യാഗ്നിയുടെ ശിക്ഷാവിധി സഹിച്ചുകൊണ്ടു ദൃഷ്ടാന്തമായി കിടക്കുന്നു (യൂദ. 6-7).

സൃഷ്ടിതാവാം ദൈവം ശൂന്യതയിൽ ഒന്നാമത്തെ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ പ്രഭാതനക്ഷത്രങ്ങൾ ഘോഷിച്ച് ഉല്ലസിക്കയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തിരുന്നു (ഇയ്യോ.38:4-6). ഇവിടെ പ്രസ്താവിച്ചിരിക്കുന്ന ദൈവപുത്രന്മാർ മനുഷ്യപുത്രന്മാർ ആയിരുന്നില്ല. അതിന്റെ വ്യക്തമായ തെളിവ് അതുവരെ ഒന്നാമത്തെ ഭൂമി സൃഷ്ടിക്കപ്പെട്ടിരുന്നില്ല എന്നതാണ്. ഇതിൽനിന്നും പറുദീസാവാസികളായ ദൂതന്മാരെയാണ് ദൈവപുത്രന്മാർ എന്ന് ഉല്പത്തിപുസ്തകത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

ഒന്നാമത്തെ ആകാശത്തിലെ സൃഷ്ടികളായ ദൂതന്മാരിൽ ചിലരെ വശീകരിച്ച് പാപത്തിനിടയായിത്തീർന്ന മനുഷ്യരുമായി ബന്ധിപ്പിക്കുന്നതിന് സാത്താന് സാധിച്ചു. സാത്താന്റെ വശീകരണത്തിൽപ്പെടുന്ന ദൈവപുത്രന്മാരായ ദൂതന്മാർ അപ്പോൾത്തന്നെ തേജസ്സ് നഷ്ടപ്പെട്ടവരായിത്തീരുകയും മനുഷ്യതുല്യരായി ദുഷ്ടദൂതന്മാരുടെ ഗണത്തിൽപ്പെടുകയുമാണ് ചെയ്യുന്നത്. **ദൈവദൂതന്മാർക്ക്** മനുഷ്യസ്ത്രീകളുമായി സംഗമിക്കുവാൻ കഴിയുമോ എന്ന ചോദ്യത്തിന്റെ ഉത്തരം അവർക്ക് അതിനു ഒരുനാളും കഴിയുകയില്ല എന്നതാണ്. എന്നാൽ പുരാതനലോകത്തിൽ പാപത്തിനടിമപ്പെട്ടു ദൈവതേജസ്സ് നഷ്ടപ്പെടുത്തിയ ദൂതന്മാർ മനുഷ്യ തുല്യരായിത്തീർ

ന്നതുകൊണ്ടാണ് അവർക്ക് അതിന് സാധിച്ചത്. പുരാതന ലോകത്ത് സംഭവിച്ച സംഭവം പിന്നീട് ആവർത്തിക്കുവാൻ ഇടയാകാത്ത വിധത്തിൽ ദൈവം മനുഷ്യ സൃഷ്ടിയെയും കാലാവസ്ഥയെയും ജലപ്രളയത്തിനുശേഷം പുനർക്രമീകരിച്ചു. ആയുസ്സും ആരോഗ്യവും കുറഞ്ഞ മനുഷ്യരാണ് ജലപ്രളയ ത്തിനുശേഷമുള്ള ഭൂമിയിൽ ഉടലെടുത്തത്.

പുരാതനലോകത്തിൽ പാപം ചെയ്ത ദൂതന്മാർ മനുഷ്യ തുല്യരായിട്ടാണ് തീർന്നതെങ്കിൽ ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ നിത്യജീവന് അവകാശികളായി പുനരു ത്ഥാനം പ്രാപിക്കുന്ന നീതിമാന്മാർ ഭൗമികതേജസ്സ് പ്രാപിച്ച് പറുദീസാവാസികളായ ദൂതതുല്യരായിത്തീരുകയാണ് ചെയ്യു ന്നത്. പാപം ചെയ്ത ദൂതന്മാർക്ക് മനുഷ്യസ്ത്രീകളോടുള്ള സംഗമത്തിലൂടെ അമാനുഷികരായ തലമുറ ഉടലെടുത്തു എന്ന താണ് വ്യക്തമാക്കപ്പെടുന്നത്. സ്വന്തവാസസ്ഥലമായിരുന്ന സ്വർഗീയപറുദീസ വിട്ട് ലോകത്തിൽ വന്ന് മനുഷ്യതുല്യരായി ത്തീർന്ന ദുഷ്ടദൂതന്മാർ മനുഷ്യസ്ത്രീകളോടു സംഗമിക്കുകയും പ്രകൃതിവിരുദ്ധ പ്രവൃത്തിയിൽ ഏർപ്പെട്ട ദൂതന്മാരെ അപ്പോൾ ത്തന്നെ നരകത്തിൽ അന്ധതമസ്സിന്റെ ചങ്ങലയ്ക്കിടുകയും ഒടു ക്കത്തെനാളാകുന്ന മഹാദിവസത്തിലെ വിധിക്കായി വിചാരണ ത്തടവുകാരായി അവിടെ സൂക്ഷിക്കുകയുമാണ് ചെയ്തി രിക്കുന്നത്.

പുരാതന ലോകത്തിൽ ഇപ്രകാരം ജനിക്കപ്പെട്ട അമാനുഷിക സൃഷ്ടികൾ ഉൾപ്പെടെയുള്ളവർ നോഹയുടെ ജലപ്രളയത്തിൽ മുങ്ങി മരിച്ചപ്പോൾ മനുഷ്യരുടെ ആത്മാക്കൾ പാതാളം, നരകം എന്നീ രണ്ട്  മരണാനന്തര നിരകളിലേക്ക് കൂട്ടത്തോടെ തള്ളപ്പെട്ടപ്പോൾ അമാനുഷികരായ വരുടെ ആത്മാക്കൾ ഭൂതാത്മാക്കളായി ഭൂമിയിൽ അലഞ്ഞു തിരിയുവാൻ ദൈവം അനുവദിച്ചു. അതിന്റെ സംക്ഷിപ്ത രൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

- കഠിനമായ പാപം ചെയ്ത മനുഷ്യരുടെ ആത്മാക്കൾ അന്ന് മരണമാകുന്ന നരകത്തിലേക്കാണ് തള്ളപ്പെട്ടത്. അവിടെ യാണ് പാപം ചെയ്ത ദുഷ്ടദൂതന്മാരെയും ചങ്ങലയ്ക്കി ട്ടിരിക്കുന്നത്. ഒടുക്കത്തെ നാളിൽ നടക്കുന്ന അന്ത്യ ന്യായവിധി വരെ അവർ നരകത്തിന്റെ കഠിനയാതനയിലാണ് ആയിരിക്കുന്നത്.

- പാപികളുടെ ആത്മാക്കൾ അന്നു കൂട്ടത്തോടെ തള്ളപ്പെട്ടത് അധമ പാതാളമാകുന്ന പാതാളത്തിലേക്കാണ്. ഒടുക്കത്തെ നാളിലെ പുനരുത്ഥാനം വരെ അവർ പാതാളത്തിന്റെ യാതനയിൽ കിടക്കുന്നു.
- ശിശുക്കളുടെ നിലവാരത്തിലുള്ളവരുടെ ആത്മാക്കൾ നിത്യജീവന് യോഗ്യരായതുകൊണ്ട് മീതെയുള്ള പാതാളത്തിലേക്കാണ് അന്നു പ്രവേശിപ്പിക്കപ്പെട്ടത്. കർത്താവിന്റെ ക്രൂശ്മരണത്തിൽ അവൻ താഴെ ഇറങ്ങി ബദ്ധന്മാരെ വിടുവിച്ച് ഉയരത്തിലേക്ക് കരേറിയപ്പോൾ നിത്യജീവനു യോഗ്യരായവരെ അവിടെനിന്ന് സമുദ്രത്തിലെ മരണാനന്തര നിരയിലേക്കാണ് ഉയർത്തിയത്.
- മല്ലന്മാർ, വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ എന്നീ നിലവാരത്തിലുണ്ടായിരുന്ന അമാനുഷികതലമുറയുടെ മരണത്തിൽ അവരുടെ ആത്മാക്കളാണ് പ്രപഞ്ചത്തിൽ അലഞ്ഞുതിരിയുന്ന ഭൂതാത്മാക്കളായിത്തീർന്നത്. ദൈവം അവരെ പാതാളത്തിലേക്ക് തള്ളിക്കളയുന്നത് ഒടുക്കത്തെ നാളിലാകുന്നു. ഒടുക്കത്തെ നാളിൽ പാതാളം ഏല്പിച്ചു കൊടുക്കുന്നവരിൽ അവരും ഉൾപ്പെടുന്നു.

നാം ഇപ്പോൾ അധിവസിക്കുന്ന ഇപ്പോഴത്തെ ലോകത്തിലേക്ക് പ്രളയാനന്തരം പ്രവേശിക്കപ്പെട്ടത് നോഹയുടെ കുടുംബത്തിൽപ്പെട്ട കേവലം എട്ടുപേർ മാത്രമാണ്. അവരിലൂടെ ലോകം പിന്നെയും വർദ്ധിച്ചു പെരുകി. അബ്രഹാമിന് വാഗ്ദത്തം ലഭിക്കുകയും അവൻ ജാതികളുടെ പിതാവാകുകയും യിസ്രായേൽ എന്ന വാഗ്ദത്ത രാഷ്ട്രം അവന്റെ തലമുറയിൽ നിന്നു ഭൂമിയിൽ ഉദയം ചെയ്യുകയും ചെയ്തു. ഒടുവിൽ കാല സമ്പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ സ്ത്രീയുടെ സന്തതി യായി സകല മനുഷ്യരുടെയും രക്ഷയ്ക്കായി ഭൂമിയിലേക്ക് അയച്ചു. അവൻ ലോകത്തിൽ മനുഷ്യനായി പ്രത്യക്ഷപ്പെട്ടതിന്റെ ഉദ്ദേശം സാത്താനെ കാൽവറിയിൽ പരാജയപ്പെടുത്തി പാപത്തിന്റെയും മരണത്തിന്റെയും പിടിയിലായിരുന്ന മാനവവർഗ്ഗത്തെ രക്ഷിക്കുക എന്നതായിരുന്നു.

സാത്താനിക പ്രവർത്തനം ഇപ്പോഴും ഭൂമിയിലും ഒന്നാമത്തെ ആകാശമാകുന്ന പറുദീസ്സയിലും നടക്കുന്നുണ്ട്. ഇപ്പോഴത്തെ ലോകത്തിൽ മനുഷ്യരിൽ ഭൂരിഭാഗവും വഞ്ചിതരായി അവന്റെ

പിന്നാലെ പോകുന്നതുപോലെ ഒന്നാമത്തെ ആകാശമാകുന്ന പറുദീസ്സയിൽനിന്നും ചില ദൂതന്മാർ വശീകരിക്കപ്പെട്ട് അവനോട് കൂടെ ചേരുന്നുണ്ട്. അവരാണ് സ്വർലോകങ്ങളിലെ **ദുഷ്ടാത്മസേന** എന്ന പേരിലറിയപ്പെടുന്നത്.

ആകാശമണ്ഡലത്തിൽ സാത്താന്റെ കൈക്കീഴിലാണ് ഭൂതാത്മാക്കൾ പ്രവർത്തിക്കുന്നത്. അവരുടെ സംഘത്തെയാണ് ആകാശത്തിലെ **അനുസരണക്കേടിന്റെ ശക്തി** എന്ന പേരിൽ അറിയപ്പെടുന്നത്. ലോകത്തിലെ രാജ്യങ്ങളും അധികാരവും മഹത്വവും എല്ലാം അവന്റെ കയ്യിലാണെന്നും അത് അവന് ഇഷ്ടമുള്ളവർക്ക് കൊടുക്കുന്നുവെന്നുമാണ് യേശുവിനെ മരുഭൂമിയിൽവെച്ച് പരീക്ഷിച്ചപ്പോൾ അവൻ യേശുവിനോടു പറഞ്ഞത്. അതിന്റെ കാരണം സർവ്വലോകവും ദുഷ്ടന്റെ അധീനതയിലായതുകൊണ്ടാണ്. ലോകാധിപതിയായി ലോകരാഷ്ട്രങ്ങളുടെ മേൽ വാണ മരണാധികാരിയായ പിശാചിനെ നീക്കുവാൻ വേണ്ടിയാണ് യേശു ലോകത്തിൽ പ്രത്യക്ഷപ്പെട്ടത്. യേശുക്രിസ്തു ലോകത്തിൽ വന്നതിന്റെ ലക്ഷ്യത്തെക്കുറിച്ച് കർത്താവ് അരുളിച്ചെയ്തത് ഇപ്രകാരമായിരുന്നു.

> ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും. ഞാനോ ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും എന്ന് ഉത്തരം പറഞ്ഞു (യോഹ. 12:31- 32)

ദൈവത്തിന്റെ തോട്ടമായ ഏദെനിൽ നിന്നു തള്ളപ്പെട്ട സാത്താൻ ലോകത്തിൽ പടുത്തുയർത്തിയ സാമ്രാജ്യത്വത്തിൽ നിന്ന് അവനെ കർത്താവായ യേശു തള്ളിക്കളഞ്ഞതാണ് അവന്റെ വീഴ്ചയുടെ രണ്ടാമത്തെ ഘട്ടം. ഒന്നാമത്തെ ഘട്ടത്തിൽ വചനമാകുന്ന വാൾ സാത്താൻ അറിയാതെതന്നെ അവനെ വെട്ടിതാഴെയിടുകയായിരുന്നുവെങ്കിൽ രണ്ടാമത്തെ ഘട്ടത്തിൽ അതേ വചനം ജഡമായിത്തീർന്നു ഭൂമിയിൽ വന്നു സാത്താന്റെ അധികാരത്തിൽ നിന്ന് അവനെ നീക്കിക്കളയുകയാണ് ചെയ്തത്.

യേശു കാൽവറിയിൽ ചൊരിഞ്ഞ പുണ്യാഹരക്തമാണ് മാനവ പാപത്തിന്റെ പരിഹാരമായിത്തീർന്നത്. ക്രിസ്തുയേശു മൂന്നാം നാൾ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതോടെ മരണാധികാരിയായിരുന്ന പിശാച് അവന്റെ മുമ്പിൽ സമ്പൂർണ്ണ തോൽവി സമ്മതിച്ചു. യേശു പാതാളത്തിന്റെയും മരണത്തി

ന്റെയും താക്കോൽ അവന്റെ കയ്യിൽനിന്ന് പിടിച്ചെടുക്കുകയും സുവിശേഷം എന്ന താക്കോൽ മുഖാന്തരം സമുദ്രം മുതൽ പറുദീസ വരെയുള്ള നീതിമാന്മാരുടെ മരണാനന്തരനിരകളുടെ വാതിലുകൾ സകല മനുഷ്യർക്കുമായി തുറന്നുകൊടുക്കുകയും ചെയ്തു. കർത്താവ് തുറന്ന നീതിമാന്മാരുടെ മരണാനന്തര നിരകളുടെ നിറവിനായിട്ടാണ് സ്വർഗം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

സുവിശേഷം നിമിത്തം മരണം നീക്കുകയും ജീവനും അക്ഷയതയുമാകുന്ന നിത്യജീവൻ പ്രത്യക്ഷപ്പെടുകയും ചെയ്തതോടെ പാപത്തിന്റെയും മരണത്തിന്റെയും അധികാരിയായ സാത്താൻ ലോകാധിപത്യത്തിൽ നിന്നു തള്ളപ്പെട്ടു. സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നുവെങ്കിലും അതിനെ പരാജയപ്പെടുത്തി ദൈവരാജ്യം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മേൽക്കുമേൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ സംഭവിച്ചത് ലോകാധിപത്യത്തിൽ നിന്നു സാത്താനെ തള്ളിക്കളഞ്ഞു എന്നതാകുന്നു. അതാണ് അവന് സംഭവിച്ച വീഴ്ചയുടെ രണ്ടാമത്തെ ഘട്ടം.

## മധ്യാകാശത്തുനിന്നുമുള്ള വീഴ്ച

ദൈവത്തെ അക്ഷയമായി സ്നേഹിക്കുന്നവർക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ സ്വർഗാധിസ്വർഗത്തിലേക്ക് കരേറിപ്പോയവൻ അവൻ ഇരിക്കുന്നിടത്തു അവരെയും ഇരുത്തേണ്ടതിന് പിന്നെയും വന്നു അവന്റെ അടുക്കൽ ചേർത്തുകൊള്ളുമെന്ന വാഗ്ദത്ത നിവർത്തീകരണത്തിന്റെ കാലത്താണ് നാം ജീവിക്കുന്നത്. ലോകം, ജഡം, സാത്താൻ എന്നിവകളെ ജയിക്കുന്ന ജയാളികൾക്കാണ് അവനോടുകൂടെ ഇരിപ്പാനുള്ള വരം ലഭിക്കുന്നത്. പുതിയനിയമ സഭയുടെ ആരംഭം മുതൽ ആഗോള സഭയിൽനിന്നു ജയാളികളുടെ പദവിയിൽ എത്തിച്ചേരുവാൻ യോഗ്യത പ്രാപിക്കുന്ന വിശുദ്ധന്മാർ ഇവിടെനിന്നും മാറ്റപ്പെടുമ്പോൾ അവരുടെ ആത്മാക്കൾ വിശ്രമിക്കുന്നത് സ്വർഗീയ പറുദീസയിലെ മൂന്നാമത്തെ സ്വർഗത്തിലാകുന്നു. കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത വരെയാണ് അവിടേക്ക് ആത്മാക്കൾ പ്രവേശിപ്പിക്കപ്പെടുന്നത്.

ലോകാവസാനത്തിൽ പാപങ്ങൾക്ക് പരിഹാരം വരുത്തിയ ശേഷം യേശുക്രിസ്തു എന്ന മഹാപുരോഹിതൻ ഇപ്പോൾ ഇരിക്കുന്നത് സ്വർഗാധിസ്വർഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്താണ്. ഭൂമിയിൽ പരിശുദ്ധാത്മാവാം ദൈവം ചെയ്യുന്ന പരമോന്നത പ്രവൃത്തി കുഞ്ഞാടിന്റെ മണവാട്ടിയാകുന്ന ആദ്യജാതന്മാരുടെ സഭയെ ഒരുക്കിയെടുക്കുക എന്നതാകുന്നു. മണവാട്ടിസഭയാകുന്ന ജയാളികളുടെ എണ്ണം തികെയപ്പെടുന്ന സന്ദർഭത്തിലാണ് കർത്താവിന്റെ മധ്യാകാശവരവ് സംഭവി ക്കുന്നത്. അത് എന്നാകുന്നു എന്നതിന്റെ നിശ്ചയം പിതാവാം ദൈവത്തിന്റെ മുൻനിർണ്ണയത്തിലാണിരിക്കുന്നത്. മുൻ നിർണ്ണയ പ്രകാരമുള്ള ആദ്യജാതന്മാരുടെ എണ്ണം തികയപ്പെടുന്ന സന്ദർഭത്തിലാണ് പിതാവാം ദൈവം ഭൂമിയിൽ നിന്ന് ഒരുക്ക പ്പെടുന്ന മണവാട്ടി സഭയെ ചേർക്കുവാനുള്ള സമയം ആഗ തമായി എന്ന് സ്വർഗത്തിൽ വിളംബരം ചെയ്യുന്നത്.

ഭാവികാല സംഭവമായ കർത്താവിന്റെ മധ്യാകാശ പ്രത്യക്ഷതയുടെ വിവരണം രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാട്പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിലാകുന്നു. മീതെയുള്ള യെരുശലേം എന്ന നമ്മുടെ അമ്മ പ്രതിനിധീ കരിക്കുന്ന സ്വർഗീയ പറുദീസയിൽനിന്ന് സകലജാതികളെയും ഇരിമ്പുകോൽ കൊണ്ട് മേയിപ്പാനുള്ള ഒരു ആൺകുട്ടിയെ പ്രസവിക്കുന്നത് ആദ്യജാതന്മാരുടെ സഭയുടെ പുനരുത്ഥാന ത്തെയും രൂപാന്തരത്തെയുമാണ് ആലങ്കാരിക ഭാഷയിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

സ്വർഗീയ പറുദീസയിൽ വിശ്രമിക്കുന്ന ആദ്യജാതന്മാരുടെ സഭയിൽപ്പെട്ടവർ കർത്താവിന്റെ കാഹളശബ്ദത്തിങ്കൽ പുനരുത്ഥാനം പ്രാപിക്കുമ്പോൾ ഭൂമിയിൽ അന്ന് അതേ നിലവാരത്തിൽ ജീവനോടിരിക്കുന്നവർ രൂപാന്തരം പ്രാപിക്കു കയും അവർ ഒരുമിച്ച് കർത്താവിനെ എതിരേല്പ്പാൻ മേഘ ങ്ങളിൽ പരിശുദ്ധാത്മാവിനാൽ എടുക്കപ്പെടുകയുമാണ് ചെയ്യുന്നത്. തദവസരത്തിൽ മധ്യാകാശത്തിൽ വെച്ച് നടക്കുന്നത് മീഖായേലും അവന്റെ സൈന്യവും, സാത്താനോടും അവന്റെ ദൂതന്മാരോടും നടത്തുന്ന യുദ്ധമാണ്. ദൈവപുത്രന്റെ പുന രുത്ഥാനത്തെ തടയുവാൻ ശ്രമിച്ച് പരാജയപ്പെട്ട പൈശാചിക ശക്തി ആദ്യജാതന്മാരുടെ സ്വർഗീയ പ്രവേശനത്തെ തടയുവാൻ

വേണ്ടിയാണ് മധ്യാകാശമാകുന്ന പറുദീസയിൽ നിലയുറപ്പിച്ചിരിക്കുന്നത്. കണ്ണിമയ്ക്കുന്നതിനിടയിൽ നടക്കുന്ന കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയിൽ സാത്താനെയും അവന്റെ കൂട്ടരെയും പരാജയപ്പെടുത്തി ഭൂമിയിലേക്ക് തള്ളിക്കളയുന്നത് ദൈവത്തിന്റെ പ്രധാന ദൂതനായ മീഖായേലും അവന്റെ ദൂതന്മാരുമാണ്.

തിരുവചനത്തിൽ സങ്കീർത്തനത്തിലും പുതിയനിയമത്തിലും ഏഴുപ്രാവശ്യം ആവർത്തിച്ച് പരിശുദ്ധാത്മാവ് കുറിച്ചുവച്ചിരിക്കുന്ന പ്രവചനം നിവർത്തീകരിക്കപ്പെടുന്നത് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയിൽ മണവാട്ടിസഭ സ്വർഗാധി സ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന സന്ദർഭത്തിലാകുന്നു. അതേക്കുറിച്ചുള്ള ആദ്യ പ്രവചനം യിസ്രായേലിന്റെ മധുരഗായകനായ ദാവീദ് നൂറ്റിപ്പത്താം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതാണ്.

> യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്ക (സങ്കീ. 110:1).

പുതിയനിയമത്തിൽ മത്താ. 22:44, മർക്കൊ. 12:36, ലൂക്കൊ. 20:42, അപ്പൊ. 2:35, എബ്രാ. 1:13, 10:13 എന്നീ വാക്യങ്ങളിൽ ഇതേകാര്യം ആവർത്തിച്ചിരിക്കുന്നത് അതിന്റെ പ്രാധാന്യതയെയാണ് വിളിച്ചറിയിക്കുന്നത്. ഇനിമേലാൽ സംഭവിപ്പാനുള്ള കാര്യങ്ങളിൽ ഇദം പ്രദമമായി സംഭവിക്കുന്നത് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയാണ്. അന്നു സംഭവിക്കുന്നത് സുപ്രധാനമായ മൂന്നു കാര്യങ്ങളാണ്.

**1. മണവാട്ടിസഭയുടെ ഉൾപ്രാപണം:** പരിശുദ്ധാത്മാവാം ദൈവം ഭൂമിയിൽ ഇറങ്ങിവന്ന് കഴിഞ്ഞ രണ്ടായിരത്തില്പരം വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കുഞ്ഞാടിന്റെ മണവാട്ടിസഭയെ ഒരുക്കിയെടുക്കുക എന്ന ദൗത്യ നിർവ്വഹണമാണ്അന്ന് . കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത യിലാണ് പരിശുദ്ധാത്മാവിന്റെ ഭൂമിയിലെ പ്രവർത്തനം പൂർത്തീകരിച്ച് കുഞ്ഞാടിന്റെ കാന്തയെയും കൊണ്ട് മധ്യാകാശത്തിലേക്ക് ഇറങ്ങിവരുന്ന മണവാളനെ സ്വീകരിപ്പാൻ ഉയരത്തിലേക്ക് കരേറുന്നത്. തദവസരത്തിൽ സ്വർഗാധി സ്വർഗത്തിൽ നിന്ന് മധ്യാകാശത്തിലേക്ക് ഇറങ്ങിവരുന്ന മണവാളനാകുന്ന ക്രിസ്തു അവരെ സ്വീകരിച്ചുകൊണ്ട് പിതാവാം ദൈവത്തിന്റെ സന്നിധി

യിലേക്ക് കരേറിപ്പോകുകയും ചെയ്യുന്നു. ആ ധന്യ നിമിഷ ത്തിലാണ് ലോകസ്ഥാപനത്തിനു മുമ്പേ മാനവരാശിയോടുള്ള ബന്ധത്തിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ തിരുഹിതം പൂർത്തീകരിക്കപ്പെട്ടു തുടങ്ങുന്നത്. സർവ്വസൃഷ്ടികളുടെയും ആദ്യഫലമാകുന്ന കുഞ്ഞാടിന്റെ മണവാട്ടിസഭ താണ ലോകത്തിൽനിന്ന് ഉയർത്തപ്പെട്ട് സ്വർഗാധിസ്വർഗത്തിൽ കുഞ്ഞാടിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന സന്ദർഭം എത്ര ആനന്ദകരവും മനോഹരവുമാണ്. അത് സംഭവിക്കുവാൻ സമയമായി എന്ന സന്ദേശമാണ് പരിശുദ്ധാത്മാവ് ഈ അവസരത്തിൽ നമ്മെ ഓർമ്മിപ്പിച്ച് ഉണർത്തുന്നത്.

**2. മധ്യാകാശത്തു വെച്ച് നടക്കുന്ന യുദ്ധം:** ക്രിസ്തുയേശുവി നോടുകൂടെ മധ്യാകാശത്തിൽ ഇറങ്ങിവരുന്ന മീഖായേലും അവന്റെ ദൂതന്മാരും കുഞ്ഞാടിന്റെ മണവാട്ടിയുടെ സ്വർഗാ രോഹണത്തെ തടയുവാൻ നിലയുറപ്പിച്ചിരിക്കുന്ന സാത്താ നോടും അവന്റെ ദൂതന്മാരോടും പടവെട്ടി അവരെ ജയിച്ച് ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് തള്ളിക്കള യുന്നു. അന്നാണ് സാത്താന്റെ വീഴ്ചയുടെ മൂന്നാമത്തെ ഘട്ടം പൂർത്തീകരിക്കപ്പെടുന്നത്. പാഴും ശൂന്യവുമായിത്തീർന്ന ഒന്നാമത്തെ ഭൂമിയുടെ പുനർസൃഷ്ടിയുടെ ഒന്നാമത്തെ ദിവസം ആഴത്തിൽനിന്ന് സ്വതന്ത്രമാക്കപ്പെടുന്ന സാത്താൻ ദൈവ ത്തിന്റെ പാദപീഠത്തിലേക്ക് തള്ളപ്പെടുന്നത് മാനവരാശി യിൽനിന്നു തികവു പ്രാപിക്കുന്ന നിർമ്മലകന്യകയെന്ന മണവാട്ടിസഭ സ്വർഗാരോഹണം ചെയ്യുന്ന സന്ദർഭത്തിലാണ്. അതിനുശേഷം ഒരുനാളും സാത്താനും അവന്റെ ദൂതന്മാർക്കും അവിടേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. അവർ പരാജിതരാ യാണ് മധ്യാകാശത്തുനിന്ന് തള്ളപ്പെടുന്നത്. ഭാവികാല യുദ്ധങ്ങളിലെ പ്രാരംഭയുദ്ധമാണ് മധ്യാകാശത്തിൽ വെച്ച് അന്ന് നിറവേറപ്പെടുന്നത്.

**3. സാത്താനിക മഹോപദ്രവം:** ഭൂമിയിലേക്ക് തള്ളപ്പെടുന്ന സാത്താൻ മഹാക്രോധത്തോടെ ആൺകുട്ടിയ പ്രസവിച്ച സ്ത്രീയുടെ സന്തതിയിൽ ശേഷിപ്പിലുള്ളവരോട് നടത്തുന്ന യുദ്ധമാണ് സാത്താനീക മഹോപദ്രവം. കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയ്ക്കു ശേഷമാണ് മൂന്നര വർഷത്തെ സാത്താനീക മഹോപദ്രവം ഭൂമിയിൽ നടക്കുന്നത്.

ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിലേക്ക് ദൈവത്തിന്റെ ശത്രുവാകുന്ന സാത്താൻ തള്ളപ്പെട്ടതിനു ശേഷം നടക്കുന്നത് മൂന്നര വർഷത്തെ സാത്താനീക മഹോപദ്രവമാണ്. ആ കാലയളവിലാണ് എതിർക്രിസ്തുവിന്റെ ഭരണത്തിനുള്ള കളം ഭൂമിയിൽ ഒരുക്കപ്പെടുന്നത്. സാത്താൻ അഴിച്ചു വിടുന്ന മഹോപദ്രവത്തിൽ അവനെതിരെ യുദ്ധം ചെയ്യുന്നത് ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ സന്തതിയിലെ ശേഷിപ്പിലുള്ളവരാണ്. അന്ന് അവരെ പ്രതിനിധീകരിക്കുന്ന വരാണ് മഹോപദ്രവത്തിലെ രണ്ടു സാക്ഷികൾ. ഒന്നാമത്തെ സാക്ഷി പഴയനിയമത്തിന്റെ വക്താക്കളായിരിക്കുമ്പോൾ രണ്ടാമത്തെ സാക്ഷി പുതിയനിയമമാകുന്ന സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നവരാണ്. പുതിയ യെരുശലേമിനോട് ചേരുവാനുള്ള അവരെ പ്രതിനിധീകരിക്കുന്നത് രണ്ട് ഒലിവു മരവും രണ്ട് നിലവിളക്കും ആകുന്നു.

എതിർക്രിസ്തുവിന്റെ ഭരണത്തിന്റെ ആരംഭത്തിൽ അവൻ ആദ്യം ചെയ്യുന്നത് മഹോപദ്രവത്തിൽ സാക്ഷ്യം തികെച്ചു നില്ക്കുന്ന രണ്ടു സാക്ഷികളെ കൊന്നുകളയുക എന്നതാണ്. മീതെയുള്ള യെരുശലേമിൽ ശേഷിച്ചിരിക്കുന്നവരിൽ ഒന്നാമത്തെ സ്വർഗത്തിലുള്ളവരെ **ഒന്നാമത്തെ ഒലിവുമരം** പ്രതിനിധീകരിക്കുമ്പോൾ **ഒന്നാമത്തെ നിലവിളക്ക്** പറുദീസ യിലെ രണ്ടാമത്തെ സ്വർഗത്തിലുള്ളവരെയാണ് പ്രതിനിധീകരി ക്കുന്നത്. യെരുശലേമിന്റെ വീഥിയിൽ എതിർക്രിസ്തുവിനാൽ കൊല്ലപ്പെട്ടു കിടക്കുന്ന രണ്ട് സാക്ഷികൾ മൂന്നര ദിവസം കഴിഞ്ഞ് അവരിൽ ജീവശ്വാസം വന്ന് എഴുന്നേറ്റ് നില്ക്കുന്നത് അവരുടെ പുനരുത്ഥാനത്തെക്കുറിക്കുമ്പോൾ, ഇവിടെ കയറി വരിക എന്ന മഹാശബ്ദത്തിൽ അവർ സ്വർഗത്തിലേക്ക് കരേറിപ്പോകുന്നത് അവരുടെ സ്വർഗാരോഹണത്തെയാണ് സൂചിപ്പിക്കുന്നത്. അതോടെ മരണാനന്തര നിരകളാകുന്ന പറുദീസയിലെ ഒന്നാം സ്വർഗത്തിലെയും രണ്ടാം സ്വർഗത്തി ലെയും വിശുദ്ധന്മാരുടെ പുനരുത്ഥാനവും സ്വർഗാരോഹണവു മാണ് നിവർത്തീകരിക്കപ്പെടുന്നത്. രണ്ടു സാക്ഷികളുടെ പുനരുത്ഥാനത്തോടെ മീതെയുള്ള യെരുശലേമാകുന്ന നമ്മുടെ അമ്മ പ്രതിനിധീകരിക്കുന്ന സ്ത്രീ അപ്രത്യക്ഷമാകുകയും ചെയ്യുന്നു. അതിന്റെ തിരുവചന വ്യാഖ്യാന അർത്ഥം പറുദീസ

യിൽ മരണാനന്തരം ഇപ്പോൾ വിശ്രമിക്കുന്ന മൂന്ന് മരണാനന്തര നിരകളിലുള്ള സകല വിശുദ്ധന്മാരുടയും പുനരുത്ഥാനവും സ്വർഗാരോഹണവും പൂർത്തീകരിക്കപ്പെടുന്നു എന്നതാകുന്നു.

മൂന്നരവർഷത്തെ എതിർക്രിസ്തുവിന്റെ ഭരണത്തിൽ അവൻ വിശുദ്ധന്മാർക്കെതിരെയുള്ള പോരാട്ടം തുടരുന്നു. അന്ന് അവനോട് എതിർത്തുനിന്ന് രക്തസാക്ഷിത്വം വരിക്കുന്നവരുടെ ആത്മാക്കൾ പ്രവേശിപ്പിക്കപ്പെടുന്നത് യേശുക്രിസ്തു പരമ യാഗമായിത്തീർന്ന പ്രാകാരമാകുന്ന ഭൂമിയെന്ന യാഗപീഠ ത്തിന്റെ കീഴിലാകുന്നു. യിസ്രായേലിലെ സകല ഗോത്രങ്ങളിൽ നിന്ന് രക്തസാക്ഷിത്വം വരിക്കുന്ന നൂറ്റിനാല്പത്തിനാലായി രത്തെ **രണ്ടാമത്തെ ഒലിവുമരം** പ്രതിനിധീകരിക്കുമ്പോൾ ആ കാലയളവിൽ പുതിയനിയമസഭയുടെ ശേഷിപ്പിൽനിന്നുള്ള രക്ത സാക്ഷികളെ പ്രതിനിധീകരിക്കുന്നത് **രണ്ടാമത്തെ നിലവിള ക്കാകുന്നു**.

രക്തസാക്ഷികളിൽ യിസ്രായേൽ ഗോത്രങ്ങളിൽനിന്നുള്ള സഹഭൃത്യന്മാരായ നൂറ്റിനാല്പത്തിനാലായിരവും സഹോദര പദവിയിലുള്ള പുതിയനിയമ സഭയുടെ എണ്ണിക്കൂടാത്ത രക്ത സാക്ഷികളുടെ എണ്ണവും പൂർത്തീകരിക്കപ്പെടുന്നത് എതിർ ക്രിസ്തുവിന്റെ മൂന്നരവർഷത്തെ ഭരണത്തിലാണ്. കർത്താ വിന്റെ സേനാദിവസത്തിന്റെ പ്രാരംഭത്തിലാണ് അവരുടെ പുനരുത്ഥാനം നിറവേറപ്പെടുന്നത്. എതിർക്രിസ്തുവിന്റെ ഭരണകാലത്ത് രക്തസാക്ഷിത്വം വരിക്കുന്നവരുടെ പുനരുത്ഥാന മാണ് **ഒന്നാമത്തെ പുനരുത്ഥാനം**. കർത്താവിനോട് കൂടെ സ്വർഗാധിസ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് വരുവാനുള്ള സകല വിശുദ്ധന്മാരും പുനരുത്ഥാനം പ്രാപിച്ച് അവിടെ എത്തിച്ചേർ ന്നതിനു ശേഷമാണ് കുഞ്ഞാട് രാജത്വം ഏറ്റെടുക്കുന്നത്. അതെ ത്തുടർന്നാണ് സ്വർഗീയ പിതാവിന്റെ സന്നിധിയിൽവെച്ച് കു ഞ്ഞാടിന്റെ വിവാഹം നിറവേറപ്പെടുന്നത്. കുഞ്ഞാടാം ദൈവവും സഭയാം ശരീരവും ഒന്നായിത്തീരുന്നതോടെയാണ് ദൈവവചന ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും വലിയ മർമ്മം സമ്പൂർണ്ണമാക്കപ്പെടുന്നത്.

യെരുശലേമിനെതിരെ യുദ്ധത്തിനായി പൈശാചിക ത്രിമൂർത്തികൾ വശീകരിച്ച് കൂട്ടിവരുത്തുന്ന സകല രാജ്യങ്ങളും ഹർമ്മെഗെദ്ദോനിൽ ഒത്തുചേരുന്നു. യിസ്രായേലിന്റെ

അതികഠിനമായ കഷ്ടതയുടെ നാളുകളിൽ ദൈവം തന്റെ വൃതന്മാരെ പ്രതി ദിവസങ്ങളെ ചുരുക്കുന്നു. അന്ന് മനുഷ്യ പുത്രൻ ആകാശമേഘങ്ങളിൽ പരസ്യമായി പ്രത്യക്ഷപ്പെടുന്ന താണ് കർത്താവിന്റെ രണ്ടാമത്തെ വരവ്. അന്നു ഭൂമിയിൽവെച്ച് നടക്കുന്ന ഹർമ്മെഗെദ്ദോൻ യുദ്ധത്തിലാണ് സാത്താൻ ദൈവത്തിന്റെ കാൽക്കീഴിലാകുന്നത്. അതാണ് സാത്താന്റെ വീഴ്ചയുടെ നാലമത്തെ ഘട്ടം.

**അഗാധത്തിലേക്കുള്ള വീഴ്ച.**

ഹർമ്മെഗെദ്ദോൻ യുദ്ധത്തിൽ പൈശാചികത്രിമൂർത്തികളും അവരുടെ സൈന്യവും പോരാടുന്നത് കർത്താധികർത്താവും രാജാധിരാജാവുമായ ക്രിസ്തുയേശുവിനോടും അവന്റെ സൈന്യത്തോടുമാണ്. കർത്താവിന്റെ തേജസ്സിന്റെ പ്രഭയിൽ പൈശാചികത്രിമൂർത്തികൾ നിഷ്ക്രിയരായിത്തീരുന്നു. പൈശാചിക ത്രിമൂർത്തികളിൽ രണ്ടാമനായ എതിർക്രിസ്തുവി നെയും മൂന്നാമനായ കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ജീവ നോടെ അഗ്നിനരകത്തിലേക്ക് തള്ളിക്കളയുമ്പോൾ അവരിൽ ഒന്നാമനായ പിശാചും സാത്താനും എന്ന മഹാസർപ്പത്തെ അഗാധത്തിൽ ആയിരം വർഷത്തേക്ക് ചങ്ങലയ്ക്കിടുകയും ചെയ്യുന്നു. ദൈവത്തിന്റെ പാദപീഠമാകുന്ന ഭൂമിയിൽനിന്ന് കർത്താവിന്റെ കാൽകീഴാകുന്ന അഗാധത്തിൽ വൈരിയായ സാത്താൻ തടവറയിലാക്കപ്പെടുന്നതാണ് സാത്താന്റെ വീഴ്ചയുടെ നാലാമത്തെ ഘട്ടം.

ആയിരം വർഷത്തെ ക്രിസ്തയേശുവിന്റെ ഭൂമിയിലെ ഭരണത്തിനു ശേഷം അവനെ അല്പകാലത്തേക്ക് അഴിച്ചു വിടുന്നു. അഗാധത്തിൽനിന്നും സ്വതന്ത്രനായിത്തീരുന്ന സാത്താൻ ഗോഗ്-മാഗോഗ് സന്തതികളെ വശീകരിച്ച് യുദ്ധത്തി നായി അണിനിരത്തുന്നതിനെക്കുറിച്ചാണ് നാം ഈ അദ്ധ്യായ ത്തിൽ ചിന്തിച്ചത്. അന്തിമയുദ്ധമാകുന്ന ഗോഗ്-മാഗോഗ് യുദ്ധ ത്തിലാണ് സാത്താൻ നിത്യനരകത്തിലേക്ക് എന്നെന്നേയ്ക്കു മായി തള്ളപ്പെടുന്നത്. അതാണ് സാത്താന്റെ വീഴ്ചയുടെ അഞ്ചാമത്തേതും അവസാനത്തേതുമായത്.

**നിത്യനരകാഗ്നിയിലേക്കുള്ള വീഴ്ച.**

തന്നെത്താൻ ഉയർത്തിയ സാത്താൻ ദൈവത്തിന്റെ തോട്ടമായ

ഏദെൻ എന്ന പറുദീസയിൽ നിന്ന് വീഴ്ത്തപ്പെട്ടതു മുതൽ അവന്റെ ഘട്ടംഘട്ടമായുള്ള പതനത്തെക്കുറിച്ചാണ് നാം ചിന്തിച്ചത്. ഒടുക്കത്തെനാളിൽ നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിലാണ് സാത്താൻ എന്ന ഒടുക്കത്തെ ശത്രുവാകുന്ന മരണത്തെ അഗ്നിപ്പൊയ്കയാകുന്ന രണ്ടാമത്തെ മരണത്തിലേക്ക് ദൈവം തള്ളിക്കളയുന്നത്. അതാണ് അവന്റെ വീഴ്ചയുടെ അഞ്ചാമത്തെ ഘട്ടമാകുന്ന നാശത്തിന്റെ അവസാ നം. അതെക്കുറിച്ച് വെളിപ്പാട്പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത് ഇപ്രകാരമാണ്.

> അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടി വരും(വെളി. 20:10)

അഗാധത്തിൽനിന്ന് സ്വതന്ത്രമാക്കപ്പെടുന്ന വഞ്ചനയുടെ ശക്തിയായ സാത്താൻ അവന്റെ പ്രവൃത്തി അല്പകാലത്തേക്ക് തുടരുകയും ഒടുവിൽ അവനും ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നു. വീഴ്ചകളും പരാജയങ്ങളും ഒന്നൊന്നായി ഏറ്റുവാങ്ങേണ്ടിവരുന്ന സാത്താൻ ഒരിക്കലും തന്റെ വീഴ്ചകളിൽ മാനസാന്തരപ്പെടുന്നില്ല. അതിന്റെ കാരണം അവൻ സ്വയം പാപം ചെയ്ത് നിത്യമരണത്തിനടിമപ്പെട്ടതു കൊണ്ടാണ്. അവനോട് കൂടെ ചേരുന്നവരും അതേ മനോഭാവം ഉള്ളവരായിരിക്കും. സാത്താൻ അഗ്നിനരകത്തിൽ എന്ന ഈ അദ്ധ്യായത്തിന്റെ പഠനപൂർത്തീകരണവേളയിൽ ഒരു നിമിഷം നാം ചിന്തിക്കുക. നമ്മളിൽ ഏതെങ്കിലും വിധത്തിലുള്ള അഹ ങ്കാരം ഉയരുന്നുണ്ടോ? മാനസാന്തരത്തിന് അവസരം ലഭിച്ചിട്ടും അത് അവഗണിച്ചുകളയുന്ന പൈശാചിക സ്വഭാവത്തിന്റെ പിടിയിലാണോ? എങ്കിൽ നിശ്ചയമായും അതിൽനിന്നും മോച നം പ്രാപിക്കേണ്ട സമയം ഇതാകുന്നു. അതാണ് പരിശുദ്ധാത്മാവ് നമ്മെ ഓർമ്മിപ്പിച്ചുണർത്തുന്നത്. ഇപ്പോഴാകുന്നു സുപ്രസാദ കാലം; ഇപ്പോഴാകുന്നു രക്ഷാദിവസം.

സ്വർഗീയ പറുദീസയിൽ ദൈവീക ശുശ്രൂഷയിൽ വ്യാപൃത നായിരുന്ന സാത്താൻ അഹങ്കരിച്ചതിനാൽ അവിടെ നിന്ന് തള്ളപ്പെട്ടതു മുതൽ ഒടുക്കത്തെ നാളിൽ നിത്യനാശത്തിന് ഇരയായി രണ്ടാം മരണമാകുന്ന അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്നതുവരെയുള്ള കാര്യങ്ങളെക്കുറിച്ചാണ് സവിസ്തരം

നാം ഈ അദ്ധ്യായത്തിൽ ചിന്തിച്ചത്. മറെക്കുന്ന കെരൂബായിരുന്നവൻ പാപം നിമിത്തം ഇരുളും മരണവും ആയിത്തീർന്നു. സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് ഒടുക്കത്തെ നാളിൽ അവനെ തള്ളിക്കളയുന്നതോടെ പൈശാചിക ത്രിമൂർത്തികളിൽ ഒന്നാമനായ ദുഷ്ടതയുടെ വേരാകുന്ന സാത്താന്റെ അന്ത്യന്യായവിധിയാണ് പൂർത്തീകരിക്കപ്പെടുന്നത്. പൈശാചിക സാമ്രാജ്യത്വത്തിന്റെ **രാഷ്ട്രത്തലവനായ** സാത്താനും പൈശാചിക സാമ്രാജ്യത്വത്തിന്റെ **ഭരണത്തലവനായ** എതിർക്രിസ്തുവാകുന്ന മൃഗവും അവന്റെ **ഉപദേഷ്ടാവായിരിക്കുന്ന** കള്ളപ്രവാചകനും അഗ്നിപ്പൊയ്കയിൽ നിത്യദണ്ഡനത്തിന്റെ ഇരകളായിത്തീരുന്നു. ഇവരെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് അതാത് സമയത്ത് നിവർത്തിയാകുകതന്നെ ചെയ്യും. അതിൽ നിന്ന് അവർക്കു മോചനമില്ല.

തിന്മയുടെ വേരാകുന്ന ദുഷ്ടനായ സാത്താനെ അവന്റെ അനുചരന്മാരായ എതിർക്രിസ്തുവും കള്ളപ്രവാചകനും കിടക്കുന്ന അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളഞ്ഞതിനുശേഷം അവന്റെ കൊമ്പുകളാകുന്ന സകല ദുഷ്ടന്മാരെയും വെള്ള സിംഹാസനത്തിനു മുമ്പാകെ ന്യായംവിധിച്ച് അവിടേക്ക് തള്ളിക്കളയുന്നതോടെയാണ് ചൂളപ്പോലെ കത്തുന്ന ദിവസത്തിൽ വേരും കൊമ്പും ശേഷിപ്പിക്കാത ദഹിപ്പിച്ചുകളയും എന്ന മലാഖിയുടെ പ്രവചനം മരിച്ചവരുടെ അന്ത്യന്യായവിധിയോടുള്ള ബന്ധത്തിൽ പൂർത്തീകരിക്കപ്പെടുന്നത്.

അന്ത്യന്യായവിധിയെക്കുറിച്ചുള്ള ക്രമീകൃതമായ പഠനത്തിൽ വീണ്ടും ഓർമ്മിപ്പിക്കുവാനുള്ളത് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അഗ്നിനരകം യാഥാർത്ഥ്യമാകുന്നു എന്നതാണ്. ആരും നമ്മളെ തെറ്റിച്ചുകളയരുത്. പാപത്തിന്റെ വഞ്ചനയിൽ കുടുങ്ങി നിത്യനരകാഗ്നിയിൽ വീഴാതിരിക്കുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ, അത് മാനവരക്ഷയ്ക്കുവേണ്ടി ജീവൻ തന്ന ക്രിസ്തുയേശുവിൽ വിശ്വസിക്കുക എന്നതാകുന്നു. അവനിൽ വിശ്വസിക്കുന്നവൻ ഒരുനാളും ലജ്ജിച്ചുപോകുകയില്ല. അവനിൽ വിശ്വസിക്കാത്ത ഏവനും ലജ്ജിച്ചു പോകുമെന്നതിനാണ് തിരുവചനം സാക്ഷ്യം പറയുന്നത്. നിത്യനിന്ദയ്ക്കും നിത്യലജ്ജയ്ക്കുമായി പുനരുത്ഥാനം പ്രാപിക്കുന്ന കൂട്ടരുടെ

പുനരുത്ഥാനത്തോടൊപ്പം നിത്യജീവനായി പ്രാപിക്കുന്നവരും ഉയിർത്തഴുന്നേല്ക്കും എന്ന് ദാനിയേൽ പ്രവാചകൻ പ്രവചിച്ചിരിക്കുന്നത് ഒടുക്കത്തെനാളിൽ നടക്കുന്ന പുനരുത്ഥാനത്തെക്കുറിച്ചാണ് (ദാനി. 12:2). അന്നു നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനത്തിൽ പാതാളം എന്ന യാതനാസ്ഥലം വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്ന പാപികളുടെ അന്ത്യന്യായവിധിയെക്കുറിച്ചണ് അടുത്ത അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്. അതിനായി പ്രാർത്ഥനയോടെ താളുകളെ മറിക്കാം, കർത്താവ് അനുഗ്രഹിക്കട്ടെ.

### അദ്ധ്യായം 5

# പാതാളത്തിലുള്ളവരുടെ അന്ത്യന്യായവിധി

> അവൻ മനുഷ്യപുത്രൻ ആകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരവും നല്കിയിരിക്കുന്നു ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും, പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു (യോഹ. 5:27 – 29)

ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന നാലാമത്തെ സംഭവം ഒടുക്കത്തെനാളിൽ നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനവും അവരിൽ തിന്മ ചെയ്തവരുടെ അന്ത്യന്യായവിധിയുമാണ്. അന്നു നടക്കുന്ന പുനരുത്ഥാനത്തിൽ മാത്രമാണ് നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം സംഭവിക്കുന്നത്. ഇതിന് മുമ്പ് നടക്കുന്ന മുന്ന് പുനരുത്ഥാനങ്ങളും പുതിയ യെരുശലേമിൽ ഉൾപ്പെടുവാനുള്ള സകല വിശുദ്ധന്മാരുടെയും പുനരുത്ഥാനങ്ങളാകുന്നു.

ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തെക്കുറിച്ച് വളരെ വ്യക്തമായി അരുളിച്ചെയ്തിട്ടുള്ളത് കർത്താവായ യേശുക്രിസ്തുവാണ്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ഇതു സംബന്ധമായി യേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്ന വേദഭാഗങ്ങളാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

> അവൻ എനിക്ക് തന്നതിൽ ഒന്നും ഞാൻ തളയാതെ, എല്ലാം ഒടുക്കത്തെനാളിൽ ഉയിർത്തെഴുന്നല്പിക്കണം എന്നാകുന്നു എന്നെ അയച്ചവന്റെ ഇഷ്ടം (യോഹ. 6:39)

> പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നുഎന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും (യോഹ. 6;40)

> എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും (യോഹ. 6;44).

> എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും (യോഹ. 6:54).

ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തോടുള്ള ബന്ധത്തിൽ കർത്താവ് അരുളിച്ചെയ്തിരിക്കുന്നതിൽനിന്നും വ്യക്തമാക്കപ്പെടുന്ന പ്രധാന വസ്തുതകൾ താഴെപ്പറയുന്നവയാണ്.

- കല്ലറകളിൽ ഉള്ളവരിൽ എല്ലാവരുമാണ് അന്ന് പുനരുത്ഥാനം പ്രാപിക്കുന്നത്.
- അന്ന് പുനരുത്ഥാനം പ്രാപിക്കുന്നവരിൽ നന്മ ചെയ്തവർ ജീവനായിട്ടാണ് ഉയിർത്തെഴുന്നേല്ക്കുന്നതെങ്കിൽ തിന്മ ചെയ്തവർ ന്യായവിധിക്കായിട്ടാണ് ഉയിർത്തെഴുന്നേല്ക്കുന്നത്.
- നിത്യജീവന് യോഗ്യതപ്രാപിച്ച് മരിച്ചുപോകുന്ന സകല നീതിമാന്മാരും പുനരുത്ഥാനം പ്രാപിക്കുന്നത് ഒടുക്കത്തെ നാളിലാകുന്നു.
- ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ പാപത്തിൽ മരിച്ചുപോകുന്ന പാപികൾ, കഠിനപാപികൾ എന്നിവരും പുനരുത്ഥാനം പ്രാപിക്കുന്നത് ഒടുക്കത്തെ നാളിലാകുന്നു.

പഴയനിയമ പ്രവചനങ്ങളിൽ ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന ചില വേദഭാഗങ്ങൾ കൂടി ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനം ദുഷ്ടന്മാരുടെ മാത്രം പുനരുത്ഥാനമല്ല എന്ന് വ്യക്തമാക്കുന്നതിനു വേണ്ടിയാണ്.

> നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും (ദാനി. 12:2)

യിസ്രായേൽ പ്രവാചകനായ ദാനിയേൽ പ്രവചിച്ചിരിക്കുന്നത് ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തെക്കുറിച്ചാകുന്നു. ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായി ഉണരും എന്നതിൽ നിന്ന് വ്യക്തമാക്കപ്പെടുന്നത്

നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനത്തെക്കുറിച്ചാണ്. ഒടുക്കത്തെനാളിൽ നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനത്തിൽ കർത്താവ് ദൂതന്മാരെ അയച്ചല്ല അവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ കൂട്ടിവരുത്തുന്നത്; പിന്നെയോ കർത്താവിന്റെ ശബ്ദത്തിലാണ് അവർ പുനരുത്ഥാനം പ്രാപിച്ച് അവിടെ പ്രത്യക്ഷപ്പെടുന്നത്. അതെക്കുറിച്ചാണ് ദൈവപുരുഷനായ മോശെ 90-ാം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

> നീ മർത്ത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു; മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നു അരുളിച്ചെയ്യുന്നു (സങ്കീ. 90:3).

കൂടാരപ്പെരുന്നാൾ ആകുന്ന ആയിരമാണ്ട് വാഴ്ചയ്ക്ക് ശേഷം സാത്താനെ അല്പകാലത്തേക്ക് അഗാധമാകുന്ന തടവറയിൽ നിന്ന് അഴിച്ചുവിടുമ്പോൾ അവൻ ഗോഗ്-മാഗോഗ് വംശജരെ വശീകരിച്ച് യുദ്ധത്തിനായി കൂട്ടിവരുത്തുന്ന ദിവസങ്ങളിൽ ഒന്നിലാകുന്നു നിനെയാത്ത നാഴികയിൽ ഒടുക്കത്തെ നാൾ പ്രത്യക്ഷപ്പെടുന്നത്. അന്ന് നടക്കുന്ന ഏഴ് സംഭവങ്ങളിൽ നാലാമത്തെ സംഭവമാണ് ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനവും അന്ത്യന്യായവിധിയും.

ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ സംഭവിക്കുന്ന കാര്യങ്ങളുടെ വിശദീകരണം വളരെ വ്യക്തമായി, മറപൊരുൾ ഇല്ലാതെ രേഖപ്പെടുത്തിയിരിക്കുന്നത് വെളിപ്പാട് പുസ്തകത്തിലാകുന്നു.

> ഞാൻ വലിയൊരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിന്റെ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു;ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത

ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:11-14).

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾ വരെ ഭൂമിയിൽ ജനിക്കുന്ന സകല മനുഷ്യരും ഒരുപോലെ ആത്മികമരണ മാകുന്ന ഒന്നാമത്തെ മരണത്തിലാണ് ജനിക്കുന്നത്. എന്നാൽ എല്ലാവരുടെയും അന്ത്യം ഒരുപോലെയല്ല, ഓരോരുത്തരും വ്യത്യസ്ഥ നിലവാരങ്ങളിലാണ് ഈ ലോകത്തുനിന്നും മാറ്റപ്പെടുന്നത്. ഓരോരുത്തരും മരിക്കുന്നതിനോടുള്ള ബന്ധത്തിൽ തിരുവചനാടിസ്ഥാനത്തിലുള്ള അഞ്ച് വ്യത്യസ്ഥ നിലവാരങ്ങളിൽ ഏതെങ്കിലും ഒന്നിലായിരിക്കും ഉൾപ്പെടുന്നത്. അതിന്റെ ലഘുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

1 **ക്രിസ്തുവിൽ മരിക്കുന്നവർ** (1 തെസ്സ. 4:16): പുതിയനിയമ സഭയുടെ ആരംഭം മുതൽ കർത്താവിന്റെ മധ്യാകാശപ്രത്യക്ഷത വരെ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരിൽനിന്നാണ് ഈ നിലവാരത്തിൽ മരിക്കുവാൻ യോഗ്യത പ്രാപിക്കുന്നവർ വേർതിരിയപ്പെടുന്നത്. അതിശ്രേഷ്ഠമായ അന്ത്യമാണ് ക്രിസ്തുവിൽ മരിക്കുക എന്നത്. മരിച്ചവരുടെ പുനരുത്ഥാന ത്തിൽ ആദ്യനായ യേശുവിന്റെ കല്ലറ യെരുശലേമിൽ ഇന്നും തുറന്നുകിടക്കുന്നു. അതിനുശേഷം ഇനി നടക്കുവാനുള്ള പുനരുത്ഥാനങ്ങളിലെ ആദ്യപുനരുത്ഥാനം കർത്താവിന്റെ മധ്യാകാശ വരവിങ്കൽ ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനമാണ്. ഇന്ന് ക്രിസ്തുയേശുവിന്റെ ഒരു കല്ലറ മാത്രമാണ് ഭൂമിയുടെ മധ്യഭാഗത്ത് തുറന്നു കിടക്കുന്നതെങ്കിൽ അതിവിദൂരമല്ലാത്ത ഭാവിയിൽ കർത്താവിന്റെ കാഹളധ്വനിയിൽ കർത്താവിൽ നിദ്രപ്രാപിച്ച സകലവിശുദ്ധന്മാരുടെയും കല്ലറകളാണ് അന്ന് തുറക്കപ്പെടുന്നത്. അവർ പുനരുത്ഥാനം പ്രാപിക്കുകയും അവരുടെ കല്ലറകൾ അന്നുമുതൽ തുറക്കപ്പെട്ടു കിടക്കുകയും ചെയ്യും. ഈ വിഭാഗത്തിൽപ്പെടുന്നവർ പുതിയ യെരുശലേമിലെ കുഞ്ഞാടാകുന്ന **മന്ദിരത്തോട്** ചേരുവാനുള്ളവരാണ്.

2 **വിശ്വാസത്തിൽ മരിക്കുന്നവർ** (എബ്രാ. 11:13): പഴയനിയമശ്രേഷ്ഠന്മാരുടെ നിര്യാണത്തെക്കുറിച്ചാണ് വിശ്വാസത്തിൽ മരിച്ചവർ എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ **നഗരത്തിൽ** ഉൾപ്പെടുന്നവരാണ് വിശ്വാസത്തിൽ മരിക്കുന്നത്. അവരിൽ നഗരത്തിന്റെ ഭാഗമായിരിക്കുന്ന പുതിയനിയമ

ദൈവസഭയുടെ കന്യകന്മാരുടെ നിലവാരത്തിലുള്ളവരും വിശ്വാസത്തിൽ മരിക്കുന്നവരുടെ ഗണത്തിലാണ് ഉൾപ്പെടുന്നത്. അതുപോലെ പഴയനിയമ ശ്രേഷ്ഠന്മാർ **നഗരമതിലിന്റെ** ഭാഗമായിരിക്കുമ്പോൾ യിസ്രായേൽനിന്നുള്ള നൂറ്റിനാല്പത്തി നാലായിരം പേർ പന്ത്രണ്ട് **ഗോപുരങ്ങളുടെ** ഭാഗമാണ് ആകുന്നത്. ദൈവത്തിങ്കലുള്ള വിശ്വാസത്തിൽ മരിക്കുന്നവർ ഭാഗ്യമേറിയവരാണ്. രണ്ടു സാക്ഷികളുടെ പുനരുത്ഥാനം, ഒന്നാമത്തെ പുനരുത്ഥാനം എന്നിവയിലാണ് അവർ പുനരുത്ഥാനം പ്രാപിച്ച് സ്വർഗാരോഹണം ചെയ്യുന്നത്.

**3 അജ്ഞതയിൽ മരിക്കുന്നവർ** (യോന 4:11): വലംകയ്യും ഇടംകയ്യും തമ്മിൽ തിരിച്ചറിയാത്തവർ എന്ന് യോനയോട് ദൈവം അരുളിച്ചെയ്തത് നിനെവയിലെ കുഞ്ഞുങ്ങളെ ഉദ്ദേശിച്ചായിരുന്നു. അതുപോലെ ലോകാരംഭം മുതൽ ഒടുക്കത്തെനാൾവരെ കോടിക്കണക്കിന് ശിശുക്കളും ശിശുക്കളെപ്പോലെ ജീവിക്കുന്നവരും ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടുന്നവരിലുണ്ട്. ഇവർ നിത്യജീവനു ഓഹരിക്കാരായിരിക്കും. ദൈവത്തിൽ വിശ്വസിക്കുന്നവരിൽ ആത്മീയ ശൈശവാവസ്ഥയിലുള്ളവരും ഈ നിലവാരത്തിലാണ് ഉൾപ്പെടുന്നത്. ഇവരുടെ പേരുകൾ ജീവപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ട് രണ്ടാമത്തെ മരണത്തിലേക്ക് ഇവർ തള്ളപ്പെടുന്നില്ല. ഒടുക്കത്തെ നാളിൽ പുനരുത്ഥാനം ചെയ്യുന്നവരിലെ നന്മചെയ്യുന്ന നീതിമാന്മാരുടെ ഗണത്തിലാണ് ഇവർ ഉൾപ്പെടുന്നത്.

അന്ന് പുനരുത്ഥാനാനന്തരം പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായി ഭൗമ തേജസ്സോടെ ഇവരാണ് പ്രവേശിപ്പിക്കപ്പെടുന്നത്. ശിശുക്കൾ അജ്ഞതയിൽ മരിക്കുന്നതുകൊണ്ട് അവർക്ക് ശിക്ഷാവിധി ഇല്ല. അതുപോലെ ആത്മീയത്തിൽ ജനിക്കുന്ന അവസ്ഥയിലുള്ളവർക്ക് ദൈവവചനത്തിന്റെ ആഴങ്ങൾ തിരിച്ചറിയുവാൻ കഴിവില്ലാത്തവരാണ്. അവർ ശിശുക്കളെപ്പോലെ ദൈവവചനം സ്വീകരിക്കുന്നതുകൊണ്ടാണ് അവർ ശിക്ഷാവിധിയിൽ നിന്ന് രക്ഷനേടുന്നത്. ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ **സമുദ്രമാണ്** ജീവപുസ്തകത്തിൽ പേരുള്ളവരെ വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നത്.

**4 പാപത്തിൽ മരിക്കുന്നവർ** (യോഹ. 8:21-23): ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ ദൈവവചനത്തെ അനുസരിക്കാതെ മറുതലിക്കുന്നവരാണ് പാപത്തിൽ മരിക്കുന്നവർ. കർത്താവ് പരീശന്മാരോട് അരുളിച്ചെയ്തത് നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്ക് പാപം ഇല്ലായിരുന്നു; എന്നാൽ ഞങ്ങൾ കാണുന്നു എന്ന് നിങ്ങൾ പറയുന്നതുകൊണ്ട്, നിങ്ങളുടെ പാപം നില്ക്കുന്നു എന്നായിരുന്നു (യോഹ. 9:41). അതുപോലെ മറ്റൊരു സന്ദർഭത്തിൽ ദൈവവചനം കേൾക്കാതെ അവഗണിച്ചു കളഞ്ഞവരോട് അവരുടെ പാപത്തിന് ഒഴികഴിവില്ല എന്നായിരുന്നു കർത്താവ് അരുളിച്ചെയ്തത് (യോഹ. 15:22). പാപത്തിന് ഒഴികഴിവില്ലാത്ത മറ്റൊരു കൂട്ടർ കർത്താവ് ചെയ്ത വലിയ പ്രവൃത്തികളെ കണ്ടിട്ടും അവനെ തിരിച്ചറിയുകയോ ബഹുമാനിക്കുകയോ ചെയ്യാതെ ദൈവവചനത്തെ പകെച്ചു കളയുന്നവരാകുന്നു (യോഹ. 15:24). ഇപ്രകാരം ദൈവത്തിൽ നിന്ന് അകന്നുപോകുന്നവരെല്ലാം പാപത്തിലാണ് മരിക്കുന്നത്.

**5 ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ:** എതിർ ക്രിസ്തുവിന്റെ ഭരണത്തിന്റെ അന്ത്യത്തിൽ പുതിയനിയമ ദൈവ സഭയുടെ രക്തസാക്ഷികളുടെ എണ്ണം തികെയപ്പെടുന്നതിനോടുള്ള ബന്ധത്തിലാണ് വെളിപ്പാട്പുസ്തകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നത് (വെളി. 14:13).

മരിച്ചവരുടെ അന്ത്യന്യായവിധി എന്ന നമ്മുടെ ചിന്തയ്ക്ക് ആധാരമായി പാപത്തിൽ മരിക്കുന്നവരെക്കുറിച്ചുള്ള പഠനത്തിലേക്കാണ് തുടർന്നു നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പാപത്തിൽ മരിക്കുന്നവരെക്കുറിച്ച് കർത്താവ് അരുളിച്ചെയ്തത്, അവൻ ഇരിക്കുന്നിടത്തേക്ക് അവർക്ക് പ്രവേശിപ്പാൻ കഴിയുകയില്ല എന്നായിരുന്നു.

> അവൻ പിന്നെയും അവരോട്; ഞാൻ പോകുന്നു; നിങ്ങൾ എന്നെ അന്വേഷിക്കും; നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും; ഞാൻ പോകുന്ന ഇടത്തേക്കു നിങ്ങൾക്കു വരുവാൻ കഴികയില്ല എന്നു പറഞ്ഞു (യോഹ. 8:21- 22).

മേലിൽ നിന്നു താണ ലോകത്തിലേക്ക് ഇറങ്ങി വന്ന ദൈവ പുത്രൻ പാപങ്ങൾക്കു പരിഹാരം വരുത്തിയതിനുശേഷം തിരികെ ഉയരത്തിലേക്ക് കരേറി ഇപ്പോൾ പിതാവിന്റെ വലത്തു ഭാഗത്തണ് ഇരിക്കുന്നത്. അവിടേക്ക് പാപങ്ങളിൽ മരിക്കുന്ന

വർക്ക് എത്തിച്ചേരുവാൻ കഴിയുകയില്ല. ഇതിൽനിന്നും ദുഷ്ടന്മാരുടെ അന്ത്യന്യായവിധി നടക്കുന്നത് സ്വർഗാധി സ്വർഗത്തിൽ പിതാവിന്റെ സന്നിധിയിൽ വച്ചല്ല; താഴെ വെച്ചാകുന്നു എന്നുള്ളതാണ് വ്യക്തമാക്കപ്പെടുന്നത്. ജീവനോ ടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധി മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ മഹത്വസിംഹാസനത്തിനു മുമ്പാകെ ഭൂമിയിൽവെച്ചാണ് നടത്തപ്പെടുന്നതെങ്കിൽ മരിച്ചവരുടെ അന്ത്യന്യായവിധി വെള്ളത്തിനു മീതെയുള്ള **വെള്ള സിംഹാ സനത്തിന്** മുമ്പാകെ ഒടുക്കത്തെനാളിലാണ് നടത്തപ്പെടുന്നത്. ഒടുക്കത്തെനാളിൽ വെള്ള സിംഹാസനത്തിനു മുമ്പാകെ സമുദ്രം, പാതാളം, മരണം എന്നീ മരണാനന്തരനിരകളിലു ള്ളവരെ ഏല്പിച്ചതിനുശേഷം ഇപ്പോഴത്തെ ആകാശവും ഭൂമിയും ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകുന്നു. ഈ തിരുവചനത്തിന്റെ അടിസ്ഥാനത്തിലാണ് മരിച്ചവരുടെ അന്ത്യന്യായവിധി സമുദ്രമാകുന്ന വെള്ളത്തിനു മീതെയുള്ള വെള്ള സിംഹാസനത്തിന് മുമ്പാകെ നടത്തപ്പെടുന്നു എന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്.

ഇതിൽനിന്നും അന്ത്യന്യായവിധിയോടുള്ള ബന്ധത്തിൽ രണ്ടു വ്യത്യസ്ഥ സിംഹാസനങ്ങൾ ഉണ്ടെന്നുള്ളതാണ് വ്യക്ത മാക്കപ്പെട്ടത്. എന്നാൽ അവ തമ്മിലുള്ള അന്തരം വ്യക്തമായി ഗ്രഹിക്കുന്നില്ലായെങ്കിൽ സംശയങ്ങൾക്ക് ഒരിക്കലും വിരാമം ഉണ്ടാകുകയില്ല. അതുകൊണ്ട് തുടർന്നുള്ള പഠനത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് മഹത്വസിംഹാസനം, വെള്ളസിംഹാ സനം എന്നിവ തമ്മിലുള്ള അന്തരങ്ങളെക്കുറിച്ചാണ് പട്ടിക രൂപത്തിൽ ചുവടെ കൊടുത്തിരിക്കുന്നത്.

| മഹത്വസിംഹാസനത്തിനു മുമ്പിലുള്ള അന്ത്യന്യായവിധി | വെള്ളസിംഹാസനത്തിനു മുമ്പിലുള്ള അന്ത്യന്യായവിധി |
|---|---|
| കർത്താവിന്റെ രണ്ടാമത്തെ വരവാകുന്ന മഹത്വപ്രത്യക്ഷതയിൽ നിറവേറപ്പെടുന്നു | കർത്താവിന്റെ ആയിരം ആണ്ടത്തെ ഭരണത്തിനു ശേഷം നിറവേറപ്പെടുന്നു |
| മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ | ചൂളപ്പോലെ കത്തുന്ന ഒടുക്കത്തെ നാളിൽ |
| ഹർമ്മെഗെദ്ദോൻ യുദ്ധാനന്തരം സഹസ്രാബ്ദ വാഴ്ചയ്ക്കു മുമ്പ് | സഹസ്രാബ്ദ വാഴ്ചയ്ക്കു ശേഷം, ഗോഗ്–മാഗോഗ് യുദ്ധാനന്തരം |
| എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും അഗ്നിപ്പൊയ്കയിലേക്ക് തള്ളിക്കളയുകയും സാത്താനെ അഗാധത്തിൽ അടച്ച് മുദ്രയിടുകയും ചെയ്തിനു ശേഷം | സാത്താനെ രണ്ടാമത്തെ മരണമാകുന്ന തീപ്പൊയ്കയിലേക്ക് തള്ളിക്കളഞ്ഞതിനു ശേഷം |
| അന്ന് ജീവനോടിരിക്കുന്ന സകല മനുഷ്യരെയും മഹത്വസിംഹാസനത്തിനു മുമ്പാകെ ദൂതന്മാർ കൂട്ടിച്ചേർക്കുന്നു. | മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്ന ശബ്ദത്തിൽ മരിച്ചുപോയവർ ആബാലവൃദ്ധം പ്രത്യക്ഷപ്പെടുന്നു. |
| നീതിമാന്മാരെ വലത്തും ശപിക്കപ്പെട്ടവരെ ഇടത്തുമായി മഹാരാജാവാം കർത്താവ് വേർതിരിച്ചു നിർത്തുന്നു | സമുദ്രം, മരണം, പാതാളം എന്നീ മരണാനന്തരനിരകൾ അവരിലുള്ളവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചു കൊടു ക്കുന്നു. |
| കല്ലറകൾ തുറക്കപ്പെടുന്നില്ല അന്നു പുനരുത്ഥാനമോ രൂപാന്തരമോ നടക്കുന്നില്ല. ജീവനോടിരിക്കുന്നവരെയാണ് ദൂതന്മാർ കൂട്ടിച്ചേർക്കുന്നത് | കല്ലറകൾ തുറക്കപ്പെടുന്നു. നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും ഉയിർത്തെഴുന്നേല്ക്കുന്നു. |

| | |
|---|---|
| ജീവപുസ്തകം ഉൾപ്പെടെ ഒരു പുസ്തകവും തുറക്കപ്പെടുന്നില്ല. | ജീവപുസ്തകം ഉൾപ്പെടെയുള്ള പുസ്തകങ്ങൾ തുറക്കപ്പെടുന്നു. |
| അന്നു ജീവനോടിരിക്കുന്ന ദുഷ്ടന്മാരുടെ അന്ത്യന്യായവിധി | മരിച്ചുപോയ സകല ദുഷ്ടമനുഷ്യർ, ഭൂതാത്മാക്കൾ, ദുഷ്ടദൂതന്മാർ എന്നിവരുടെ അന്ത്യന്യായവിധി. |
| യിസ്രായേൽ ഉൾപ്പെടെ ലോകത്തിലെ സകല ജാതികളെയും ദൈവം നീതിയോടെ ന്യായം വിധിക്കുന്നു. മണവാട്ടി സഭ ക്രിസ്തുവിനോടുകൂടെ ന്യായവിധിയിൽ പങ്കാളികളാകുന്നു | ദൂതന്മാർ വിധിക്കപ്പെടുന്നു. കർത്താവിനോട് ഒന്നായിച്ചേരുന്ന മണവാട്ടിസഭ ന്യായവിധിയിൽ പങ്കാളികളാകുന്നു |
| ഭൂമിയിലെ യെരുശലേമിൽ വച്ചു നടത്തപ്പെടുന്നു | ഭൂമിയും ആകാശവും ഓടിപ്പോയതിനു ശേഷം സമുദ്രമാകുന്ന വെള്ളത്തിനു മീതെ വച്ചു നടത്തപ്പെടുന്നു. |
| വലതുവശത്തു നിൽക്കുന്ന നീതിമാന്മാർ ആയിരം ആണ്ടുവാഴ്ചയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു | സമുദ്രം ഏല്പിച്ചു കൊടുക്കുന്ന ജീവപുസ്തകത്തിൽ പേരുള്ളവർ ഭൗമതേജസ്സ് പ്രാപിച്ച് ദൂതതുല്യരായി പുതിയ ആകാശം പുതിയ ഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു. |
| ഇടത്തുവശത്തു നില്ക്കുന്ന ദുഷ്ടന്മാർ പതിർ പോലെ നരകത്തിലേക്ക് തള്ളപ്പെടുന്നു | പാതാളം, നരകമാകുന്ന മരണം എന്നിവകൾ ഏല്പിച്ചു കൊടുക്കുന്ന പാപികൾ, ഭൂതാത്മാക്കൾ, കഠിന പാപികൾ, ദുഷ്ടദൂതന്മാർ എന്നീ സാത്താന്റെ കൊമ്പുകൾ അഗ്നി നരകത്തിലേക്ക് തള്ളപ്പെടുന്നു |
| അതിനുശേഷവും ജനനവും മരണവും ന്യായവിധിയും ഉണ്ട്. | ജനനമരണങ്ങൾ പിന്നീട് ഉണ്ടാകുന്നില്ല. ന്യായവിധികളെല്ലാം പൂർത്തീകരിക്കപ്പെടുന്നു. |

| | |
|---|---|
| ആയിരമാണ്ട് ഭരണമാകുന്ന കൂടാരപ്പെരുന്നാളിന്റെ ആരംഭം | ഉണ്ടാക്കുവാനുള്ള ദിവസത്തിൽ മാനവരാശിയോടുള്ള ബന്ധത്തിലെ നിത്യയുഗാരംഭം |

ഒടുക്കത്തെ നാളിൽ വെള്ള സിംഹാസനത്തിനു മുമ്പാകെ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധിയും മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ നടക്കുന്ന ജീവനോടിരിക്കുന്നവരുടെ അ ന്ത്യന്യായവിധിയും തമ്മിൽ സമാനതകൾ തോന്നുമെങ്കിലും അവ തമ്മിൽ രാവും പകലും പോലെയുള്ള വ്യത്യസ്ഥതകൾ ഉണ്ടെന്നാണ് പട്ടികരൂപത്തിലുള്ള പഠനത്തിൽ നിന്ന് വ്യക്തമാക്കപ്പെട്ടത്.

ഒടുക്കത്തെ നാളിലെ മരിച്ചവരുടെ അന്ത്യന്യായവിധിക്കു മുമ്പ് ഇപ്പോഴത്തെ ആകാശവും ഭൂമിയും ഓടിപ്പോകുന്നതുകൊണ്ട് അവയിൽ ശേഷിച്ചിരിക്കുന്ന സൃഷ്ടികൾ എവിടേക്കാണ് മാറ്റപ്പെടുന്നത് എന്നതിന്റെ ലഘുവിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

1 **നീതിമാന്മാർ:** ഒടുക്കത്തെ നാളിൽ നടക്കുന്ന ഗോഗ്-മാഗോഗ് യുദ്ധത്തിനുശേഷം ഭൂമിയിൽ ജീവനോടിരിക്കുന്നവരിൽ വലിയൊരു വിഭാഗം നീതിമാന്മാരുടെ ഗണത്തിൽ പെടുന്നവരാകുന്നു. ഇപ്പോഴത്തെ ആകാശവും ഭൂമിയും ഓടിപ്പോകുന്നതിനു മുമ്പ് ദൈവത്തിന്റെ ആജ്ഞയാൽ ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ടിരിക്കുന്നവരുടെ മരണാനന്തരനിരയാകുന്ന സമുദ്രത്തിലേക്കാണ് അന്ന് ജീവനോടിരിക്കിന്ന നീതിമാന്മാർ ജീവനോടെ മാറ്റപ്പെടുന്നത്. ഹാനോക് മരണം കാണാതെ എടുക്കപ്പെട്ടത് പുരാതന ലോകത്തിലെ നീതിമാന്മാരുടെ മരണാനന്തര നിരയായിരുന്ന മീതെയുള്ള പാതാളത്തിലേക്കായിരുന്നു. അതുപോലെയാണ് ഒടുക്കത്തെ നാളിൽ ജീവനോടിരിക്കുന്ന നീതിമാന്മാർ സമുദ്രത്തിലുള്ള നീതിമാന്മാരുടെ മരണാനന്തരനിരയിലേക്ക് മാറ്റപ്പെടുന്നത്. ഒടുക്കത്തെ നാളിൽ ജീവനോടിരിക്കുന്ന ശിശുക്കൾ ഉൾപ്പെടെ ജീവ പുസ്തകത്തിൽ പേരുള്ള സകലരും അന്ന് അവിടേക്കാണ് മാറ്റപ്പെടുന്നത്. അന്ന് നടക്കുന്ന പുനരുത്ഥാനത്തിൽ സമുദ്രം തന്നിലുള്ളവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചു കൊടുക്കുമ്പോൾ ഇവരും അതിൽ ഉൾപ്പെടുന്നു.

**2 പാപികൾ:** ഒടുക്കത്തെ നാളിൽ ഇപ്പോഴത്തെ ആകാശവും ഭൂമിയും ഓടിപ്പോകുന്നതിന് മുമ്പ് ജീവപുസ്തകത്തിൽ പേരില്ലാത്ത സകല പാപികളും കർത്താവാം ദൈവത്തിന്റെ ആജ്ഞയാൽ പാതാളം എന്ന പാപികളുടെ മരണാനന്തര നിരയിലേക്കാണ് ജീവനോടെ തള്ളപ്പെടുന്നത്. അന്ന് നടക്കുന്ന പുനരുത്ഥാനത്തിൽ പാതാളം വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരിൽ ഇവരും ഉൾപ്പെടുന്നു. കോരഹും കൂട്ടരും ജീവനോടെ പാതാളത്തിലേക്ക് ഇറങ്ങിപ്പോയതിന് സമാനമായ സംഭവമാണ് അന്ന് നിറവേറപ്പെടുന്നത്.

**3 കഠിനപാപികൾ:** അന്ന് ജീവനോടെ ഭൂമിയിൽ കാണപ്പെടുന്ന സകല കഠിനപാപികളും ദൈവകല്പനയാൽ മരണമാകുന്ന നരകത്തിലേക്കാണ് തള്ളപ്പെടുന്നത്. അന്ന് നടക്കുന്ന പുനരുത്ഥാനത്തിൽ കഠിനപാപികളെ നരകം വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചു കൊടുക്കുമ്പോൾ ഇവരും അതിൽ ഉൾപ്പെടുന്നു.

**4 ഭൂതാത്മാക്കൾ:** നോഹയുടെ കാലത്തെ ജലപ്രളയിത്തിൽ മുങ്ങിമരിച്ച അമാനുഷികരായവരുടെ ആത്മാക്കളാണ് ഭൂതാത്മാക്കൾ. അവരെയാണ് ആകാശത്തിലെ ശക്തി എന്ന പേരിലും അറിയപ്പെടുന്നത്. ഇപ്പോഴത്തെ ആകാശത്തോടും ഭൂമിയോടും ഉള്ള ബന്ധത്തിലാണ് ഭൂതാത്മാക്കൾ കാണപ്പെടുന്നത്. അന്ന് ജീവനോടിരിക്കുന്ന പാപികളായ മനുഷ്യരോടൊപ്പം ഒടുക്കത്തെ നാളിൽ കർത്താവിന്റെ ആജ്ഞയാൽ ഇവരും പാതാളത്തിലേക്ക് തള്ളപ്പെടുന്നു. കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ ദൈവപുത്രനെ തിരിച്ചറിഞ്ഞ് ഭൂതാത്മാക്കൾ അവനോട് അപേക്ഷിച്ചത് സമയത്തിനു മുമ്പേ ഞങ്ങളെ ദണ്ഡിപ്പിപ്പാൻ വന്നുവോ? പാതാളത്തിലേക്ക് പോകുവാൻ കല്പിക്കരുതേ എന്നായിരുന്നു (ലൂക്കൊ.8:31, മത്താ.8:29). ഒടുക്കത്തെ നാളാകുന്ന ദൈവീകസമയത്തിലാണ് അവരെ പാതാളത്തിലേക്ക് ദൈവം തള്ളിക്കളയുന്നത്. ഒടുക്കത്തെനാളിൽ പാതാളം തന്നിലുള്ളവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചു കൊടുക്കുമ്പോൾ ഇവരും അതിൽ ഉൾപ്പെടുന്നു.

**5 ദുഷ്ടദൂതന്മാർ:** പുരാതന ലോകത്തിൽ സ്വന്ത വാസ സ്ഥലമായിരുന്ന സ്വർഗീയ പറുദീസ എന്ന ഒന്നാമത്തെ സ്വർഗം വിട്ട് ഭൂമിയിൽ വന്ന് പാപം ചെയ്ത് ദൈവത്തിൽനിന്ന് അകന്നു പോയ

സകല ദൂതന്മാരെയും ദൈവം അന്ധതമസ്സിന്റെ ചങ്ങലയ്ക്കിട്ടിരിക്കുന്നത് മരണമെന്ന നരകത്തിലാകുന്നു. നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷം സാത്താൻ വശീകരിച്ച് അവനോടുകൂടെ ചേർക്കുന്ന ദുഷ്ടദൂതന്മാരെ ദൈവം അന്ധതമസ്സിന്റെ ചങ്ങലയ്ക്കിടുന്നില്ല. അവരാണ് സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയിൽ ഉൾപ്പെടുന്നവർ.

മധ്യാകാശത്തു വന്ന് കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുന്ന ദിവസത്തിൽ നടക്കുന്ന മധ്യാകാശയുദ്ധത്തിലാണ് ദൈവത്തിന്റെ ശത്രുവാകുന്ന സാത്താനും അവന്റെ വശീകരണ ശക്തിയിൽപ്പെടുന്ന സകല ദുഷ്ടദൂതന്മാരും പരാജിതരായി ഭൂമിയിലേക്ക് തള്ളപ്പെടുന്നത്. അവർ ഒടുക്കത്തെ നാൾവരെ ഇപ്പോഴത്തെ ആകാശ-ഭൂമിയിൽ കാണപ്പെടും. ഒടുക്കത്തെനാളി ലാണ് കർത്താവ് അവരെ നരകത്തിലേക്ക് തള്ളിക്കളയുന്നത്.അന്ന് നരകം തന്നിലുള്ളവരെ വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരിൽ ഇവരും ഉൾപ്പെടുന്നു.

ഇതിൽനിന്നും വ്യക്തമാക്കപ്പെടുന്ന വസ്തുത ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ സമുദ്രം തന്നിലുള്ളവരെയും പാതാളവും മരണവും തങ്ങളിലുള്ളവരെയും വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്ന തോടെ അന്ന് ഓടിമറയുന്ന ആകാശ-ഭൂമിയിൽ ജീവനോടെയോ അല്ലാതെയോ ആരും ശേഷിച്ചിരിക്കുന്നില്ല എന്നതാണ്. പാതാളം വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരുടെ അന്ത്യന്യായവിധിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിന്റെ മുഖ്യധാരാ വിഷയം. അതിന്റെ വിശദീകരണത്തിലേക്കാണ് തുടർന്നു നാം പ്രവേശിക്കുന്നത്.

> മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി. 20:14)

ഭൂമിയുടെ അധോഭാഗത്തുള്ള പാതാളത്തിലാണ് ലോകാരംഭം മുതൽ മരിച്ചുപോയ സകല പാപികളുടെയും ആത്മാക്കൾ യാതന അനുഭവിക്കുന്നത്. ധനവാന്റെയും ലാസറിന്റെയും ജീവിതത്തോടുള്ള ബന്ധത്തിൽ കർത്താവ് വ്യക്തമാക്കിയിരിക്കുന്നത് ധനവാൻ മരണാനന്തരം പാതാളത്തിൽ യാതന അനുഭവിക്കുന്നു എന്നാകുന്നു. പാപികൾ യാതന അനുഭവിക്കുന്ന

യാതനാ സ്ഥലത്തെയാണ് പാതാളം അഥവാ അധമപാതാളം എന്ന പേരിൽ അറിയപ്പെടുന്നത്. അഗ്നി നരകത്തിലെ തീയുടെ ജ്വാലപാതാളത്തിൽ എത്തിച്ചേരുന്നു എന്നതിന്റെ വ്യക്തതയും കർത്താവ് അരുളിച്ചെയ്ത ഉപമയിൽ അടങ്ങിയിരിക്കുന്നു.

ധനവാനും മരിച്ച് അടക്കപ്പെട്ടു; പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി ദൂരത്തു നിന്ന് അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു; അബ്രഹാം പിതാവേ, എന്നോടു കനിവുണ്ടാകണമെ; ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയയ്ക്കേണമേ; ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്നു വിളിച്ചു പറഞ്ഞു (ലൂക്കൊ. 16:23-24).

പാപികൾ യാതന അനുഭവിക്കുന്ന സ്ഥലമാണ് പാതാളം എന്ന് വ്യക്തമാക്കുന്നതാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന തിരുവചനഭാഗം. ലോകാരംഭം മുതൽ ഒടുക്കത്തെനാൾ വരെ പാപത്തിൽ മരിച്ചുപോകുന്ന സകല മനുഷ്യരുടെ ആത്മാക്കളും യാതന അനുഭവിക്കുന്നത് യാതനാസ്ഥലമാകുന്ന പാതാളത്തിലാണ്. അവിടെ എത്തിച്ചേർന്നതിനുശേഷം ആരോട് എത്ര നിലവിളിച്ചാലും അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ജീവനോടിരിക്കുന്ന അവസരത്തിലാണ് ദൈവത്തോട് നിലവിളിച്ച് പാപമോചനം പ്രാപിക്കുവാൻ അവസരമുള്ളത്. ജീവനോടിരിക്കുന്നവർ മരിച്ചവർക്കുവേണ്ടി ചെയ്യുന്ന മരണാനന്തര ക്രിയകൾ, ധൂപപ്രാർത്ഥനകൾ, മറ്റ് ഇതര മാർഗ്ഗങ്ങൾ എന്നിവകൾ കൊണ്ടൊന്നും യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് മാനസാന്തരത്തിനുള്ള അവസരം ജീവിതത്തിൽ നഷ്ടപ്പെടുത്തിക്കളഞ്ഞാൽ ദൈവം അവരുടെ പേരുകൾ ജീവപുസ്തകത്തിൽ നിന്ന് മായിച്ചുകളയും. ഇപ്രകാരം ജീവപുസ്തകത്തിൽ നിന്ന് പേരുകൾ നീക്കം ചെയ്യപ്പെടുന്നവരിലെ ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നത് പാതാളത്തിലേക്ക് തള്ളപ്പെടുന്ന പാപികളുടേതാകുന്നു.

ഒടുക്കത്തെ നാളിൽ പുസ്തകങ്ങൾ തുറക്കപ്പെടുമ്പോൾ പാപികളുടെ തിന്മ പ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് പാതാളം ഏല്പിച്ചുകൊടുക്കുന്നവരോടുള്ള ബന്ധത്തിൽ അന്ന് തുറക്കപ്പെടുന്നത്. ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയാണ്

ലഭിക്കുന്നത്. ഒടുക്കത്തെ നാളിൽ അവർ പുനരുത്ഥാനം പ്രാപിക്കുമ്പോൾ പാതാളത്തിൽ നിന്ന് അവരുടെ ആത്മാക്കൾ പുറപ്പെട്ട് അവരുടെ ശരീരം എവിടെ ലയിച്ചു ചേർന്നുവോ അവിടെ എത്തിച്ചേർന്ന് അവകളിൽ പ്രവേശിച്ചാണ് തേജസ്സില്ലാത്ത നഗ്നശരീരങ്ങളോടെ വെള്ള സിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുന്നത്.

ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ പാതാളത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്ന സകല പാപികളെയും വെള്ളസിംഹാസനത്തിനു മുമ്പാകെ പാതാളം ഏല്പിച്ചുകൊടുക്കുമ്പോൾ അവരിൽ ഒരോരുത്തർക്കും അവർ പ്രവർത്തിച്ച തിന്മ പ്രവൃത്തികൾക്ക് തക്ക ന്യായവിധിയാണ് വെള്ള സിംഹാസനത്തിൽ നിന്നും പുറപ്പെടുന്നത്. ശിശുക്കളും അവരെപ്പോലെ അജ്ഞതയിൽ മരിക്കുന്നവരും പാതാളത്തിൽ എത്തിച്ചേരുന്നില്ല. പാപത്തിൽ ജനിച്ച് പാപത്തിൽ ജീവിച്ച് പാപത്തിൽ മരിക്കുന്ന പാപികളാണ്  പാതളത്തിലേക്ക് മരണാനന്തരം തള്ളപ്പെടുന്നത്. ഒടുക്കത്തെ നാളിൽ പാതാളം ഏല്പിച്ചുകൊടുക്കുന്ന പാപികൾക്ക് നീതിമാനായ ദൈവം അവരുടെ പ്രവർത്തികൾക്കടുത്ത വിധി പ്രഖ്യാപിച്ച് അവരെ നിത്യനരകാഗ്നിയിലേക്കാണ് തള്ളിക്കളയുന്നത്. ദേഹത്തെയും ദേഹിയേയും കൊന്നിട്ട് നരകത്തിൽ തള്ളിക്കളയുവാൻ അധികാരമുള്ളവനാണ് വെള്ളസിംഹാസനത്തിൽ ഇരുന്ന് ന്യായവിധി പുറപ്പെടുവിക്കുന്നത്.

> ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയേയും ദേഹത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെത്തന്നെ ഭയപ്പെടുവിൻ (മത്താ. 10:28)

ദേഹി അഥവാ പ്രാണനെ കൊല്ലുവാൻ പിശാചിനോ മറ്റാർക്കുമോ കഴിയുകയില്ല. ദേഹത്തെ മാത്രം കൊന്നുകളയുവാനേ സാത്താനും അവന്റെ അനുചരന്മാർക്കും കഴിയുകയുള്ളൂ. മരിച്ചതിനു ശേഷം പ്രാണനെ നശിപ്പിപ്പാൻ കഴിവുള്ളവൻ ഒരുവൻ മാത്രമേ ഉള്ളൂ. അവനാണ് പ്രാണനെ തന്ന് മാനവവർഗ്ഗത്തെ രക്ഷിച്ച കർത്താവായ യേശുക്രിസ്തു. നീതികെട്ട പാപികൾ പുനരുത്ഥാനം പ്രാപിച്ച് ദൈവസന്നധിയിൽ വെള്ളസിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുമ്പോൾ അവരുടെ ദേഹത്തെയും ദേഹിയേയും എന്നെന്നേക്കുമായിട്ടാണ് രണ്ടാം മരണമാകുന്ന നിത്യനരകാഗ്നിയിലേക്ക് തള്ളിക്കളയുന്നത്. അവർ

പിന്നീട് ഒരിക്കലും വെളിച്ചം കാണുകയില്ല. അതുകൊണ്ടാണ് ഇതിനെ രണ്ടാമത്തെ മരണം എന്നു പറഞ്ഞിരിക്കുന്നത്.

പാപംചെയ്യുന്ന ദേഹിയാണ് മരിക്കുന്നത്. ആത്മാവ് ഉണർത്തപ്പെടാതെ ദേഹിയിൽ അഥവാ പ്രാണനിൽ നിർജീവ മായിരിക്കുന്ന അവസ്ഥയെയാണ് മനുഷ്യരിലെ ഒന്നാമത്തെ മരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവവചനം ഒരുവനിൽ ക്രിയ ചെയ്യുമ്പോളാണ് പ്രാണനെയും ആത്മാവി നെയും സന്ധിമജ്ജകളെയും തമ്മിൽ വേർപിരിക്കുന്നത്. ദൈവം നരകാഗ്നിയിൽ തള്ളിക്കളയുന്നത് ദേഹത്തോടുകൂടിയ മനുഷ്യപ്രാണനെയാണ്. ഒരിക്കലും ദൈവാത്മാവിന്റെ അംശത്തെ ദൈവം ഒരുനാളും നരകത്തിൽ തള്ളിക്കളയുന്നില്ല. മണ്ണുകൊണ്ട് സൃഷ്ടിച്ച മനുഷ്യന്റെ മൂക്കിൽ ജീവശ്വാസം ഊതിയപ്പോൾ മണ്ണായിരുന്ന അവന്റെ ശരീരം ജീവനുള്ള ദേഹി യായിത്തീർന്നു. ആദാമിൽ ദേഹവും ദേഹിയും ആത്മാവെന്ന ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന ജീവതേജസ്സുമായിരുന്നു ഉണ്ടായിരുന്നത്. ഹവ്വയിൽ ദേഹവും ദേഹിയും ആദാമിക തേജസ്സുമാണ് ഉണ്ടായിരുന്നത്. അവർ പാപം ചെയ്തപ്പോൾ ദൈവതേജസ്സ് അഥവാ ജീവൻ അവരിൽ നിന്ന് വേർപിരി യപ്പെടുകയും ആത്മാവിൽ അവർ മരിക്കുകയും ചെയ്തു. വീണ്ടും ദൈവവചനമാകുന്ന ജീവൻ മനുഷ്യഹൃദയത്തിൽ പ്രവേശിക്കുന്ന സന്ദർഭത്തിലാണ് ഒരുവൻ ആത്മീയമായി ജീവൻ പ്രാപിച്ച് ഉണർത്തപ്പെടുന്നത്.

പാതാളത്തിലുള്ളവരുടെ അന്ത്യന്യായവിധി എന്ന അദ്ധ്യായം എഴുതി പൂർത്തീകരിക്കുമ്പോൾ നാം അറിഞ്ഞിരിക്കേണ്ട സുപ്രധാന വസ്തുത ദൈവത്തിനു മാത്രമേ ഒരുവനെ രക്ഷി പ്പാൻ കഴിയുകയുള്ളൂ എന്നതാണ്. മറ്റൊരുത്തനിലും രക്ഷയില്ല; രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ടിരിക്കുന്ന ഒരേയൊരു നാമം യേശുക്രിസ്തു വിന്റെ നാമമാണ്. പാപമോചനത്തിനായി അവന്റെ നാമത്തിൽ സത്യമായി വിശ്വസിക്കുന്ന ഏതൊരുവന്റെയും പാപത്തെ ദൈവം ക്ഷമിക്കുന്നു. അതുകൊണ്ട് ക്രിസ്തുയേശുവിൽ വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കാത്തവർ ഒടുവിൽ എത്തിച്ചേരുന്നത് നിത്യ നരകാഗ്നിയുടെ നിത്യദണ്ഡനത്തിലാകുന്നു. അവിടെ കെടാത്ത തീയും ചാകാത്ത പുഴുവും കരച്ചിലും പല്ലുകടിയുമാണുള്ളത്.

ഒടുക്കത്തെ നാളിൽ പാതാളം ഏല്പിച്ചുകൊടുക്കുന്ന ജീവപുസ്തകത്തിൽ പേരില്ലാത്ത പാപികളെ ദൈവം ന്യായം വിധിച്ച് നിത്യനരകാഗ്നിയിലേക്ക് കൂട്ടത്തോടെ തള്ളിക്കളയുന്ന തോടെയാണ് ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ മരിച്ചുപോയ സകല പാപികളുടെയും അന്ത്യന്യായവിധി പൂർത്തീകരിക്കപ്പെടുന്നത്. ഒടുക്കത്തെനാളിൽ വെള്ള സിംഹാസനത്തിനു മുമ്പാകെ പാതാളം ഏല്പിച്ചുകൊടുക്കുന്നവരെക്കുറിച്ചുള്ള സംക്ഷിപ്തരൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

- ലോകാരംഭം മുതൽ ഒടുക്കത്തെനാൾവരെ ഭൂമിയിൽനിന്ന് മാറ്റപ്പെടുന്ന പാപികൾ
- ഇപ്പോഴത്തെ ആകാശ-ഭൂമി ഒടുക്കത്തെ നാളിൽ ദൈവ സന്നിധിയിൽനിന്ന് ഓടിപ്പോകുന്നതിനു മുമ്പ് ദൈവത്തിന്റെ ആജ്ഞയാൽ ജീവനോടെ പാതാളത്തിലേക്ക് തള്ളപ്പെടുന്ന പാപികൾ
- അന്ന് പാതാളത്തിലേക്ക് തള്ളപ്പെടുന്ന ഭൂതാത്മാക്കൾ

അന്നു അന്ത്യന്യായവിധിയിലകപ്പെടുന്നവരിൽ പാതാളം ഏല്പിച്ചുകൊടുക്കുന്നവരെ ദൈവമായ കർത്താവ് നിത്യ നരകാഗ്നിയിലേക്ക് തള്ളിക്കളയുന്നതോടെ മരിച്ചവരുടെ അന്ത്യന്യായവിധിയിൽ പാപികളുടെയും അമാനുഷികരായ വരുടെയും അന്ത്യന്യായവിധിയാണ് പൂർത്തീകരിക്കപ്പെടുന്നത്. തുടർന്ന് നാം ചിന്തിക്കുന്നത് ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധിയിൽ മരണമെന്ന നരകം ഏല്പിച്ചുകൊടുക്കുന്നവരുടെ അന്ത്യന്യായവിധിയെക്കുറിച്ചാണ്. ഈ പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ അതെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. അതിന്റെ പഠനത്തിനായി പ്രാർത്ഥനയോടെ താളുകൾ മറിക്കാം, സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ.

അദ്ധ്യായം 6

# മരണത്തിലുള്ളവരുടെ അന്ത്യന്യായവിധി

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവനു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴികേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്ന് നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്ക് പാത്രമാകും എന്ന് വിചാരിപ്പിൻ (എബ്രാ. 10:26 – 29).

ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാനത്തിൽ മരണമെന്ന നരകം വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരുടെ അന്ത്യന്യായവിധിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്. കഴിഞ്ഞ അദ്ധ്യായത്തിൽ അന്നു പാതാളം ഏല്പിച്ചുകൊടുക്കുന്നവരുടെ അന്ത്യന്യായവിധിയെക്കുറിച്ചാണ് നാം ചിന്തിച്ചത്. അതിൽ ജീവപുസ്തകത്തിൽ പേരില്ലാത്ത സകല പാപികളെയും അമാനുഷികരായവരേയും ഒടുക്കത്തെ നാളിൽ നടക്കുന്ന അന്ത്യന്യായവിധിയിൽ നിത്യദണ്ഡനത്തിനായി രണ്ടാം മരണമാകുന്ന അഗ്നിപ്പൊയ്കയിലേക്ക് തള്ളിയിടുന്നതിനെ ക്കുറിച്ചായിരുന്നു.

ഒടുക്കത്തെനാളിൽ നടക്കുന്ന മരിച്ചവരുടെ പുനരുത്ഥാനത്തിൽ നരകം വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നവരിൽ നാലു വിഭാഗങ്ങളാണ് ഉള്ളത്.

1. ലോകാരംഭം മുതൽ ഒടുക്കത്തെ നാൾവരെ മരിച്ചുപോയവരിൽ ദൈവത്തോട് കഠിനപാപം ചെയ്ത കഠിനപാപികൾ.
2. പുരാതന ലോകത്ത് പാപം ചെയ്ത ദൂതന്മാർ

3 ഇപ്പോഴത്തെ ആകാശ-ഭൂമി ഒടുക്കത്തെ നാളിൽ ദൈവ സന്നിധിയിൽനിന്ന് ഓടിപ്പോകുന്നതിനു മുമ്പ് ദൈവത്തിന്റെ ആജ്ഞയാൽ ജീവനോടെ നരകത്തിലേക്ക് തള്ളപ്പെടുന്ന കഠിനപാപികൾ

4 അന്ന് നരകത്തിലേക്ക് തള്ളപ്പെടുന്ന ദുഷ്ടദൂതന്മാർ

ഒടുക്കത്തെ നാളിൽ മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്ന ദൈവപുത്രന്റെ ശബ്ദത്തിങ്കലാണ് നരകത്തിലുള്ള സകല കഠിനപാപികളും പുനരുത്ഥാനം പ്രാപിച്ച് തേജസ്സില്ലാത്ത നഗ്ന ശരീരങ്ങളോടെ വെള്ള സിംഹാസനത്തിനു മുമ്പാകെ ന്യായവിധിക്കായി പ്രത്യക്ഷപ്പെടുന്നത്. അന്ന് അവരോടൊപ്പം നരകത്തിലുള്ള സകല ദുഷ്ടദൂതന്മാരും വെള്ളസിംഹാസനത്തിനു മുമ്പാകെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ദൂതന്മാർക്ക് ജഡമരണമില്ലാത്തതുകൊണ്ട് അവർക്ക് പുനരുത്ഥാനമോ രൂപാന്തരമോ സംഭവിക്കുന്നില്ല. എന്നാൽ അവർ മനുഷ്യരെപ്പോലെ മരിക്കും എന്ന സങ്കീർത്തനത്തിലെ പ്രവചനം നിവർത്തീകരിക്കപ്പെടുന്നത് ഒടുക്കത്തെ നാളിൽ ആകുന്നു. അന്നു നടക്കുന്ന അന്ത്യന്യായവിധിയിൽ അവരും മനുഷ്യരെപ്പോലെ വിധിക്കപ്പെട്ട് രണ്ടാമത്തെ മരണമാകുന്ന അഗ്നി നരകത്തിലേക്ക് കഠിനപാപികളോടൊപ്പം തള്ളപ്പെടുന്നു. അവർ മനുഷ്യരെപ്പോലെ രണ്ടാം മരണത്തിൽ അകപ്പെടുന്നതിനെക്കുറിച്ചാണ് സങ്കീർത്തനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

> നിങ്ങൾ ദേവന്മാർ ആകുന്നു എന്നും നിങ്ങളൊക്കയും അത്യുന്നതന്റെ പുത്രന്മാർ എന്നും ഞാൻ പറഞ്ഞു. എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും പ്രഭുക്കന്മാരിൽ ഒരുത്തനെപ്പോലെ പട്ടുപോകും (സങ്കീ. 82:6- 7)

കർത്താവ് അരുളിച്ചെയ്തതിൻ പ്രകാരം ദൈവത്തിന്റെ അരുളപ്പാടുകൾ ഉണ്ടായിട്ടുള്ളവരെയാണ് ദേവന്മാർ എന്നു പറയുന്നത് (യോഹ. 10:35). ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചവരിൽ മനുഷ്യരും ദൂതന്മാരും ഉൾപ്പെടുന്നു. അതു കൊണ്ടാണ് ആകാശത്തിലും ഭൂമിയിലും ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ട് എന്ന് കൊരിന്ത്യ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്.

> പല ദേവന്മാരും കർത്താക്കന്മാരും ഉണ്ട് എന്ന് പറഞ്ഞുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ടെന്നുവരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളൂ. അവൻ

സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു. (1കൊരി. 8:6)

ദേവന്മാർ സൃഷ്ടികർത്താക്കളല്ല; അവർ കേവലം സൃഷ്ടികളും ദൂതുവാഹികളും മാത്രമാകുന്നു. അതുകൊണ്ട് അവർ ഒരുനാളും ആരാധനയ്ക്ക് യോഗ്യരല്ല. എന്നാൽ അറിവില്ലാത്ത ജാതികൾ അറിവില്ലാതെ ആരാധിക്കുന്നത് ദൈവങ്ങൾ എന്ന പേരിലറിയപ്പെടുന്ന സാക്ഷാൽ ദേവന്മാരല്ലാത്തവരുടെ കൂട്ടങ്ങളെയാണ്. ദൈവത്തിന്റെ സാക്ഷാൽ അരുളപ്പാട് ലഭിച്ചിരിക്കുന്ന ദൂതന്മാരും മനുഷ്യരും ഒരുനാളും മറ്റുള്ളവരുടെ ആരാധന സ്വീകരിക്കുകയോ ദൈവത്തിന് കൊടുക്കേണ്ട മഹത്വം സ്വയം ഏറ്റെടുക്കുകയോ ചെയ്യുകയില്ല. ദൈവത്തിന്റെ സത്യവേലക്കാർ മനുഷ്യരെ സത്യദൈവത്തിങ്കലേക്ക് തിരിക്കുന്ന സുവിശേഷത്തിന്റെ വക്താക്കളാകുന്നു. അവർ സ്വന്ത മഹത്വം അന്വേഷിക്കാതെ ദൈവത്തിനു മഹത്വം കൊടുക്കുന്നവരാകുമ്പോൾ അപ്രകാരമല്ലാത്തവർ ദൈവത്തിനു കൊടുക്കേണ്ടുന്ന മഹത്വം സ്വയം സ്വീകരിക്കുന്നു. ഇവ രണ്ടിന്റെയും തിരുവചന തെളി വുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

ലൂസ്ത്രയിൽ അമ്മയുടെ ഗർഭം മുതൽ മുടന്തനായി ഒരിക്കുലും നടന്നിട്ടില്ലാതെയും കാലിനു ശക്തിയില്ലാതെയും ഉള്ളൊരു പുരുഷൻ ഇരുന്നിരുന്നു. അവൻ പൗലൊസ് സംസാരിക്കുന്നത് കേട്ടു; അവൻ അവനെ ഉറ്റുനോക്കി, സൗഖ്യം പ്രാപിപ്പാൻ അവന് വിശ്വാസമുണ്ട് എന്ന് കണ്ടിട്ട്: നീ എഴുന്നേറ്റ് കാലൂന്നി നിവർന്നു നില്ക്ക എന്ന് ഉറക്കെ പറഞ്ഞു; അവൻ കുതിച്ചെഴുന്നേറ്റു നടന്നു. പൗലൊസ് ചെയ്തത് പുരുഷാരം കണ്ടിട്ടു;ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു എന്ന് ലുക്കവോന്യ ഭാഷയിൽ നിലവിളിച്ചു പറഞ്ഞു. ബർണബാസിന് ഇന്ദ്രൻ എന്നും പൗലൊസ് മുഖ്യപ്രസംഗിയാകയാൽ അവനു ബുധൻ എന്നും പേർ വിളിച്ചു. പട്ടണത്തിന്റെ മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ കാളകളെയും പൂമാലകളെയും ഗോപുരത്തിങ്കൽ കൊണ്ടുവന്നു പുരുഷാരത്തോടുകൂടെ യാഗം കഴിപ്പാൻ ഭാവിച്ചു. ഇത് അപ്പൊസ്തലന്മാരായ ബർണബാസും പൗലൊസും കേട്ടിട്ടു വസ്ത്രം കീറിക്കൊണ്ടു പുരുഷാരത്തിന്റെ ഇടയിലേക്ക് ഓടിച്ചെന്നു നിലവിളിച്ചു പറഞ്ഞത്;

> പുരുഷന്മാരെ, നിങ്ങൾ ഈ ചെയ്യുന്നത് എന്ത്? ഞങ്ങൾ നിങ്ങളോടു സമസ്വഭാവമുള്ള മനുഷ്യർ അത്രെ; നിങ്ങൾ ഈ വ്യർത്ഥ കാര്യങ്ങളെ വിട്ടു; ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയേണം എന്നുള്ള സുവിശേഷം നിങ്ങളോട് അറിയിക്കുന്നു... അവർ ഇങ്ങനെ പറഞ്ഞു തങ്ങൾക്കു യാഗം കഴിക്കാതവണ്ണം പുരുഷാരത്തെ പ്രയാസത്തോടെ തടുത്തു (അപ്പൊ. 14:8-18)

തിരുവെഴുത്തുകളെ നന്നായി ഗ്രഹിച്ചിരുന്ന അപ്പൊസ്തലന്മാർ ലുസ്രയിലെ നിവാസികൾ ആകാശവും ഭൂമിയും സൃഷ്ടിക്കാത്ത ദേവന്മാരെ ആരാധിക്കുന്നതുപോലെ മനുഷ്യരായ അവരെയും ദേവന്മാരാക്കി ആരാധിക്കുവാൻ ഒന്നിച്ചുകൂടിയപ്പോൾ അവരെ അപ്പൊസ്തലന്മാർ തടഞ്ഞത് അവർ പരിജ്ഞാനമുള്ള ദൈവഭൃത്യന്മാരായതുകൊണ്ടായിരുന്നു. എന്നാൽ അതിന് വിപരീതമായി ഇന്ന് എത്രയോ മനുഷ്യദൈവങ്ങളും ദേവന്മാർ എന്ന് വൃഥാ പേരെടുത്ത മിഥ്യാമൂർത്തികളുമാണ് ലോകത്തിൽ ആരാധിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. അത്തരക്കാർ എല്ലാവരും നശിച്ചു പോകും എന്നാണ് തിരുവചനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്.

> ആകാശത്തെയും ഭൂമിയെയും നിർമ്മിക്കാത്ത ദേവന്മാരോ ഭൂമിയിൽനിന്നും ആകാശത്തിൻകീഴിൽ നിന്നും നശിച്ചുപോകും എന്നിങ്ങനെ അവരോടു പറവിൻ (യിര. 10:11).

ദൈവത്തിന് മഹത്വം കൊടുക്കാതെ അത് സ്വയം സ്വീകരിക്കുന്നവർ കഠിപാപമാണ് ചെയ്യുന്നത്. അത് നിമിത്തം അവർ കഠിന ശിക്ഷയിലാണ് അകപ്പെടുന്നത്. അതിന്റെ വ്യക്തതയാണ് കൃമിക്കിരയായിത്തീർന്ന ഹെരോദാവിനോടുള്ള ബന്ധത്തിൽ തെളിവായി താഴെ കൊടുത്തിരിക്കുന്നത്.

> അവൻ സോര്യരുടെയും സീദോന്യരുടെയും നേരെ ക്രൂദ്ധിച്ചിരിക്കുമ്പോൾ രാജാവിന്റെ ദേശത്തു നിന്നു തങ്ങളുടെ ദേശത്തിന് ആഹാരം കിട്ടിവരികയാൽ അവർ ഏക മനസ്സോടെ അവന്റെ അടുക്കൽ ചെന്ന്, രാജാവിന്റെ പള്ളിയറക്കാരനായ ബ്ലസ്തൊസിനെ വശത്താക്കി സന്ധിക്കായി അപേക്ഷിച്ചു. നിശ്ചയിച്ച ദിവസത്തിൽ ഹെരോദാവ് രാജവസ്ത്രം ധരിച്ചു ഭദ്രാസനത്തിൽ ഇരുന്ന് അവരോടു പ്രസംഗം കഴിച്ചു. ഇതു മനുഷ്യന്റെ ശബ്ദമല്ല ഒരു ദേവന്റെ ശബ്ദം അത്രേ എന്നു ജനം ആർത്തു. അവൻ ദൈവത്തിനു മഹത്വം കൊടു

ക്കായ്കയാൽ കർത്താവിന്റെ ദൂതൻ ഉടനെ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെവിട്ടു (അപ്പൊ. 12:20 - 23).

ജാതികളായ പുരുഷാരം ഹെരോദാവിന് കൊടുത്ത മഹത്വം അവൻ സ്വീകരിക്കുകയും ദൈവത്തിനു മഹത്വം കൊടുക്കാതിരിക്കുകയും ചെയ്തതുകൊണ്ടാണ് അവൻ ദൈവദൂതന്റെ അടിയേറ്റു അപ്പോൾത്തന്നെ മരിച്ചുപോയത്. സൃഷ്ടിതാവാം ദൈവത്തിനു ലഭിക്കേണ്ട തിരുമഹത്വം സൃഷ്ടികൾ സ്വീകരിക്കുവാൻ പാടില്ല. അപ്രകാരം അവർ അത് ചെയ്താൽ അവർ കഠിന ശിക്ഷയിലാണ് അകപ്പെടുന്നത്. ഹെരോദാവ് സാക്ഷാൽ ദൈവമായവനെ നിരസിച്ചുകളഞ്ഞതുകൊണ്ടാണ് ഉടനടി ശിക്ഷിക്കപ്പെട്ടത്. അതുകൊണ്ട് മനുഷ്യരിൽ ആരെങ്കിലും ദൈവത്തിന് ലഭിക്കേണ്ട മഹത്വം അവനു കൊടുക്കാതെ ഏതെങ്കിലും വിധത്തിൽ സ്വീകരിച്ചാൽ അവർ കഠിന ശിക്ഷയ്ക്കു അർഹരായിത്തീരുന്നു. അതാണ് ഈ സംഭവത്തിൽനിന്ന് വ്യക്തമാക്കപ്പെടുന്നത്.

സത്യാരാധനക്കാരായിരുന്ന അപ്പൊസ്തലന്മാർ ദൈവത്തിന് മഹത്വം കൊടുത്തു അവൻ മാത്രം ആരാധനയ്ക്ക് യോഗ്യൻ എന്ന് ജാതികൾക്ക് വെളിപ്പെടുത്തിക്കൊടുത്തതു പോലെയാണ് പത്മൊസിൽ ആയിരുന്ന യോഹന്നാനു ദർശനം കാണിച്ചു കൊടുത്ത ദൈവദൂതൻ സത്യദൈവം ഒഴികെ മറ്റാരും ആരാധന സ്വീകരിപ്പാൻ യോഗ്യരല്ല എന്ന് അവന് വ്യക്തമാക്കിക്കൊടുത്തത്.

ഇതു കേൾക്കയും കാണുകയും ചെയ്തതു യോഹന്നാൻ എന്ന ഞാൻ തന്നെ. കേൾക്കയും കാണുകയും ചെയ്തശേഷം അത് എനിക്ക് കാണിച്ചു തന്ന ദൂതന്റെ കാൽക്കൽ ഞാൻ വീണു നമസ്കരിച്ചു. എന്നാൽ അവൻ എന്നോട്: അതരുത്; ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്കരിക്ക എന്നു പറഞ്ഞു (വെളി. 22:8 - 9).

കുഞ്ഞാടിന്റെ കല്ല്യാണം നടക്കുന്നതിനെക്കുറിച്ചുള്ള ദർശനം കണ്ടതിനുശേഷവും (വെളി. 19:10) ഭാവികാല ദർശനങ്ങൾ മുഴുവൻ ദർശിച്ചതിനുശേഷവും അതു കാണിച്ചു കൊടുത്ത ദൂതന്റെ മുമ്പിൽ വീണ് അവനെ നമസ്കരിച്ച അപ്പൊസ്തലനായ യോഹന്നാനെ ദൈവത്തിന്റെ ദൂതൻ അതിന് സമ്മതിക്കാതിരുന്നതിനെക്കുറിച്ചാണ് ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്. ഇതിൽ

നിന്നും ദൈവത്തിന്റെ യഥാർത്ഥ അരുളപ്പാട് ലഭിക്കുന്ന ദൈവ ഭൃത്യന്മാരായ മനുഷ്യരോ ദൂതന്മാരോ ആയവർ ആരാധന സ്വീക രിക്കുകയില്ല. എന്നാൽ ആരാധനാ മോഹിയായ സാത്താനെന്ന ഭോഷ്കിന്റെ അപ്പനും അവന്റെ അനുചരന്മാരും മഹത്വം ഏറ്റെടുക്കുന്നവരും ആരാധന സ്വീകരിക്കുന്നവരു മാകുന്നു. വ്യാജദേവന്മാരായ ദൂതന്മാർ ഏതെങ്കിലും വിധത്തിൽ മഹത്വവും ആരാധനയും സ്വീകരിക്കുന്നവരാകുന്നു. അതിന്റെ തിരുവചന തെളിവാണ് താഴെ രേഖപ്പെടുത്തിയിരിക്കുന്നത്.

> എന്നാൽ ശമുവേൽ മരിച്ചുപോയിരുന്നു; യിസ്രായേലെല്ലാം അവനെക്കുറിച്ച് വിലപിച്ച് അവന്റെ സ്വന്തപട്ടണമായ രാമായിൽ അവനെ അടക്കം ചെയ്തിരുന്നു. ശൗലോ വെളിച്ചപ്പാടത്തിമാരെയും മന്ത്രവാദികളെയും ദേശത്തുനിന്നു നീക്കിക്കളഞ്ഞിരുന്നു... ഞാൻ ആരെ വരുത്തിത്തരേണ്ടു എന്നു സ്ത്രീ ചോദിച്ചതിന്; ശമുവേലിനെ വരുത്തിത്തരേണം എന്ന് അവൻ പറഞ്ഞു. സ്ത്രീ ശമുവേലിനെ കണ്ടപ്പോൾ ഉച്ചത്തിൽ നിലവിളിച്ചു. ശൗലിനോട്: നീ എന്നെ ചതിച്ചത് എന്ത്? നീ ശൗൽ ആകുന്നുവല്ലോ എന്നു പറഞ്ഞു. രാജാവ് അവളോട്: ഭയപ്പെടേണ്ടാ, നീ കാണുന്നത് എന്ത് എന്നു ചോദിച്ചതിന് : ഒരു ദേവൻ ഭൂമിയിൽനിന്ന് കയറിവരുന്നതു ഞാൻ കാണുന്നു എന്ന് സ്ത്രീ ശൗലിനോടു പറഞ്ഞു. അവൻ അവളോട്: അവന്റെ രൂപം എന്ത് എന്നു ചോദിച്ചതിന് അവൾ: ഒരു വൃദ്ധൻ കയറിവരുന്നു. അവൻ ഒരു അങ്കിയും ധരിച്ചിരിക്കുന്നു എന്നു പറഞ്ഞു എന്നാറെ അതു ശമുവേൽ എന്നറിഞ്ഞു ശൗൽ സാഷ്ടാംഗം വീണു നമസ്കരിച്ചു. ശമുവേൽ ശൗലിനോട്... (1ശമു. 28:3-25).

ശമുവേൽ മരിച്ചശേഷം വെളിച്ചപ്പാടത്തി ശൗലിന്റെ അപേ ക്ഷപ്രകാരം വിളിച്ചുവരുത്തിയത് ശമുവേലിന്റെ വേഷത്തിൽ പ്രത്യക്ഷനായ ദുഷ്ടദൂതനെയായിരുന്നു. ശമുവേൽ ജീവനോ ടിരുന്നപ്പോൾ ശൗലിനോട് സംസാരിച്ച എല്ലാ ദൈവീക അരുള പ്പാടുകളും മോഷ്ടിച്ചെടുത്ത ദുഷ്ടദൂതനാണ് ശമുവേലായി പ്രത്യക്ഷപ്പെട്ട് അവനെപ്പോലെ ശൗലിനോട് സംസാരിച്ചത്. അവൻ ദൈവദൂതൻ ആയിരുന്നില്ല, ദുഷ്ടദൂതൻ ആയിരുന്നു. അവൻ ദുഷ്ടദൂതൻ ആയതുകൊണ്ടാണ് ശൗൽ അവനെ സാഷ്ടാംഗം വീണു നമസ്കരിച്ചപ്പോൾ അവൻ അതിനെ എതിർക്കാതിരുന്നത്. ദൈവദൂതന്മാരെയോ മരിച്ചു പോയവ രെയോ ഒരുനാളും വെളിച്ചപ്പാടിന്റെ ആത്മാവിനാൽ വിളിച്ചു

വരുത്തുവാൻ കഴിയുകയില്ല. അന്നു വെളിച്ചപ്പാടത്തി വിളിച്ചു വരുത്തിയത് ശമുവേലിന്റെ വേഷം ധരിച്ച ദുഷ്ടദൂതനെ ആയിരുന്നു. ഇതിൽനിന്നും ദുഷ്ടദൂതന്മാർ ആരാധനയും മഹ ത്വവും സ്വയം സ്വീകരിക്കുന്നവരാകുന്നു എന്നതാണ് വ്യക്ത മാക്കപ്പെടുന്നത്. ദൈവദൂതന്മാരെയും അല്ലാത്തവരെയും സത്യ വേലക്കാരെയും കപട വേലക്കാരെയും തിരിച്ചറിയുവാൻ സാധി ക്കുന്നത് അവർ സ്വന്തമായി മഹത്വം ഏറ്റെടുക്കുന്നവരോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇന്ന് ലോകത്തിൽ എത്രയോ ആൾക്കാർ വഞ്ചിക്കപ്പെട്ടവരായി മനുഷ്യരെയും ദൂതന്മാരെയും അതുപോലെ മറ്റുപലതിനെയും ആരാധിക്കുന്നു. എന്നാൽ സത്യദൈവത്തെ വ്യക്തമായി അറിയുന്നവർ സൃഷ്ടി താവാം ദൈവത്തെ മാത്രം ആരാധിച്ച് അവനു മാത്രമേ മഹത്ത്വം കരേറ്റുകയുള്ളൂ.

ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായ മനുഷ്യരിലോ ദൂതന്മാ രിലോ ചിലർ ഏതെങ്കിലും കാരണവശാൽ തെറ്റിപ്പോയാൽ അവർ ശപിക്കപ്പെട്ടവരും കഠിനശിക്ഷയ്ക്ക് അർഹരായി തീരുന്നവരു മാകുന്നു. അവർ ഒടുക്കത്തെ നാളിൽ തള്ളപ്പെടുന്നത് നിത്യ നരകാഗ്നിയുടെ കഠിനമായ യാതനയിലേക്കായിരിക്കും എന്നതിന് സംശയമേതുമില്ല.

കഠിനപാപം ചെയ്ത് നരകത്തിലേക്ക് തള്ളപ്പെട്ടവരിലെ പ്രഥമ വ്യക്തി ദൈവീക അരുളപ്പാടുകൾ അവഗണിച്ച് സ്വന്ത സഹോദ രനെ കൊന്നുകളഞ്ഞ കയീനാകുന്നു. അവനെപ്പോലെ ആ രെല്ലാം ദൈവവചനത്തെ തിരസ്കരിച്ച് പാപം ചെയ്യുന്നുവോ അവരുടെയെല്ലാം ആത്മാക്കൾ മരണാനന്തരം തള്ളപ്പെടുന്നത് **നരകമെന്ന മരണത്തിലേക്കാകുന്നു**. സാക്ഷാൽ സ്നേഹമായ വൻ ജഡത്തിൽ മനുഷ്യനായി അവതരിച്ചത് മാനവവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയായിരുന്നു.

മൂന്നരവർഷം സ്നേഹസ്വരൂപനായ ദൈവപുത്രന്റെ കൂടെ നടന്നിട്ടും മാനസാന്തരത്തിന് ധാരാളം അവസരം ലഭിച്ചിട്ടും പിശാചിനാൽ വഞ്ചിക്കപ്പെട്ടു കഠിന ഹൃദയനായിപ്പോയതു കൊണ്ടാണ് യൂദാ ഈസ്കര്യോത്താവ് ഗുരുവിനെ കേവലം മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുത്തത്. അതിനാൽ യേശു വിനെ കാണിച്ചുകൊടുത്ത യൂദയും കഠിന പാപികളുടെ കൂട്ടത്തി ലാണ് ഉൾപ്പെടുന്നത്. കയീൻ, ഒറ്റുകാരനായ യൂദാ എന്നിവരെ

പ്പോലെ ദൈവീകാലോചനയെയും ദൈവസ്നേഹത്തെയും അവഗണിച്ച് ദൈവീക ത്രിത്വത്തിനെതിരെ പാപം ചെയ്യുന്ന സകല മനുഷ്യരുടെയും അന്ത്യം അതികഠിനമാകുന്നു. അതു കൊണ്ടാണ് ദൈവസ്നേഹത്തിൽ വന്നതിനുശേഷം അതിൽ നിന്ന് പിൻതിരിഞ്ഞ് ലോക സ്നേഹത്തിലേക്ക് ഇറങ്ങിപ്പോകുന്ന വരെക്കുറിച്ച് അപ്പൊസ്തലനായ പൌലൊസ് എബ്രായർക്ക് എഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തിരുവചന ഭാഗം ഈ അദ്ധ്യായപഠനത്തിന്റെ പ്രാരംഭ വാക്യങ്ങളായി രേഖപ്പെടുത്തിയിരിക്കുന്നത്.

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മനഃപൂർവ്വം പാപം ചെയ്യുന്നവർ ദൈവവചനമാകുന്ന ദൈവപുത്രനെ ചവിട്ടിക്കള യുന്നവരും അവരെ വിശുദ്ധീകരിച്ച നിയമ രക്തമാകുന്ന പരിശു ദ്ധാത്മാവിനെ മലിനം എന്നു നിരൂപിക്കുന്നവരും കൃപയുടെ ആത്മാവാകുന്ന പിതാവാം ദൈവത്തെ നിന്ദിക്കുന്നവരുമാകുന്നു. ദൈവീകത്രിത്വത്തിന്റെ പരിപാവനതയെ സ്വന്തജീവിതത്തിൽ കാത്തു സൂക്ഷിക്കാത്തവർ കഠിനപാപികളാകുന്നു. അവർ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് ചേർന്ന ശേഷം അതിനെ നിസ്സാരമായി കണക്കാക്കി പിന്മാറിപ്പോകുന്നവരാകുന്നു.

സന്മാർഗം ത്യജിക്കുന്നവർക്ക് കഠിനശിക്ഷാവിധിയാണ് ലഭിക്കുന്നത് (സദൃശ്യ. 15:10). ഇതിന്റെ വിശദീകരണം അപ്പൊസ്തലനായ പത്രൊസിന്റെ ലേഖനത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത് ഇപ്രകാരമാണ്.

> കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേ തിനെക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ചു കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞ ശേഷം വിട്ടുകള യുന്നതിനെക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിപ്പിച്ചിട്ടു, ചെളി യിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്ക് സംഭവിച്ചു(2പത്രൊ. 2:20 - 22).

കഠിനപാപികളിൽ ഉൾപ്പെടുന്നവരുടെ പട്ടികയാണ് പത്രൊസ് അപ്പൊസ്തലൻ എഴുതിയ രണ്ടാം ലേഖനത്തിലെ രണ്ടാമത്തെ അദ്ധ്യായത്തിന്റെ പ്രതിപാദ്യവിഷയം. അവരിൽ പാപം ചെയ്ത

ദൂതന്മാർ, നോഹയുടെ ജലപ്രളയത്തിൽ മുങ്ങിനശിച്ചവരിലെ ഭക്തികെട്ടവർ, സൊദോം ഗോമോറോ നിവാസികൾ, നേർവഴിവിട്ടു തെറ്റിപ്പോയ ബിലെയാമിനെപ്പോലെയുള്ളവർ, പുതിയനിയമ ദൈവസഭയിൽ നിന്ന് തെറ്റിപ്പോകുന്നവർ എന്നിവരെക്കുറിച്ചുള്ള വിശദീകരണത്തിൽ അപ്പൊസ്തലൻ ഓർപ്പിച്ചുണർത്തുന്നത് ദൈവത്തെ അറിഞ്ഞ ശേഷം തെറ്റിപ്പോകുന്നവർ പാപം ചെയ്ത ദുഷ്ടദൂതന്മാർക്ക് തുല്യരായി കഠിനശിക്ഷ അനുഭവിക്കേണ്ടി വരുമെന്നുള്ളതാണ്.

ഇതുവരെയുള്ള പഠനത്തിൽനിന്നും അധികം വിശദീകരണം കൂടാതെ കഠിനപാപികൾ ആരാകുന്നു എന്നതിന്റെ വ്യക്തത യാണ് നമുക്ക് ലഭിച്ചത്. അന്ത്യന്യായവിധി എന്ന പുസ്തകം വായിക്കുന്നവർ ഒരു നിമിഷം ചിന്തിക്കുക നാം ഇപ്രകാരമുള്ള ഏതെങ്കിലും കൂട്ടരിൽ ഉൾപ്പെടുന്നുവോ? അങ്ങിനെയെങ്കിൽ നിഗളിച്ചിട്ട് പിശാചിന് വന്ന അതേ ശിക്ഷാവിധിയിൽ അകപ്പെട്ട് നിത്യനരകാഗ്നിയുടെ അടിത്തട്ടിലേക്ക് തള്ളപ്പെട്ടു പോകും. പ്രിയരേ, തന്നത്താൻ താഴ്ത്തി താണലോകത്തിലേക്ക് ഇറങ്ങി വന്ന ക്രിസ്തുയേശുവിനെ അനുഗമിച്ച് അത്യുന്നതങ്ങളിലേക്ക് എടുക്കപ്പെടുന്ന ജയാളികളുടെ ഗണത്തിൽപ്പെടുന്നവരാകുവാൻ കർത്താവ് നമുക്ക് കൃപ ചെയ്യട്ടെ.

വെള്ള സിംഹാസനത്തിനു മുമ്പാകെ നരകം ഏല്പിച്ചു കൊടുക്കുന്നവരുടെ അന്ത്യന്യായവിധിയും പൂർത്തീകരിക്ക പ്പെടുന്നതോടെയാണ് ഒടുക്കത്തെ നാളിൽ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധി പൂർത്തീകരിക്കപ്പെടുന്നത്. ചൂളപ്പോലെ കത്തുന്ന ഒടുക്കത്തെനാളിൽ വേരാകുന്ന സാത്താൻ, അവന്റെ കൊമ്പുകളാകുന്ന ദുഷ്ടദൂതന്മാർ, കഠിനപാപികൾ, അമാനുഷികരായ ഭൂതാത്മാക്കൾ, പാപികൾ എന്നിവർകൂടി കെടാത്ത തീയും ചാകാത്ത പുഴുവും പല്ലുകടിയും കരച്ചിലു മുള്ള നരകാഗ്നിയിലെ നിത്യദണ്ഡനത്തിലകപ്പെടുന്നതോ ടെയാണ് വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പി ച്ചുകളയും എന്നു മലാഖി എഴുതിയ പ്രവചനത്തിലെ പ്രവചനം നിവർത്തീകരിക്കപ്പെടുന്നത്.

പഴയനിയമത്തിലെ അവസാന പുസ്തകമായ മലാഖി പ്രവചനത്തിലെ അവസാന അദ്ധ്യായം എഴുതി അവസാനിപ്പി ച്ചിരിക്കുന്നത് ഭാവികാലത്തു പ്രത്യക്ഷപ്പെടുവാനുള്ള മൂന്നു

ദിവസങ്ങളോടുള്ള ബന്ധത്തിലാകുന്നു. ഭാവികാല സംഭവങ്ങൾ നിവർത്തീകരിക്കപ്പെടുന്ന ക്രമം അനുസരിച്ച് അവ പ്രത്യക്ഷപ്പെടുന്നതിന്റെ ലഘു വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്. അത് ഈ പുസ്തകത്തിന്റെ പഠന സംഗ്രഹവുമാകുന്നു.

1 **യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ** (മലാ. 4:5)

കർത്താവിന്റെ മഹത്വപ്രത്യക്ഷതയാകുന്ന രണ്ടാമത്തെ പ്രത്യക്ഷതയെക്കുറിച്ചാണ് യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ എന്നു ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. ഈ ദിവസത്തെക്കുറിച്ച് നിരവധി തിരുവചന തെളിവുകളുണ്ട്.

> യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരും മുമ്പേ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും (യോവേ. 2:31), (അപ്പൊ. 2:31, യോവേ. 1:15, 2:1-11, സെഖ. 14:5-7, മത്താ. 24:29-31)

കർത്താവിന്റെ പരസ്യവരവാകുന്ന രണ്ടാമത്തെ പ്രത്യക്ഷതയ്ക്കു മുമ്പാണ് സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകുന്നത്. ഇതിൽനിന്നും മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളാണ് യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം എന്നാണ് വ്യക്തമാക്കപ്പെടുന്നത്. അതാണ് വെളിപ്പാട്പുസ്തകത്തിൽ മർമ്മമായി രേഖപ്പെടുത്തിയിരിക്കുന്ന ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴു ദിവസങ്ങളിലെ നാലാമത്തെ ദിവസം.

> യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിനു മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും. ഞാൻ വന്നു ഭൂമിയെ സംഹാരശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന് അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും (മലാ. 4:5-6)

കർത്താവിന്റെ ഒന്നാമത്തെ വരവിന് ഏകദേശം അഞ്ഞൂറു വർഷങ്ങൾക്കു മുമ്പ് എഴുതിയ മലാഖിയുടെ പ്രവചനം എഴുതി പഴയനിയമം പൂർത്തീകരിച്ചിരിക്കുന്നത് പുതിയനിയമത്തിന്റെ ആരംഭത്തിനുള്ള സൂചന നല്കിക്കൊണ്ടാണ്. പഴയനിയമ ത്തിന്റെ അവസാന പ്രവാചകനായ സ്നാപകയോഹന്നാന്റെ ശുശ്രൂഷയെക്കുറിച്ചാണ് ഏലിയാവിനോടുള്ള ബന്ധത്തിൽ അവൻ വന്നു അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും എന്നു പ്രസ്താവിച്ചിരിക്കുന്നത്.

പ്രവാചകന്മാർക്കോ മറ്റാർക്കുംതന്നെയോ കഴിയാതിരുന്ന കാര്യമാണ് കർത്താവിന്റെ ഒന്നാമത്തെ വരവിങ്കൽ യേശുക്രിസ്തുവിലൂടെ പിതാവാം ദൈവം പൂർത്തീകരിച്ചത്. അത് ദൈവത്തിൽ നിന്നകന്നു പോയ മാനവരാശിയെ സ്വർഗീയ പിതാവാംദൈവത്തോട് നിരപ്പിക്കുന്ന ശുശ്രൂഷയാണ്.

ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്ക് ഇപ്പോൾ നിരപ്പു ലഭിച്ചതിനു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു (റോമ. 5:10 - 11).

പഴയനിയമത്തിൽനിന്ന് പുതിയനിയമം വ്യത്യസ്ഥത പുലർത്തുന്നതിന്റെ കാരണം പഴയ സൃഷ്ടിയായ മനുഷ്യനെ പുതിയ സൃഷ്ടിയാക്കിത്തീർക്കുന്ന നിരപ്പിന്റെ ശുശ്രൂഷയാണ് പുതിയ നിയമത്തിന്റെ ശുശ്രൂഷ എന്നതാകുന്നു. അതിനു വേണ്ടിയാണ് സ്വർഗീയപിതാവ് സ്വപുത്രനെ താണലോകത്തിലേക്ക് അയച്ചത്. പുതിയനിയമം പുതിയ സൃഷ്ടിയെ സംബന്ധിച്ചുള്ളതാണ്. അതിന്റെ ആരംഭമിട്ടവൻ തന്നെ അതു ഒടുക്കത്തെനാളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നു. കർത്താവായ യേശുക്രിസ്തു പുതിയനിയമത്തിൽ ആരംഭിച്ച നിരപ്പിന്റെ ശുശ്രൂഷയെക്കുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി . ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു, ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.

ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോട് നിരന്നുകൊൾവിൻ എന്ന് ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു. അത് ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു (2 കൊരി 5:17 - 21).

പഴയനിയമത്തിന്റെ സന്ദേശം മനുഷ്യരെ മനുഷ്യരോട്

നിരപ്പിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നുവെങ്കിൽ പുതിയ നിയമം ക്രിസ്തുയേശുവിന്റെ രക്തത്താൽ പാപികളായ നമ്മെ ശുദ്ധീകരിച്ച് വിശുദ്ധനായ ദൈവത്തോട് നിരപ്പിക്കുക എന്നുള്ളതാണ്. ആ ശുശ്രൂഷയാണ് കഴിഞ്ഞ രണ്ടായിരത്തിൽപരം വർഷങ്ങളായി പരിശുദ്ധാത്മാവാം ദൈവം ക്രിസ്തുവിന്റെ സ്ഥാനാപതികളായ പുതിയനിയമ ശുശ്രൂഷകരിലൂടെ ഭൂമിയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അതിന്റെ പൂർത്തീകരണ പ്രക്രിയയിലേക്കാണ് നാം അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

കർത്താവ് തന്റെ സകല വിശുദ്ധന്മാരുമായി ഭൂമിയിലേക്ക് പ്രത്യക്ഷപ്പെടുന്ന കർത്താവിന്റെ പരസ്യ വരവിന്റെ ദിവസമാണ് യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ. അന്ന് അവൻ പ്രത്യക്ഷപ്പെടുമ്പോൾ സ്നാപക യോഹന്നാൻ വിളിച്ചു പറഞ്ഞതുപോലെ വീശുമുറം കൊണ്ട് അവൻ വീശി കളത്തെ മുറ്റം വെടിപ്പാക്കി നീതിമാന്മാരാകുന്ന കോതമ്പു കളപ്പുരയിൽ കൂട്ടിവയ്ക്കുകയും പതിരാകുന്ന ദുഷ്ടന്മാരെ കെടാത്ത തീയാകുന്ന അഗ്നിനരകത്തിലേക്ക് തള്ളിക്കളയുകയും ചെയ്യുന്നു. അതെക്കുറിച്ചാണ് സവിസ്തരം നാം ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗമായ ജീവനുള്ളവരുടെ അന്ത്യന്യായവിധി എന്ന ഭാഗത്ത് ചിന്തിച്ചത്.

ആയിരം വർഷത്തെ കർത്താവിന്റെ ഭരണകാലമാകുന്ന കൂടാരപ്പെരുന്നാളിനു ശേഷം സാത്താനെ അല്പകാലത്തേക്ക് അഴിച്ചുവിടുമ്പോൾ അവൻ കടല്പ്പുറത്തെ മണൽ പോലെയുള്ള ജാതികളെ വശീകരിച്ച് രാജാധിരാജാവാം ദൈവത്തിനെതിരെ യുദ്ധസന്നാഹമൊരുക്കുന്നു. ആ ദിവസങ്ങളിൽ ഒന്നിലാണ് മലാഖിയുടെ പ്രവചനത്തിൽ പ്രസ്താവിച്ചിരിക്കുന്ന ചൂളപ്പോലെ കത്തുന്ന ഒടുക്കത്തെ നാൾ പ്രത്യക്ഷപ്പെടുന്നത്. അതാണ് മലാഖി പ്രവചിച്ചിരിക്കുന്ന പ്രവചനത്തിലെ രണ്ടാമത്തെ നാൾ.

## 2 ചൂളപ്പോലെ കത്തുന്ന ദിവസം (മലാ. 4:1)

മലാഖിയുടെ പ്രവചനത്തിൽ ചൂളപ്പോലെ കത്തുന്ന ദിവസമാകുന്ന ഒടുക്കത്തെ നാളിലാണ് ഗോഗ്-മാഗോഗ് യുദ്ധാനന്തരം ദുഷ്ടതയുടെ വേരാകുന്ന സാത്താൻ നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുന്നത്. അതുപോലെ വെള്ള സിംഹാസനത്തിനു മുമ്പാകെ നടക്കുന്ന മരിച്ചവരുടെ അന്ത്യന്യായവിധി

യിലാണ് സാത്താന്റെ കൊമ്പുകളാകുന്ന ജീവ പുസ്തകത്തിൽ പേരില്ലാത്ത സകലരെയും അഗ്നിനരകത്തിലേക്ക് തള്ളിക്കള യുന്നത്. അതേക്കുറിച്ചാണ് പാതാളത്തിലുള്ള വരുടെ അന്ത്യ ന്യായവിധി, മരണത്തിലുള്ളവരുടെ അന്ത്യന്യായവിധി എന്നീ രണ്ട് അദ്ധ്യായങ്ങളിൽ നാം സവിസ്തരം ചിന്തിച്ചത്.

ഒടുക്കത്തെ നാളാകുന്ന ചൂളപ്പോലെ കത്തുന്ന ദിവസത്തിൽ ദൈവത്തിൽ നിന്ന് അകന്നുപോകുന്ന സകല സൃഷ്ടികളും അഗ്നിനരകത്തിലേക്ക് തള്ളപ്പെടുമ്പോൾ **ദൈവത്തിൽ നിന്ന് അകന്നു പോകാത്ത സൃഷ്ടികൾ** എവിടേക്ക് മാറ്റപ്പെടുന്നു എന്നതിന്റെ വിശദീകരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

1 സമുദ്രം വെള്ളസിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചു കൊടുക്കുന്നവർ

2 ഒന്നാമത്തെ ആകാശത്തിലെ നിവാസികളായ ദൈവദൂതന്മാർ

**സമുദ്രം വെള്ള സിംഹാസനത്തിനു മുമ്പാകം ഏല്പിച്ചു കൊടുക്കുന്നവർ**: ഒടുക്കത്തെ നാളിൽ നടക്കുന്ന പുനരുത്ഥാന ത്തിൽ നിത്യജീവനായി പുനരുത്ഥാനം പ്രാപിക്കുന്ന നന്മ ചെ യ്തവരെയാണ് സമുദ്രം വെള്ള സിംഹാസനത്തിനു മുമ്പാകെ ഏല്പിച്ചുകൊടുക്കുന്നത്. അവരുടെ പേരുകൾ ജീവപുസ്തക ത്തിൽ ഉള്ളതുകൊണ്ടാണ് ദൈവം അവരെ അഗ്നിനരകത്തി ലേക്ക് തള്ളിക്കളയാതിരിക്കുന്നത്.

പുരാതന ലോകത്തിലും ഇപ്പോഴത്തെ ലോകത്തിലും സഹ സ്രാബ്ദകാലത്തിലും നിത്യജീവനു യോഗ്യരാകുന്നവരുടെ പേരുകളാണ് ജീവപുസ്തകത്തിൽ കാണപ്പെടുന്നത്. ഒടുക്കത്തെ നാളിൽ അവർ പുനരുത്ഥാനം പ്രാപിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന തേജസ്സ് പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും വസിപ്പാനുള്ള ഭൗമതേജസ്സാണ്. ഒടുക്കത്തെ നാളിൽ തീകൊണ്ടു സമുദ്രവും അതിലുള്ളതും കത്തിയഴിയപ്പെടുന്നു. അതിനു മുമ്പ് സമുദ്രം ഏല്പിച്ചുകൊടുക്കുന്നവർ ദൂതതുല്യരായി പുതിയ ആകാ ശത്തിലും പുതിയ ഭൂമിയിലേക്കുമാണ് പ്രവേശിപ്പിക്കപ്പെടുന്നത്.

**ഒന്നാമത്തെ ആകാശത്തിലെ നിവാസികളായ ദൈവദൂതന്മാർ:** സാത്താൻ മനുഷ്യരെ വശീകരിച്ച് അവന്റെ പക്ഷത്ത് ചേർക്കുന്നതുപോലെ വഞ്ചകനായവൻ സ്വർഗീയ പറുദീസ യാകുന്ന ഒന്നാമത്തെ ആകാശത്തിലെ സൃഷ്ടികളായ ദൂത

ന്മാരെയും വശീകരിച്ച് അവന്റെ പക്ഷം ചേർക്കുന്നു എന്നതിനെക്കുറിച്ച്  നാം ചിന്തിച്ചിരുന്നുവല്ലോ. മധ്യാകാശത്ത് വെച്ച് നടക്കുന്ന യുദ്ധത്തിൽ ദൈവത്തിന്റെ പാദപീഠമാകുന്ന ദുഷ്ടാത്മസേന പുരാതനലോകത്തിൽ പാപം ചെയ്ത ദൂതന്മാരോടൊപ്പം നിത്യനരകാഗ്നിയിലേക്ക് ഒടുക്കത്തെ നാളിൽ തള്ളപ്പെടുന്നതിനെക്കുറിച്ചും നാം ചിന്തിക്കുകയുണ്ടായി. കർത്താവിന്റെ മധ്യാകാശവരവിങ്കൽ സാത്താനും അവന്റെ അനുയായികളും ഭൂമിയിലേക്ക് തള്ളപ്പെടുന്നതിനു ശേഷം സ്വർഗീയ പറുദീസയിൽ നിന്ന് ദൂതന്മാർ തെറ്റിപ്പോകുന്നില്ല. ഒന്നാമത്തെ ആകാശമാകുന്ന സ്വർഗീയപറുദീസയിൽ നിന്ന് മൂന്നിൽ ഒന്നു ദൂതന്മാരാണ് സാത്താന്റെ വശീകരണ വലയത്തിൽപ്പെട്ട് കർത്താവിന്റെ മധ്യാകാശപ്രത്യക്ഷതയിൽ ഭൂമിയിലേക്ക് നിപതിക്കുന്നത്. അതിനുശേഷം മൂന്നിൽ രണ്ടു സ്വർഗീയ ദൂതന്മാർ ഒന്നാമത്തെ ആകാശമാകുന്ന പറുദീസയിൽ ശേഷിച്ചിരിക്കുന്നു എന്നതിനാണ് തിരുവചനം വ്യക്തത നല്കുന്നത്.

> സ്വർഗത്തിൽ മറ്റൊരു അടയാളം കാണായി; ഏഴുതലയും പത്തുകൊമ്പും തലയിൽ ഏഴുരാജമുടിയുമായി തീ നിറമുള്ളോരു മഹാസർപ്പം അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ വലിച്ചുകൂട്ടി ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു... (വെളി. 12:3 - 4).

ഇവിടെ പ്രസ്താവിച്ചിരിക്കുന്ന വാക്യങ്ങളിൽനിന്നുമാണ് കർത്താവിന്റെ മധ്യാകാശ വരവിനു ശേഷം ഒന്നാമത്തെ ആകാശമാകുന്ന സ്വർഗത്തിൽ മൂന്നിൽ രണ്ട് ദൂതഗണങ്ങൾ ശേഷിച്ചിരിക്കുന്നു എന്ന നിഗമനത്തിൽ നാം എത്തിച്ചേർന്നത്. ഒന്നാമത്തെ ആകാശം തീകൊണ്ടു കത്തിയഴിയപ്പെടുന്നതിനു മുമ്പ് ഇവരും പുതുവാനഭൂമിയിലേക്ക് ദൂതതുല്യരായ മനുഷ്യരോടൊപ്പം  പ്രവേശിക്കപ്പെടുവാനുള്ളവരാകുന്നു.

ആയിരം ആണ്ടത്തെ ഭരണത്തിൽ ഉണ്ടായിരിക്കുന്ന ഭൂമിയും ആകാശവുമാണ് ഒടുക്കത്തെ നാളിൽ നടക്കുന്ന അന്ത്യന്യായവിധിക്ക് മുമ്പ് വിദൂരതയിലേക്ക് ഓടിമറയുന്നത്. അവ ഒടുക്കത്തെ നാളിലെ പുനരുത്ഥാനവും അന്ത്യന്യായവിധിയും കഴിയുന്നതിനു മുമ്പ് കത്തിയഴിയപ്പെടുകയും പുതുവാനഭൂമി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഒടുക്കത്തെ നാളിൽ സംഭവിക്കുന്ന ഈ കാര്യങ്ങളെക്കുറിച്ചുള്ള വിവരണം പത്രൊസ് അപ്പൊസ്ത

ലൻ രേഖപ്പെടുത്തിയരിക്കുന്നതിൽ നിന്നുമാണ് ഇതിന്റെ വ്യ ക്തത നമുക്ക് ലഭിക്കുന്നത്.

> കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകുകയും ചെയ്യും (2 പത്രൊ. 3:10).

വെള്ളസിംഹാസനത്തിനു മുമ്പിൽനിന്ന് ഓടിപ്പോകുന്ന ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുന്നതിന്റെ തിരുവചന വ്യക്തതയാണ് ഇതിൽനിന്നു ലഭിക്കുന്നത്. മനുഷ്യവാസ ത്തോടുള്ള ബന്ധത്തിലെ ഇന്നത്തെ ആകാശവും ഭൂമിയുമാണ് അന്ന് പ്രാരംഭമായി ഇല്ലാതായിത്തീരുന്നത്. അതായത് സഹസ്രാബ്ദ കാലത്തുള്ള ആകാശവും ഭൂമിയും ഇല്ലാ തായിത്തീരുന്നു. ശൂന്യതയിൽനിന്ന് ഉളവാക്കപ്പെട്ടത് ഒഴിഞ്ഞു പോയി. ശൂന്യത വെളിപ്പെടുന്ന സന്ദർഭത്തിൽ അതിനു പകരമായി നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും പ്രത്യക്ഷപ്പെടുന്നു.

ഒടുക്കത്തെ നാളിൽ പ്രത്യക്ഷപ്പെടുന്ന പുതിയ ആകാശ ത്തിലും പുതിയ ഭൂമിയിലേക്കുമാണ് സമുദ്രം ഏല്പിച്ചു കൊടുക്കുന്ന നീതിമാന്മാരായവർ നിത്യജീവനു യോഗ്യരായി ഭൗമതേജസ്സോടെ തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാക്കളെ പ്പോലെ പ്രവേശിപ്പിക്കപ്പെടുന്നത്. മാനവകുലത്തിൽ നിന്ന് നിത്യജീവനു യോഗ്യരാകുന്നവർ ദൂതതുല്യരാ യിട്ടാണ് പുതു വാനഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത്. അവരോടൊപ്പം ഒന്നാമത്തെ ആകാശമാകുന്ന സ്വർഗീയ പറുദീസയിൽ ശേഷിച്ചിരിക്കുന്ന ദൈവദൂതന്മാരും പുതുവാന ഭൂമിയിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിതമാക്കപ്പെടുകയും ദൂതതുല്യരായ മനുഷ്യരും പറുദീസ വാസികളായ സ്വർഗീയ ദൂതന്മാരും അവിടേക്ക് പ്രവേശിപ്പിക്ക പ്പെടുകയും ചെയ്തതിനു ശേഷമാണ് ഒന്നാമത്തെ ആകാശ മാകുന്ന പറുദീസയെന്ന സ്വർഗവും സമുദ്രവും ഇല്ലാതാ യിത്തീരുന്നത്.

> ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും

കൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനും ഭക്തിയും ഉള്ളവർ ആയിരിക്കേണം (2പത്രൊ. 3:11-12)

ഇവിടെ പ്രസ്താവിച്ചിരിക്കുന്ന ആകാശം ചുട്ടഴിയപ്പെടുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത് ഒന്നാമത്തെ ആകാശമാകുന്ന സ്വർഗത്തെക്കുറിച്ചാകുന്നു. അതിൻപ്രകാരം ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്ന തിരുവചനത്തിലെ ആദ്യവാക്യത്തിലെ ആകാശവും ഒടുക്കത്തെ നാളിൽ ചുട്ടഴിയപ്പെടുന്നു. ദുഷ്ടതയാകുന്ന പാപവും മരണവും ഉടലെടുത്ത ഒന്നാമത്തെ ആകാശവും അതിലുള്ളതും മൂലപദാർത്ഥങ്ങൾ കത്തിയഴിഞ്ഞ് ഇല്ലാതാകുമ്പോൾ അതോടൊപ്പം സമുദ്രവും അതിലുള്ളതും ഇല്ലാതായിത്തീരുന്നു. ഒടുക്കത്തെ നാളിലാണ് ഇവയെല്ലാം മൂലപദാർത്ഥങ്ങൾ കത്തിയഴിഞ്ഞ് ഇല്ലാതായിത്തീരുന്നത്. വെളിപ്പാട്പുസ്തകത്തിൽ ഒന്നാമത്തേത് എല്ലാം കഴിഞ്ഞുപോയി എന്നതിൽനിന്നും അർത്ഥമാക്കുന്നത് പഴയതായകുന്നതും ജീർണ്ണിക്കുന്നതുമെല്ലാം നീങ്ങിപ്പോകുന്നു എന്നതാകുന്നു.

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല... ഒന്നാമത്തേത് കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ: ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്ന് അരുളിച്ചെയ്തു (വെളി. 21:1-5).

ഒന്നാമത്തേതെല്ലാം ഒഴിഞ്ഞുപോയതിനു ശേഷം പുതുവാന ഭൂമിയിൽ കാണപ്പെടുന്നത് ദൂതതുല്യരായ മനുഷ്യരും സ്വർഗീയവാസികളായിരുന്ന ദൂതന്മാരുമാണ്. കാണുന്നതെല്ലാം താത്കാലികം കാണപ്പെടാത്തതോ നിത്യം എന്ന തിരുവചനപ്രകാരം ദൃശ്യമായതെല്ലാം ഒഴിഞ്ഞുപോകുകയും മരണം, ദുഃഖം, മുറവിളി, കഷ്ടത, ശാപം എന്നിവകളൊന്നുമില്ലാത്തതും ഒരിക്കലും മാറ്റമില്ലാത്തതുമായ ദൈവരാജ്യം മാനവരാശിയുടെ നിത്യയുഗത്തോടുള്ള ബന്ധത്തിൽ ഒടുക്കത്തെനാളിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. സമ്പൂർണ്ണമായ ദൈവരാജ്യം പുതുവാനഭൂമിയിൽ സ്ഥാപിതമാക്കപ്പെടുന്നതോടെയാണ് പിതാവാം ദൈവത്തെ രാജ്യം ഭരമേല്പിക്കുവാൻ പുത്രനാം ദൈവവും അവനോടുകൂടെ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നവരും സ്വർഗോന്നതികളിലേക്ക് തിരികെ കരേറിപ്പോകുന്നത്.

അതോടെ ഒടുക്കത്തെ നാളിൽ സംഭവിപ്പാനുള്ള സകല കാര്യങ്ങളും നിവർത്തീകരിക്ക പ്പെടുകയും ഏഴ് ഇടിനാദത്തിൽ മറഞ്ഞിരിക്കുന്ന ഏഴാമത്തെ ദിവസമാകുന്ന ഉണ്ടാക്കുവാനുള്ള ദിവസം ആഗതമാകുകയും ചെയ്യുന്നു. മലാഖിയുടെ പ്രവചന ത്തിൽ പ്രസ്താവിച്ചിരിക്കുന്ന മൂന്നാമത്തെ ദിവസമാകുന്നു ഉണ്ടാക്കുവാനുള്ള ദിവസം.

### 3 ഉണ്ടാക്കുവാനുള്ള ദിവസം

> ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ ദുഷ്ടന്മാർ നിങ്ങളുടെ കാലിൻകീഴിൽ വെണ്ണീർ ആയിരിക്കകൊണ്ടു നിങ്ങൾ അവരെ ചവിട്ടിക്കളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാ. 4:3).

> യഹോവ ഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതിവച്ചിരിക്കുന്നു. ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപം ആയിരിക്കും. (മലാ. 3:17)

പുതുവാനഭൂമിയിൽ മാനവരാശിയോടുള്ള ബന്ധത്തിലെ നിത്യയുഗം അതിന്റെ സമ്പൂർണ്ണതയിൽ ഉദയം ചെയ്യുന്നത് ദൈവം ഉണ്ടാക്കുന്ന ദിവസത്തിലാണ്. ഇത് യഹോവ ഉണ്ടാക്കിയ ദിവസം ഇന്നും നാം സന്തോഷിച്ചാനന്ദിക്ക എന്ന സങ്കീർത്തന ത്തിൽ പറഞ്ഞിരിക്കുന്നതുപോലെ നിത്യയുഗത്തിന്റെ സന്തോ ഷത്തിലേക്ക് പ്രവേശിക്കുന്ന ആനന്ദദിവസമാണ് യഹോവ ഉണ്ടാക്കുന്ന ദിവസം. അന്നു ദുഷ്ടന്മാർ കാലിൻകീഴിൽ വെണ്ണീ റായിരിക്കുമന്ന് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് അവർ നിത്യനരകത്തിൽ അഗ്നിയിൽ കിടക്കുന്നതിനോടുള്ള ബന്ധത്തി ലാണ്. ഒരിക്കലും വിടുതൽ ഇല്ലാത്ത നിത്യനാശമാകുന്ന നരകാഗ്നിയിലെ നിത്യദണ്ഡനം നമ്മുടെ ചിന്തയ്ക്ക് അതീത മാണ്, അതുകൊണ്ട് നാം ഈ ഭൂമിയിൽ ജീവനോടിരിക്കുന്ന ആയുസ്സിൽ ദൈവത്തെ ഭയപ്പെട്ട് അവനെ അനുസരിച്ച് ജീവി ക്കുന്നതിനേക്കാൾ ഉത്തമമായിട്ട് മറ്റൊന്നുമില്ല എന്ന് ഇത്തരുണ ത്തിൽ ഏവരെയും സ്നേഹത്തോടെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ദൈവത്തെ ഭയപ്പെട്ട് ജീവിക്കുന്നവർ ദൈവത്തിന്റെ നിക്ഷേപമായി പുതുവാനഭൂമിയിൽ ദൂതതുല്യരായി നിത്യയുഗ ത്തിലെ വാസം ആരംഭിക്കുന്നതോടെയാണ് അവരുടെ ഇടയി

ലേക്ക് പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം അതിതേജ സ്സോടെ ഇറങ്ങിവരുന്നത്.

> പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗത്തിൽനിന്ന് ദൈവസന്നിധിയിൽ നിന്നുതന്നെ, ഇറങ്ങിവരുന്നത് ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്ന് ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്; ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും; ദുഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി; സിംഹാസനത്തിൽ ഇരിക്കുന്നവൻ; ഇതാ, ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു, എഴുതുക, ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു എന്നും അവൻ കല്പിച്ചു (വെളി. 21:2-5)

പുതിയ ആകാശവും പുതിയ ഭൂമിയും കാണുന്ന യോഹന്നാൻ അതേത്തുടർന്ന് ദർശിക്കുന്നത് സ്വർഗാധിസ്വർഗത്തിൽ നിന്ന് ഒരുങ്ങി ഇറങ്ങിവരുന്ന പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തെയാണ്. പ്രാകാരമാകുന്ന പുതുവാനഭൂമിയിൽ നിത്യത യിൽ വാഴുന്ന ദൂതതുല്യരായ മനുഷ്യരുടെ ഇടയിലേക്കാണ് വിശുദ്ധനഗരം അതിതേജസ്സോടെ ഇറങ്ങിവരുന്നത്. മാനവരാശി യോടുള്ള ബന്ധത്തിലെ മുൻനിർണ്ണയപ്രകാരമുള്ള സകല കാര്യങ്ങളുമാണ് അതിന്റെ സമ്പൂർണ്ണതയിൽ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ പൂർത്തീകരിക്കപ്പെടുന്നത്. അതിൽ പരമപ്രധാന മായിട്ടുള്ളത് ദൈവത്തിന്റെ വിശുദ്ധനഗരമാകുന്ന പുതിയ യെരുശലേം എന്ന കൂടാരം ഇറങ്ങി വന്നു മനുഷ്യരോടുകൂടെ നിത്യം വസിക്കുന്നതാണ്.

അന്ത്യന്യായവിധി എന്ന ഗ്രന്ഥം ഇവിടെ എഴുതി പൂർത്തീ കരിക്കുന്ന വേളയിൽ മുൻനിർണ്ണയപ്രകാരമുള്ള ദൈവീക പദ്ധതിയുടെ സമ്പൂർണ്ണ സാക്ഷാത്കാരമാണ് നാം ദർശിക്കുന്നത്. മാനവരാശിയോടുള്ള ബന്ധത്തിൽ നിത്യതയിൽ കാണപ്പെടു ന്നത് അഞ്ചു സ്ഥലങ്ങളാകുന്നു. അതിന്റെ ലഘു വിവരണങ്ങ ളോടെ ഈ ഗ്രന്ഥത്തിന്റെ പഠനത്തിന് സമാപ്തി കുറിക്കുന്നു.

1. **സ്വർഗാധിസ്വർഗം:** ദൈവീക ത്രിത്വത്തിന്റെ സിംഹാസനം

ഇരിക്കുന്ന അത്യുന്നതമായ സ്ഥലം. ഇതിന് ആരംഭമോ അവസാനമോ മാറ്റങ്ങളോ ഇല്ലാത്താതകുന്നു.

**2. പുതുവാനഭൂമി:** നിത്യജീവനിൽ വാഴുവാനുള്ള ഭൗമതേജസ്സ് പ്രാപിക്കുന്ന നീതിമാന്മാർ നീതിയിൽ വാഴുന്നത് പുതുവാനഭൂമി എന്ന പ്രാകാരത്തിലാണ്. അവരോടൊപ്പം സ്വർഗീയ പറുദീസ യിൽ നിന്ന് പ്രവേശിപ്പിക്കപ്പെടുന്ന ദൂതന്മാരും ഉൾപ്പെടുന്നു.

**3. പുതിയ യെരുശലേം എന്ന ദൈവനഗരത്തിലെ വിശുദ്ധ സ്ഥലം:** ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരമാണ് വിശുദ്ധ നഗരമാകുന്ന പുതിയ യെരുശലേം. സ്വർഗീയ തേജസ്സ് പ്രാപിക്കുന്ന വിശുദ്ധന്മാരിലെ ചന്ദ്രതേജസ്സിനും നക്ഷത്ര തേജസ്സിനും യോഗ്യരാകുന്നവരാണ് വിശുദ്ധനഗരത്തിലെ വിശുദ്ധസ്ഥലത്തിന്റെ ഭാഗമായിത്തീരു ന്നത്. ഇതിന്റെ ഭാഗങ്ങളും അതിൽ ഉൾപ്പെടുന്നവരെക്കുറിച്ചു മുള്ള ലഘു വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

- നഗരത്തിന്റെ അടിസ്ഥാനം: ഇത് മർമ്മമായിട്ടുള്ളതാണ്. ഇരുപത്തിനാല് മൂപ്പന്മാരിൽ ജാതികളെ പ്രതിനിധീകരിക്കുന്ന അപ്പൊസ്തലനായ പൌലൊസ് ഉൾപ്പെടെ പന്ത്രണ്ട് അപ്പൊസ്തലന്മാരാണ് നഗരത്തിന്റെ അടിസ്ഥാനം. അവരുടെ പേരുകളാണ് നഗരത്തിന്റെ അടിസ്ഥാനങ്ങളിൽ രേഖപ്പെ ടുത്തിയിരിക്കുന്നത്. പന്ത്രണ്ട് രത്നങ്ങളാൽ നിർമ്മിതം.
- നഗരം: പുതിയനിയമ സഭയിൽ നിന്ന് ചന്ദ്രതേജസ്സ് പ്രാപിക്കുന്ന കന്യകമാരാണ് ഇതിൽ ഉൾപ്പെടുന്നത്. സ്വച്ഛസ്ഫടിക തങ്കനിർമ്മിതം, നഗരവീഥിയും ഇതിന്റെ ഭാഗമാകുന്നു.
- നഗരമതിലിന്റെ അടിസ്ഥാനം: ഇരുപത്തിനാല് മൂപ്പന്മാരിൽ പുതിയനിയമ സഭയുടെ ആരംഭത്തിലുള്ള പന്ത്രണ്ട് അപ്പൊസ്തലന്മാർ; പന്ത്രണ്ട് രത്നങ്ങളാൽ നിർമ്മിതം.
- മതിൽ : നക്ഷത്രതേജസ്സു പ്രാപിക്കുന്ന പഴയനിയമത്തിലെ ശ്രേഷ്ഠന്മാരാണ് ഇതിൽ ഉൾപ്പെടുന്നത്. സൂര്യകാന്ത നിർമ്മിതം
- ഗോപുരങ്ങൾ: യിസ്രായേലിൽനിന്നും എതിർക്രിസ്തുവിന്റെ ഭരണത്തിൽ രക്തസാക്ഷികളാകുന്ന നൂറ്റിനാല്പത്തി നാലായിരം പേരാണ് ഇതിൽ ഉൾപ്പെടുന്നത്. നക്ഷത്രതേജ സ്സിൽ ഭേദമുള്ളവർ. മുത്തുകളാൽ നിർമ്മിതം.

**4 വിശുദ്ധനഗരത്തിലെ അതിവിശുദ്ധസ്ഥലം:** പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിലെ അതിവിശുദ്ധ സ്ഥലം മന്ദിരമാകുന്നു. ദൈവീകത്രിത്വം അതിന്റെ സമ്പൂർണ്ണതയിൽ വസിക്കുന്നത് കുഞ്ഞാടാം ദൈവമാകുന്ന മന്ദിരത്തിലാകുന്നു. സൂര്യതേജസ്സ് പ്രാപിക്കുന്ന നിർമ്മലകന്യകയാണ് മന്ദിരമാകുന്ന ക്രിസ്തുവിനോട് ഒന്നായിച്ചേരുന്നത്.

**5 അഗ്നിനരകം:** ദൈവത്തിൽനിന്ന് നിത്യമായി അകന്നുപോകുന്ന സകലസൃഷ്ടികളും നിത്യതയിൽ ദണ്ഡനം അനുഭവിക്കുന്ന സ്ഥലമാണ് രണ്ടാമത്തെ മരണമാകുന്ന അഗ്നിനരകം. അഗ്നിനരകത്തിൽ ഓരോരുത്തരും ചെയ്തതിനനുസരിച്ചുള്ള ശിക്ഷ അനുഭവിക്കേണ്ട വ്യത്യസ്ഥ ദണ്ഡനാസ്ഥലങ്ങൾ ഉണ്ടെങ്കിലും അതിന്റെ വ്യക്തത തിരുവചനത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അഗ്നിനരകത്തിലേക്ക് തള്ളപ്പെടുന്ന വിവിധ നിലവാരങ്ങളിലുള്ളവരെക്കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിൽ അഗ്നിനരകത്തിൽ താഴെപ്പറഞ്ഞിരിക്കുന്ന സ്ഥലങ്ങളാണുള്ളത്.

- ദണ്ഡനസ്ഥലം: അമാനുഷിക ശരീരങ്ങളോടെ പുനരുത്ഥാനം പ്രാപിക്കുന്ന ഭൂതാത്മാക്കൾ, പാപികൾ എന്നിവർ ദണ്ഡനമനുഭവിക്കുന്നത് ഇവിടെയാണ്.
- കഠിനദണ്ഡനസ്ഥലം: ദുഷ്ടദൂതന്മാർ, കഠിനപാപികൾ എന്നിവർ കഠിനദണ്ഡനം അനുഭവിക്കുന്നത് ഇവിടെയാണ്.
- അതികഠിനദണ്ഡനസ്ഥലം: പൈശാചികത്രിമൂർത്തികളായ സാത്താൻ, മൃഗം, കള്ളപ്രവാചകൻ എന്നിവർ അതികഠിനമേറിയ ശിക്ഷ അനുഭവിക്കുന്നത് ഇവിടെയാണ്.

ദൈവത്തെ സ്നേഹിക്കാത്തവരായ ശപിക്കപ്പെട്ടവരാണ് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യനരകത്തിലേക്ക് തള്ളപ്പെടുന്നത്. അത് ലോകസ്ഥാപനത്തിനു മുമ്പ് ഒന്നാമത്തെ ഭൂമിയുടെ സൃഷ്ടിയോടൊപ്പം നിത്യതയുടെ തടവറയായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. അന്ത്യന്യായവിധി എന്ന ഈ ഗ്രന്ഥരചനയുടെ പ്രധാന ഉദ്ദേശ്യം അഗ്നിനരകമെന്ന നിത്യതയുടെ അതിഭീകരതയിലേക്ക് ജീവനുള്ളവരുടെ അന്ത്യന്യായവിധിയിലോ മരിച്ചവരുടെ അന്ത്യന്യായവിധിയിലോ ഉൾപ്പെട്ട് അതിലേക്ക് ആരും തള്ളപ്പെടരുത് എന്നുള്ളതാണ്.

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ലാത്തതുമാകുന്നു. അതാണ് മാനവരാശിയുടെ നിത്യതയോടുള്ള ബന്ധത്തിലെ പുതിയ ആകാശം, പുതിയ ഭൂമി, പുതിയ യെരുശലേം.

- ആത്മീയ ജീവിതത്തിന്റെ പ്രാരംഭഘട്ടമായ മുപ്പതുമേനിയുടെ ശ്രേഷ്ഠമായ ശൈവാവസ്ഥയിലാണ് ആത്മീയ ജിവിത മെങ്കിൽ പുതുവാനഭൂമിയിയാകുന്ന പ്രാകാരത്തിലേക്കാണ് ദൂതതുല്യരായി പ്രവേശിപ്പിക്കപ്പെടുന്നത്.
- അറുപതുമേനിയുടെ ശ്രേഷ്ഠമേറിയ നിലവാരത്തിലാണ് ആത്മീയ ജിവിതമെങ്കിൽ പുതിയ യെരുശലേം എന്ന വിശുദ്ധനഗരത്തിലാണ് കാണപ്പെടുന്നത്.
- തികെവാകുന്ന നൂറുമേനിയുടെ അതിശ്രേഷ്ഠമായ നിലവാരത്തിലാണ് ആത്മീയ ജിവിതമെങ്കിൽ പുതിയ യെരുശലേമിലെ അതിവിശുദ്ധ സ്ഥലമാകുന്ന മന്ദിരത്തിലാണ് കാണപ്പെടുന്നത്.

ഈ ഗ്രന്ഥംതാങ്കളുടെ കൈകളിൽ ലഭിച്ചിരിക്കുന്നത് യാദൃശ്ചികമല്ല; ദൈവത്തിന് താങ്കളെക്കുറിച്ച് പ്രത്യേക കരുതലും സ്നേഹവും ഉള്ളതിനാലാണ്. അതുകൊണ്ട് ലഭിച്ച അവസരം നഷ്ടമാക്കിക്കളയാതെ തിരുവചന സത്യത്തിനൊത്ത വണ്ണം ജീവിക്കുവാൻ കർത്താവിന്റെ സന്നിധിയിൽ സ്വയം സമർപ്പിക്കുക. അതിന് ഈ ഈ പുസ്തകവായന പ്രയോ ജനപ്രദമാകട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവവചനത്തിന്റെ തികവാ കുന്ന നൂറുമേനി വിളയുവാൻ ദൈവമായ കർത്താവ് ഏവരെയും ഒരുക്കട്ടെ എന്ന് അതിവാഞ്ചയോടെയും കർത്താവിന്റെ മധ്യാകാശവരവിങ്കൽ തമ്മിൽ നേരിൽ കാണാമെന്നുള്ള സ്വർഗീയ പ്രത്യാശയോടെയും നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ. ഈ പുസ്തകപഠനം താങ്കൾക്ക് അനുഗ്രഹമായെങ്കിൽ ഒരു നിമിഷം ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുമോ...

സ്വർഗീയ പിതാവേ, അങ്ങ് ഞങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട പദവിയിലേക്ക് എത്തിച്ചേരുവാൻ കൃപനല്കണമേ. ഒരുനാളും പിശാചിന്റെ പിടിയിൽ അകപ്പെട്ട് നിത്യനരകാഗ്നിയിലേക്ക് തള്ളപ്പെടുവാൻ ഇടയാക്കരുതേ. അനുദിനം അങ്ങയെ അനുസരിച്ച് ജീവിക്കുവാൻ പരിശുദ്ധാത്മാവാം ദൈവം തുണ നില്ക്കണമേ, അങ്ങയുടെ കരുണയ്ക്കായി യാചിക്കുന്നു. അങ്ങയുടെ അരുമ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥന കേൾക്കണമേ... ആമേൻ

**പ്രേഷ്യസ് കോളിംഗ് മിനിസ്ട്രീസ് പ്രസിദ്ധീകരിച്ച മറ്റു പുസ്തകങ്ങൾ**

1. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (മലയാളം)
2. മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ? മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?
3. നിത്യതയുടെ വെളിപ്പാട് (മലയാളം)
4. When A Person Breathes His Last, Where Will He Be? If A Human Being Dies Will He Live Again? (English)

**ഉടൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ**

1. പുസ്തകവ്യാഖ്യാനം-വെളിപ്പാട് (ഹിന്ദി)
2. ശവം ഉള്ളേടത്ത് കഴുക്കൾ കൂടും

ദൈവവിളിയുടെ പരമോന്നത ലക്ഷ്യം എന്തെന്നറിയാതെ അനേകർ ദൈവീക പദ്ധതിയിൽനിന്ന് അന്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദൈവവചനത്തിന്റെ പരിജ്ഞാനത്തികവിലേക്ക് ദൈവമക്കളെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ വചനത്തിലും പ്രാർത്ഥനയിലും പ്രവർത്തനത്തിലും അധിഷ്ഠിതമായി ബൈബിൾ ക്ലാസ്സുകൾ, സെമിനാറുകൾ, മുഴുരാത്രി പ്രാർത്ഥനകൾ, മിനി കൺവെൻഷനുകൾ, ആത്മീക കൂട്ടായ്മകൾ, ഉപവാസപ്രാർത്ഥനകൾ, പരസ്യയോഗങ്ങൾ എന്നീ ശുശ്രൂഷകൾ ഈ മിനിസ്ട്രിയുടെ കീഴിൽ ചെയ്തുകൊണ്ടിരിക്കുന്നു.

**ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ ഇതരഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്തുവാനും ദൃശ്യവത്കരിക്കുവാനും ആഗ്രഹിക്കുന്നു**. താത്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

**Precious Calling Ministries**
Prayer Tower,Podimattathil, Anickad PO, Kottayam 686503, Kerala.
Mob & whatsapp : 094 47 13 92 74, 094 00 41 92 74

E-mail : preciouscallingministries@yahoo.co.in
Website : www.preciouscallingministries.com
**പ്രസിദ്ധീകരണങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്.**